ഇഖ്‌വാനുൽ മുസ്‌ലിമൂൻ മുതൽ ഐസിസ് വരെയുള്ള തീവ്ര ചിന്താധാരകളെ കുറിച്ചുള്ള വിശദ പഠനം. വിധി നിർണ്ണയാധികാരം അല്ലാഹുവിന്ന് മാത്രം, ജാഹിലിയ്യത്ത്, ജിഹാദ്, രാഷ്ട്രം തുടങ്ങിയ സംജ്ഞകൾക്ക് തീവ്രചിന്താഗതിക്കാർ നൽകുന്ന അബദ്ധജഡിലമായ വ്യാഖ്യാനങ്ങളും തദ് വിഷയങ്ങളിൽ മുഖ്യധാരാ മുസ്‌ലീം പണ്ഡിതന്മാരുടെ ഋജുവായ കാഴ്പ്പാടുകളും വിശകലനം ചെയ്യുന്നു.

കരുണാവാനായ അല്ലാഹുവിന്റെ നാമത്തിൽ, അവനാകുന്നു സർവ്വ സ്തുതിയും. അല്ലാഹുവിന്റെ സ്വലാത്തും സലാമും നമ്മുടേയും മുൻഗാമികളുടേയും പിൻഗാമികളുടേയും നേതാവായ മുഹമ്മദ് നബിയിലും അവിടുത്തെ കുടുംബത്തിലും അനുചരന്മാരിലും, നന്മയിൽ അന്ത്യനാൾ വരെ അവരെ പിന്തുടരുന്നവരിലും വർഷിക്കുമാറാകട്ടെ.

അൽ അസ്ഹറിൽ നിന്നുള്ള തനതായ ഒരു പഠനപദ്ധതിയാണിത്. കഴിഞ്ഞ 80 വർഷകാലത്തിനിടയിൽ ഇസ്‌ലാമികമെന്ന പേരിൽ ഉടലെടുത്ത രാഷ്ട്രീയ ചിന്താധാരകളുടെ ദർശനങ്ങളും നയനിലപാടുകളും

യുദ്ധങ്ങൾ തുടങ്ങി ഒട്ടേറെ ഘടകങ്ങളാൽ അതിരൂക്ഷവും ഭയാനകവുമായ ഒരു മാനസിക ചുറ്റുപാട് മുസ്‌ലിം സമൂഹത്തെ വലയം ചെയ്യുന്ന സാഹചര്യത്തിലാണ് ഇവയെല്ലാം സംഭവിക്കുന്നത്. അറബ്, ഇസ്‌ലാമിക സമുദായങ്ങൾക്കു നേരെ ഒന്നടങ്കം പ്രശ്നങ്ങളുടെ രാക്ഷസത്തിരമാലകൾ ആഞ്ഞടിച്ചു. സാമൂഹിക പരിവർത്തനങ്ങളും സമാഗതമായി. പരിഭ്രാന്തി പിടിപെട്ട പലമനസ്സുകളും പിന്നീട് കാലഘട്ടത്തിന്റെ തന്നെ വിപത്തിനു വിത്തുപാകുന്ന സ്ഥിതി വിശേഷം സംജാതമായി. യാഥാർത്ഥ്യ ബോധത്തോടെ ചിന്തിക്കാനോ യാഥാർത്ഥ്യം ഉൾകൊള്ളാനോ അപഗ്രഥനം നടത്തി പരിഹാരമാർഗ്ഗങ്ങളോ, അതിജീവന സിദ്ധാന്തങ്ങളോ സമർപ്പിക്കാൻ അവർക്കു സാധിച്ചില്ല. ഇതായിരുന്നു മുഖ്യധാരയുടെ ചിത്രം.

ഇതേ സമയംതന്നെ ഒരു സമഗ്ര ബഹുജന പ്രസ്ഥാനത്തിന്റെ പിറവി സംഭവിക്കുകയുണ്ടായി. വിശുദ്ധ ഖുർആനിൽ നിന്നും തിരു സുന്നത്തിൽ നിന്നും തങ്ങൾക്ക് അനുകൂലമാകുന്ന അടിത്തറയോ കാഴ്ചപ്പാടോ നിലപാടോ കണ്ടെത്തുന്നതിനായി

അവർ സധാ ശ്രമിച്ച് കൊണ്ടിരിന്നു. ദീനീ വികാരവും ദീനീനിയി ഒത്തു ചേരുക, ദീനീ പ്രവർത്തനങ്ങൾ സത്യസന്ധവും വിജയപ്രദ വുമാക്കുക, എന്നിവയാണ് ഈ പ്രസ്ഥാന ശിൽപ്പികൾ മുഖ്യമായി ലക്ഷീകരിച്ചത്. അതേ സമയം ഖുർആനും തിരു ചര്യയും മനസ്സി ലാക്കുന്നിടത്തും അവയിൽ നിന്ന് കാര്യങ്ങൾ അപഗ്രഥിച്ചെടുക്കു ന്നിടത്തും പരമദാരിദ്രവും ദൗർലഭ്യതയും അവർ അഭിമുഖീകരി ക്കുകയും ചെയ്തു. അതിനാൽ പല സാഹചര്യങ്ങളിലും സംഭവ വികാസങ്ങളിലും അവർ ഖുർആനിന്റെ വിശുദ്ധ വചനങ്ങ ളെയുംതിരു ഹദീസുകളേയും അവർക്കനുകൂലമെന്ന നിലയിൽ ഉദ്ധരിക്കുകയും ചെയ്തു. പക്ഷേ വേണ്ടരീതിയിൽ അവയെ അപ ഗ്രഥിക്കാനോ സാങ്കേതിക വശങ്ങളും നടപടി ക്രമങ്ങളും മാനദ ണ്ഡങ്ങളും പരിഗണിക്കാനോ അനുബന്ധ വിജ്ഞാന ശാഖകൾ വിശകലനം നടത്തുവാനോ അവർക്ഷമ കാണിച്ചില്ല. തത്ഫലമായി തങ്ങളെത്തിച്ചേർന്ന നിലപാടുകളുടെയും നിഗമനങ്ങളുടെയും കൃത്യതയോ അന്യൂനതയോ ഉറപ്പു വരുത്താനോ അവർക്കായില്ല. അല്ലാഹുവിൽ നിന്ന് അവതീർണ്ണമായ വിശുദ്ധ ദീനിലേക്ക് അതിനു വിരുദ്ധമോ അതിൽ സംഭവിക്കാൻ സാമന്യ ബുദ്ധിയാൽ തന്നെ സാധ്യതയില്ലാത്തതോ ആയ കാഴ്ച്ചപ്പാടുകൾ കൂട്ടിച്ചേർക്ക പ്പെടുന്നതിന്റെ ദുരവ്യാപകമായ പ്രതിഫലനങ്ങൾക്ക് അവർ പരിഗ ണന നൽകുകയുണ്ടായില്ല.

അതുകൊണ്ടു തന്നെ കഴിഞ്ഞ 80 ആണ്ടുകൾക്കിടയിൽ പ്രാമാണിക പിൻബലമില്ലാത്ത ആശയങ്ങളും സിദ്ധാന്തങ്ങളും നിഗമനങ്ങളും സമാഹാരങ്ങളും വൻതോതിൽ നമുക്ക് മുമ്പിൽ കുമിഞ്ഞ് കൂടുകയുണ്ടായി. സാഹിത്യ പടുക്കളും ഗ്രന്ഥ കാര ന്മാരും പ്രബോധകരും മതാവേശം തലക്കു പിടിച്ചവരും എന്നു വേണ്ട ദീനീ വിദ്യാരംഗത്തേക്ക് സ്വയം കടന്നുവന്ന്, ലവലേശം പരിചയമോ, അവഗാഹമോ, സാഹചര്യമോ സാധ്യതകളോ ഇല്ലാതെ തന്നെ മുജ്തഹിദുകളായിത്തീർന്ന ഡോക്ടർമാരും

എൻജിനിയർമാരും വിവിധ പ്രൊഫഷനലുകളുമെല്ലാം ഉണ്ടായിരുന്നു ഇതിന്നു പിന്നിൽ.

തത്ഫലമായി മഹത്തായ ദീനിലേക്ക് ആശയക്കുഴപ്പങ്ങളും ഗുരുതരമായ ഉദ്ധരണികളും കലങ്ങി മറിഞ്ഞ നിഗമനങ്ങളും നുഴഞ്ഞു കയറുകയുണ്ടായി. അതേ തുടർന്ന് കലുഷതയാർന്ന സംഭവ വികാസങ്ങളും മഹാദുരന്തങ്ങളും തടവറയും പീഢനവും കൊലയും വൻതോതിൽ അരങ്ങേറി. ഏറെ സങ്കീർണ്ണവും ആപത്കരവും വിഭ്രാന്ത പൂർണ്ണവുമായ സാമൂഹികാന്തരീക്ഷം അതേ തുടർന്ന് സംജാതമായി. തങ്ങൾ നേരിടുന്ന പീഢനങ്ങളുടെയും പരീക്ഷണങ്ങളുടേയും തീച്ചൂളയിൽ അറിവും ചിന്തയും ആലോചനയും സ്വാധീനിക്കപ്പെടുകയും വക്രീകൃതമായ വിജ്ഞാനീയങ്ങൾ പിറവിയെടുക്കുകയും ചെയ്തു. അതി കഠിനമായ മാനസിക സമ്മർദ്ദത്തിനിടയിൽ അസ്ഥിരതയും വളച്ചൊടിക്കലും ദുർവ്യഖ്യാനവും നിറഞ്ഞാടിയ ഒരു ചിന്താ വൈജ്ഞാനിക രംഗം പിന്നീട് രൂപപ്പെട്ടുവന്നു.

എന്നാൽ പ്രമാണികമായ വിജ്ഞാന സരണിയെ പ്രതിനിധാനം ചെയ്യുന്ന അൽ അസ്ഹർ യൂണിവേഴ്സിറ്റി, വൈജ്ഞാനിക രംഗത്ത് പത്തുനൂറ്റാണ്ടിന്റെ വിദ്യാഭ്യാസ പ്രക്രിയയുടേയും വൈജ്ഞാനക മേഖലയിലെ അതുല്യ പരിചയ സമ്പത്തിന്റെയും ഉടമയാണ്. തലമുറകളായി അതിപ്രാവിണ്യമുള്ള മഹാപണ്ഡിതരെ വാർത്തെടുത്ത് വിവിധ വിജ്ഞാന ശാഖകൾ രൂപപ്പെടുത്തി, നീണ്ട കാലയളവിലെ വൈജ്ഞാനിക പ്രക്രിയയിലൂടെയ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് അസ്ഹറിനെ ലക്ഷീകരിച്ച് എത്തിച്ചേരുന്ന വിവിധ സംസ്ക്കാരങ്ങളും ജീവിത രീതികളും സാഹചര്യങ്ങളും ഉൾകൊണ്ട പണ്ഡിത സങ്കങ്ങളിലൂടെ അൽ അസ്ഹർ അതിന്റെ വൈജ്ഞാനിക മികവിന് തികവും പരിപൂർണ്ണതയും നേടി.

അങ്ങനെ വിവധ വൈജ്ഞാനിക പദ്ധതികളും സംവിധാന ങ്ങളും അനിതരസാധാരണാം വിധം അൽ അസ്ഹറിനു സ്വന്തമാ വുകയും അതിരുകൾക്കതീതമായി അറിവിന്റെ സംയോജനം സാധ്യമാക്കുകയും ഇസ്ലാമിക ലോകം കിഴക്കും പടിഞ്ഞാറും അൽഅസ്ഹറിനു അദ്വിതീയത കൽപിച്ചു നൽകുകയും ചെയ്തു.

മുമ്പ് പ്രതിപാതിച്ച പ്രശ്നകാലുഷ്യങ്ങൾക്കിടയിൽ അൽ അസ്ഹർ അതിന്റെ വൈജ്ഞാനിക വിഭവ സമ്പന്നതയുടെ സ്ഥിതി ഗതികൾ ശാന്തമായി വീക്ഷിച്ചു. ഈ ചിന്താധാരകളും തീവ്ര പ്രസ്ഥാനങ്ങളും മുന്നോട്ട് വെച്ച കാഴ്ചപ്പാടുകളും സിദ്ധാന്തങ്ങളും ഖുർആനിനും തിരുസുന്നത്തിനും അവർ നൽകിയ പരിപ്രേക്ഷ്യ ങ്ങളും അൽഅസ്ഹർ പ്രാമാണികപഠന വിശകലനങ്ങൾക്ക് വിധേ യമാക്കി. ആ നിലക്ക് ഒരു പ്രതിഭാസം പോലും അസ്ഹറിന്റെ നിരി ക്ഷണത്തിനും വിലയിരുത്തലിനും വിശകലനത്തിനും വിധേയമാ കാതിരുന്നില്ല. അതിനു ശേഷം ഓരോ വിഷയങ്ങളിലും അൽ അസ്ഹർ നിലപാടു വ്യക്തമാക്കുകയും ചെയ്തു. അവയിൽ ചിലത് പുറത്ത് പ്രചാരം നേടി. മറ്റു ചിലത് ശ്രദ്ധിക്കപ്പെടാതെ പോയി. കാര്യക്ഷമമായ മീഡിയാ ഡെലിവറി സംവിധാനമോ, ആർകൈവിംഗ് സൗകര്യങ്ങളോ, ഡോക്യുമെന്റേഷൻ പദ്ധതികളോ ഇല്ലാതിരുന്നത് ഒരു പക്ഷെ ഈപ്രചാരക്കുറവിനു കാരണമായിരി ക്കാം. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ നടേ പ്രതിപാതിച്ച സ്ഥിതി വിശേഷം ഏറെ പ്രക്ഷുബ്ധമാവുകയും കഴിഞ്ഞ എൺപതാണ്ടി നിടെ പിറവി കൊണ്ട, സ്ഥലകാല ബന്ധമില്ലാതെ ഖുർആനിക സൂക്തങ്ങൾ ഉദ്ധരിച്ച് തങ്ങളുടെ മുൻചെയ്തികൾക്ക് ന്യായം കണ്ടെത്തുന്ന പ്രസ്ഥാനങ്ങളും അവയുടെ ആശയങ്ങളും സിദ്ധാ ന്തങ്ങളും സ്ഥിതിഗതികൾ ഏറെ മലീമസവും സങ്കീർണ്ണവുമാക്കി ത്തീർത്തു.

മുമ്പേഅവർ മുന്നോട്ടു വെച്ച വികല ആശയങ്ങൾക്കും വക്ര ചിന്തകൾക്കും ഉപോൽപന്നങ്ങളും പ്രതിക്രിയകളും പ്രകടമായി. അവയുടെ പുതിയ വക്താക്കൾ പണ്ഡിതരുടെ ചിന്താ സരണിയിൽ നിന്നും നിലപാടുകളിൽ നിന്നും ഏറെ അകന്നുപോയി. ചുരുങ്ങിയ പക്ഷം അറിവിന്റെ അർത്ഥ തലങ്ങളെ കുറിച്ചെങ്കിലും ധാരണയുണ്ടായിരുന്ന പഴയ തലമുറയിലെ വാക്താക്കളുടെ കാല ശേഷം അർത്ഥശൂന്യമായ ആവേശം മാത്രം കൈമുതലാക്കിയ പുതു തലമുറയിലെ പ്രചാരകർ ആവേശം തങ്ങളുടെ തൂലികകളിലും വേദികളിലും പ്രതിഫലിപ്പിച്ചു. ഇന്നവർ വാദപ്രതിവാദങ്ങൾക്കും നയരൂപീകരണത്തിനും നേതൃത്വം നൽകുന്നു. അതുവഴി പ്രശ്ന കലുഷിതവും സംഘർഷ മുഖരിതവും അവലക്ഷണവുമായ ഒരു മുഖം മതദർശനത്തിനു വന്നു ചേർന്നു. ശരീഅത്തിന്റെ യഥാർത്ഥ ലക്ഷ്യങ്ങൾ അവയിൽ പ്രിതിഫലിച്ചില്ലെന്നു മാത്രമല്ല പലപ്പോഴും അവ ശരീഅത്തിനു വിനാശകരവുമായി.

തീവ്ര ചിന്താഗതിക്കാരുടെ പ്രഥമഗ്രന്ഥങ്ങളിൽ ഒളിഞ്ഞിരിന്നു, തക്ഫീർ ചിന്ത (ആളുകളെ മതനിഷേധികളാക്കിത്തീർക്കൽ) അങ്ങനെ വിവിധ വിഭാഗങ്ങളിലൂടെ വീണ്ടും സജീവമായി. അവയ്ക്കു മറ്റു ചിന്തകളും വക്താക്കളും പ്രയോക്താക്കളുമുണ്ടായി. അങ്ങനെ ഇന്നു അഭിനവ തീവ്ര ചിന്താഗതിക്കാർ നടപ്പിലാക്കുന്ന ഗളഛേദനത്തിനും രക്തച്ചൊരിച്ചിലിനും സമാധാനധ്വംസനത്തിനും കരാർലംഘനത്തിനും അല്ലാഹുവിന്റെ ദീൻ നിസാരവൽക്കരിക്കപ്പെടുന്നതിനും പിഴച്ച ചിന്തകൾ അതിനോട് കൂട്ടിച്ചേർക്കപ്പെടുന്നതിനും ആശയങ്ങൾ ദുർവ്യാഖ്യാനിക്കപ്പെടുന്നതിനും നാം സാക്ഷികളായി.ഒരർത്ഥത്തിൽ ഈ പ്രതിഭാസത്തെ വിശുദ്ധ ഖുർആനിന്റെ ക്ഷുഭിത വ്യാഖ്യാനം എന്നു നമുക്ക് വിളിക്കാം.

ഈപ്രസ്ഥാനങ്ങൾ തങ്ങൾ ഇസ്‌ലാമിന്റെ ആളുകളെന്ന് അവകാശപ്പെടുന്നു. എന്നാൽ നടപ്പുരീതികൾക്കെതിരെ വിപ്ലവം പ്രഖ്യാപിക്കുകയും ചുറ്റുപാടുകൾ അവരെ അതിജയിക്കുകയും ചെയ്യുന്നു.

ഈ സാഹചര്യത്തിൽ അൽ അസ്ഹറിനു നിലപാടു വ്യക്ത മാക്കേണ്ടതുണ്ടായിരുന്നു. അതിനായി അൽ അസ്ഹർ അതിന്റെ വിജ്ഞാനീയങ്ങളെയും ദർശനങ്ങളെയും ചരിത്രത്തെയും സംവി ധാനങ്ങളെയും കോപ്പുകൂട്ടി. ഉദ്ധൃത ചിന്താഗതിക്കാരുടെ പരിണിത ഫലങ്ങൾ സൂക്ഷമ പരിശോധനക്കു വിധേയമാക്കി. തത്വിഷയക മായി ഒരു തീർപ്പുകൽപ്പിക്കുന്നതിനും മതത്തോടുപറ്റിച്ചേർന്ന തീവ്രവാദികളുടെ വളച്ചൊടിക്കലുകളും ആൾമാറാട്ടങ്ങളും പമ്പര വിഢികളുടെ ദുർവ്യാഖ്യാനങ്ങളും തുടച്ചു നീക്കുവാനുമായിരുന്നു ഇത്.

മത ചിന്തയുടെ നവീകരണം എന്നാൽ ദീനിനോട് പറ്റി ച്ചേർന്ന തെറ്റിദ്ധാരണകളും ദുർവ്യാഖ്യാനങ്ങളും ഖുർആൻ വചന ങ്ങളിൽ നിന്നും തെറ്റായ ഉദ്ധരണികൾ നീക്കം ചെയ്യലും, ദീനിന്റെ യഥാർത്ഥ നന്മയും ഉന്നതസ്വഭാവ ഗുണങ്ങളും, വിജാതീയതയുടെ ഗരിമയും പരമാവധി പ്രകടമാക്കലുമാണ്. അതിനു യഥാർത്ഥ നിയ മനിർമാണ വിശകലന രീതികൾ അന്യൂനമായി നടപ്പിലാക്കണം. അങ്ങനെ ദീനിന്റെ അന്തസ്സ് ശോഭിതവും സംശുദ്ധവുമായി മാറ ണം. സന്മാർഗവും വെളിച്ചവും അറിവും ബോധവും സംസ്കാ രവും ശാന്തതയും ജനതതിക്ക് അനുഭവവേദ്യമാക്കണം. പ്രിയ ഗുരു ശൈഖ്മുഹമ്മദ് അബൂസഹ്റ പറഞ്ഞതു പോലെ, നവീക രണം എന്നാൽ മതത്തിന് അതിന്റെ നഷ്ട സൗന്ദര്യം തിരിച്ചു കൊണ്ടുവരലാണ്, മതത്തോടു കലർന്ന തെറ്റിദ്ധാരണകൾ ഉന്മൂ ലനം ചെയ്യലാണ്, യഥാർത്ഥ ദീനിന്റെ അന്തസത്ത തെളിമയോടെ സംശുദ്ധമായി ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കലാണ്.

നമ്മുടെ മുന്നിലുള്ള ഈ ഗ്രന്ഥം ഏറെ നീണ്ട നിരീക്ഷണ, സംഗ്രഹണ, വിശദീകരണങ്ങൽക്കു ശേഷം യഥാർത്ഥ വിഷയത്തെയും അതിന്റെ അനുബന്ധ കാര്യങ്ങളെയും കൃത്യമായി വക തിരിച്ച് അൽ അസ്ഹർ കൈകൊണ്ട നിലപാടാണ്. അഭിനവ ഇസ്ലാമിസ്റ്റുകളുടെ ചിന്താഗതികളും പ്രബന്ധങ്ങളും അടിസ്ഥാനമായി കൈകൊണ്ട അടിത്തറകളിലും അവലംബങ്ങളിലും സത്യസന്ധമായി സംഗ്രഹം നടത്തിയും അവലോകനം ചെയ്തുമാണ് ഇത് പുറത്തു വന്നിരിക്കുന്നത്. വിധി നിർണയാധികാരം അല്ലാഹുവിന്നുമാത്രം (ഹാകിമിയ്യ) പുതിയ അജ്ഞാന യുഗം(ജാഹിലിയ്യ) സംഘട്ടനത്തിന്റെ അനിവാര്യത, ജിഹാദിന്റെ പരിപ്രേക്ഷ്യം, ഖിലാഫത്തിന്റെ അർത്ഥം, ഇസ്ലമിക് പ്രൊജക്ട്, ഇസ്ലാമിക ഇസ്ലാമേതര രാജ്യങ്ങൽക്കിടയിലെ ബന്ധങ്ങൾ, വിധേയപ്പെട്ട അധികാരാവരോധത്തിന്റെ (തംകീൻ) അർത്ഥതലങ്ങൾ ഇസ്ലമാമിക ശരീഅത്തും നിയമങ്ങളും തമ്മിലുള്ള ബന്ധം, രാഷ്ട്രത്തിന്റെ വിവക്ഷ തുടങ്ങി കഴിഞ്ഞ നൂറ്റാണ്ടുമുതൽ ഇന്നോളംഏറെ രക്തച്ചൊരിച്ചുകൾക്കും മതഭ്രഷ്ടിനും കാരണമായിത്തീർന്ന അവ്യക്തവും വിസ്ഫോടനാത്മകവുമായ ആശയങ്ങൾ ഇതുൾക്കൊള്ളുന്നു. അൽ അസ്ഹർ ഇന്ന് അബ്ദുല്ലാഹിബ്നു അബ്ബാസ് (റ) വിനെ അനുധാവനം ചെയ്യുന്നു. ഖവാരിജുകളുമായി അനേകം ചർച്ചകൾ നടത്താൻ അദ്ദേഹം കടന്നു ചെന്ന വഴികൾ അസ്ഹറും പിന്തുടർന്നു. അദ്ദേഹം അവരുടെ ഭൗദ്ധിക ഉദ്ധരണികൾ സംഗ്രഹിച്ചു, അവരുടെ പ്രശ്നങ്ങൾ വിശകലനം ചെയ്തു. പിന്നീടവ വൈജ്ഞാനിക വിശകലനത്തിനും വിധേയമാക്കി. അങ്ങനെ തന്റെ സ്വതസിദ്ധിമായ വൈജ്ഞാനിക സമ്പത്തുകൊണ്ട് അദ്ദേഹം അവരുടെ ഉഴറിയ ചിന്തകളും, അപഥവ്യാഖ്യാനങ്ങളും അതിജയിച്ചു. തീരുവഹ്യിൽ നിന്നും തീരുമാനങ്ങളും നിഗമനങ്ങളും കണ്ടെത്താൻ യഥാർത്ഥ പണ്ഡിതർ പിൻതുടരുന്ന നടപ്പുരീതികളും, സങ്കൽപനങ്ങളും അദ്ദേഹം അവർക്ക് വിശദീകരിച്ച് കൊടുത്തു.

അവരുമായി ചർച്ചക്കാവശ്യമായ മുഖവുരയും സാഹചര്യവും തയ്യാറാക്കുവാനും അദ്ദേഹം മറന്നില്ല. അങ്ങനെ സുന്ദരവും വ്യവ സ്ഥാപിതവുമായ വൈജ്ഞാനിക വിശകലന രീതിയുടെ പ്രഥമപ്ര യോക്താവും മാതൃകയുമായി ഇബ്നു അബ്ബാസ്. തന്റെ കാലഘട്ട ത്തിലെ ചിന്താധരാകളുടെ ദർശനങ്ങൾ അദ്ദേഹം സസൂക്ഷമം നിരീക്ഷിച്ചു, ചർച്ചകൾക്ക് സാഹചര്യമൊരുക്കി, ദീനിനോട് കൂട്ടി ച്ചേർക്കപ്പെട്ട തെറ്റിദ്ധാരണകളും, അതിതീക്ഷണമായ വ്യഖ്യാന ങ്ങളും നീക്കം ചെയ്യാൻ അദ്ദേഹം മുന്നിട്ടിറങ്ങി.

അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ ഈ പ്രസ്ഥാനം കാഫിർ വൽക്കരണവും സമൂഹത്തിനെതിരെ സായുധസമരവും ആരംഭി ച്ചത് അല്ലാഹു ഇറക്കിയത് പ്രകാരം വിധി പുറപ്പെടുവിക്കാത്തവരാരോ അവരാണ് നിഷേധികൾ എന്ന എന്ന ഖുർആൻ വചനത്തിന് നൽകിയ രോഗാതരുമായ വ്യാഖ്യാനത്തെ അടിസ്ഥാനപ്പെടുത്തി അല്ലാഹുവിന്റെ വിധിനിർണയാധികാ രത്തെകേന്ദ്രീകരിച്ചായിരുന്നെങ്കിൽ അതേ ഹാകിമിയ്യ തന്നെയാണ് ഇന്നു നമുക്കിടയിൽ ഉയിർകൊണ്ട തീവ്രചിന്താഗതിക്കാരുടെയും അടിസ്ഥാന വിഷയമെന്നത് അത്ഭുതം തന്നെ. ഇഖ്വാനുൽ മുസ്ലിമൂൻ മുതൽ ഐ. എസ് ഉൾപ്പെടെ അവയിൽ നിന്ന് ഉത്ഭ വിച്ച എല്ലാ ചിന്താധാരകളും അതിൽപ്പെട്ടു. ആശയ സങ്കൽപ്പ ത്തിന്റെ അടിസ്ഥാന കേന്ദ്രം ഉദ്ധൃത ഖുർആനിക സൂക്തത്തിന്റെ തെറ്റായ വിശകലനം തന്നെയായിരുന്നു.

അതിനാൽ ഇപ്പോൾ നമുക്ക് മുന്നിൽ രണ്ട് സരണികൾ ഉണ്ട്. ഒന്ന് അസ്ഹർ പ്രതിനിധാനം ചെയ്യുന്ന സത്സരണി. മറ്റൊന്ന് രോഗാതുരതയും അനിശ്ചിതത്വങ്ങളും കുടികൊള്ളുന്ന പ്രതികാര ജ്വാല നിറഞ്ഞ കോപാകുലവും അക്രമവാസനയും നിറഞ്ഞ മറ്റൊരു സരണി. ഈ സരണി ഇസ്ലമാനു വേണ്ടി ആവേശപ്പെടു ന്നുവെങ്കിലും വിവരമോ അകക്കാഴ്ച്ചയോ വിശകലനോപാധി

കളോ അതിനില്ല. കാലാന്തരങ്ങളായി വിവിധ നാമത്തിലും ഭാവത്തിലും അത് പ്രത്യക്ഷപ്പെടുന്നു. ഏതാനും തലമുറകൾ പിന്നിട്ടപ്പോഴേക്കും തീർത്തും വ്യത്യസ്തമായ പ്രസ്ഥാനം പിറവിയെടുക്കുന്നു. എന്തെല്ലാം വ്യതിരിക്തമായാലും കാഫിർ വൽക്കരണം ഒന്നു മാത്രമാണ് അവയുടെയെല്ലാം നിലപാട്.ആവർത്തിക്കുന്നതാകട്ടെ സമാനമായ ചിന്താഗതികളും കാഴ്ച്ചപ്പാടുകളും. ഖുർആൻ മനസ്സിലാക്കുന്നിടത്ത് അക്ഷന്തവ്യമായ തെറ്റുകൾ അവർ വരുത്തുകയും ചെയ്തു.

തക്ഫീർ, ജാഹിലിയ്യത്ത്, സംഘട്ടനത്തിന്റെ അനിവാര്യത, വിധേയപ്പെടലും വിശ്വാസിയുടെ അധീശത്വവും എന്നുതുടങ്ങിയ ആശയങ്ങളെ അടിസ്ഥാനപ്പെടുത്തി രൂപം കൊടുത്തിട്ടുള്ള ഇന്നത്തെ തീവ്ര ചിന്താധാരകളെ മുഴുവൻ നാം വശകലനം ചെയ്യുകയും തത്വശാസ്ത്ര പരമായും പ്രായോഗികമായും അവയുടെ അടിസ്ഥാന ശിലകണ്ടെത്താൻ ശ്രമിക്കുകയും ചെയ്താൽ അവ കൃത്യമായും ചെന്നെത്തുന്നത് അന്ന് ഇബ്നു അബ്ബാസ് (റ) വാദപ്രതിവാദവും ആശയ സംവാദവും നടത്തിയ ആ വിഭാഗത്തിലേക്ക് തന്നെയാണ്. ആ കാലഘട്ടത്തിൽ അത് ഖവാരിജ് എന്നും ഇന്ന് ഇഖ്വാൻ മുതൽ ഐ.എസ് വരെ പരസ്പരം പോരടിക്കുന്ന പല പേരുകളിലും ഇനങ്ങളിലും ആയി അിറയപ്പെടുന്നു. ഇന്ന് അൽ അസ്ഹർ പ്രതിനിധാനം ചെയ്യുന്ന വൈജ്ഞാനിക സരണി സമൂഹത്തിനു സമർപ്പിക്കുന്നുവെങ്കിൽ അതുപരമമായി ചെന്നെത്തുന്നത്, തന്റെ കാലത്തെ അവാന്തര വിഭാഗങ്ങൾക്കെതിരെ ഇബ്നു അബ്ബാസ് (റ) കൈകൊണ്ട ചരിത്രപ്രസിദ്ധമായ ആ സുന്ദര സരണിയിലേക്കാണ്. അിറവിന്റെ അടിത്തറകളായി അദ്ദേഹം തെറ്റിദ്ധാരണകൾക്ക് വിധേയമായ ഖുർആൻ സൂക്തങ്ങൾ അവ്യക്തതകൾ ഇല്ലാതെ അദ്ദേഹം പ്രതിഷ്ഠിച്ചു. അങ്ങനെ ഖുർആനിന്റെ ഗരിമയും വൈജ്ഞാനിക നിറവും തുറന്നു കാണിക്കാനും ആവാന്തര വിഭാഗങ്ങളുടെ ആശയ വൈജ്ഞാനിക പാപ്പ

രത്തം വെളിച്ചത്തു കൊണ്ടുവരാനും അദ്ദേഹത്തിനായി. ഇബനു അബ്ബാസ് തങ്ങളിൽ തുടങ്ങി അദ്ദേഹത്തെ അനുധാവനം ചെയ്ത വിവിധ യുഗത്തിലെ അതിനിപുണരായ പണ്ഡിത ശ്രേഷ്ടരുടേയും, ദീനീവേസകരുടേയും മതവിജ്ഞാനീയങ്ങളുടെ സംരംക്ഷകരുടേയും എന്നുവേണ്ട വിവിധ കാലത്തിൽ ഉയിർകൊണ്ട കലുഷിത ചിന്താധാരകളെ പഠിച്ചും നിരീക്ഷിച്ചും യുക്തമായ നിലപാട് സമയാസമയങ്ങളിൽ വെളിപ്പെടുത്തിയും തങ്ങളുടെ ചരിത്രപരമായ ഉത്തരവാദിത്വം നിറവേറ്റിയ മഹാപ്രതിഭാ ശാലികളെ ഉൾകൊള്ളുന്ന കേന്ദ്രങ്ങളെ മാറിയിരിക്കുന്നു ഇന്ന് അൽ അസ്ഹർ. തെറ്റായ വാദഗതികളും, ദീനിനുനേരെയുള്ള കടന്നുകയറ്റങ്ങളും അത് ആരിൽ നിന്നായാലും അകറ്റിനിർത്താൻ അൽ അസ്ഹർ പ്രതിജ്ഞാബദ്ധമാണ്.

ഇബനു അബ്ബാസ് (റ) വിൽ സമാരംഭം കുറിച്ച ഈ മഹാ പദ്ധതി വിവിധ പണ്ഡിതരുടേയും തനതായ വൈജ്ഞാനിക സരണികളിലൂടെയും തുടർന്നു വന്ന് അറിവിന്റെപുതിയ അക്ഷയ ഖനിയായ അൽ അസ്ഹറിൽ സംഗമിക്കുകയാണ്. ഇത് വിജ്ഞാനത്തിന്റെ കാവലാളായി നിലകൊള്ളുന്ന അസ്ഹർ അന്ന് ഇബ്നു അബ്ബാസ് (റ) ചെയ്തതു പോലെ സുരക്ഷാവലയം ഒരുക്കുകയും അറിവിന് പൂർണ്ണ സംരക്ഷണം നൽകുകയും ചെയ്യുന്നു.ഇബ്നു അബ്ബാസ് (റ) വിന്റെ വാദപ്രതിവാദം വിശദമായിത്തന്നെ (അതുൾക്കൊള്ളുന്ന കാഴ്ചപ്പാടിലെ വ്യക്തത, അിറവിന്റെ നിദാനങ്ങൾ, വാദപ്രതിവാദങ്ങളുടെ മര്യാദകൾ, തുടങ്ങിയവയോടുകൂടെ) ഏതാനും താളുകൾക്കു ശേഷം പ്രതിപാദിക്കപ്പെടുന്നതാണ്.

ഈ നിലപാടിനു തുടർച്ചയെന്നോണം തീവ്രനിലപാടുകാർ അപഹരിച്ചെടുക്കുകയും ദുർവ്യാഖ്യാനം നടത്തുകയും അവതരണ പാശ്ചാതലങ്ങളിൽ നിന്നടർത്തിയെടുത്ത് ഉപയോഗിക്കുകയും,

അങ്ങനെ നിദാന ശാസ്ത്രത്തിന്റെയും ഭാഷാസൗന്ദര്യ ശാസ്ത്രത്തിന്റേയും ഭാഷയുടെ തന്നെയും നിയമങ്ങൾ മിറകടക്കുകയും, നിയമാവിഷ്ക്കരണം നടത്തുകയും ചെയ്ത ഖുർആനിക സൂക്തങ്ങളുടേയും വചനങ്ങളുടേയും ഒരു സമാഹാരം പുറത്തിറക്കുന്നതിനായി അസ്ഹർ പരമാവധി ശ്രമിച്ച് കൊണ്ടിരിക്കുകയാണിപ്പോൾ. ശേഷം അവയുടെ യഥാർത്ഥ ആശയങ്ങളും സൂചനകളും വിശദമാക്കുകയും അഭിനവ ചിന്താധാരക്കു പിണഞ്ഞ വസ്തുതാപരവും വിശകലനപരവുമായ അബദ്ധങ്ങൾ യഥാസ്ഥലത്ത് വിശദീകരിക്കുകയും ചെയ്യുകയാണ് ഉദ്ദേശ്യം.

പറഞ്ഞു വന്നത്, മതകാര്യങ്ങൾ വിശദീകരിക്കാനുള്ള അവകാശം അൽ അസ്ഹർ കുത്തകയാക്കി വെക്കുന്നു എന്നോ അല്ലെങ്കിൽ ആ അവകാശം അസ്ഹറിൽ മാത്രമായി പരിമിതപ്പെടുത്തുന്നു എന്നോ അല്ല. മറിച്ച് അസ്ഹർ പാലിച്ചുവന്ന ഉറച്ച ഒരു മാനദണ്ഡമാണ് അതിന്റെ അടിസ്ഥാനം. അൽ അസ്ഹർ ആണ് അതിനെ വളർത്തിയതും പ്രചരിപ്പിച്ചതും പൊതു സമക്ഷം സമർപ്പിച്ചതും. എന്നുമാത്രമല്ല, വിജ്ഞാന കേന്ദ്രങ്ങൾ അതിനെ അടിസ്ഥാനമാക്കി ഉൾകൊണ്ടു. തുണീഷ്യയിലെ സൈത്തൂന, ഡമസ്ക്കസിലെ അമവി യൂണിവേഴ്സിറ്റി, ഇസ്താംബൂളിലെ അൽ ഫാത്തിഹ്, ശൻകീത്തിലെ മഹാളിർ, സുഡാനിലെ മസായിദ്, ഇറാഖിലേയും, ഇന്ത്യയിലേയും മലായിലേയും ആഫ്രിക്കൻ രാജ്യങ്ങളിലേയും വൈജ്ഞാനിക പഠന കേന്ദ്രങ്ങൾ, തുടങ്ങിയ വിവിധ മുസ്ലിം ദേശങ്ങളിലെ വൈജ്ഞാനിക കേന്ദ്രങ്ങൾ അതിനുദാഹരണങ്ങളാണ്.

ചുരുക്കത്തിൽ അറിവിന്റെ കുത്തകവൽക്കരണമല്ലവിഷയം സുചിന്തിതമായി പഠനപദ്ധതി പരിപോഷിപ്പിക്കുക എന്നതാണ്. ഖുർആനിൽ നിന്നും വിഷയങ്ങൾ ഉരുത്തിരിച്ചെടുക്കാൻ ആഗ്രഹിക്കുന്നവൻ ഈ പദ്ധതി മനസ്സിലാക്കിയേ പറ്റൂ. അവൻ അതിൽ

അവഗാഹവും പണ്ഡിതന്മാരുടെ ഇജാസത്തും നേടേണ്ടതുണ്ട്. അല്ലാത്ത പക്ഷം അവൻ അറിവിനോട് അക്രമമാണ് കാണിക്കുന്നത്. വിജ്ഞാനാന്വേഷണത്തിലും കരഗതമാക്കലിലും ഗുരുതര വീഴ്ചയാണ് അവനു സംഭവിക്കുന്നത്.

അവസാനമായി, നമുക്കെല്ലാം സമ്പൂർണ്ണമയ പിന്തുണയും സാഹചര്യവും നാം അല്ലാഹുവിനോട് ചോദിക്കുന്നു. നമുക്കെല്ലാം അവൻ പൂർണ്ണമായ സൽവഴിയും നന്മയും നൽകട്ടെ, അവനാണ് അതിന് അർഹൻ.

## അല്ലാഹുവിന്റെ വിധിനിർണയാധികാരവും

## മുസ്‌ലിം ജനതതിയെ കാഫിറാക്കലും

### വിധിനിർണയാധികാരം

തീവ്ര ഇസ്‌ലാമിക ചിന്താധാരകളുടെ മുഴുവൻ കാഴ്ചപ്പാടുകളും അല്ലാഹുവിന്റെ വിധി നിർണയാധികാരം എന്ന വിഷയത്തെ ആസ്പദിച്ചുള്ളതാകുന്നു. അതാണ് അവരുടെ ചിന്താ മണ്ഡലങ്ങളെയും കാഴ്ച്ചപ്പാടുകളെയും രൂപപ്പെടുത്തിയതും ശാഖോപശാഖകൾക്കും ഉപവിഭാഗങ്ങൾക്കും രൂപം നൽകിയതും.

ഇതേ ആശയത്തിൽ നിന്നാണ് സയ്യിദ് ഖുത്ബും സഹോദരൻ മുഹമ്മദ് ഖുത്ബും ഹാകിമിയ്യയിലെ തൗഹീദും ശിർക്കും രൂപപ്പെടുത്തിയത്. പിന്നീട് അതിൽ നിന്ന് വിശ്വാസി വിഭാഗം, ആവിഭാഗത്തിനുള്ള ദൈവിക സഹായ വാഗ്ദാനം, അതുകഴിച്ചു ബാക്കി വരുന്നവിഭാഗം പ്രതിനിധാനം ചെയ്യുന്ന ജാഹിലിയ്യത്ത്, ഈരണ്ട് വിഭാഗങ്ങൾക്കിടയിലുണ്ടാകുന്ന വൈകാരിക വ്യതിരിക്തതയും, വിശ്വാസി വിഭാഗത്തിന്റെ വിജയവും, സയ്യിദ് ഖുത്ബ് പറയുന്ന ഖിലാഫത്ത് നടപ്പിലാക്കാനുള്ള സംഘട്ടനത്തിന്റെ അനിവാ

ര്യത, അധികാരാവരോധം, തുടങ്ങീ മറ്റനേകം സമാന രീതതിയിലുള്ള ആശയഗതികളും ഉയർന്നു വന്നത് അങ്ങിനെയാണ്. ഇവയെല്ലാം സമ്മേളിക്കുവാൻ സമഗ്രമായ ഉദ്ധൃത ചിന്ത രൂപപ്പെട്ടു വരുന്നു.

ഈ ആശയങ്ങളുടെ മുഴുവൻ അടിസ്ഥാന ശിലയും മൂലരേഖയും അന്വേഷിക്കുമ്പോൾ സയ്യിദ് ഖുത്ബ് രചിച്ച ഫീളിലാലിൽ ഖുർആൻ എന്ന കൃതിയുംഅദ്ദേഹത്തിന്റെ മആലിമു ഫിത്വരീഖ് പോലുള്ള മറ്റുഗ്രനഥങ്ങളും ആണെന്നു മനസ്സിലാവും. യഥാർത്ഥത്തിൽ സയ്യിദ് ഖുത്ബിന്റെ മറ്റെല്ലാ പുസ്തകങ്ങളും ഫീളിലാലിൽ നിന്നുള്ള കേവല ഉദ്ധരണികൾ മാത്രമാണ്. ഖർളാവി അദ്ദേഹത്തിന്റെ മുദക്കിറാത്തിൽ ഇപ്രകാരം വരെ പറയുകയുണ്ടായി. ഇന്നത്തെ മുസ്ലീംങ്ങളെ മുഴുവൻ കാഫിറാക്കി നിർത്തുക എന്ന ഈ ആശയം (ഖുതുബിന്റെ) മആലിം എന്ന കൃതിയുടെ മാത്രം സവിശേഷത ഒന്നുമല്ല. മറിച്ച് ളിലാലിലും അതിപോലെയുള്ള മറ്റു കിത്താബുകളിലും വിശിഷ്യാ അൽ അദാലാ അൽ ഇജ്തിമാഈയ്യയിലും എല്ലാം ഈ ആശയം കാണാം.

ളിലാലുൽ ഖുർആൻ ആണ് മുഴുവൻ അവിശ്വാസി വൽക്കരണ ചിന്താധാരകളുടേയും അടിസ്ഥാന പ്രമാണവും ഉറവിടവും എന്നതിനാൽ തന്നെ പ്രസ്തുത ഗ്രന്ഥം സൂക്ഷമവിശകലനം ചെയ്യാൻ നാം നിർബന്ധിതമാവുന്നു. അതിസൂക്ഷമവും നിരൂപണാത്മകവുമായ പഠനം തത്വിഷയകമായി നടക്കണം. അതിന്റെ കാഴ്ച്ചപ്പാടുകളും അടിസ്ഥാന ആശയങ്ങളും മനസ്സിലാക്കണം. ഉദ്ധൃത ആശയങ്ങൾ എങ്ങനെ കടന്നുവരുന്നെന്ന് അവയ്ക്കിടയിൽ നിന്ന് വകതിരിച്ചെടുക്കണം.

സ്വാലിഹ് സെരിച്ച എന്ന ആൾ രചിച്ച ഭരണാധികാരികൾക്ക് മതഭ്രഷ്ട് കൽപ്പിക്കുകയും, സമൂഹത്തിനു ജാഹിലിയ്യത്ത് വിശേ

ഷണം നൽകുകയും, അതിനെ ദാറുൽ ഹർബ് ആയി പരിഗണിക്കുകയും ചെയ്യുന്ന, രിസാലത്തിൽ ഈമാൻ എന്ന ഗ്രന്ഥത്തിനു ആശയവും ആവേശവുമായത് മുഹമ്മദ് ഖുത്ബും അദ്ദേഹത്തിന്റെ ളിലാലും ആണ് എന്ന വസ്തുതയും ശുക്രീ മുസ്തഫയും അദ്ദേഹത്തിന്റെ മതഭ്രഷ്ട് പ്രസ്ഥാനവും ഉയിർകൊണ്ടതും ളിലാലുൽ ഖുർആനിൽ നിന്നാണെന്ന യാഥാർത്ഥ്യവും മുഹമ്മദ് അബ്ദുസ്സലാം ഫറജും അയാളുടെ ജിഹാദീ പ്രസ്ഥാനവും, അൽഫരീള അൽ ഗാഇബ: എന്ന ഗ്രന്ഥം തുടങ്ങി ഇന്നത്തെ ഐ. എസ് വരെ രൂപം പ്രാപിച്ചത് ഫീ ളിലാലിൽ ഖുർആനിൽ നിന്നാണെന്ന യാഥാർത്ഥ്യവും ഉദ്ധൃത വിഷയത്തിനു പ്രബലതയേകുകയണ്.

ഒന്നുകൂടി വിശദമായി പറഞ്ഞാൽ ഇന്നത്തെ ഐ. എസിന്റെ സമുന്നത നേതാക്കളിൽ രണ്ടാമനായ അബൂമുഹമ്മദ് അൽ അദ്നാനി എന്ന ത്വാഹാ സുബ്ഹി ഫലാഹയെ കുറിച്ച് തുർകി ബിൻ മുബാറക് അൽ ബൻഅലി അൽലഫ്ളുൽ ലിസാനീ ഫീ തർജിമതിൽ അദ്നാനീ എന്ന പേരിൽ ഒരു ഗ്രന്ഥം രചിക്കുകയുണ്ടായി. അതിൽ അദ്ദേഹം ഇപ്രകാരം വിവരിക്കുന്നതു കാണാം. അബൂമുഹമ്മദ് അൽ അദ്നാനി സയ്യിദ് ഖുത്ബിന്റെ ഫി ളിലലിൽ ഏറെ ആകൃഷ്ടനായിരുന്നു. അദ്ദേഹത്തിനു ഏറ്റവും ഇഷ്ടപ്പെട്ട ഗ്രന്ഥങ്ങളിൽ ഒന്നും ഫീളിലാൽ ആയിരുന്നു. അതുകൊണ്ടുതന്നെ ഇരുപത് വർഷം അദ്ദേഹം ളിലലിൽ പഠനത്തിനായി ചെലവഴിച്ചു. സ്വന്തം കൈപ്പടയിൽ അതുപകർത്തി എഴുതാൻ അദ്ദേഹം ആലോചിച്ചു. ഖുർആൻ പഠനകാലത്ത് അദ്ദേഹം അല്ലാഹു ഇറക്കിയതു കൊണ്ട് വിധികൽപ്പിക്കാത്തവരാരോ അവരാണ് നിഷേധികൾ എന്ന (സൂറത്ത് അൽമാഇദ 44) സൂക്തത്തിലൂടെ കടന്നുപോയപ്പോൾ അദ്ദേഹത്തിന് അഗാധമായ ഉൾവിളി അനുഭവപ്പെട്ടു. സദസ്സിലെ തന്റെ ഒരു സഹപാഠിയോട് അദ്ദേഹം ചോദിച്ചു, സിറിയയുടെ ഭരണഘടനയുടെ അടിത്തറയെന്താണ്? സുഹൃത്ത് മറുപടി പറഞ്ഞു. അദ്ദേഹം വീണ്ടും ചോദിച്ചു നിയമനിർമാണ അധികാരം

എന്നാൽ എന്താണ്? നിയമപാലനാധികാരം എന്താണ്. സുഹൃത്ത് താൻ സ്കൂളിൽ പഠിച്ചുവന്ന സ്വാഭാവികമായ ഉത്തരങ്ങൾ നൽകി ക്കൊണ്ടിരിന്നു. ഉടനെ അദ്നാനി പ്രതിവചിച്ചു. ഹേ മനുഷ്യ നമ്മുടെ മുഴുവൻ ഭരണ സംവിധാനങ്ങളും ദൈവ നിഷേധത്തിൽ അധിഷ്ഠിതമാണ്. ഇതുകേൾക്കേണ്ട താമസം കൂട്ടുകാരൻ തന്റെ ഉദ്ധ്യമം അവസാനിപ്പിച്ചു പിന്തിരിഞ്ഞു. ഈ സംഭവം അദ്നാനി യുടെ ജീവിതത്തിലെ ഇത്തരം വിഷയങ്ങളെ കുറിച്ചുള്ള വ്യാകുല തയുടെ തുടക്കാമായിരുന്നു. രിസാലത്തുൽ ഈമാനിൽ സ്വാലിഹ് സരിയ്യ പറയുന്നു, ഇസ്‌ലാമിക രാജ്യങ്ങളിൽ ഇന്ന് നിലിവിലുള്ള ഭരണ വ്യവസ്ഥിതി സംശയലേശ്യമന്യേ ദൈവനിഷേധ പരമാണ്. ഇവിടങ്ങളിലെ സമൂഹങ്ങളാകട്ടെ തനി ജാഹിലിയ്യാ സമൂഹവും.

യഥാർത്ഥത്തിൽ ദാഇശ് എന്നാൽ ളിലാലുൽ ഖുർആനിൽ നിന്നും ഉത്ഭൂതമായ ധാരാളം അപഥ ചിന്താധാരകളിൽ ഒന്നാ ണെന്നും ളിലാൽ ഖുർആൻ ആണ് ഈ ചിന്താധാരകളുടെ എല്ലാ അടിസ്ഥാന പ്രമാണവും, ജീവരേഖയും, ആത്മാവുമെന്നും ഇതിൽ നിന്ന് വ്യക്തമാകുന്നു.

ഇവയെല്ലാം ളിലാലുൽ ഖുർആനിനെ അതിസൂക്ഷമമായും നിരൂപണാത്മകമായും സമീപിക്കുകയും അതുമുന്നോട്ടുവെച്ച സിദ്ധാന്തങ്ങളെയും അതുജന്മം നൽകിയ പ്രസ്ഥാനങ്ങളെയും തകർത്തെറിയുകയും ചെയ്യുന്ന ഗ്രന്ഥം പുറത്തിറക്കാൻ നമ്മേ നിർബന്ധിതരാക്കുന്നു.

സയ്യിദ് ഖുത്ബ് ഇപ്പോൾ നീതിമാനായ ഭരണാധിപനുമുന്നി ലാണ്. യാഥാർത്ഥ്യങ്ങളുടെ ലോകത്തേക്ക് അദ്ദേഹം നടന്നു പോയിരിക്കുന്നു. അതുകൊണ്ടുതന്നെ അദ്ദേഹമെന്ന വ്യക്തിയെ ഈ ഗ്രന്ഥം ലക്ഷ്യം വെക്കന്നില്ല എന്ന കാര്യം ഉണർത്തേണ്ടതില്ല. നാം ലക്ഷീകരിക്കുന്നത് അദ്ദേഹത്തിന്റെ വിശുദ്ധ ഖുർആൻ പഠന

സിദ്ധാന്തവും അത് ദീനിന്റെ അടിസ്ഥാന ആശയങ്ങളോട് കാണിക്കുന്ന അതിക്രമവും, അതിനോട് കൂട്ടിച്ചേർക്കപ്പെട്ട തെറ്റിദ്ധാരണകളും, അങ്ങനെ ദീനിന്റെ അടിസ്ഥാന ആശയങ്ങൾ ചോർന്ന് പോവുകയും ഈ തെറ്റായ വ്യാഖ്യാനങ്ങളിലൂടെ ഇവർ മുസ്‌ലിം ജനതതിക്ക് മതഭ്രഷ്ട് നൽകുകകയും തുടർന്നു അവരെ കായികമായി നേരിടുന്നതിനും നിസാരവൽക്കരിക്കുകയും ചെയ്യുന്നതിനെയുമാണ്.

നമ്മുടെ ഉദ്ദേശ്യം അദ്ദേഹത്തിന്റെ സരണിയെ സൂക്ഷമ വൈജ്ഞാനിക വിശകലനത്തിനു വിധേയമാക്കലും അതു വഴി ദീനിനു വന്നുചേർന്നിട്ടുള്ള ദുഷ്പ്പേര് തുടച്ചു നീക്കലുമാണ്. സ്വാഭാവികമായും അതിൽ കടന്നുവരുന്ന വ്യക്തികളും നാമങ്ങളും ആ വിശകനത്തിന്റെ ഭാഗമായേക്കാം. കാരണം ആശയങ്ങളുടെ വിശകലനവും അപക്വമായ കാഴ്ച്ചപ്പാടുകളിൽ നിന്ന് ഖുർആനിനെ സംരക്ഷിക്കലുമാണ് നമ്മുടെ ലക്ഷ്യം. ഒരു ഉദ്ധരണിയിൽ നിന്ന് ഖുർആനോ ഹദീസോ ആവിഷയത്തെ സാമാന്യ വൽക്കരിക്കുകയോ ചിലസാഹചര്യങ്ങളിൽ പരിമിതപ്പെടുത്തുകയോ വ്യവസ്ഥാബന്ധിതമാക്കുകയോ ചെയ്യുന്ന ആശയ തലങ്ങൾ നമുക്ക് കണ്ടെത്താമായിരിക്കാം. എന്നാൽ ആ ഉദ്ധരണിക്ക് കടകവിരുദ്ധമോ അതിനെ അർത്ഥ ശൂന്യമാക്കുന്നതോ അതുപറയുന്നവരെ അവിശ്വാസികളാക്കുന്നതോ തിരുഖുർആനിനെയും സുന്നത്തിനെയും ഒന്നടങ്കം ഫലശൂന്യമാക്കുന്നതോ ആയ ആശയങ്ങൾ ഒരാൾക്കും ഒരുദ്ധരണിയിൽ നിന്നും ഉരുത്തിരിച്ചെടുക്കാവതല്ല.

സയ്യിദ് ഖുത്ബിന്റെ മുഖ്യസിദ്ധാന്തങ്ങളിൽ ഒന്ന് ഹാക്കിമിയ്യയുമമായി ബന്ധപ്പെട്ടാതാണ്. അതാവട്ടെ അദ്ദേഹം കൈകൊണ്ടത് അബുൽഅഅ്‌ലാ മൗദൂദിയിൽ നിന്നുമാണ്. പക്ഷെ പിന്നീടദ്ദേഹം അതിനെ വികസിപ്പിക്കുകയും തന്റെ പേജും ശേഷിയും അതി

നായി വിനിയോഗിക്കുകയും മതഭ്രഷ്ടിനെ പ്രോത്സാഹിപ്പിക്കുന്ന ഒരു സമ്പൂർണ്ണ സിദ്ധാന്തം നിർമിച്ചെടുക്കുകയും ചെയ്തു.

ഖർളാവി തന്റെ ഡയറിക്കുറിപ്പുകളിൽ ഇങ്ങനെ പറഞ്ഞു. ഇസ്‌ലാമിക വിപ്ലവത്തിന്റെ ഘട്ടം എന്നുനാം വിളിക്കുന്ന ഈ പുതിയ ഘട്ടം സയ്യിദ് ഖുത്ബിന്റെ ചിന്താമണ്ഡലത്തിൽ പരി വർത്തനപ്പെട്ട ഒരു ആശയമാണ്. ഇസ്‌ലാമികമായ അഥവാ ഇസ്‌ലാമികമെന്നവകാശപ്പെടുന്ന ഭരണകൂടങ്ങൾക്കെതിരെ പുറ പ്പാട് നടത്തുക, മുഴുവൻ ഇസ്‌ലാമിക സമൂഹങ്ങൾക്കെതിരെയും വിപ്ലവത്തിനു കോപ്പുകൂട്ടുക, എന്നതാണതിന്റെ ചുരുക്കം. അദ്ദേഹ ത്തിന്റെ വീക്ഷണത്തിൽ ലോകത്ത് നലിവിലുള്ള മുഴുവൻ സമുദാ യങ്ങളും പൂർണ്ണമായും ജാഹിലിയ്യാ സമൂഹങ്ങളാണ്. അതിനു ശേഷം ഖർളാവി തുടർന്നു പറയുന്നു. പുതിയ ദിശാമാറ്റങ്ങളിൽ ഏറെ അപകടമായത് സയ്യിദ് ഖുതുബ് വ്യാപകമായി മതഭ്രഷ്ട് സിദ്ധാന്ത് ഉപയോഗിച്ചു തുടങ്ങിയതും ആ വിഷയത്തെ അതിലാ ഘവത്തോടെ സമീപിച്ചു എന്നതുമാണ്. ഹാകിമിയ്യത്തിന്റെ വിഷയ ത്തിൽ സയ്യിദ് ഖുതുബ് തന്റെ നിലപാട് രൂപപ്പെടുത്തിയത് അല്ലാഹു ഇറക്കിയത് അനുസരിച്ച് വിധിപറയാത്തവരാരോ അവരാ കുന്നു നിഷേധികൾ എന്ന ഖുർആനിക സൂക്തത്തിനു നൽകിയ തെറ്റായ വ്യഖ്യാനത്തിലൂടെ യായിരുന്നു. മുൻപു മൗദൂദി ചെയ്തതു പോലെ സയ്യിദ് ഖുതുബും അല്ലാഹിവിന്റെ വിധികൾ നടപ്പിലാക്കാത്തവരെ സത്യനിഷേധികളാക്കിതുടങ്ങി. അല്ലാഹു വിന്റെ വിധി സത്യമാണെന്നും അത് അല്ലാഹു ദിവ്യബോധനം വഴി നൽകിയതാണെന്നും ചിലപ്രത്യക സാഹചര്യങ്ങളാൽ ആണ് അത് നടപ്പിലാക്കാൻ കഴിയാതിരിക്കുന്നതെന്ന വിഷയത്തിൽ പോലും വിട്ടുവീഴ്ച്ച ചെയ്യാൻ അവർ തയ്യാറായില്ല.

ഈ നിലപാട് അതി വിചിത്രമാണ്. അങ്ങേയറ്റം കുടിലവും പിരിമുറുക്കം ഉള്ളതുമാണ്. ആളുകളെ നിഷേധികളാക്കാൻ അത്

ഉത്സാഹിക്കുകയും അത് നിസാരമായി കാണുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ ഇത് അദ്ദേഹത്തിന്റെ മറ്റൊരാശയത്തിന്റെ ഉപോൽപ്പന്നമാണ്. ഈമാനിന്റെ അടിസ്ഥാന കാര്യങ്ങളിൽ അദ്ദേഹം സ്വന്തമായി ഹാകിമിയ്യാ എന്ന പുതിയ ആശയം എഴുതി ച്ചേർക്കുകയും അത് അംഗീകരിക്കാത്തവരേയും അനുസരിക്കാത്ത വരേയും മുഴുവൻ കാഫിറാക്കുകയും ചെയ്തു എന്നതാണ്. ഇതാ യിരുന്നു മുമ്പ് ഖവാരിജുകൾ കൈകൊണ്ട നിലപാടും.

എന്നാൽ തലമുറകളായി സ്വഹാബികൾ മുതലുള്ള മുസ്‌ലിം പണ്ഡിത മതം ഇതിനു വിപരീതമാണ്. ഈ ആയത്തിന്റെ വിശദീ കരണം പണ്ഡിതന്മാർ പല ദിശകളിൽ നൽകിയിട്ടുണ്ട്. ആയ ത്തിന്റെ ഉദ്ദേശ്യം, അല്ലാഹു അവതരിപ്പിച്ച നിയമങ്ങളെ അവ അല്ലാഹുവിൽ നിന്നുള്ളതാണെന്നും അവ സത്യമാണെന്നും നിഷേ ധിച്ചു കൊണ്ട് അവ പ്രാവർത്തികമാക്കാതിരിക്കുക എന്ന അഭിപ്രാ യമാണ് അവയിൽ പ്രബലം. ഇതാവട്ടെ സംശയ ലേശ്യമന്യേ ദൈവനിഷേധമാണുതാനും. എന്നാൽ ഒരാൾ അല്ലാഹു ഇറക്കിയ നിയമങ്ങളെ അവ സത്യമെന്നും, യഥാർത്ഥ വെളിപാടെന്നും വിശ്വ സിക്കലോടെ ഒരാൾക്ക് നടപ്പിൽ വരുത്താൻ സാധിക്കാതെ വന്നാൽ അവൻ അവിശ്വാസി ആകുന്നതുമല്ല.

തഫ്സീർ അൽകബീറിൽ ഇമാം ഫഖ്റുദ്ദീൻ അൽ റാസി പറയുന്നു. ഇഖ്‌രിമ പറഞ്ഞു, പ്രസ്തുത ആയത്ത് ആവിഷയത്തെ ഹൃദയം കൊണ്ട് നിഷേധിക്കുകയും നാവുകൊണ്ട് എതിർക്കു കയും ചെയ്തവർക്ക് മാത്രം ബാധകമാണ്. എന്നാൽ അവ അല്ലാഹു ഇറക്കിയതാണെന്നും സത്യമാണെന്നും ഒരാൾ ഹൃദയം കൊണ്ടുറപ്പിക്കുകയും നാവുകൊണ്ട് അംഗീകരിക്കുകയും എന്നാൽ പ്രവർത്തനം കൊണ്ട് അതിനി വിപരീതമായത് ചെയ്യു കയും ചെയ്താൽ അവൻ അല്ലാഹു ഇറക്കിയതുകൊണ്ട് വിധിക്കു ന്നവൻ എന്ന പരിധിയിൽ വരുന്നു. പക്ഷേ അവൻ അതിനു

ഉപേക്ഷ വരുത്തുന്നു.ഈ ആയത്തിന്റെ ആക്ഷേപത്തിന്റെ പരിധി യിൽ അവൻ കടന്നുവരുന്നതല്ല. ഇതാണ് ശരിയായ മറുപടി.

ഹുജ്ജത്തുൽ ഇസ്‌ലാം ഗസ്സാലി(റ) അദ്ദേഹത്തിന്റെ അൽ മുസ്തഷ്ഫാ എന്ന ഗ്രന്ഥത്തിൽ പറഞ്ഞു, തൗറാത്തിനേയും അതിന്റെ നിയമങ്ങളെയും കുറിച്ച് പറഞ്ഞ ശേഷം അല്ലാഹു ഇറ ക്കിയതുകൊണ്ട് വിധിക്കാത്തവരാരോ അവരാകുന്നു നിഷേധികൾ, എന്ന അല്ലാഹുവിന്റെ വാക്യം കൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹു ഇറക്കിയ നിയമങ്ങളെ നിഷേധിച്ചും അവിശ്വസിച്ചും അതുകൊണ്ട് വിധിക്കാതിരിക്കുന്നവരെയാകുന്നു എന്നാണ് നാം പറയുന്നത്. ഇമാം മുഹമ്മദ് ഇബ്നു അത്വിയ്യ അൽ അൻദുലുസി അദ്ദേഹ ത്തിന്റെ അൽ മുഹർറർ അൽ വജീസ് എന്ന ഗ്രന്ഥത്തിൽ പറ യുന്നു ഉദ്ധ്യത ആയത്തിന്റെ പരാമർശം ഒരു പൊതു പ്രസ്ഥാവന യല്ല മിറച്ച് അത് വ്യവസ്ഥാ ബന്ധിതമാണ്. ചില പ്രത്യേക സാഹചര്യങ്ങളെയാണ് പലപ്പോഴും ഇത് ദ്യോതിപ്പിക്കുക. അഥവാ ഈ സൂക്തം കൊണ്ട് ഏതെങ്കിലും കാര്യങ്ങളിൽ വിശ്വാസികളുടെ ഭരാണാധികാരികൾ അല്ലാഹു ഇറക്കിയതുകൊണ്ടല്ലാതെ വിധിപറ യുന്ന കാരണത്താൽ ഒരർത്ഥത്തിലും അവർ അവിശ്വാസികളാവു ന്നതല്ല തന്നെ.

ഇമാമുമാരുടെ അഭിപ്രായ ഗതികൾ പരിശോധിക്കുന്ന ഏതൊരാൾക്കും, ഇബ്ന് മസ്ഊദ്, ഇബ്ന് അബ്ബാസ്, ബർറാഅ് ബ്നുആസ്വിബ്, ഹുദൈഫത്തുബ്നുൽ യമാൻ, ഇബ്രാഹീം അൽ നഖഈ, അസ്സുദ്ദീ, അൽ ളഹാക്, അബൂസ്വാലിഹ്, അബൂമജ്‌ലിസ്, ഇഖ്‌രിമ ഖതാദത്, ആമിർ, ശഅബീ, അത്വത്വാവൂസ്, തുടങ്ങി ഇമാം ത്വബ്‌രി, അദ്ദേഹത്തിന്റെ ജാമിഉൽ ബയാനിലും അൽഗസ്സാലി തന്റെ അൽ മുസ്തഫയിലും ഇബ്നു അതിയ്യ അൽ മുഹർറർ അൽ വജീസിലും, ഫഖ്റു റാസി മഫാതീഹുൽ ഗൈബിലും ഇമാം ഖുർതുബിയും ഇബ്നു ജൗസി തന്റെ അൽ തസ്ഹീഹിലും അബൂ

ഹയ്യാൻ അൽ ബഹർ മുഹ്വീത്വത്തിലും ഇബ്നു കസീർ തന്റെ തഫ്സീറിലും ആലൂസി റൂഹുൽ മആനിയിലും ത്വഹിർ ബിൻ ആശൂർ അൽതഹ്‌രീർ വൽ തൻവീറിലും ശൈഖ് ശഅ്റാവി തന്റെ തഫ്സീറിലുമെല്ലാം ഈ ആയത്തിന്റെ മേലുദ്ധരിച്ച് ആശയത്തിൽ ഏകോപിത അഭിപ്രായക്കാരാണെന്ന് കണ്ടെത്താനാവും.

ഇതിനു വിപരീതമായി ഇവരെല്ലാം പ്രതിക്കൂട്ടിൽ നിർത്തി ഉസ്താദ് സയ്യിദ് ഖുതുബ് പറയുന്നു അല്ലാഹുവിന്റെ കിറുകൃത്യവും കണിശവും, സുദൃഢവും, സമഗ്രവും, സർവ്വ വ്യാപിയുമായ ഈ പ്രസ്താവത്തെ വൃഥാ വാഗ്വാദങ്ങൾക്കു വിധേയമാക്കുന്നത് യാഥാർത്ഥ്യം നേരിടുന്നതിൽ നിന്ന് ഒളിച്ചോടാനുള്ള കുത്സിത ശ്രമമല്ലാതെ മറ്റൊന്നുമല്ല. ഇതു പോലുള്ള നിയമങ്ങളിലെ വ്യാഖ്യാന പ്രതിവ്യാഖ്യാനങ്ങൾ അല്ലാഹുവിന്റെ കിത്താബിനെ ഉദ്ദിഷ്ട ആശയങ്ങളിൽ നിന്ന് വക്രീകരിക്കലാണ്ത്.

അഥവാ മുമ്പേപറഞ്ഞ ഇമാമുമാരെ മുഴുവൻ വിശുദ്ധ ഖുർആനിനെ വക്രീകരിക്കുന്നവരാക്കി മാറ്റി സയ്യിദ് ഖുതുബ്. ഒന്നുകൂടി പഠനം സൂക്ഷമമാക്കിയപ്പോൾ ഈ ആശയഗതിക്ക് സയ്യിദ് ഖുതുബിന് ഖവാരിജുകളല്ലാതെ മറ്റൊരു മുന്ഗാമികളെയും നമുക്ക് കണ്ടെത്താൻ കഴിഞ്ഞില്ല. അൽ ശരീഅ് എന്നഗ്രന്ഥത്തിൽ ഇമാം അജൂരി (റ) പറയുന്നു മറ്റുചില ആയത്തുകൾ മുത്തശാബിഹുകളാണ് എന്ന ഖുർആനിക വചനത്തെ സംബന്ധിച്ച് സ്വഹാബീ വര്യനായ സഈദ് ബനു ജുബൈർ (റ) പറഞ്ഞിരിക്കുന്നു. മുത്തശാബിഹാത്ത്, ആശയകുഴപ്പം സൃഷ്ടിക്കുന്ന ആയത്തുകൾ എന്നാൽ അവ പാരായണം ചെയ്യുമ്പോൾ ജനങ്ങൾക്ക് ആശയപരമായ അവ്യക്തത അനുഭവപ്പെടുന്നതാണ്. അതുകൊണ്ടുതന്നെ, പലവിഭാഗങ്ങളും ഇത്തരം വാചങ്ങൾ പാരായണം ചെയ്യുകയും അതവർക്ക് അനുകൂലമാണെന്ന് വാദിക്കുകയും അതുവഴി അവർ സന്മാർഗികളായെന്ന് അവകാശപ്പെടുകയും ചെയ്യുന്നു. എന്നാൽ

യഥാർത്ഥത്തിൽ അവർ വഴിപിഴക്കുകയാണ് ചെയ്തിരിക്കുന്നത്. ഹറൂറികൾ (ഖവാരിജുകളുടെ മറ്റൊരു പേര്) പിന്തുടരുന്ന ഇത്തരം മുത്തശാബിഹുകളിൽ പെട്ട ഒന്നാണ് മുമ്പ് ചർച്ച ചെയ്ത ഖുർആനിക സൂക്തം. നിഷേധികളായിത്തീർന്നവർ അല്ലാഹുവിൽ നിന്ന് വഴിമാറിയിരിക്കുന്നു എന്ന സൂക്തവും അവർ മേലുദ്ധൃത സൂക്തത്തോട് ചേർത്തുവായിക്കുകയും ചെയ്യുന്നു. ഒരു ഭരണാധികാരി അല്ലാഹു ഇറക്കിയത് കൊണ്ടല്ലാതെ വിധിപറയുമ്പോൾ ഇക്കൂട്ടർ വിളിച്ചു പറയും അയാൾ നിഷേധിയായിരിക്കുന്നു. തുടർന്നയാൾ അല്ലാഹുവിൽ നിന്ന് വഴിമാറിയിരിക്കുന്നു. അഥവാ അയാൾ ശിർക്ക് ചെയ്തിരിക്കുന്നു. ചുരുക്കത്തിൽ ആസമൂഹം തന്നെ മുശ്രിക്കായിത്തീർന്നിരിക്കുന്നു. അങ്ങനെ അവർ സമൂഹത്തോട് സമരം പ്രഖ്യാപിക്കുകയും നിങ്ങൾ കണ്ടുകൊണ്ടിരിക്കുന്നതെല്ലാം അവർ നടപ്പിലാക്കുകയും ചെയ്യുന്നു. കാരണം അവർ ഈ മുത്തശാബിഹ് ആയ സൂക്തത്തിന് അതിരു കടന്ന വ്യഖ്യാനം നൽകിയതാണ്. കാരണം മുസ്ലിം ചരിത്രത്തിലുടനീളം ഇസ്ലാമിക പണ്ഡിതർ കൈകൊണ്ട ഖുർആൻ വ്യഖ്യാനരീതികളെ അവഗണിക്കുകയും അവരുടെ വിശകലന സിദ്ധാന്തങ്ങളെ അപ്രസക്തമാക്കുകയും ചെയ്തു എന്നു മാത്രമല്ല, ഇസ്ലാമിക സമൂഹത്തിന്റെ തലമുറകളായുള്ള ബൗദ്ധിക സമ്പാദ്യം ഒരു അജ്ഞാത സംസ്കാരം മാത്രമാണെന്നും അദ്ദേഹം ജൽപനം നടത്തി. സയ്യിദ് ഖുതുബ് പറയുന്നു, ഇസ്ലാമിക സംസ്കാരമെന്നും ഇസ്ലാമിക അവലംബങ്ങളെന്നും ഇസ്ലാമിക ഫിലോസഫിയെന്നും ഇസ്ലാമിക ചിന്താധാരയെന്നുമെല്ലാം നാം വിചാരിച്ചിരുന്നവയിൽ പോലും ഭൂരിഭാഗവും ഈ അജ്ഞാത ഘട്ടത്തിന്റെ സൃഷ്ടികളാണ്.

അദ്ദേഹം പണ്ഡിതരുടെ ഖുർആൻ പഠന വിശകലന രീതികളിൽ നിന്നും അകന്നു നിന്നു. സ്വന്തം അന്തർജ്ഞാനവും തോന്നലുകളും സ്വകാര്യസങ്കൽപ്പങ്ങളും അടിസ്ഥാനപ്പെടുത്തി ഖുർആൻ

പഠനത്തിനായി അദ്ദേഹം സ്വയം പീഢ നടത്തി. അൽ തസ്‌വീർ അൽ ഫന്നി ഫിൽ ഖുർആൻ , ഖുർആനിലെ കലാസങ്കൽപങ്ങൾ എന്ന തന്റെ ഗ്രന്ഥത്തിന്റെ പ്രാരംഭത്തിൽ അദ്ദേഹം ഇങ്ങനെ പറയുകയുണ്ടായി. ഞാൻ പലവിദ്യാ കേന്ദ്രങ്ങളിലും കടന്നു ചെന്നു. ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ നിന്ന് പലതും പഠിച്ചു. പലപണ്ഡിതരിൽ നിന്നും ഞാനതു ശ്രവിച്ചു. പക്ഷെ ഞാൻ വായിക്കുന്നതിലോ കേൾക്കുന്നതിലോ എന്റെ കുഞ്ഞുനാളിൽ ഞാൻ കണ്ടെത്തിയ ആ ഖുർആനിനെ ദുഖകരമെന്നു പറയട്ടെ എനിക്കു കണ്ടെത്താനായില്ല. അതിന്റെ സൗന്ദര്യാടയാളങ്ങൾ ഉന്മൂലനം ചെയ്യപ്പെട്ടിരിക്കുന്നു. സൗന്ദര്യവും സന്തോഷദായകത്വവും അതിൽ നിന്ന് അന്യം നിന്നിരിക്കുന്നു. ഇനി അവ രണ്ടു ഖുർആനായിരിക്കുമോ? ശൈശവത്തിന്റെ തെളിമയാർന്ന സുഗ്രാഹ്യവും സന്തോഷദായകവുമായ ഒരു ഖുർആനും യുവത്വത്തിന്റെ ദുരിതവും ദുർഗ്രാഹ്യതയും നിറഞ്ഞ ചിന്നഭിന്നമായ മറ്റൊരു ഖുർആനും. അതോ ഈ അവസ്ഥ വ്യാഖ്യാന രംഗത്തു തുടർന്നു വരുന്ന ശൈലികളുടെ പ്രതിഫലനമാണോ? അങ്ങനെ ഞാൻ മുസ്ഹഫിലെ ഖുർആൻ പാരായണം ആരംഭിച്ചു. വ്യാഖ്യാന ഗ്രന്ഥങ്ങളിലെ ഖുർആനിനോട് വിടപറഞ്ഞു. അങ്ങനെ എന്റെ സുന്ദരവും ഹൃദയഹാരിയുമായ ഖുർആൻ എനിക്കു തിരിച്ചുകിട്ടി. എന്റെ സന്തോഷകരവും സ്വാദിഷ്ടവുമായ ഖുർആനിക ഭാവനകൾ ഞാൻ കണ്ടെത്തി. ഈ പ്രസ്താവം അപകടകരമാണ്. ഖുർആൻ പഠനവിശകലന സമ്പന്ധമായും സൂക്തങ്ങൾ കൈകാര്യം ചെയ്യേണ്ട രീതി ശാസ്ത്രത്തെകുറിച്ചും അദ്ദേഹത്തിന്റെ നിലപാട് ഇത് വ്യക്തമാക്കുന്നു. ഖുർആൻ സൂക്തങ്ങൾക്കും അവയുടെ പഠനത്തിനുമായി ചരിത്രത്തിലുടനീളം മുസ്‌ലിം പണ്ഡിതർ വരിച്ച ത്യാഗങ്ങളെ അദ്ദേഹം പൂർണ്ണമായും അവഗണിക്കുന്നു. അവരുടെ ബൗദ്ധിക സംഭാവനയെ അദ്ദേഹം അജ്ഞാന പരമെന്ന് വിശേഷിപ്പിക്കുന്നു. അവ്യക്തവും അപക്വവുമായ തന്റെ കുട്ടിക്കാലത്ത്

അനുഭവിച്ചിരുന്ന സൗന്ദര്യബോധത്തെ ഖുർആൻ പഠനത്തിന് അശ്രയിക്കുന്നു അദ്ദേഹം. ഖുർആനിന്റെ അതിസൂക്ഷ്മ അർത്ഥതലങ്ങൾ കണ്ടെത്താനും സൂക്തങ്ങളിൽ നിന്ന് ആശയങ്ങൾ ഉരുത്തിരിച്ചെടുക്കാനും ചരിത്രത്തിലുടനീളം മുസ്‌ലിം പണ്ഡിതർ ഉപയോഗിച്ചു വന്ന സ്ഫടിക സമാനമായ സൂക്ഷ്മവും സംശുദ്ധവും സമൃദ്ധവുമായ മാനദണ്ഡങ്ങളെ അവഗണിച്ചാണിത്.

അല്ലാഹു പറയുന്നു: ''അല്ലാഹുവിലേക്കും അവർക്കിടയിലെ കൈകാര്യ കർത്താക്കളിലേക്കും അവർ ആ കാര്യം മടക്കിയിരുന്നെങ്കിൽ, അവർക്കിടയിലെ കാര്യങ്ങൾ വിശകലനം ചെയ്തു തീരുമാലിക്കുന്നവർക്ക് അത് മനസ്സിലാവുമായിരുന്നു.'' (നിസാഅ് : 83)

കാലാകാലങ്ങളിൽ, ഉയിർകൊണ്ട മുഴുവൻ മതഭ്രഷ്ട് പ്രസ്ഥാനങ്ങളും മേലുദ്ധൃത ഖുർആനിക സൂക്തത്തിനു ദുർവ്യാഖ്യാനം നൽകാൻ കിണഞ്ഞു ശ്രമിച്ചിരിക്കുന്നു എന്നതാണ് ഇവിടെ അടിസ്ഥാന വിഷയം. സമുദായത്തിന്റെ ചരിത്രത്തിലുടനീളം ഇടതടവില്ലാത്ത മതഭ്രഷ്ട് പ്രസ്ഥാനങ്ങളായി അവർ സമൂഹത്തിനു വിപത്തു സൃഷ്ടിച്ചു. മേലുദ്ധൃത ആയത്തിനു യുഗാന്തരങ്ങളായി പണ്ഡിതൻമാർ നൽകി വന്ന സുസ്ഥിരവും സ്വീകാര്യവുമായ വിശദീകരണത്തിനു വിപരീതമായി അവർ നൽകിയ തെറ്റായ വ്യാഖ്യാനമായിരുന്നു അവരുടെ അടിസ്ഥാന പ്രമാണം. അൽ ഖത്വീബ് അൽ ബാഗ്ദാദി തന്റെ ''താരീഖ് ബാഗ്ദാദ്'' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ ഉദ്ധരിക്കുന്നതു കാണാം. ഇബ്നു അബീ ദാവൂദ് ഇങ്ങനെ പറയുമായിരുന്നു: ''അബ്ബാസി ഭരണാധികാരി മഅ്മൂന്റെ സവിധത്തിൽ ഒരു ഖവാരിജ് അനുഭാവിയെ ഹാജരാക്കപ്പെട്ടു. മഅ്മൂൻ അയാളോടു ചോദിച്ചു. എന്താണു ഞങ്ങളെ എതിർക്കാൻ താങ്കളെ പ്രേരിപ്പിച്ചത്? ഖുർആനിലെ ഒരു സൂക്തമെന്ന് അയാൾ പ്രതിവചിച്ചു. ഏതാണാ സൂക്തമെന്ന ഖലീഫയുടെ മറുചോദ്യത്തിനു ''അല്ലാഹു ഇറക്കിയത് പ്രകാരം

വിധിക്കാത്തവരാരോ അവരാണ് നിഷേധികൾ'' എന്ന സൂക്തം അയാൾ മറുപടി നൽകി. ഉടൻ ഖലീഫ തിരിച്ചു ചോതിച്ചു. അത് ഖുർആൻ തന്നെയെന്ന് താങ്കൾക്കറിയുമോ? അയാൾ പറഞ്ഞു: അതെ. എന്താണ് തെളിവെന്നായി ഖലീഫ. സമൂഹത്തിന്റെ ഏകോപിതാഭിപ്രായമെന്നയാളുടെ മറുപടി. ഖലീഫ ഇപ്രകാരം ഉടനടി പ്രതികരിച്ചു. ''ഖുർആനിന്റെ കാര്യത്തിൽ സമൂഹത്തിന്റെ ഏകോപിതാഭിപ്രായം താങ്കൾക്ക് സ്വീകാര്യമെങ്കിൽ, ആ ഖുർആന്റെ വ്യാഖ്യാന കാര്യത്തിലും താങ്കൾ അതുകൊണ്ട് തൃപ്തിപ്പെടേണ്ടതാണ്.'' ഉടൻ അയാൾ മറുപടി പറഞ്ഞു. താങ്കൾ പറഞ്ഞത് സത്യമാണ്. അസ്സലാമു അലൈക്കും യാ അമീറൽ മുഅ്മിനീൻ.

പ്രവാചകൻ ഈ മതനിഷേധാരോപണ ചിന്തകളെ കുറിച്ച് അതികണിശമായ മുന്നറിയിപ്പ് മുമ്പേ നൽകിയിട്ടുണ്ട്. ഹുദൈഫ (റ) പറയുന്നു: നബി (സ) പറഞ്ഞു: ''ഖുർആൻ പാരായണം ചെയ്ത് അതിന്റെ ഗരിമ അയാളുടെ മുഖത്ത് പ്രകടമാക്കുന്നവനെ നിങ്ങൾക്കു മേൽ ഞാൻ ഭയക്കുന്നു. അയാൾ മതത്തിന് വലിയ പിന്തുണ ആയിരുന്നു.'' പിന്നീട് അയാളെ അല്ലാഹു മാറ്റി മറിച്ചു. അയാൾ ദീനിൽ നിന്നും ഉതിർന്നുപോയി. മതത്തെ അയാൾ തൃണവത്ഗണിച്ചു. സ്വന്തം അയൽവാസിക്കെതിരെ അയാൾ വാളെടുത്തു. അവനെ അയാൾ ബഹുദൈവാരാധകനെന്ന് ആരോപിച്ചു. ഹുദൈഫ (റ) പറഞ്ഞു. ഞാൻ നബിയോടു ചോദിച്ചു. പ്രവാചകരെ അതിൽ ആരാണു മതനിഷേധവുമായി ഏറ്റവും അടുത്തു നിൽക്കുന്നവൻ?. ആരോപിക്കുന്നവനോ അതോ ആരോപിതനോ?. നബി തങ്ങൾ പ്രതിവചിച്ചു: ''തീർച്ചയായും ആ ആരോപിക്കുന്നയാളാണ്''. ഹദീസ് പണ്ഡിതൻ ബസ്സാർ ഈ ഹദീസ് അദ്ദേഹത്തിന്റെ മുസ്നദിൽ റിപ്പോർട്ട് ചെയ്യുകയും അദ്ദേഹത്തിന്റെ നിവേപദന പരമ്പരയെ ഹൈതമി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇബ്നു ഹിബ്ബാൻ തന്റെ സ്വഹീഹിലും അബൂയഅ്ലാ അദ്ദേഹത്തിന്റെ മുസ്നദിലും ഈ ഹദീസ് ഉദ്ധരിച്ചിട്ടുണ്ട്.

നിവേദന പരമ്പരയെ കുറിച്ച് ഇബ്നു കസീർ ഇപ്രകാരം പറഞ്ഞിട്ടുണ്ട്. ‘‘ഇത് നല്ല നിവേദന പരമ്പരയാണ്’’. ത്വഹാവീ തന്റെ ശർഹു മുശ്കലിൽ ആസാറിലും, ഹർവി തന്റെ ദമ്മുൽകലാമി വ അഹ്‌ലിയിലും, ഇബ്നു അസാക്കിർ തന്റെ തബ്‌യീനു കദിബിൽ മുഫ്തരിയിലും ഇതേ ഹദീസ് ഉദ്ധരിച്ചിരിക്കുന്നു.

സമാനമായ വാക്കുകൾ സ്വഹാബീ വര്യൻ മുആദ് ബ്നു ജബൽ (റ) വിന്റെ നിവേദന പരമ്പരയിലൂടെയും വന്നിരിക്കുന്നു. ത്വബ്രാനി ‘‘മുസ്നദുശ്ശാമിയ്യീനിലും’’, യഅ്ഖൂബ് ബ്നു സുഫ്‌യാൻ ‘‘അൽ മഅ്രിഫ വത്താരീഖി’’ലും, ഇബ്നു അബീ ആസ്വിം ‘‘കിതാബുസ്സുന്ന’’യിലും, ഹർവി ‘‘ദമ്മുൽകലാമി വ അഹ്‌ലി’’യിലും, അബുൽ ഖാസിം അൽ ഇസ്ബഹാനി ‘‘അൽ ഹുജ്ജ’’യിലും ഇതു റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഏതാനും പേജുകൾക്കു ശേഷം ഈ ഹദീസിന്റെ വിശദീകരണം വരുന്നതായിരിക്കും. സയ്യിദ് ഖുത്വുബും അദ്ദേഹത്തെ അനുധാവനം ചെയ്യുന്ന അഭിനവ ചിന്താ ധാരകളും ഊഹിക്കുന്നതുപോലെ പ്രവാചകൻ (സ) യുടെ സമൂഹം ഒന്നടങ്കം വഴി തെറ്റുകയോ, ഒന്നാകെ നിഷേധികളായിത്തീരുകയോ ചെയ്യുന്നത് ക്ഷിപ്രസാധ്യമല്ല. സമൂഹം നിഷേധത്തിലേക്കോ ബഹു ദൈവാരാധലനയിലേക്കോ സഞ്ചരിക്കുന്നതിൽനിന്ന് സംരക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന് നബി (സ) പറഞ്ഞിരിക്കുന്നു. ഇമാം ബുഖാരി തന്റെ സ്വഹീഹിൽ ഉഖ്ബത് ബനു ആമിറിന്റെ പരമ്പരയിലൂടെ ഇപ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. പ്രവാചകർ അരുളി: ‘‘നിങ്ങൾ അല്ലാഹുവിനോട് പങ്കു ചേർക്കലിനെ ഞാൻ ഭയപ്പെടുന്നില്ല, പക്ഷേ ഭൗതിക ലോകത്തെ നിങ്ങൾക്ക് ഞാൻ ഭയപ്പെടുന്നു. അതിൽ നിങ്ങൾ മത്സരിച്ചേക്കാം.’’ ഇമാം അൽ ഹാഫിള് അബൂ ഉമർ ഇബ്നു അബ്ദിൽ ബർറ് ഇപ്രകാരം പറയുകയുണ്ടായി. ‘‘പ്രവാചകന്റെ ഉമ്മതിന് പ്രവാചകൻ ഭയപ്പെടാത്ത കാര്യം

ആരെങ്കിലും ഭയപ്പെടുന്ന പക്ഷം അയാൾ വ്യക്തമായ ദുരുപ യോഗം നടത്തിയിരിക്കുന്നു.

ചിലർക്ക് ഖുർആൻ വ്യാഖ്യാനത്തിൽ വ്യക്തമായ പിഴവു സംഭവിച്ചിരിക്കുന്നു എന്നതിന്റെ കൃത്യമായ തെളിവാണിത്. അതു പോലെ വിശുദ്ധ ഖുർആനിന്റെ യഥാർത്ഥ പഠന സാമഗ്രികൾ കൈവശമില്ലാത്തവർ അപഥ ചിന്തകളും വ്യക്തി വിചാരങ്ങളും അല്ലാഹുവിന്റെ വചനങ്ങളോട് കൂട്ടിച്ചേർക്കുകയും ചെയ്യും. അങ്ങനെ അവർ കരുണയുടെയും സമാധാനത്തിന്റെയും മതത്തെ രക്തച്ചൊരിച്ചിലിലേക്ക് വഴിതിരിക്കും. യഥാർത്ഥ പണ്ഡിതൻമാ രുടെ ഉത്തരവാദിത്തം എപ്പോഴും നിലനിൽക്കും, കാലഘത്തിന്റെ താൽപര്യമനുസരിച്ച് അവർ ഉണർന്നെഴുന്നേൽക്കും. ദീനിനോട് ചേർക്കപ്പെട്ട അപവാദങ്ങൾ അവർ തുടച്ചു നീക്കും. അല്ലാഹുവി നെയും ദീനിനെയും മനസ്സിലാക്കുന്നതിന് ഋജുവായ മാർഗ രേഖ അവർ സമർപ്പിക്കുക തന്നെ ചെയ്യും.

സ്വഹാബികളുടെ കാലം തൊട്ട് ശൈഖ് മുതവല്ലി അശ്ശ അ്റാവി വരെയുള്ള മഹാ ഭൂരിപക്ഷ പണ്ഡിത മഹത്തുക്കളുടെ കാഴ്ചപ്പാടും സയ്യിദ് ഖുത്വുബിന്റെ വീക്ഷണവും തമ്മിലുള്ള താര തമ്യം:

| മുസ്‌ലിംപണ്ഡിത പക്ഷം | മതഭ്രഷ്ട ചിന്താധാര |
|---|---|
| ഇബ്നു മസ്ഊദ്, ഇബ്നു അബ്ബാസ്, ബറാഅ് ബ്നു ആസിബ്, ഹുദൈഫതു ബ്നുൽ യമാൻ, ഇബ്രാഹീം അൽ നഖഈ, സുദ്ദീ, അളളഹാക്, അബൂ സ്വാലിഹ്, അബൂ മുജ്‌ലിസ്, ഇക്‌രിമ, ഖതാദ, ആമിർ, ശഅബീ, അത്വാഅ്, ത്വാഊസ്, അബൂ റജാഅ് അൽ അചാരീതീ, ഉബൈദുല്ലാഹി | സയ്യിദ് ഖുത്വുബ് |

ബ്നു അബ്ദില്ല, അൽ ഹസൻഅൽ സസ്പരീ, ശേഷം ഇമാം ത്വബ്രീ (ജാമിഉൽ ബയാൻ), അൽ ഗസ്സാലി (അൽ മുസ്ഥസ്ഫാ), ബഗവീ (തഫ്സീർ), ഇബ്നുൽ ജൗസി (സാദുൽ മസീർ) ഫഖ്ർ അൽ റാസി (മഫാതീഹുൽ ഗൈബ്), അൽ ഖുർത്വുബി, ഇബ്നു ജസ്സി (അൽ തസ്ഹീൽ), അബൂ ഹയ്യാൻ (അൽ ബഹ്ർ അൽ മുഹീത്), ഇബ്നു കസീർ (തഫ്സീർ), ആലൂസി (റൂഹുൽ മആനി), അത്ത്വാഹിർ ബ്നു ആശൂർ (അൽ തഹ്രീർ വത്തൻവീർ), ശൈഖ് ശഅ്റാവി (തഫ്സീർ).

മേലുദ്ധരിച്ച പണ്ഡിതർ പ്രസ്തുത ഖർആനിക സൂക്തം വിശദീകരിക്കുന്നിടത്ത് പല രീതികൾ പിന്തുടർന്നിരിക്കുന്നു. എന്നാൽ അവയിൽ ഏറ്റവും പ്രാബല്യമുള്ള അഭിപ്രായം, സൂക്തം ഉദ്ദേശിക്കുന്നത് അല്ലാഹു ഇറക്കിയതുകൊണ്ട് വിധിക്കാതിരിക്കുക എന്ന ഗുരുതരമായ തെറ്റിന്റെ ഗൗരവം പ്രകടമാക്കുക എന്നാണ്. അത് ഒരർത്ഥത്തിൽനിഷേധം തന്നെയാണ്. പക്ഷെ, സാങ്കേതികമായ ദൈവ നിഷേധം അല്ല എന്നാണ്. പക്ഷെ അവരിൽ

സയ്യിദ് ഖുത്വുബിന് മുൻഗാമികളായി ഈ വിഷയത്തിൽ ഒരാളെയും നാം കാണുന്നില്ല. ഇമാം ആജുരി അദ്ദേഹത്തിന്റെ കിതാബുശ്ശരീഅയിൽ പറയുന്ന ഈ സംഭവമല്ലാതെ. സഈദ് ബ്നു ജുബൈർ പറയുന്നു. ഖവാരിജുകൾ ''അല്ലാഹു ഇറക്കി ......... '' എന്ന ഖുർആൻ സൂക്തം പാരായണം ചെയ്തു. തുടർന്ന് ഖർആനിലെ ''നിഷേധികളായവർ അല്ലആഹുവുമായി വഴി പിരിഞ്ഞിരിക്കുന്നു.'' എന്ന സൂക്തം അവർ പാരായണം ചെയ്യും. ശേഷം ഒരു ഭരണാധികാരി മറ്റൊരു രീതിയിൽ വിധികൽപ്പിച്ചാൽ അവർ പറയും. ഭരണാധികാരി കാഫിറായിരിക്കുന്നു. കാഫിറായവൻ റബ്ബുമായി വഴി പിരിഞ്ഞിരിക്കുന്നു. അപ്പോൾ അവൻ മുശ്രിക്കായിരിക്കുന്നു. അതുകൊണ്ട് ഈ സമൂഹം ഒന്നാകെ

| | |
|---|---|
| ഒരാൾ പോലും സയ്യിദ് ഖുത്ബ് വാദിക്കുന്ന അതി തീവ്ര മത ഭ്രഷ്ട് സിദ്ധാന്തം അവതരിപ്പിച്ചി ട്ടില്ല. | മുശ്‌രിക്കുകളായിരിക്കുന്നു. എന്നവർ വാദിക്കുകയും പിന്നീട് നിങ്ങളിൽ കാണുന്ന തെല്ലാം അവർ ചെയ്തു കൊണ്ടിരിക്കുന്നു. |

പ്രവാചകന്റെ അത്ഭുതകരമായ മുന്നറിയിപ്പ്

(മത ഭ്രഷ്ട വാദിയായി മാറിയ ആയുധമെടുത്ത് രക്തം ചൊരിയുന്ന ഖുർആൻ പണ്ഡിതനെ കുറിച്ച്) ഹുദൈഫ (റ) വിൽ നിന്നു നിവേദനം ''നിങ്ങൾക്കു മേൽ....''

വളരെ പ്രാധാന്യമർഹിക്കുന്നതാണീ പ്രവാചക വചനം. ഇസ്‌ലാമിനു വേണ്ടി ആവേശം കൊള്ളുന്ന ചിലരുടെ അതി വിചിത്രമായ ഒരു അവസ്ഥാ വിശേഷം ഇത് വിശദമാക്കുന്നു. അത്ഭുതകരമായ പരിണാമങ്ങൾ അവർക്ക് സംഭവിച്ചുകൊണ്ടിരിക്കുന്നു. ഖുർആനിനോടുള്ള പ്രണയവും ഇഷ്ടവുമാണതിന്റെ തുടക്കം. അങ്ങനെ ഖുർആനിന്റെ ചില ബഹിസ്ഫുരണങ്ങൾ അവരിൽ പ്രകടമാവുകയും പിന്നീട് ലോകരെ മുഴുവൻ മതനിഷേധികളാക്കിയും അവർക്കെരിരെ ആയുധമേന്തി പര്യവസാനിക്കുകയും ചെയ്യും.

മൂന്നു വിശേഷണങ്ങളാണു ഈ ആൾക്ക് നബി തിരുമേനി നൽകിയത്. ഒന്ന്: അല്ലാഹു അവനു ഖുർആൻ നൽകി.അയാൾ ഖുർആനിന്റെ ആൾ തന്നെ. അയാൾ അത് പഠിച്ചു. അതിനെ സേവിച്ചു. ഹൃദിസ്ഥമാക്കി, അതു വഴി പ്രശസ്തിയും നേടി. തന്റെ ഖുർആൻ സേവനങ്ങളുടെ ഫലമായി അയാൾക്ക് ജനസമ്മതി കരസ്ഥമായി.

രണ്ട്: അയാളിൽ ഖുർആനിന്റെ ഗരിമ പ്രകടമായി. ഖുർആൻ വെളിച്ചമാണല്ലോ. അത് ഖുർആനുമായി ബന്ധമുള്ളവരിൽപ്രകടമാവുകയും ചെയ്യും. നിരന്തരമായ ഖുർആനിക ഹൃദയ ബന്ധം നിമിത്തം ഖുർആനിന്റെ വെളിച്ചം അയാളിൽ അനു

ഭവഭേദ്യമായി. സ്വാഭാവികമായും ആളുകൾക്ക് അയാളിൽ നല്ല മതിപ്പും സ്വീകാര്യതയും ഉണ്ടാവും.

മൂന്ന്: മതത്തിനു വേണ്ടി അതിയായ ആവേശം കോള്ളുന്ന പ്രകൃതക്കാരനാണയാൾ. അങ്ങനെ മതത്തിന്റെ സംരക്ഷകനും മുൻ നിരക്കാരനുമായി.

പക്ഷെ, സമൂഹത്തിൽ നല്ലസ്ഥാനവും വിലയുമെല്ലാം കൽപിക്കപ്പെടുന്ന ഈ നല്ല പ്രവർത്തനങ്ങൾകെല്ലാം ശേഷം അയാളെ കുറിച്ച് അഭിപ്രായ വ്യത്യാസങ്ങളുണ്ടാവുമ്പോഴും അയാളുടെ മത താൽപത്യത്തെ പൊതുവെ അംഗീകരിക്കപ്പെടുകയും ചെയ്തതിനു ശേഷം പ്രശ്നങ്ങൾ ആരംഭിക്കുകയായി. ആശയക്കുഴപ്പങ്ങൾക്ക് നാന്ദി കുറിക്കുകയായി. പിന്നീട് അയാളുടെ കാര്യത്തിൽ ജനങ്ങൾക്കിടയിൽ വലിയ പ്രശ്നങ്ങൾ ഉടലെടുക്കുകയായി. പ്രവാചകൻ പറഞ്ഞതുപോലെ അതി വിചിത്രമായ മാറ്റങ്ങളാണ് അയാളിൽ പ്രകടമായത്. അഥവാ, അയാൾ ഖർആനിനെ മാറ്റിമറിച്ചു. അത് ഖർആനിന്റെ സൂക്തങ്ങളിലോ വാക്കുകളിലോ അക്ഷരങ്ങളിലോ അല്ല. പ്രത്യുത അതിന്റെ ആശയങ്ങളിലും വ്യാഖ്യാനങ്ങളിലുമായിരുന്നു. കാരണം തെറ്റായ വ്യാഖ്യാനം വഴി അയാൾ ഖുർആനിന്റെ സീമകൾ അതിക്രമിച്ചു കടക്കുകയും പരിധികൾ ഉല്ലംഘിക്കുകയും ചെയ്തു. യതാർത്ഥത്തിൽ തന്റെ പൂർവ്വ കാല സേവനങ്ങളിലും പാരായണങ്ങളിലും അയാൾ വഞ്ചിതനാവുകയായിരുന്നു. ഹൃദയത്തിൽ ഖുർആൻ ഉണ്ടല്ലോ എന്ന കാരണം കൊണ്ടു മാത്രം ഖുർആൻ പൂർണമായി മനസ്സിലാക്കാൻസാധിക്കുമെന്നയാൾ തെറ്റിദ്ധരിച്ചു. അങ്ങനെ അനുഗുണമല്ലാത്ത വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും അയാൾ നടത്തി. യഥാർത്ഥ ലക്ഷ്യങ്ങളിൽ നിന്നകന്ന, മാനദണ്ഡങ്ങൾ പാലിക്കാത്ത, വിശകലന രീതികൾ പരിഗണിക്കാത്ത, വ്യാഖ്യാന സിദ്ധാന്തങ്ങളെ തൃണവത്ഗണിക്കുന്ന ചില ധാരണകളും ഊഹങ്ങളും അയാൾ സമൂഹത്തിനു സമർപ്പിച്ചു. അങ്ങനെ അതിരുവിട്ട മതഭ്രഷ്ട് സമർപ്പണത്തി

ലേക്കും, സ്വന്തം അയൽവാസിയെ ശിർക്കാരോപിക്കുന്നതിലേക്കും അയാൾ വഴിമാറി. അവിടെയും അയാൾ അടങ്ങിയില്ല. താൻ ധർമ്മ സമര പോരാളിയാണെന്ന് അവകാശപ്പെട്ട് അയാൾ ജനങ്ങൾക്കു നേരെ ആയുധമേന്തുകയും രക്തച്ചൊരിച്ചിലുകൾ തീർക്കുകയും ചെയ്തു. ഇതു നിർത്തണമെന്ന് ആവശ്യപ്പെടുമ്പോഴും അവന്റെ പിടിവാശി മൂർഛിച്ചു. കാരണം അയാൾ ഖുർആനിൽ വിശാദ രോഗിയായിരുന്നു. തന്റെ ധാരണാ പിശകിനെ അയാൾ ഖുർആനു മേൽ കെട്ടിവെക്കുന്നു.

പക്ഷെ ഏതെല്ലാം ഘട്ടങ്ങളിലൂടെയാണ് ഈ പരിണാമം സംഭവിച്ചത്. ഖുർആനിൽനിന്നും അതിന്റെ അടിസ്ഥാന ലക്ഷ്യ ങ്ങളെ ഉന്മൂലനം ചെയ്യുന്ന ആശയതലങ്ങൾ അയാൾ പോലുമറി യാതെ എങ്ങിനെയാണയാൾ ഉരുത്തിരിച്ചു തുടങ്ങിയത്?.

അയാൾ സ്വയം ഒരു വിജ്ഞാന സ്രോതസ്സെന്നു പരിചയപ്പെ ടുത്തിത്തുടങ്ങി. സ്വന്തമായി നിയമങ്ങളാവിഷ്കരിക്കാനും ഖുർആ നിക സൂക്തങ്ങളിൽ നിന്നും കാഴ്ചപ്പാടുകളും സിദ്ധാന്തങ്ങളും രൂപപ്പെടുത്താനും ആരംഭിച്ചു. തന്റെ സ്വത സിദ്ധമായ ആവേശവും സാഹചര്യ വിദേയത്വവുമല്ലാതെ മറ്റൊന്നും അയാളെ നിയന്ത്രിച്ചി ല്ല. തെറ്റായ രീതിയിൽ ഖുർആനിക സൂക്തങ്ങൾ വിവിധ സന്ദർഭ ങ്ങളിൽ നിന്ന് അടർത്തിയെടുത്ത് അവ സമാഹരിച്ച്, അതി വിദൂ രവും അതി വിചിത്രവുമായ സങ്കൽപങ്ങളും കാഴ്ചപ്പാടുകളും അയാളിലൂടെ പുറത്തുവന്നു. അതു തികച്ചും അനുവദനീയ മെന്നാണ് അയാളുടെ വാദം. എന്തു ചെയ്യും. പണ്ഡിതർ തലമുറക ളായി ആശ്രയിച്ചു വരുന്ന മാനദണ്ഡങ്ങളും അടിസ്ഥാന പ്രമാണ ങ്ങളും അയാൾക്ക് അറിയാതെ പോയി. അതുകൊണ്ടുതന്നെ തന്റെ കണ്ടെത്തലുകളും ഊഹങ്ങളും മാറ്റുരക്കാൻ ഒരു ഉരക്കല്ല് അയാൾക്കില്ലാതെ പോയി. സ്വന്തം തോന്നലുകൾ കുത്തിനിറച്ച മനസ്സുമായി അയാൾ ഖുർആനിനു മേൽ അടയിരുന്നു. ശേഷം അവ ഖുർആനിൽ കണ്ടെത്താനും ഖുർആനിൽ നിന്നും അവ ഉരു

ത്തിരിച്ചെടുക്കാനും അയാൾ ഭഗീരഥ പ്രയത്നം നടത്തി. ഖുർആ നിലില്ലാത്തത് അയാൾ പടച്ചുണ്ടാക്കി. ഖുർആനിനു കടകവിരുദ്ധ മായത് അയാൾ ഖുർആനു ചാർത്തി നൽകി. തന്റെ ഉഴറിയ ചിന്ത കളും ചിതറിയ ഊഹങ്ങളും അയാൾ ഖുർആനിൽ വെച്ചുകെട്ടി. ആ വഴിയിൽ വേണ്ടത്ര ഉഗ്രവാദവും ആൾമാറാട്ടവും വഴിവിട്ട വ്യാഖ്യാനങ്ങളും നടത്താൻ അയാൾ മുതിർന്നു.

ആളുകൾ അയാളുടെ കാര്യത്തിൽ ആശങ്കാകുലരും ഇയാൾക്ക് അപഭ്രംശം സംഭവിച്ചിരിക്കുന്നുവെന്ന് ഉറപ്പിച്ചുപറയാൻ ധൈര്യപ്പെടാതിരിക്കുകയും ചെയ്യുന്ന സാഹചര്യമാണ് അപ്പോൾ നിലവിലുണ്ടായിരുന്നത്. ഖുർആനിനു വേണ്ടി അയാൾ ചെയ്ത സേവനങ്ങളുടെ ഓർമ്മയും അയാൾ പ്രകടമാക്കിയിരുന്ന ഖുർആ നിക ഗരിമയും ഇസ്ലാമിക മൂല്യ സംരക്ഷണ രംഗത്തെ അയാളുടെ സംഭാവനകളെയും കുറിച്ച് ജനങ്ങൾക്കുള്ള ധാരണയാണ് ജന ങ്ങളെ ഈ നിലപാടിലെത്തിച്ചത്.

ഇമാം ബുഖാരി അദ്ദേഹത്തിന്റെ സ്വഹീഹിൽ അബൂ മസ് ഊദ്(റ) വിൽ നിന്നും ഉദ്ധരിക്കുന്നു. ഒരാൾ നബി (സ) യോട് പ റഞ്ഞു. ഒരു സ്വഹാബി സുബഹി നിസ്കാരത്തിൽ വളരെ ദീർഘ മായി ഖുർആൻ പാരായണം ചെയ്യുന്നതിനാൽ ഞാൻ സുബഹി നിസ്കാരത്തിന് പള്ളിയിൽ പോകാറില്ല. അതുകേട്ട പ്രവാചകൻ ക്ഷുഭിതനായി. അതിലേറെ ദേശ്യം ആ മുഖത്ത് പ്രകടമാകുന്നത് ഞാൻ ഒരിക്കലും ദർശിച്ചിട്ടില്ല. ശേഷം നബി(സ) പറഞ്ഞു. ' ഓ ജ നങ്ങളെ, ആളുകളെ മതത്തിൽ നിന്നും ആട്ടിയകറ്റുന്നവർ നിങ്ങൾ ക്കിടയിലുണ്ട്. അതുകൊണ്ട് നിങ്ങൾ ഇമാമായി നിൽക്കുന്നുവെങ്കി ൽ അവൻ ചുരുങ്ങിയ രീതിയിൽ ചെയ്യട്ടെ. കാരണം അവന്റെ പി ന്നിൽ ദുർബലരും വൃദ്ധരും വിവിധാവശ്യങ്ങൾക്കായി എത്തിപ്പെട്ട വരും എല്ലാം ഉണ്ടായിരിക്കും.

ജാബിർ ഇബ്നു അബ്ദില്ല (റ)ലൂടെ ഉദ്ധൃതമായ മറ്റൊരു ഹ ദീസും ഇമാം ബുഖാരി രേഖപ്പെടുത്തിയിട്ട്. രാത്രിയിൽ രണ്ട് ഒട്ടക

ങ്ങളുമായി ഒരാൾ ഒരു പള്ളിയുടെ മുന്നിലൂടെ കടന്നുപോയി. അപ്പോൾ മുആദ്(റ) നിസ്കാരത്തിനു നേതൃത്വം നൽകുകയായിരുന്നു. അയാൾ തന്റെ ഒട്ടകങ്ങളെ അവിടെ ഇട്ടേച്ച് നിസ്കാരത്തിൽ ചേർന്നു. മുആദ്(റ) അൽ ബഖറ സൂറത്തോ,അന്നിസാഅ് സൂറത്തോ ഒതാൻ തുടങ്ങി. ഉടനെ, നിസ്കാരത്തിനു മുമ്പേ ആ മനുഷ്യൻ നിസ്കാരം ഉപേക്ഷിച്ചു കടന്നുപോയി. പിന്നീട്, മുആദ് തന്നെക്കുറിച്ച് വോത്തതു പറഞ്ഞവിവരം ലഭിച്ച ആ മനുഷ്യൻ, മുആദിനെ കുറിച്ച് പ്രവാചകനോട് പരിഭവം പറഞ്ഞു. സംഭവം മനസ്സിലാക്കിയ പ്രവാചകൻ പ്രതികരിച്ചു. മുആദ് പ്രശ്നക്കാരനാണോ നീ? എന്നു മൂന്നു തവണ ആവർത്തിച്ചു. ശേഷം, എന്തേ നിനക്ക് ചെറിയ സൂറത്തുകളായ ‘ സബ്ബിഹിസ്മ റബ്ബിക്ക‘, ‘വശ്ശംസി‘, ‘ വല്ലൈലി‘ തുടങ്ങിയ സൂറത്തുകൾ ഓതി നിസ്കിരിച്ചുകൂടെ വന്നു നിന്റെ പിന്നിൽ ദുർബലരും വൃദ്ധരും വിവിധതരം നിസ്കരിക്കുന്നുാവുമെന്നും ഓർമപ്പെടുത്തി.

പ്രവാചക കാലത്തുായ അവസ്ഥാവിശേഷങ്ങളും സംഭവങ്ങളുമാണവ. സ്വഹാബികളിൽ ഉന്നമനായ ഒരാൾ ആവേശപ്പെട്ട് നിസ്കരിക്കുകയും അതുവഴി പൊതുജനത്തിൽ ബുദ്ധിമുട്ടുാക്കുകയും ചെയ്തു. അങ്ങനെ ആളുകൾക്ക് ജമാഅത്തിനു വരാൻ വിമുഖകതയായി. അല്ലെങ്കിൽ വിഷയം ഒരാൾക്ക് സഹിക്കാനായില്ല. അയാൾ തെല്ലുമാറി മിതമായി നിരക്കിൽ ഒറ്റക്കേു നിസ്കരിച്ച് തന്റെ കാര്യങ്ങളിൽ വ്യാപൃതനായി.  അപ്പോൾ അമിതാവേശക്കാർഇടപ്പെട്ടു. ഹദീസിന്റെ മറ്റു റിപ്പോർട്ടുകൾ വന്നതു പോലെ അവർ ഇയാളെ കപടവിശ്വാസിയായി ചിത്രീകരിച്ചു. അതു സഹിക്കാനാവാത്ത അയാൾ പ്രവാചകസവിദത്തിൽ  ആവലാതിയുമായെത്തി. ഇതല്ലാം അരങ്ങേറിയത് നാട്ടിൽ നിഷിദ്ധമായതോ തെമ്മാടിത്തമായി ഗണിക്കപ്പെടുന്നതോ ആയ ഒരു വിഷയത്തിലായിരുന്നില്ല. അതേ അറ്റം മതപരവും മതകീയവുമായ  ഒരു കാര്യം ലേശം അമിതമായപ്പോൾ ആളുകൾക്കിടയിൽ ആശയക്കുഴപ്പം ഉാക്കുകയും അവരെ

അകറ്റി നിർത്തുകയും ചെയ്തു. അപ്പോൾ എങ്ങനേയാണ് പ്രവാചകൻ(സ) പ്രതികരിച്ചത്.? അതുവരെ കാണണപ്പെട്ടിട്ടില്ലാത്ത അത്രയും കോപിഷ്ഠനായി. ഉത്തരവാദികളായവരെ ജനങ്ങളെ ആട്ടിയകറ്റുന്നവരെന്നും വിളിക്കുകയും, മഹാനായ ആ അനുചരനെ നേരിട്ട് ആക്ഷേപിക്കുകയും ചെയ്തു. എന്നിട്ട് ചോദിച്ചു. ആളുകളിൽ പ്രശ്നമുാക്കുകയാണോ നീ?. പിന്നീട് എളുപ്പത്തിന്റേയും മിതത്വത്തിന്റേയും സന്ദേശങ്ങൾ അവരെ പഠിപ്പിച്ചു. കാരണം ഇത്തരം ഒറ്റപ്പെട്ട ആളുകളുടെ അതിരുവിട്ട ഔത് സുക്യവും നാളെ ഈ മതത്തിന്റെ പേരിൽ വായിക്കപ്പെടുകയും അത് മതത്തോട് നീരസം ജനിപ്പിക്കുന്നതിന് പുറമെ, ഇത്തരം ആളുകൾ ഒരുഭാഗത്ത് കപടവിശ്വാസികളെന്നോ മറ്റോ വിളിച്ചാക്ഷേപിക്കുന്നു. ദുർഘട ഘട്ടം വരെ സംജാതമായേക്കാമെന്നാണ് പ്രവാചകൻ നിരീക്ഷിച്ചത്. ഇത്തരം ആളുകളിൽ നിന്നുായ ഉദ്ദേശ്യം ചെയ്തികളുടെ പൊരുൾ നമുക്ക് വ്യക്തമാകാനുമായിരിക്കാം നബി തങ്ങൾ ആ ഹദീസിൽ അങ്ങനെ പ്രതിപാദിച്ചത്.

ചുരുക്കത്തിൽ, ആളുകൾക്ക് മതഭ്രഷ്ട് കൽപിക്കുക എന്നത് ഏറെ ഗുരുതരമായ വിഷയമാണ്. വിവരത്തിന്റേയും വിദ്യാഭ്യാസത്തിന്റേയും പിൻബലമില്ലാതെ മീനിനായി ഔൽസുക്യപ്പെടുകയും ആവേശം കൊള്ളുകയും, ഖുർആനിന്റേയും മതനിയമങ്ങളുടെ പേരിൽ വാദിക്കുകയും ചെയ്യുന്നവർ, നബി(സ) ഈ സമൂഹത്തിനു വന്നു ഭവിക്കുന്ന ഏറ്റവുമധികം ഭയപ്പെട്ട ഒരു വിഷയവുമാണ്. തങ്ങളുടെ പോരായ്മയുടേയും അതിക്രമത്തിന്റേയും ഫലമായി ഭരണാധികാരികളേയും നിയമപാലകരേയും സത്യനിഷേധികളായ ചിത്രീകരിക്കുക എന്നത് പ്രവാചകർ ഭയപ്പെട്ട വിഷയത്തോട് ഏറെ ചേർന്നുനിന്നതുമാണ്.

ഉമ്മുസലമ(റ) നബി(സ)ങ്ങളിൽ നിന്നും ഉദ്ധരിക്കുന്നു. 'വരും കാലത്ത് ചില ഭരണാധികാരികൾ ഉാവും. നിങ്ങൾക്ക് അംഗീകരിച്ചേക്കാം. അംഗീകരിക്കുന്നവർക്ക് ഉത്തരവാദിത്തം ഒഴി

വായി. അംഗീകരിക്കാത്തവർ രക്ഷപ്പെട്ടു. അവനെ അനുതാവനം ചെയ്യുകയും അവരോട് താദാത്മ്യം കൊള്ളുന്നവർക്കുമാണ് പ്രശ്നം. അപ്പോൾ സ്വഹാബികൾ ചോദിച്ചു. നബിയെ ഞങ്ങൾ അവരോട് യുദ്ധം ചെയ്തു കൊള്ളട്ടെ. നബി(സ) പ്രതിപാതിച്ചു. 'അവർ നിസ്കരിക്കുന്ന കാലത്തോളം അതു ചെയ്യരുത്'(സ്വഹീഹ് മുസ്ലിം). അതിനാൽ അതി ഗൗരവമായ താക്കീതാണ് ആളുകളെ നിഷേധികളാക്കുന്നിടത്ത് പണ്ഡിതൻമാർ നൽകിയിരിക്കുന്നത്.

ഇമാം ബാഖില്ലാനി പറഞ്ഞു. ' ഒരു സത്യ നിഷേധിയിൽ നിന്നല്ലാതെ അത്തരം ഒരു കാര്യം ഉാവില്ലെന്ന് മുസ് ലിംകൾ ഒന്നടങ്കം ഏകോപിച്ചഭിപ്രായപ്പെട്ട ഒരു കാര്യം ഒരാളിൽ നിന്ന് ഉായാലല്ലാതെ കേവലം വാക്കുകൊാോ നിലപാടുകൊാോ ആരും നിഷേധികളാകുകയില്ല. ഈ പ്രവർത്തി മത നിരാസത്തിനു മതിയാവാത്തതാണെന്നും തെളിവും ഹാജരാകേതാണ്'. (ഇമാം തഖിയുദ്ധീൻ സുബ്ഖി ഫതാവയിൽ ഉദ്ദരിച്ചത്).

ഇബ്നു ഹസ്മ് പറഞ്ഞു. ' ഇസ്ലാം സ്ഥിരപ്പെട്ട ഒരാളിൽ നിന്ന് കൃത്യമായ തെളിവോ ഏകോപിത അഭിപ്രായമോ ഇല്ലാതെ ആ ഇസ്ലാം ഇല്ലാതാവുകയില്ല എന്നതാണ് യാതാർത്ഥ്യം. കേവലം വാക്കാൽ കൊാോ ആരോപണം കൊാോ അത് സംഭവിക്കുകയില്ല''. (അൽഫസൽ ഫിൽ മിലൽ വൽ അഹ് വാവൽ നിഹൽ(3/138) മക്തബുൽ ഖാൻജി കെയ്റോ.

ഇമാം അബുൽ ഫത്ഹ് അൽ ഖുറൈശി പറഞ്ഞു. പ്രവാചകവചനം നിഷേധിക്കലല്ലാത്ത ഒരാളിൽ അത് ആരോപിക്കുന്നവനുള്ള അതി ഭയാനകമായ മുന്നറിയിപ്പാണ് നൽകുന്നത്(അൽ മൻസൂർ ഫിൽ ഖമാഇതിൽ സമർഖശി ഉദ്ധരിച്ചത്) ഇമാം ഗസ്സാലി തന്റെ വിശ്വാസത്തിന്റേയും വിശ്വാസരാഹിത്യത്തിന്റേയും ഇടയിലെ വിത്യാസം സാദ്യമായിടത്തെല്ലാം മതനിഷേധാരോപണത്തിൽ നിന്ന് വിട്ടു നിൽക്കുക എന്നതാണ് കരണീയമായിട്ടുള്ളത്. കാരണം അല്ലാഹുവിന്റെ ഏകത്വമംഗീകരിക്കുകയും നിസ്കാരം നില

നിർത്തുകയും ചെയ്യുന്നവരുടെ രക്തം അനുവദിനീയമാകുക എ മേതേ തെറ്റാണ്. ആയിരം നിഷേധിയെ വെറുതെ വിടുന്നതിൽ നിന്നും വന്നനുഭവിക്കാവുന്ന തെറ്റ് ഒരു മുസ്ലിമിന്റെ രക്തം ചൊരിയുന്നതിൽ നിന്നുാകുന്ന കുറ്റത്തെ അപേക്ഷിച്ച് ചെറുതാണ്.

ഇബ്നുൽ വസീർ അൽ യമനീ പറയുന്നു. 'ഇസ്ലാമിലെ മുഴുവൻ പൊതുവിഭാഗത്തേയും മതനിഷേധികളാക്കുകയും ഇസ്ലാമിക പാരമ്പര്യത്തിന്റെ മഹോന്നതരായ പണ്ഡിത ഭൂരിപക്ഷത്തെ മതവിരുദ്ധരാക്കുകയും അങ്ങനെ മൊത്തം മതനിഷേധികളുടെ അംഗബലം വർധിക്കുകയും ചെയ്യുന്നതിനും മറിച്ച് അവരെയെല്ലാം ഉൾകൊള്ളുന്ന,അവരിലൂടെ ഇസ്ലാമിനെ വിജയ സാധ്യമാക്കുകയും ചെയ്യുന്നതിനിടയിൽ വലിയ വിത്യാസമു്. അപര്യാപ്തമായ തെളുവുകളുന്നയിച്ച് അവരെ നിഷേധികളാക്കാൻ കച്ചകെട്ടുന്നതിനു പകരം അവരെ ഒന്നിപ്പിക്കാനും ഇസ്ലാമിനെ ശക്തിപ്പെടുത്താനും, ശരീരം സംരക്ഷിക്കാനും, അന്തരീക്ഷം ശാന്തമാകുവാനുമാണ് ശ്രമിക്കേിയിരിക്കുന്നത്. നിഷേധികളാകുന്നതിന് പുത്തൻവാദികളിൽ അതിന്റെ അടയാളങ്ങൾ പകൽപൊലെ വ്യക്തവുമാവുകയും, സമൂഹത്തിൽ ഏകോഭപ്രായം രൂപപ്പെടുകയും, സാഹചര്യങ്ങൾ ആ പ്രഖ്യാപനം ആവശ്യപ്പെടുകയും വേണം'.

'ഉസ്താദുൽ ഹഖ് അലൽ ഖൽഖ്'ഇബ്നു അബ്ബാസ്(റ) ഖവാരിജുക്കളുമായിആയത്തിന്റെ തെറ്റായ വിശകലനത്തിൽനടത്തിയ സംവാദം. ഇന്നത്തെ തീവ്ര മതചിന്താധാരകളോടും സ്വീകരിക്കുന്നതും അതേ രീതി തന്നേയാകുന്നു.

അബൂ ജമീൽ സമാക്ബ്നുൽ വലീദ് അൽ ഹനഫീ എന്നവർ പറഞ്ഞു. ഇബ്നു അബ്ബാസ്(റ) അദ്ദേഹത്തോടു പറഞ്ഞു. ഏകദേശം 6000 വരുന്ന ഖവാരിജുകൾ അവരുടെ ആസ്ഥാനത്ത് ഒരുമിച്ചു കൂടിയപ്പോൾ ഞാൻ അലി (റ)നോട് പറഞ്ഞു. അമീറുൽ മുഅ്മിനീൻ താങ്കൾ നിസ്കാരം അൽപം പിന്തിക്കണം ഞാൻ ഈ ഖവാരിജുകളുമായി ഒന്നു കു സംസാരിക്കാൻ ഉദ്ദേശിക്കുന്നു. അ

ലി(റ) പ്രതിവചിച്ചു' നിങ്ങളെ അവർ ഉപദ്രവിച്ചേക്കുമെന്ന് ഞാൻ ഭയപ്പെടുന്നു'. അതിന്റെ ആവിശ്യമില്ലെന്ന് ഇബ്നു അബ്ബാസ്(റ) വും പ്രതികരിച്ചു.

ഇബ്നു അബ്ബാസ്(റ) തുടരുന്നു' ഞാൻ അവരിലേക്ക് പുറപ്പെട്ടു. യമനീ വസ്ത്രങ്ങളിൽ നിന്ന് ഏറ്റവും നല്ലതെന്ന് ഞാൻ ധരിച്ചു. (ഇബ്നു അബ്ബാസ്(റ)സുന്ദരനും വശ്യമായ ശബ്ദത്തിനുടമയുമായിരുന്നു എന്ന് അബൂ ജമീൽ) അങ്ങനെ ഞാൻ അവരിലേക്ക് പുറപ്പെട്ടു.എന്നെ കയുടനെ ഇബ്നു അബ്ബാസിനു സ്വാഗതം എന്നു പറഞ്ഞവരെന്നെ ആനയിച്ചു. ഇതെന്തു വസ്ത്രമെന്നു അവരുടെ അത്ഭുതം കൂറിയ ചോദ്യത്തിന്, ഇതിൽ നിങ്ങളെന്തിനു അത്ഭുതപ്പെടണം നബി തിരുമേനി ഇതിലും മുന്തിയ വസ്ത്രം ധരിക്കുന്നത് ഞാൻ കിട്ടുന്നെ്

പ്രതികരിക്കുകയും'' അല്ലാഹു അവന്റെ അടിമകൾക്കായി ഇറക്കിയ സൗന്ദര്യങ്ങൾ നിഷേധിക്കുന്നവരാണവർ. നിങ്ങൾ(നബിയെ)ചോദിക്കുക'' എന്ന ഖുർആൻ സൂക്തം ഞാൻ പാരായണം ചെയ്യുകയും ചെയ്തു.

താങ്കൾ എന്തിനാണ് വന്നതെന്ന് തിരിച്ചു ചോദിച്ചപ്പോൾ അമീറുൽ മുഅ്മിനിന്റേയും,മുഹാജിറുകളുടേയും,അൻസാറുകളുടേയും മറ്റു സ്വഹാബികളുടെ സവിധത്തിൽ നിന്നാണ് ഞാൻ ആഗതനായത്. നിങ്ങളാവട്ടെ അവരിൽ നിന്നാരുമല്ലതാനും. അവർക്കാണ് ഖുർആൻ അവതീർണ്ണമായതും അവരാണ് അതിന്റെ വ്യാഖ്യാനം നിങ്ങളേക്കാൾ അറിയുന്നവരും. പക്ഷെ, നിങ്ങളിൽ അവരിൽ നിന്നാരുമില്ല. അവരുടെ അഭിപ്രായങ്ങൾ നിങ്ങളേയും നിങ്ങളുടേത് അവരേയും അറിയിക്കുവാനാണ് ഞാൻ വന്നത്. പ്രവാചകന്റെ പിതൃവ്യ പുത്രനും മരുമകനുമായ അലി(റ)നോട് എന്തിനാണ് നിങ്ങൾ പ്രതികാരം വച്ചു പുലർത്തുന്നത്''?. അബ്ബാസ് (റ) പറയുന്നു. തർക്കങ്ങളുടെ സമുദായമാണവർ'' എന്ന ഖുർആനിക വചനം ഉന്നയിച്ചുകൊ്, എന്നോട് സംസാരിക്കാതിരക്കാൻ അവരിൽ ചിലർ നിർ

ദേശിച്ചു. എന്നാൽ മറ്റു ചിലർ അദ്ദേഹം പ്രവാചകന്റെ പ്രത്യവ്യ പുത്രനല്ലേ അദ്ദേഹം വിളിക്കുന്നത് ഖുർആനിലേക്കല്ലേ എന്തുകൊ് നമുക്ക് അദ്ദേഹത്തോട് സംസാരിച്ചുകൂടാ എന്നായി. തുടർന്നു അവരിൽ ചിലർ ചോദ്യത്തോട് പ്രതികരിച്ചു. മൂന്നു വിഷയങ്ങളിൽ ഞങ്ങൾക്ക് അലി(റ)നോട് പ്രതികാരമു്. അദ്ദേഹം ആളുകളെ വിധികർത്താവാക്കിയിരിക്കുന്നു. അല്ലാഹുവിന്റെ വിധിയിൽ ആളുകൾക്കെന്താ കാര്യം എന്നതാണ് അവയിൽ രമത്തേത് അദ്ദേഹം യുദ്ധം ചെയ്തു. പക്ഷെ പരാജിതരെ ബന്ദികളാക്കുകയോ , യുദ്ധ സ്വത്ത് ശേഖരിക്കുകയോ ചെയ്തില്ല. അദ്ദേഹം യുദ്ധം ചെയ്തവർ അങ്ങനെ മെച്ചെപ്പെടേവരായിരുന്നെങ്കിൽ അവരെ ബന്ധികളാക്കൽ അനുവദനീയമാണല്ലോ ഇനി ബന്ധികളാണെങ്കിൽ അനുവദനീയമല്ലെങ്കിൽ അവരുമായി യുദ്ധവും അനുവദനീയമല്ല.

മൂന്നാമത്തേത്, അമീറുൽ മുഅ്മിനീങ്ങളുടെ കൂട്ടത്തിൽ നിന്ന് അദ്ദേഹം തന്റെ പേര് വെട്ടിയിരിക്കുന്നു. അപ്പോൾ പിന്നെ അദ്ദേഹം അമീറുൽ മുഅ്മിനീൻ അല്ലെങ്കിൽ ,അമീറുൽ മുശ്റികീൻ ആവണമല്ലോ?

ഇബ്നു അബ്ബാസ്(റ) പറഞ്ഞു. ഇതല്ലാതെ വേറെ എന്തെങ്കിലും? ഇല്ലെന്ന് അവർ മറുപടി നൽകി. ഇതിനു മതിയായ ഉത്തരങ്ങൾ ഞാൻ ഖുർആനിൽ നിന്നും തിരുചര്യയിൽനിന്നും ഉദ്ധരിച്ചു തന്നാൽ നിങ്ങൾ മടങ്ങിവരുമല്ലോ എന്ന ഇബ്നു അബ്ബാസ് (റ)വിന്റെ ചോദ്യത്തിനു എന്തു കൊ് ആയിക്കൂടാ എന്നവർ മറുപടി പറഞ്ഞു.

ഇബ്നു അബ്ബാസ്(റ)പറഞ്ഞു. അദ്ദേഹം ആളുകളെ വിധികർത്താക്കളാക്കി എന്ന വിഷയത്തിൽ, ഖുർആനിക സൂക്തം ഞാൻ കേട്ടിരിക്കുന്നു ''' ആ വിഷയത്തിൽ നിങ്ങളിലെ രു നീതിമാൻമാർ വിധികൽപ്പിക്കണം'' എന്നു മുയലനേയോ മറ്റോ ഹജ്ജിനു ഇഹ്റാം കെട്ടിയ ആൾ വേട്ടയാടിയാൽ ചെയ്യേ പ്രതിവിധിയെക്കുറിച്ചാണിത്. അതിന്റെ വില കാൽ ദിർഹം ആയിരിക്കും. ഇവിടെ അല്ലാ

ഹു വിധി  കൽപനയെ നീതിമാനായ ആളുകളിലേക്ക് ചാർത്തിയി രിക്കുന്നു. വേണമെങ്കിൽ അല്ലാഹുവിന് തന്നെ വിധികർത്താവാകാ മായിരുന്നു. ഇബ്നു അബ്ബാസ്(റ) തുടർന്നു. അല്ലാഹു വീും പ റഞ്ഞു. ഭാര്യ ഭർത്താക്കന്മാർക്കിടയിൽ വേർപിരിയൽ നിങ്ങൾ ഭയ പ്പെട്ടാൽ അവന്റേയും അവളുടേയും കുടുംബക്കാരിൽ നിന്ന് ഓ രോ വിധികർത്താക്കളെ നിങ്ങൾ നിയോഗിക്കണം. അവർ നന്മയാ ണ് ഉദ്ദേശിക്കുന്നതെങ്കിൽ അല്ലാഹു അവരെ ഒന്നിപ്പിക്കും. ശേഷം ഇബ്നു അബ്ബാസ് ചോദിച്ചു. ഈ വിഷയത്തിൽ എന്റെ വാദം ശ രിയാണൊ? അതേ എന്നവർ സമ്മതിച്ചു.

ഇബ്നു അബ്ബാസ്(റ)ചോദിച്ചു. അദ്ദേഹം യുദ്ധം ചെയ്തു ബന്ധികളാക്കുകയോ യുദ്ധമുതൽ കൈകലാക്കുകയോ ചെയ്തില്ല എന്ന നിങ്ങളുടെ വാദം നോക്കൂ അദ്ദേഹം യുദ്ധം ചെയ്ത് നിങ്ങ ളുടെ ഉമ്മയോടാണ്. അല്ലാഹു പറഞ്ഞിട്ടില്ലേ പ്രവാചകൻ വിശ്വാ സികൾക്ക് സ്വശരീരത്തേക്കാൾ പ്രധാനപ്പെട്ടവനും അവിടുത്തെപ ത്നിമാർ വിശ്വാസികളുടെ ഉമ്മമാരാണെന്ന്?ഇനി നിങ്ങൾ അവർ നിങ്ങളുടെ ഉമ്മയല്ലെന്ന് വാദിക്കുകയാണെങ്കിൽ നിങ്ങൾ അവിശ്വാ സികളായി. മറിച്ച് ഇങ്ങനെയൊന്ന് നിങ്ങൾ അംഗീകരിക്കുന്നുവെ ങ്കിൽ അവരെ ബന്ധിയാക്കൽ നിശിദ്ധവുമാണ്. ചുരുക്കത്തിൽ രു തരത്തിലും നിങ്ങൾക്ക് പിഴവ് പറ്റിയിരിക്കുന്നു. ശരയാണോ? അ തെ എന്നവർ സമ്മതിച്ചു.

ഇനി നിങ്ങളുടെ മൂന്നാമെത്ത വാദം അദ്ദേഹം തന്റെ പേർ അമീറുൽ മുഅ്മിനീൻ എന്ന വിഭാഗത്തിൽ നിന്ന് മായ്ച്ചു കളഞ്ഞ തിനാൽ അദ്ദേഹം അമീറുൽ മുശ്രികീൻ ആണെന്നാണല്ലോ അ ത്.ആ വിഷയത്തിൽ നിങ്ങൾ അംഗികരിക്കുന്നയാളിൽ നിന്നും ഞാൻ തെളിവുതരാം.ഹുദൈബിയ ദിനത്തിൽ നബിതങ്ങളെ നിങ്ങ ളോർക്കുന്നില്ലേ.നബി തങ്ങളുടെയും സുഹൈലുബ്നു അംറിന്റെ യും ഉടയിൽ ഉടമ്പടി ഒപ്പു വെക്കപ്പെടുന്ന സമയത്ത് നബി തങ്ങൾ അലി റ വിനോട് പറഞ്ഞു.അലിയേ എഴുതിക്കോളു.'താഴെ പറയു

ന്ന കാര്യങ്ങളിൽ അല്ലാഹുവിന്റെ ദൂതരായ മുഹമ്മദും സുഹൈല് ബ്നു അംറും ഉടമ്പടു ചെയ്യുന്നു'.ഉടനെ സുഹൈലുബ്നു അംറിന്റെ പക്ഷക്കാർ ആക്രോശിച്ചു'.നീ ദൈവദൂതനാണെന്ന് ഞങ്ങൾ അറിയുന്നെങ്കിൽ ഞങ്ങൾ നിന്നോട് യുദ്ധത്തിനു വരുമായിരുന്നില്ല'.അതുകൊ് ദൈവദൂതൻ എന്നതു മാറ്റി നിന്റെയും നിന്റെ പിതാവിന്റെയും പേരെഴുതൂ.ഉടനെ നബി തങ്ങൾ പറഞ്ഞു.അല്ലാഹുവേ ഞാൻ നിന്റെ ദൂതനാണെന്ന് നിനക്കറിയാം.ശേഷം ആ ധാരമാപത്രം കൈയിലെടുത്ത പ്രവാചകൻ തിരുകരങ്ങൾ കൊ് 'ദൈവദൂതൻ 'എന്ന ഭാഗം മായ്ച്ചുകളഞ്ഞു.എന്നിട്ട് അലി റ യോട് പറഞ്ഞു.'താഴെ പറയുന്നവാണ് മുഹമ്മദ്ബ്നു അബ്ദുല്ലായും സുഹൈലുബ്നു അംറും ഉടമ്പടി ചെയ്ത കാര്യങ്ങൾ'.അല്ലാഹുവാണ് സ്ത്യം,ഈ ചെയ്തി കൊ് തിരുനബിയുടെ പ്രവാചകത്വം അല്ലാഹു നിക്കിയിട്ടില്ല.ശരിയല്ലേ എന്ന ചോദ്യത്തിന് അതേ എന്നവർ ഉത്തരം പറഞ്ഞു.

**<u>ഒന്നാമത്തെ ചർച്ചാ വിഷയം</u>**:ഇബ്നു അബ്ബാസ് റ അവരിലേക്ക് കടന്നു വന്നു.അവർ ഇങ്ങോട്ടു വരാൻ കാത്തിരുന്നില്ല.അഥവാ നമ്മുടെ പുതിയ ചുറ്റുപാടുകളിലും പുതുതായി ഉടലെടുക്കുന്ന ആശയഗതികളെയും,തത്വചിന്താ സമാഹാരങ്ങളെയും മറ്റ് വൈകാരിക വിഷയങ്ങളെയും സസൂക്ഷ്മം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും നമ്മുടെ സ്ഥാപനങ്ങളിൽ സംവിധാനം ആവശ്യമാണെന്ന് നാം മനസ്സിലാക്കുന്നു. കേവല നിരീക്ഷണത്തിനുപുറമേ, അവരുടെ ആശയഗതികളും പ്രധാനകാഴ്ച്ചപ്പാടുകളും സംഗ്രഹിക്കാനും അവയുടെ വിലയിരുത്തലിന്നും ആശയവിനിമയത്തിനും തീരുമാന പ്രഖ്യാപനത്തിനും നാം സന്നദ്ധരാവണം. പിന്നീട് ഈ ശാസ്ത്രീയ വിമർശനം ആവാദഗതിക്കാർക്ക് നാം സമർപ്പിക്കുകയും വേണം.

**<u>രണ്ടാമത്തെ ചർച്ചാവിഷയം:</u>** വിചിത്രമായ ഒരു ഇടപെടലാണ് ഈ സംവാദത്തിനുതിരഞ്ഞെടുത്തത് . കാരണം അദ്ദേഹം തന്റെ ഏ

റ്റവും മുന്തിയ രണ്ട് യമനീ വസ്ത്രങ്ങളാണ് ധരിച്ചത്. ആശയപരമായ ഒരു സംവാദത്തിൽ എന്താണ് ഈ ഒരു വ്യവഹാരത്തിന്റെ പങ്ക്? എന്താണ് ഇത്തരം ഒരു പ്രവർത്തിക്ക് അദ്ദേഹത്തിന്ന് പ്രേരണയായത്?

കാരണം അവരുടെ ശ്രദ്ധ ക്ഷണിക്കണമെന്ന് ഇബ്നു അബ്ബാസ് ഉദ്ദേശിച്ചു. അവരുടെ ചിന്തയും കാഴ്ചപ്പാടും ഉദ്ദീപിതമാവണമെന്നും അദ്ദേഹം ആഗ്രഹിച്ചു. പ്രവാചക ചര്യയിൽ നിന്നും അവിടത്തെ സ്വഭാവഗുണങ്ങളിൽ നിന്നും അവർ കൈമോശം വരുത്തിയതിന്റെ വിഷയത്തിൽ അവരെ തെര്യപ്പെടുത്താനും അദ്ദേഹം തീരുമാനിച്ചു. മേത്തരം വ്സത്രം ധരിക്കുക വഴി സൗന്ദര്യബോധം ജ്വലിപ്പിച്ചു നിർത്താനും, ബാഹ്യമായ ആ പ്രകടനത്തിന്റെ അഭാവം ഒരു ക്രമേണ ചിന്താരീതിയേയും വിശകലന ശൈലികളെയും പരോക്ഷമായി ബാധിച്ചേക്കാം. അങ്ങനെ ക്രമരഹിതവും വക്രീകൃതവുമായ മതത്തിന്റെ ഉദാത്ത ലക്ഷ്യങ്ങളും ആത്മാവും വിനഷ്ടമായതുമായ ആശയങ്ങൾ ഉടലെടുക്കകയും ചെയ്യും. ഖുർആനുദ്ധരിക്കുന്ന അസ്ഹാബുൽ കഹ്ഫിന്റെ സംഭാഷണം സമാനമായ ചിന്താഗതിയുടെ നേർരൂപമാണ്. അവർ പറഞ്ഞു '(ഒരാൾ പട്ടണത്തിൽ പോയി )മുന്തിയ ഭക്ഷണം കണ്ടെത്തി അതിൽ നിന്ന് നിങ്ങൾക്ക് ഭുജിക്കാനുള്ളത് കൊണ്ട് വരട്ടെ, അവൻ ശ്രദ്ധചെലുത്തുകയും ചെയ്യട്ടെ (കഹ്ഫ് 19).309 വർഷത്തെ ദീർഘമായ ശയനത്തിനു ശേഷം എഴുന്നേൽപ്പിക്കപ്പെടുമ്പോൾ വൃത്തിയുള്ളതും അതിശുദ്ധവും ഉന്നതനിലവാരമുള്ളതും തന്നെ ഭക്ഷണമായി വേണമെന്നവർ ശഠിക്കാൻ കാരണം, അവർ മുമ്പ് ജീവിതത്തിൽ ഭക്ഷണത്തിലും വസ്ത്രത്തിലും ആരീതിയെ അനുധാവനം ചെയ്തിരുന്നു എന്നതാണ്.

ഇബ്നു അബ്ബാസ് തങ്ങളുടെ ഈരീതി ഫലവത്തായി എന്നതാണ് വാസ്തവം. അപാര പ്രോകോപിതരാകുവാനും അവരുടെ ശ്രദ്ധയുാകർഷിക്കുവാനും അവരെ പിടിച്ചു നിർത്താനും തന്റെ

ബാഹ്യഭാവം കൊണ്ട് അദ്ദേഹത്തിന് സാധിച്ചു. അദ്ദേഹത്തെ കണ്ട യുടൻ ഇബ്നു അബ്ബാസിനു സ്വാഗതം എന്നുച്ചരിച്ച് അവർ അദ്ദേഹത്തെ സ്വീകരിക്കുകയും ഇതെന്തുവേഷമാണെന്ന് അത്ഭുതം കൂറുകയും ചെയ്തു. നബി തിരുമേനി ഇതിലും മുന്തിയ വസ്ത്രം ങ്ങൾ ധരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ടെന്നും പിന്നെ നിങ്ങൾ എന്നോടിങ്ങനെ ചോദിക്കാനെന്തിരിക്കുന്നു വെന്നും പറഞ്ഞശേഷം അദ്ദേഹം ' അല്ലാഹു തന്റെ അടിമകൾക്കായി ഒരുക്കിയ സുന്ദര വസ്തുക്കൾ നിഷേധിക്കുന്നവർ ആരാണ്' എന്ന ഖുർആൻ വചനം പാരായണം ചെയ്തു.

ഈ ഒരു ആമുഖത്തിലൂടെ സതന്നെ അവരിലെ ചിന്താശേഷിയും അന്വേഷണ ത്വരയെയും ഉദ്ദീപിപ്പിക്കാനും ക്രമേണ അവർ നിഷേധം ചെയ്തൊന്നും, വിപ്ലവമുണ്ടാക്കിയെന്നും അതി കഠിനമായ നിലപാടു സ്വീകരിച്ചുവെന്നും, എന്നിട്ട് അവർദീനിസേവകരെന്ന പേരിൽ സ്വയം അവതരിക്കുകയും അലി (റ)വിനെക്കാളും അറിവും യാഥാർത്ഥ്യവും ഉൾകൊള്ളുന്നവരാണെന്ന് വാദിച്ചുവെന്നും ശാന്തമായി അവരെ ബോധ്യപ്പെടുത്തി. യഥാർത്ഥത്തിൽ ചില പരിമിതമായ വിഷയത്തിൽ, അറിവില്ലായ്മ മൂലമുണ്ടായ പിടിവാശിയും, സമഗ്രമായ രീതിയിൽ പ്രവാചക ചര്യ ഉൾകൊള്ളായ്മയുണിതിനു കാരണെമെന്നും അദ്ദേഹം സമർത്ഥിച്ചു. നല്ലരീതിയും ശൈലിയും ആകാരവും നമ്മുടെ ചിന്താ ധാരകളെ സ്വാധീനിക്കുന്നുവെന്നു അദ്ദേഹം കാണിച്ചു കൊടുത്തു.

ഇതു തന്നെയാണ് ഇന്നത്തെ തീവ്രവാദ പ്രസ്ഥാനങ്ങൾക്കും സംഭവിക്കുന്നത്. പരുക്കനും ദ്രവിച്ചുതുടങ്ങിയതുമായ വേഷവിധാനങ്ങളിൽ അവർ ജനത്തിനുമുന്നിൽ പ്രത്യക്ഷപ്പെടുന്നു. ഈ പാരുഷ്യമാണ് പ്രവാചക ചര്യയെന്ന് അവർ പ്രചരിപ്പിക്കുന്നു. സംശയലേശമന്യേ ഇതവരുടെ ദീനീ പഠന വിശകലങ്ങളിലും പ്രതിഫലിക്കുക തന്നെ ചെയ്യും. ഇബ്നു അബ്ബാസ് അവരോട് പറഞ്ഞില്ലേ.....

**മൂന്നാമത്തെ ചർച്ചാവിഷയം** : തന്റെ വിശകലന ശൈലിയുടെ ശക്തിയും ശ്രേഷ്ഠതയും ഓർമ്മപ്പെടുത്തിയും അവരുടെ വീക്ഷണഗതിയുടെ പോരായ്മകളും കോട്ടങ്ങളും അപര്യാപ്തതകളും ചൂണ്ടികാണിച്ചു. അദ്ദേഹം വാദം തുടങ്ങി, അദ്ദേഹം പറഞ്ഞു 'ഞാൻ വരുന്നത്...........'.

തങ്ങളുടെ ആശയദാരിദ്ര്യവും പാപരത്വവും അവർക്കു അടുത്തു ബോദ്യപ്പെടുത്തുന്നതിനായി അദ്ദേഹം അവരുടെ ശൈലിയുടെ പോരായ്മകൾ നിരത്തി വെച്ചു. അതുസ്വാഭാവികമായും അവരെത്തിച്ചേർന്നിട്ടുള്ള നിഗമനങ്ങളെയും കാഴ്ചപ്പാടുകളെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യും. തങ്ങൾ എതിർക്കുകയും നിഷേധികളെന്ന് വിശേഷിപ്പിക്കുകയും ചെയ്യുന്ന മറു വിഭാഗത്തിനുള്ള ഉന്നതമായ വൈജ്ഞാനിക പശ്ചാത്തലത്തെയും, അലി(റ) നു ചുറ്റുമുള്ള വൈജ്ഞാനിക സാഹചര്യങ്ങളെയും സാധൂകരിക്കുന്ന ലക്ഷണങ്ങളെയും അദ്ദേഹം അവർക്കു അവയെ വിശദമാക്കിക്കൊടുത്തു. താഴെ പറയുന്ന കാര്യങ്ങൾ അലി(റ)ന്റെ പക്ഷത്തിനു പ്രാമാണികതയും സ്വീകാര്യതയും നൽകുന്നുവെന്ന് അദ്ദേഹം വ്യക്തമാക്കി.

ഒന്ന്: പ്രവാചകാനുയായികൾ മുഴുവൻ അലി(റ)ന് ചുറ്റും അണിനിരന്നിരിക്കുന്നു. അത് അദ്ദേഹത്തിന്റെ കാൽപാടിനുള്ള അത്യുന്നതമായ ഒരു അംഗീകാരം തന്നെയാണ്.

രണ്ട് : അവരിലാണ് ഖുർആൻ അവതീർണമായത്. അതിറങ്ങിയ സാഹചര്യങ്ങൾക്കും ഉദ്ദേശ്യലക്ഷ്യങ്ങൾക്കും അവർ സാക്ഷികളും ഖുർആനിനെ എങ്ങനെ പ്രയോഗവത്കരിക്കണം എന്നതിൽ നിപുണികളുമാണവർ. പ്രവാചക സവിധത്തിൽ നിന്ന് ഖുർആനിന്റെ ഉള്ളറകളും വിശകലന ശൈലികളും അനന്തിരമെടുത്തവരാണവർ.

മൂന്ന്: അവരാണ് അതിന്റെ വ്യാഖ്യാനത്തിലെ അതികായർ. കാരണം അറബി ഭാഷയുടെ ഉള്ളറകൾ തൊട്ടറിയുന്നിടത്തും പ്രവാചക സാമീപ്യത്തിന്റെ മഹത്വം നേടുന്നതിലും മുമ്പേനടന്നവരാണവർ.

ഖുർആനിന്റെ ലക്ഷ്യങ്ങളെകുറിച്ച് ഉൾകാഴ്ച്ചയും, അതിന്റെ യഥാർത്ഥ ആശയം സമർപ്പിക്കുന്നതിലും കൃത്യമായ സാഹചര്യത്തിൽ അതിനെ പ്രയോഗവത്കരിക്കാനും അങ്ങേയറ്റം വിശ്വസ്തരാണവർ. അതിനു പുറമെ ഖുർആനിനു ചേരാത്ത ആശയങ്ങൾ അതിലേക്ക് ചേർക്കപ്പെടലിനെ അവർ അങ്ങേയറ്റം സൂക്ഷിക്കുന്നവരായിരുന്നു.

നാല്: നിങ്ങളിൽ അവരിൽ നിന്നാരുമില്ല. എതിരുപറഞ്ഞാൽ പരിഗണിക്കപ്പെടുന്ന ഒരു പണ്ഡിതനെ പോലും നിങ്ങൾ അംഗീകരിക്കുന്നില്ല. മറിച്ച് ശൈശവ ചപലമായ ഒരു ആവേശമാണ് നിങ്ങളെ നയിക്കുന്നത്. അവിടെ നിങ്ങൾക്ക് വിദ്യാമാനദണ്ഡങ്ങളെക്കുറിച്ച് ചിന്തയില്ല. കോപോന്മുഖവും സാഹര്യസൃഷ്ടിയുമാണ് നിങ്ങളുടെ ആശയങ്ങൾ. നിങ്ങളുടെ എതിർ പക്ഷത്തിന്റെ അഭിപ്രായ ഗതികളെ സാധൂകരിക്കുകയും അവയെ സ്വാധീനിക്കുകയും ചെയ്ത ഘടകങ്ങൾ നിങ്ങൾ പഠനവിധേയമാക്കുന്നില്ല. യാഥാർത്ഥ്യങ്ങളെ ഉൾകൊള്ളാൻ നിങ്ങൾ യോഗ്യരെന്ന് നിങ്ങൾ ധരിച്ചുവശായിരിക്കുന്നു എന്നു മാത്രമല്ല നിങ്ങളെക്കാൾ കഴിവുറ്റ പണ്ഡിതനിര നൽക്കതന്നെ ഈ ജോലി നിങ്ങളിൽ നിക്ഷിപ്തമാണെന്നും വരെ നിങ്ങൾ ധരിച്ചിരിക്കുന്നു.

എത്രഗാഢവും സൂക്ഷമവുമായ രീതിയിലൂടെ ഇബ്നു അബ്ബാസ് തീവ്ര,അവിശ്വാസ വത്കരണ നിലപാടുകളെ തകർത്തുകളഞ്ഞത്. വളരെ സുന്ദരമായി അവർക്ക് പിണഞ്ഞുപോയ അബദ്ധങ്ങൾ അവരുടെ ശ്രദ്ധയിൽപെടുത്താനും അദ്ദേഹത്തിനു കഴിഞ്ഞു.

<u>**നാലാമത്തെ ചർച്ചാ വിഷയം**</u> : അറിവിന്റെ നിരന്തര നൃൂതനവത്കരണമാണ് ഈസംഭവത്തിലെ നാലാമത്തെ കാര്യം. ഇബ്നു അബ്ബാസ്(റ) അവരിലേക്ക് അങ്ങോട്ട് ചെന്ന് സംവാദത്തിനു മുന്നിട്ടിറങ്ങി, അവർ തന്നോട് അഭിപ്രായമാരായാൻ കാത്തുനിന്നില്ല, ആളുകൾ തന്നോട് അതിനെ കുറിച്ച് ചോദിക്കട്ടെ എന്നു ശങ്കിച്ചില്ല. ഇത്, സ

മൂഹത്തിലെ പണ്ഡിത നേതൃത്വം, അവിടെ ഉടലെടുക്കുന്ന പ്രസ്ഥാനങ്ങളെയും കാഴ്ചപ്പാടുകളെയും നിരന്തരം സൂക്ഷമ നിരീക്ഷണ വിശകലനങ്ങൾക്ക് വിധേയമാക്കണമെന്നും അവയെ തിരിച്ചറിവിന്റെ ത്രാസിൽ തുലനം നടത്തി വിധി പറയണമെന്നും ദ്യോതിപ്പിക്കുന്നു.

അഞ്ചാമത്തെ ചർച്ചാവിഷയം:

ഇബ്നു അബ്ബാസ് അത്യുന്നതമായ ഒരു രീതിയെ പരീക്ഷിച്ചിരിക്കുന്നു. ഇവിടെ തങ്ങളുടെ നിലപാടിനു നിദാനമായതും കാഴ്ച്ചപ്പാടിന്റെ അടിത്തറയുമായ വാദഗതികളെ അദ്ധേഹം ക്ലിപ്തപ്പെടുത്തി. ശേഷം അവതന്നെയാണ് അവരുടെ മാനദണ്ഡമെന്ന് അവരെകൊണ്ട് സമ്മതിപ്പിച്ചു. അവരംഗികരിച്ചതിന്നും ഇല്ലാതെ മറ്റൊന്നെങ്കിലും ഉണ്ടോ എന്ന് വീണ്ടും ചോദിച്ച് ഇല്ലെന്ന് ഉറപ്പുവരുത്തുകയും അവരെ കൊണ്ടതംഗീകരിപ്പിക്കുകയും ചെയ്തു. പിന്നീട് വിഷയങ്ങൾ ഭദ്രമായി സ്ഥിരകരിക്കുകയും വിശകലനവും ആശയവിനിമയവും ആവശ്യമായ സ്ഥലങ്ങൾ എടുത്തുകാട്ടി ചിന്തകളും നിലപാടുകളും ചിന്നഭിന്നമാവാതെ അവരുടെ ഉദ്ദേശ്യങ്ങൾക്കനുസൃതമായി വാദഗതികൾ ആവർത്തിച്ചു. ശേഷമാണ് അദ്ദേഹം അവയെ തന്റെ അറിവിന്റെ ത്രാസിൽ തുലനം ചെയ്തുതുടങ്ങിയത്. അവരുടെ ചിന്തയിലെ പിഴവുകൾ അദ്ദേഹം അവർക്കു ബോധ്യപ്പെടുത്തി. ഇവയെ പ്രാമാണികവും ഇബ്നുഅബ്ബാസ്(റ)തുടങ്ങിവെച്ച ശൈലിയുമാണെന്ന് നാം മനസ്സിലാക്കുന്നു. സ്വാഭാവികമായും ഇത്തരം സമ്പൂർണവും സമഗ്രവുമായ രീതികൾ നമ്മുടെ വൈജ്ഞാനിക മണ്ഡലങ്ങളിലും നടപ്പിലാക്കേണ്ടിയിരിക്കുന്നു. നമുക്ക് സൂക്ഷമമായ നിരീക്ഷണ സംവിധാനമുണ്ടാവണം.അവ അഭിനവ ഇസ്ലാമിക വിഭാഗങ്ങളെ നിരീക്ഷിക്കകയും അവരുടെ ഗ്രന്ഥങ്ങളും ബൗദ്ധികസൃഷ്ടികളും അവലോകനം ചെയ്യുകയും വേണം. അങ്ങനെ സാമാന്യജനങ്ങളുടെ രീതികളും നയനിലപാടുകളും പൊതുജന സമക്ഷം സമർപ്പിക്കുകയും വേണ്ം.

ഏഴാമത്തെ ചർച്ചാ വിഷയം: 'ഹാകിമിയ്യത്തി' ന്റെ വിഷയമാണ് അവർ തങ്ങളുടെ മുഖ്യവിഷയമായി ഉയർത്തിക്കാണിക്കുന്നത്. ഇന്നു നമ്മുടെ തീവ്രചിന്താധാരകളും മുഖ്യവിഷയമാക്കുന്നത് അതു തന്നെയാണല്ലോ. അഥവാ നാം നിലകൊള്ളുന്നത് അന്നത്തേതിനു സമാനമായ ചിന്താധാരയുടെ സമക്ഷത്തിൽ തന്നെയാണ്. അതിനുണ്ടായിരുന്ന മുഴുവൻ വിശേഷണങ്ങളും സ്വഭാവഗുണങ്ങളും ഇവരിലും പ്രകടമാണ്.

തന്റെ സുന്ദരമായ ശൈലിയിലൂടെ ഖുർആനിൽ നിന്നും ആശയ്ങ്ങളും നിലപാടുകളും രൂപപ്പെടുത്തന്നതിന്റെ രീതിശാസ്ത്രം അദ്ദേഹം അവർക്കു കാണിച്ചുകൊടുത്തു.അവർ ഖുർആനിൽ നിന്നും കേവലം വാക്കുകളെയോ വാചകങ്ങളോ

ഒറ്റപ്പെട്ട സംജ്ഞകളോ അടർത്തിയെടുക്കുകയും സമാന വിഷയത്തിലെ ഇതര പരാമർശങ്ങളോ സൂക്തങ്ങളോ കണ്ടെത്താൻ അവർ ക്ഷമ കാണിച്ചില്ലെന്നും അഥവാ അവർ അത് ചെയ്ത് തന്നെങ്കിൽ യഥാർത്ഥ ഖുർആനിക ദർശനം അവർക്ക് വെളിപ്പെടുമായിരുന്നവെന്നും അതുണ്ടായിരുന്നെങ്കിൽ ഖുർആനിൽ നിന്നും നമുക്കെല്ലാം ഒരേ ആശയവും ദർശനവും കണ്ടെത്താനുവുമായിരുന്നെന്നും അദ്ദേഹം പറഞ്ഞു. ഇബ്നു അബ്ബാസിന്റെ ന്യൂനതകളും, അപഗ്രഥന രീതിയിലെ പോരായ്മകളും ചാപല്യങ്ങളും അവർക്കു ബോധ്യപ്പെടുകയും തങ്ങളുടെ നിലപാടിനെ സാധൂകരിക്കുന്നയാതൊന്നും അവർക്കു കണ്ടെത്താനുമായില്ല.

ഇബ്നു അബ്ബാസിന് അല്ലാഹു പ്രതിഫലം നൽകുകയും അദ്ദേഹത്തിനു തൃപ്തി നൽകുകയും ചെയ്യട്ടെ. അദ്ദേഹം നമുക്ക് ഒരു അടിത്തറയിട്ടു തരികയും തീവ്ര ചിന്താഗതികളെ ഉന്മൂലനം ചെയ്യുന്നതിലും,യഥാർത്ഥ വിജ്ഞാനം പ്രയോഗവത്കരിക്കുന്നതിനും തെറ്റായ കാഴ്ചപ്പാടുകൾ ഖുർആനിനോട് ചേർക്കപ്പെടുന്നതിനെതിരെ ജാഗരൂകരാവുന്നതിനും ആവശ്യമായ ഒരു വിശകലനരീതി അദ്ദേഹം നമ്മെ ഏൽപിക്കുകയും ചെയ്തിരിക്കുന്നു.

**ജാഹിലിയ്യതും സംഘട്ടനത്തിന്റെ അനിവാര്യതയും** :

സയ്യിദ് ഖുത്ബ് ജാഹിലിയ്യതുമായി ബന്ധപ്പെട്ട തന്റെ നിലപാട് രൂപികരിച്ചിരിക്കുന്നത് തനിക്ക് ഗുരുതരമായ വീഴ്ചകൾ പറ്റിയ ചില വിഷയങ്ങളെ അടിസ്ഥാന പ്പെടുത്തിയാണ്. ഏറെ ആശയക്കുഴപ്പങ്ങളുള്ള ചില കാഴ്ചപ്പാടുകളിലൂന്നി തന്റെ നൂറ്റാണ്ടിന്റെ ജനതതിയെ മുഴുവൻ സ്ത്യനിഷേധത്തിന് സമാനമായ ജാഹിലിയ്യാക്കളെന്ന് അദ്ദേഹം വിധിയെഴുതി.

ജാഹിലിയ്യത് എന്ന തന്റെ കാഴ്ചപ്പാടിൽ വലിയ ഔത്സുക്യമാണ് സയ്യിദ് ഖുത്വുബ് കാണിച്ചത്. അതിനു പ്രചാരവും ശ്രദ്ധയും അദ്ദേഹം നൽകുകയും നിരന്തരം തന്റെ ഗ്രന്ഥങ്ങളിൽ അതാവർത്തിക്കുകയും ചെയ്തു. അങ്ങനെ 'ഫീ ളിലാലിൽ ഖുർആനിൽ' മാത്രം ജാഹിലിയ്യ എന്ന പദം 1740 പ്രാവശ്യം കടന്നു വന്നു. ഒരു പേജിൽ തന്നെ ഏഴു പ്രാവശ്യം വരെ പ്രസ്തുത വാക്ക് കണ്ടെത്താനായി. അതെ സമയം വെളിച്ചത്തെ സൂചിപ്പിക്കുന്ന 'നൂർ' എന്ന പദം ' ഫീ ളിലാലിൽ' ആകെ വന്നിരിക്കുന്നത് 435 പ്രാവശ്യമാണ്. ഇതൊരു പ്രാഥമിക സൂചികയാണ്. ഒരു പക്ഷെ ഇത് ഒന്നും സൂചിപ്പിക്കുന്നില്ലായിരിക്കാം. പക്ഷെ തന്റെ ബുദ്ധിയിലും ചിന്തയിലും കാഴ്ചപ്പാടിലും രചനകളിലും നിരന്തര സാന്നിധ്യം നേടുന്ന 'ജാഹിലിയ്യ ചിന്ത'യെ ചിന്തക്ക് അതു നൽകുന്ന സൂചന അവഗണക്കാവതല്ല.

മാനവകുലത്തിനു വേണ്ടി നിയമസംഹിത അല്ലാഹുവിൽനിന്നുള്ളതു മാത്രമായിരിക്കണമെന്ന വിശ്വാസപരമായ കാര്യത്തെയും, കർമശാസ്ത്രപരമായ നിയമങ്ങൾ പ്രാവർത്തികമാക്കലിനെയും, ഒരു പോലെ അവതരിപ്പിക്കുകയും കർമ്മ ശാസ്ത്ര നിയമപാലനം നിബന്ധനകൾ, പ്രതിബന്ധങ്ങൾ, സാഹചര്യ ദൗർലഭ്യം തുടങ്ങിയ കാര്യങ്ങളുമായി ബന്ധിതമായിരിക്കതന്നെ കേവലമായ

കർമ്മശാസ്ത്രപരമായ നടപ്പിലാ.... അടിസ്ഥാന വിശ്വാസവുമായി കൂട്ടികുറച്ച് അതിനെ മതനിഷേധത്തിൻ കാരണമായി അവതരിപ്പിച്ചു എന്നത് സയ്യിദ് ഖുത്വുബിന് പിണഞ്ഞ ഭീമാബദ്ധമാണ്. ഈ അബദ്ധം തന്നെയാണ് വിശ്വാസത്തിന്റെ അടിത്തറകളിൽ കർമത്തെയും ശാഖാപരമായ കാര്യങ്ങളെയും ഉൾപെടുത്താനും അദ്ദേഹത്തെ പ്രേരിപ്പിച്ചത്. കർമ്മത്തെ വിശ്വാസത്തിന്റെ അഭിവാജ്യ ഭാഗമായിക്കാണുക എന്നത് ഖവാരിജുകളുടെ വാദഗതിയാണ്താനും. അങ്ങനെ അവർ പാപം കൊണ്ട് ജനങ്ങളെ ദൈവ നിഷേധികളാക്കി. തീർന്നില്ല മതം നിലച്ചപോയിരിക്കുന്നു വെന്നും , താൻ സ്വയം നിർവചിച്ചെടുത്ത വിശ്വാസി വിഭാഗവും ഇതര വിഭാഗങ്ങളും തമ്മിൽ സംഘട്ടനം അനിവാര്യമാണെന്നു തുടങ്ങിയ വാദഗതികളെല്ലാം ആ അബദ്ധം വഴി വന്നു പിണഞ്ഞവയാണ്. ഈ വിഷയങ്ങൾ നാം താഴെ പ്രതിപാദിക്കുകായണ്.

1.അടിസ്ഥാന വിശ്വാസ പ്രമാണങ്ങളെയും ശാഖാപരമായ കാര്യങ്ങളെയും കൂട്ടികലർത്തൽ. ‘ ളിലാലിൽ‘ സയ്യിദ് ഖുത്വുബ് പറഞ്ഞു. വിശ്വാസത്തിന്റെ അതിർവരമ്പുകൾ ജീവിതത്തിന്റെ മുഴുവൻ വശങ്ങളെയും ഉൾകൊള്ളുവാൻ വിശാലവും സർവ്വവ്യാപിയുമാണ്. ഹാകിമിയ്യിത്തിന്റെ വിഷയം അതിന്റെ എല്ലാ ഉപശാഖകളോടും കൂടെ ഇസ്ലാമിൽ ഒരു അടിസ്ഥാന വിശ്വാസവുമായ വിഷയമാണ്. സ്വഭാവ പരമായ വിഷയങ്ങളും മൊത്തത്തിൽ അടിസ്ഥാന വിശ്വാസത്തിന്റെ വിഷയമാണെന്ന പോലെ.

ഇത് ഭീകരാബദ്ധമാണ്. സ്വഭാവപരമായ വിഷയങ്ങളെ വിശ്വാസ പരമായതിൽ കടത്തികൂട്ടുന്നത് ശരിയല്ല. ധാർമികമായ ഏതെങ്കിലും കാര്യത്തിൽ വീഴ്ച വരുത്തന്നവനെ നിഷേധിക്കാൻ, സ്വഭാവികമായും, അത് കാരണമാവും. വിശ്വാസം ഹൃദ്യപരമാണെന്നതാണ് അഹ്ലുസ്സുന്ന വൽ ജമാഅയുടെ വിശ്വാസം. കർമം അതിന്റെ ചട്ടക്കൂടിനു പുറത്താണ്. വിശ്വാസപരവും കർമ്മപരവുമായ

കാര്യങ്ങൾക്കിടയിൽ സയ്യിദ് ഖുത്വുബ് നടത്തിയ സങ്കലനമാണ്, ഈമാനിന്റെ അടിത്തറയിൽ പുതിയ വിഷയങ്ങൾ കടത്തി കൂട്ടാൻ വഴിവെച്ചത്.

2. ദീനിന്റെ അടിത്തറകളിൽ പുതിയതുസൃഷ്ടിക്കൽ : അല്ലാഹുവിനെ വിധിനിർണയ വികാരത്തിൽ ഏകനാക്കുക(തൗഹീദുൽ ഹാകിമിയ്യ) എന്ന പേരിൽ ദീനി അടിത്തറകളിൽ പുതുതായൊന്നു പടച്ചുണ്ടാക്കുകയും അതിന്റെ മറുവശത്ത് ഹാകിമിയ്യത്തിൽ പങ്കുകാരെചേർക്കൽ(ശിർക്കുൽ ഹാകിമിയ്യ)അവതരിപ്പിക്കുകയും ചെയ്തു സയ്യിദ് ഖുത്വുബ്. അല്ലാഹുവിനു വിധി നിർണയത്തിൽ ഏകത്വം കൽപിക്കലും, പ്രായോഗികമായി കർമ്മശാസ്ത്ര വിധികൾ നടപ്പിലാക്കലിനെയും കൂട്ടിക്കുഴച്ചതാണ് ഇവിടെ അടിസ്ഥാന വിഷയം.

ളിലാലിൽ ഖുർആനിൽ അദ്ദേഹം പറഞ്ഞു : 'നിയമ നിർമാണം എന്നത് അല്ലാഹുവിന്റെ വിധിനിർണയാധികാരവുമായി ബന്ധപ്പെട്ടതാണ്. ഇതാവട്ടെ വിശ്വാസത്തിന്റെ അടിത്തറയുമാണ്'. തുടർന്നു അദ്ദേഹം പറയുന്നു: 'നിയമ നർമ്മാണവും, വിധിനിർണയാധികാരവും മതവും വിശ്വാസവുമായി ബന്ധപ്പെട്ട അടിസ്ഥാന വിഷയങ്ങൾ തന്നെയാണ് സ്ഥിരീകരിക്കാനായാണിത്'. അദ്ദേഹം വീണ്ടും പറയുന്നു: ' ഉലൂഹിയ്യത്തിന്റെ തൗഹീദും റുബൂബിയ്യത്തിന്റെ തൗഹീദും, ഖവ്വാമതിന്റെ തൗഹീദും, ഹാകിമിയ്യത്തിന്റെ തൗഹീദും, മസ്ദറു ശ്ശരീഅയിലെ തൗഹീദും, ജീവിത രീതിയിലെ തൗഹീദും, ഏതൊരു ദിശയിലാണോ ജനങ്ങൾ സമഗ്രമായ സമർപ്പണം നടത്തുന്നത് അതിലെ തൗഹീദ്, ഈ തൗഹീദിനായാണ് ഇത്രയധികം പ്രവാചകർ നിയോഗിതരായതും, ഇത്രയേറെ അധ്വാനം വിനിയോഗിക്കപ്പെട്ടതും. കാലങ്ങളായി ഒട്ടനവധി താഡന പീഢന പർവ്വങ്ങൾ തൃണവത്ഗണിക്കപ്പെട്ടതും. യഥാർത്ഥത്തിൽ അല്ലാവിനു ആവശ്യമുണ്ടായിട്ടല്ല, കാരണം അവൻ സ്വയം പര്യാപ്തനാണ

ല്ലോ?. അദ്ദേഹം വീണ്ടും പറഞ്ഞു: ‘ ഒരു കാലത്ത് ജനങ്ങൾ അല്ലാഹുവിന്റെ അസ്ഥിത്വത്തെ നിഷേധിക്കുകയോ ദൈവികത്വത്തിന്റെ പ്രാഥമിക തത്വങ്ങളെ നിരാകരിക്കുകയോ ചെയ്തിട്ടില്ല. അപൂർവ്വം ചില വ്യക്തികൾ അത്യപൂർവമായ ചില സാഹചര്യങ്ങളിൽ ഉണ്ടായതൊഴികെ. എന്നാൽ അവരുടെ രക്ഷിതാവിന്റെ യാഥാർത്ഥ്യം മനസിലാക്കുന്നിടത്താണ് അവർക്ക് പിഴവു പറ്റുന്നത്. അല്ലെങ്കിൽ വിശ്വാസത്തിലോ ആരാധനയിലോ, വിധിനിർണയാധികാരത്തിലോ അവർ പങ്കുചേർക്കുകയാണ് ചെയ്യുന്നത്. ഇതു രണ്ടുമാവട്ടെ മതത്തിൽ നിന്നു പുറത്തു പോവുന്ന ശിർക്കു തന്നെയാണ്‘.

മതശാസനകൾ അനുസരിക്കലും, കർമ്മ ശാസ്ത്രവിധിവിലക്കുകളുമെല്ലാം അദ്ദേഹം അടിസ്ഥാന വിശ്വാസ കാര്യങ്ങളോടു തുല്യപ്പെടുത്തിയിരിക്കുകയാണിവിടെ. ശാഖാപരമായ അത്തരം കാര്യങ്ങളെ വീഴ്ചകൾക്ക് ശിർക്കെന്നും ദൈവ നിഷേധമെന്നും അയാൾ നിരുപാധികം പേരു പറഞ്ഞു. ഇത് അതീവ ഗുരുതരമായ വിലയാണ്.

അദ്ദേഹം തുടരുന്നു ‘ മനുഷ്യ ചരിത്രത്തിലുടനീളം ഇസ്ലാം അനുശാസിക്കുന്ന സൈദ്ധാന്തിക അടിത്തറ സത്യസാക്ഷ്യത്തിന്റേതാണ്. അഥാവാ ഉലൂഹിയ്യത്തിലും റുബൂബിയ്യത്തിലും ഹാകിമിയ്യത്തിലും, അധികാരത്തിലും, നിയന്ത്രണത്തിലുമെല്ലാം അടിയുറച്ച വിശ്വാസവും, ആരാധനയിൽ പരിപൂർണ വിധേയത്വവും തരുന്നത്. അതുകൊണ്ടു തന്നെ നടേ പറഞ്ഞ അടിസ്ഥാനപരവും സമഗ്രവുമായ രീതിയിലുള്ള മുസ്ലിം അമുസ്ലിം പരികൽപനകൾക്ക് അടിത്തറയാവുന്ന രീതിയുടെ പൂർത്തീകരണത്തിലൂടെയല്ലാതെ സത്യസാക്ഷ്യം സാധ്യമാവുകയോ ഉണ്ടെന്നു പരിഗണിക്കപ്പെടുകയോ ചെയ്യാവതല്ല.

അഥവാ, ഇവിടെ അദ്ദേഹം കർമത്തോടും ചിഹ്നങ്ങളോടും അന്വരിക്കാത്ത സത്യസാക്ഷത്തിന് ഒരു വിലയും കൽപിക്കുന്നേയില്ല. ഇത് പൊതുമുസ്ലിം സമൂഹത്തിന്റെ കാല്പാടിനു വിരുദ്ധമാണ്. കാരണം അവർ ഉള്ളിന്റെയുള്ളിലെ അടിയുറച്ച വിശ്വാസത്തിനു കർമ്മം, പൂർണതയുടെ പൂർണതക്കുറവിന്റെയും അടിസ്ഥാനത്തിൽ മാത്രമാണ് മാനദണ്ഡമാക്കിയിട്ടുള്ളത്. അഥവാ കർമ്മത്തിലെ പോരായ്മകളും, കർമ്മ ദൗർലഭ്യവും ഏകദൈവ വിശ്വാസത്തെ ഹനിക്കുന്ന ഘടകമായി അവർ പരിഗണിച്ചിട്ടേയില്ല.

സയ്യിദ് ഖുത്വുബ് വീണ്ടും പറയുന്നു 'ഉന്നതനായ അല്ലാഹുവിനു 'ഹാകിമിയ്യതിൽ' ഏകത്വം നൽകാത്തവർ, അവർ ഏതുകാലത്തായാലും സ്ഥലത്തായാലും, മുശ്രിക്കുകൾ തന്നെ. അല്ലാഹു ഏകനാണെന്ന അവരുടെ കേവല വിശ്വാസമോ, കേവലമായ ആരാധനകളോ അവരെ ശിർക്കിൽ നിന്നു മുക്തരാക്കുകയില്ല. ഈ ഘട്ടത്തിൽ അവർ ദൈവിക സന്ദേശം നിലച്ച കാലഘട്ടത്തിലെ ആളുകളെപ്പോലെയാണ്. അവരെ ആരും മുസ്ലിംകളായി പരിഗണക്കുന്നില്ലല്ലോ? ഒരു പരമ്പര പൂർത്തിക്കുമ്പോഴാണ്, അഥവാ വിസ്വസത്തിലേക്കും കർമ്മ ചര്യയിലേക്കും ഹാകിമയ്യതിലെ അല്ലാഹുവിന്റെ ഏകത്വം ചേർക്കുകയും അല്ലാഹുവിൽ നിന്നല്ലാതെ ഉണ്ടായിട്ടുള്ള സകലനിയമങ്ങളുടെയും, വിധികളുടെയും, മൂല്യങ്ങളുടെയും, അനുകറണങ്ങളഉടെയും പൂർണമായും നിരസിക്കുകയും ചെയ്യുമ്പോഴാണ് ആളുകൾ മുസ്ലിംകളായി ഗണിക്കപ്പെടുന്നത്. ഇത് മാത്രമാണ് ഇസ്ലാം.

അദ്ദേഹം തുടരുന്നു ' സത്യ സാക്ഷ്യത്തിൽ' അധിഷ്ഠിതമാണ് ഇസ്ലാമിലെ വിശ്വാസം. ഈ സാക്ഷ്യത്തിലൂടെ മുസ്ലിം സകല വസ്തുക്കളെയും ആരാധ്യരുടെ പട്ടികയിൽ നിന്ന് പുറം തള്ളുകയും ആരാധന അല്ലാഹുവിനുമാത്രമാക്കുകയും ചെയ്യുന്നു. തുടർന്ന് ഹാകിമിയ്യത്തിൽ നിന്ന് മുഴുവൻ സൃഷ്ടികളെയും പിഴുതമാ

റ്റി അതും പൂർണമായി അവൻ അല്ലാഹുവിനു മാത്രമാക്കുന്നു. ചെറു കാര്യങ്ങളും വലിയകാര്യങ്ങളുമെല്ലാം ഈ അധികാരത്തിൽ സമം തന്നെയാണ്. ഏതു കാര്യത്തിലും മുസ്ലിമിനു പഥ്യം അല്ലാഹുവിന്റെ വിധിയാണ്. നിയമനിർമാണം എന്നത് അല്ലാഹുവിന്റെ ദൈവികതത്വത്തിലുള്ള കടന്നുകയറ്റമാണ്. ഇവയോടുള്ല അംഗീകരവുമാണ്. അതു കൊണ്ടു തന്നെ മുസ്ലിം അവന്റെ വിധേയത്വം അല്ലാഹുവിനു മാത്രമാക്കുകയും ദൈവം ചമയുന്ന മുഴുവൻ സൃഷ്ടികളെയും അവൻ തിരസ്കരിക്കുകയും ചെയ്യുന്നു. അദ്ദേഹം തുടർന്നു പറയുന്നു ‘മതത്തിനായി ആവേശം കൊള്ളുന്നവരെന്നറിയപ്പെടുന്ന പലർക്കും മതവിരോധികളോ, മതത്തെ നിസ്സാരവൽകരിക്കുന്നവരോ അല്ലെന്നോർക്കണംഹാകിമിയ്യത്തിന്റെ വിഷയം അടിസ്ഥാന വിശ്വാസത്തിൽ നിന്നും വേറിട്ടു നിൽക്കുന്ന മറ്റൊന്നാണ്. വിശ്വാസ കാര്യങ്ങൾക്കുവേണ്ടിയുള്ള അവരുടെ ആവേശം ഈ വിഷയത്തിൽ കാണപ്പെടുന്നില്ല. ഹാകിമയ്യത്തിന്റെ വിഷയത്തിലെ അപഭ്രംശം ഒരു തെറ്റായി അവർ പരിഗണിക്കുന്നുമില്ല. യഥാർത്ഥത്തിൽ ഈ മതത്തിനു ആരാധനയും, നിയമസംഹിതയും, വിശ്വാസവും തമ്മിൽ ഒരു വ്യത്യാസവുമറിയില്ല. യഥാർത്ഥത്തിൽ ഇതൊരു ആസൂത്രിത പദ്ധതിയാണ്. നൂറ്റാണ്ടുകളുടെ കുത്സിത ശ്രമങ്ങളാണ് ഇതിനു പിന്നിൽ. അങ്ങനെ ഹാകിമിയ്യത്ത് മതത്തിനായി അങ്ങേ അറ്റം ആവേശം കൊളളുന്ന വക്താക്കൾക്കു പോലും ഒരു അപ്രസക്തവിഷയവും വിലയില്ലാത്തതുമായി. മക്കയി്ൽ അവതീർണമായ ഒരു ഖുർആനിക അദ്ധ്യായം പൂർണമായും ആഹ്വാനം ചെയ്യുന്നത് ഈ വിശയമാണ്. അതിന്റെ പ്രതിപാദ്യം വ്യവസ്ഥിതിയോ ശരീഅത്തോ അല്ല. വിശ്വാസ മാണത്തിന്റെ പ്രതിപാദ്യം അതിനായി വിവിധ ഘടങ്ങളെയും സ്വാധിന ശക്തികളെയും സ്ഥിതി വിവരങ്ങളെയും ആ അധ്യായം സമർത്ഥിക്കുന്നു, ഹാകിമിയ്യത്ത് എന്ന ഏറ്റവും മൗലികമായ വിഷയവുമാണ് അത് ബന്ധിക്കപ്പെട്ടിരിക്കുന്നത്. കാരണം ഹാകിമിയ്യത് ദീനിന്റെ അടിത്ത

റയുമായും ദീനിന്റെ യഥാർത്ഥ നിലനിൽപുമായും അഭേദ്യ ഭന്ധമാണ് പുലർത്തുന്നത്.

ബിംബാരാധകനെ മുശ്രിക്കാക്കുകയും, ഭൗതിക ശക്തികളുടെ വിധി അംഗീകരിക്കുന്നവനെ മുശ്രികാക്കാതിരിക്കുകയും ചെയ്യുന്നവരും, ബിംബാരാധനയെ ഗൗനിക്കുകയും മറ്റേതിനെ ഗൗനിക്കാതിരിക്കുകയും ചെയ്യുന്നവരും ഖുർആൻ വായിക്കാത്തവരും മതത്തിന്റെ പ്രകൃതമറിയാത്തവരുമാണ്. അവർ ഖുർആൻ വായിക്കട്ടെ. അല്ലാഹുവിന്റെ വാക്കുകളെ അവർ ഗൗരവ പൂർവം എടുക്കട്ടെ ' നിങ്ങൾ അവർക്ക് വഴിപ്പെട്ടാൽ നിശ്ചയം നിങ്ങൾ മുശ്രിക്കുകളാണ്'.

ഈ ആവേശക്കാരിൽ ചിലരാവട്ടെ, മനുഷ്യ നിർമ്മിതമായ ഈ നിയമങ്ങളെയും നടപടി ക്രമങ്ങളെയും അഭിപ്രായങ്ങളെയും ശരീഅത്തിന്റെ അടിസ്ഥാന കാൽപാടുകളോട് തുലനം ചെയ്ത് അതുമായി താദാത്മ്യമാവുന്നുണ്ടോ ഇല്ലയോ എന്നു പരിശോധിക്കാനാണ് സമയവും ഊർജവും കളയുന്നതും ആളുകളെ പ്രേരിപ്പിക്കുന്നതും. അങ്ങിങ്ങായി കണ്ടെത്തിയ അപര്യാപ്തകളുടെ പേരിൽ വിപ്ലവത്തിനുമിറങ്ങുന്നു ഇവർ. അഥവാ ഇസ്ലാം പൂർണതയോടടുത്തിരിക്കുന്നു. അതിന്റെ സമ്പൂർണവും സമഗ്രവുമായ നിലനിൽപിനു ഈ കാണപ്പെട്ട ചില വൈരുദ്ധ്യങ്ങൾ മാത്രമാണ് തടസമെന്ന് തോന്നിപ്പോവും അവരുടെ ചെയ്തികൾ കാണുമ്പോൾ. യഥാർത്ഥത്തിൽ ഈ ആവേശക്കാർ ദീനിനു അവരറിയാതെ ഉപദ്രവമാണ് വരുത്തിവെക്കുന്നത്. ഇത്തരം ശുഷ്കവും ഉപരിപ്ലവുമായി ഇടപെടലുകൾ കൊണ്ട് അവർ ദീനിനു മാരകമായ വിപത്താണ് വരുത്തിയിരിക്കുന്നത്. ജനങ്ങളിൽ അന്തർലീനമായ വിശ്വാസപരമായ ഊർജ്ജത്തെ മുഴുവൻ ഇത്തരം ഉപരിപ്ലവമായ ശുഷ്ക വിഷയങ്ങളിൽ തളച്ചിടുകയാണവർ ചെയ്യുന്നത്. തീർത്തും ജാഹിലിയ്യായ ഇത്തരം ചുറ്റുപാടുകൾക്ക് ഉത്തമ സാക്ഷ്യപത്രമാണവർ നൽകു

ന്നത്. മതം പൂർണതോതിൽ നിലനിൽക്കുന്നു എന്നവർ സാക്ഷ്യപ്പെടുത്തുന്നു. ഏതാനും ചെറിയ ചില പോരായ്മകളാണ് ബാക്കിയുള്ളത്. എന്നാൽ മതം യഥാർത്ഥത്തിൽ പൂർണമായും നിലച്ചു പോയിരിക്കുകയാണ്. അല്ലാഹുവിനുമാത്രം ഹാകിമിയ്യതുള്ള ഒരു വ്യവസ്ഥിതിയും ചുറ്റുപാടും സാധ്യമാവുന്നത് വരെ ആസ്ഥിതി അങ്ങനെ തന്നെ തുടരുകയും ചെയ്യും.

ഈ മതത്തിന്റെ അസ്ഥിത്വം എന്നത് അല്ലാഹുവിന്റെ ഹാകിമിയതിന്റെ അസ്ഥിത്വമാണ്. അല്ലാഹുവിന്റെ ഹാകിമിയ്യത് എവിടെ നഷ്ടമാവുന്നുവോ അവിടെ മതം അപ്രത്യക്ഷമാവുന്നത്.

സയ്യിദ് ഖുത്വുബ് ഇവിടെ ഹാകിമിയ്യതിന്റെ അഖീദയുടെ അഭിവാജ്യ ഭാഗമായി അവതരിപ്പിക്കുന്നു. ഹാകിമയ്യത്തിലെ പിഴവ് മതത്തിന്റെ പിഴവാകുന്നു. പൊതു മുസ്ലിം സമൂഹത്തെ ഒന്നടങ്കം മുശ്രികുകളാക്കാൻ അത് കാരണമായി. മാത്രമല്ല, അവരെ മുഴുവൻ അദ്ദേഹം ബിംബാരാധകർക്കു തുല്യരാക്കി. അതിന്റെ കാരണമോ മതത്തിന്റെ വിധി വിലക്കുകളിൽ അവർ വീഴ്ച വരുത്തിയതും, ഇതാവട്ടെ അവരുടെ ഉള്ളിൽ രൂഢമൂലമായ അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസത്തോടെയാണ് താനും. ഇവിടെ സംഭവിച്ച ഈ പിഴവാണ് ' ളിലാലുൽ ഖുർആനിനെ' ഖർളാവി പറഞ്ഞതു പോലെ മതനിഷേധവാദം നിറഞ്ഞു തുളുമ്പുന്ന ഗ്രന്ഥമാക്കിയത്.

സയ്യിദ് ഖുത്വുബ് തുടരുന്നു ' ഈ ഖുർആൻ സൂക്തവും അതിനു നാം മുൻപേജുകളിൽ നൽകിയ വിശദീകരണവും നാം ഓർക്കേണ്ടതുണ്ട്. അപ്പോഴെ അടിസ്ഥാനപരമായി ഖുർആൻ വിരോധിക്കുന്ന ഈ ശിർക്കിനെ കുറിച്ച് നമുക്ക് മനസിലാവൂ. വിശ്വാസ കാര്യങ്ങളിലെ ശിർക്കാത്. അതുപോലെ ഹാകിമിയതിലെ ശിർക്കും. സന്ദർഭവും സാഹചര്യവും വ്യക്തമാണ്. ഇത് നാം നിരന്തരമായി ഓർത്തു കൊണ്ടേയിരിക്കണം. കാരണം നിന്നെ അതിന്റെ

അടിസ്ഥാന ആശയങ്ങളിൽ നിന്നും വ്യതിചലിപ്പിക്കാനായി പിശാചുക്കൾ നടത്തുന്ന ഉദ്ധ്യമങ്ങൾ ഫലവത്തായികൊണ്ടിരിക്കുകയാണ്. അതു കൊണ്ടുതന്നെ ദുഃഖകരമെന്ന് പറയട്ടെ, ഇപ്പോൾ ഹാകിമിയത്ത് എന്ന വിഷയം വിശ്വാസത്തിൽ നിന്ന് അകന്നു പോയിരിക്കുന്നു. അതിനാൽ തന്നെ, ദീനിനു വേണ്ടി വളരെ പരിശ്രമങ്ങൾ നടത്തികൊണ്ടിരിക്കുന്നവരിൽ പലരും, ആരാധനാപരമോ, ധാർമികമോ ആയ ചെറിയ വ്യതിചലനങ്ങളിൽ പോലും ഇടപെടുകയും തിരുത്തൽ ശക്തിയാവുകയും ചെയ്യുന്നത് നാം കാണുന്നു. പക്ഷേ, ദീനിൽ നിന്നു അകന്നു പോന്ന ഹാകിമിയ്യത്തിനെ കുറിച്ചോ വിശ്വാസത്തിൽ അതിന്റെ സ്ഥാനത്തെകുറിച്ചോ ഒന്നും ഉരിയുടുന്നുമില്ല. ശാഖപരമായും ഉപരിപ്ലവുമായ വിഷയങ്ങളിൽ അവർ ഉറഞ്ഞുതുള്ളുന്നു. എന്നാൽ ഏറ്റവം ഭീകരമായ നെറികേടിനു നേരെ അവർ നിശബ്ദരാണ്. തൗഹീദില്ലാത്ത, അല്ലാഹുവിന്റെ ഏകത്വം സ്ഥാപിക്കപ്പെടാത്ത ജീവിതരീതിയത്രെ അത് '.

3. ജാഹിലിയ്യത്ത് എന്നത് സയ്യിദ് ഖുത്വുബിനു ഒരു കഴിഞ്ഞ പോയ കാലഘട്ടമല്ല. മറിച്ച് ഇസ്ലാമിനുമുമ്പ് നിലനിൽക്കുകയും അതിനു ശേഷം നിലനിൽക്കാവുന്നതുമായ ഒരു വ്യവസ്ഥിതിയാണത്. പുരാതന ജാഹിലിയ്യതിലേക്ക് അതുൾകൊള്ളുന്ന ദൈവ നിഷേധവും, ബഹുദൈവരാധനയും, സാമൂഹികാപചച്യുതിയുമുൾപ്പെടെ ജനങ്ങൾ തിരിച്ചു പോയേക്കമെന്നും അദ്ദഹം വാദിക്കുന്നു.

എന്നാൽ മുസ്ലിംകൾ പൊതുവെ വിശ്വസിക്കുന്നത് മുഴുവൻ മുസ്ലിംകളുംദൈവനിഷേധികളാവുന്ന സാഹചര്യം ഉണ്ടാവില്ലെന്നാണ് അവരുടെ പ്രകൃതത്തിൽ സംഭവിച്ചേക്കാവുന്ന ശറഈ വിരുദ്ധമായ പ്രവർത്തനങ്ങൾ മോഷങ്ങളായാണ് പരിഗണിക്കപ്പെടുന്നത്. അത് ദൈവനിഷേധമോ അതിലേക്കുള്ള തിരിച്ചു പോക്കോ അല്ല. പ്രവാചകർ(സ)അത് വ്യക്തമായ പ്രതിപാദിച്ചിട്ടുണ്ട്. സ്വഹീഹുൽ ബുഖാരിയിൽ ഉഖ്ബതുബ്നു ആമിർ(റ) ഉദ്ധരിച്ച് റിപ്പോർട്ട്

ചെയ്യപ്പെടുന്നു, നബി (സ)പറഞ്ഞു ‘ നിങ്ങൾ ശിർക്ക് ചെയ്യലിനെ ഞാൻ ഭയപ്പെടുന്നില്ല, മറിച്ച് ദുൻയാവിന്റെ വിഷയത്തിൽ നിങ്ങൾ മത്സരിക്കുന്നതാണ് ഞാൻ ഭയപ്പെടുന്നത്‘.

പക്ഷെ, സയ്യിദ് ഖുത്വ്ബ്, പ്രവാചകാഗമനത്തിനു മുമ്പ് നില നിന്നിരുന്ന അതേ ജാഹിലിയ്യത്തിലേക്ക് മുസ്ലിം സമൂഹം മടങ്ങിയി രിക്കുന്ന എന്ന പക്ഷക്കാരാണ്. ളിലാലുൽ ഖുർആനിൽ അദ്ദേഹം പറഞ്ഞു ‘ ജാഹിലിയ്യത് എന്നത് ചരിത്രസന്ധിയല്ല. മനുഷ്യനു മനു ഷ്യൻ വിധേയത്വം പ്രകടിപ്പിക്കുന്ന ഏതു വ്യവസ്ഥിതിയും ജാഹി ലിയ്യതു തന്നെ. ഇന്നത്തെ വ്യവസ്ഥിതികളിൽ മൊത്തമായും ഈ സവിശേഷത പ്രകടമാണ്. മാനവകുലം ഇന്നു പുണരുന്ന വ്യവ സ്ഥിതിളിൽ മുഴുവൻ ഒരു വിഭാഗം മറു വിഭാഗത്തിൽ നിന്ന് കാല് പാടുകളും, നിലപാടുകളും, മൂല്യങ്ങളും മാനദണ്ഡങ്ങളും നിയമ ങ്ങളും തത്വസംഹിതകളും വിധികളും ആചാരങ്ങളുമെല്ലാം കൈ കൊള്ളുകയാണ്‘.

അദ്ദേഹം വീണ്ടും പറയുന്നു‘ചരിത്രപരമായ ഒരു ഘട്ടമല്ല ജാഹിലിയ്യത്ത്. ഏതൊരു വ്യവസ്ഥിതിയിലും ചുറ്റുപാടിലും ഘടക ങ്ങൾ ഒത്തുചേർന്നാൽ സംഭവിക്കാവുന്ന അവസ്ഥാവിശേഷമാ ണത്. അടിത്തട്ടിൽ നിയമവും നിയമനിർമാണവും നടക്കുന്ന സ്ഥി തി സംജാതമാവലാണത്‘.

വീണ്ടും പറുയന്നു ‘ ജാഹിലിയ്യത് ഒരു ചരിത്ര ദശയല്ല. അ തൊരു അവസ്ഥാവിശേഷമാണ്. അത് ഇന്നലെ ഉണ്ടായിരുന്നേ ക്കാം, ഇന്ന് സംഭവിക്കാം, നാളെയും ആവർത്തിച്ചേക്കാം‘.

എന്തൊരു അക്രമമാണീ കാണിക്കുന്നത്. ഉമ്മത്തിനോടും ദീനിനോടുമുള്ള എത്രക്രൂരമായ അനീതിയാണിത്. സുന്ദരമായ ഈ മതം ഇന്ന് നാമവശേഷമായി എന്നു സങ്കൽപിക്കുകയോ? ദൈവനിഷേധവും ബഹുദൈവരാധനയും കൊടികുത്തി.

വാഴുന്ന ജാഹിലിയ്യത്ത് ലോകത്തെയൊന്നടങ്കം ഗ്രസിപ്പിച്ചിരിക്കുന്നു എന്നു വാദിക്കുകയോ?

ലോകത്തെ ഒന്നടങ്കം ഗ്രസിച്ചിരിക്കുന്ന അതിന്റെ ചിന്തയിലും നിലപാടിലും ആലോചനയിലും ചലനത്തിലും സുതാരം പ്രകടമായ ഈ ജാഹിലിയ്യത്തിനെ നേരിടാനും സ്വന്തം ജീവിതത്തിലും പൊതു സമൂഹത്തിലും ഇസ്ലാം രൂപപ്പെട്ടതിന്റെ രീതിയെ കുറിച്ച് അദ്ദേഹം പിന്നീട് വാചാലനാവുന്നു.

3– മതം വളരെ മുമ്പ് നിലച്ച് പോയിരിക്കുന്നു. ഇന്നതിനു നിലനിൽപ്പേയില്ല. അതിഭയാനകമായ ഈ കാഴ്ച്ചപ്പാടിൽ സയ്യിദ് ഖുത്വുബ് വാവൃതനായി. മറ്റൊരർത്ഥത്തിൽ മാനസികമായ ഒരു സങ്കീർണാവസ്ഥ അദ്ദേഹത്തെ പിടികൂടി. അതുവഴി ലോകം മുഴുവൻ ബഹുദൈവാരാധയിലാണെന്നും മുസ്ലീം സമൂഹം തന്നെ ഇസ്ലാമിനെ കൈയൊഴിഞ്ഞെന്നും ലോകം ഒന്നടങ്കം അന്ധകാരത്തിലും ദൈവനിഷേധത്തിലും ആപധിച്ചപെടാനും ചിന്തിക്കാൻ ഇദ്ദേഹത്തിനു പ്രേരണ നൽകി.

അപകടകാരിയായി ഈ വിഷാദചിന്ത അദ്ദേഹത്തെ വിടാതെ പിന്തുടരുകയും ഉദ്ധൃത, അത്ഭുതകരവും ആശ്ചര്യപൂർണമായ നിലപാട് അദ്ദേഹം വ്യക്തമാക്കുകയും ചെയ്തു.

തന്റെ ‘സാമൂഹിക നീതി ഇസ്ലാമിൽ ‘ എന്ന ഗ്രന്ഥത്തിൽ അദ്ദേഹം പറഞ്ഞു. ലോകം ഒന്നടങ്കം നാം ഒന്നു വിശകലന വിധേയമാക്കി, അവിടെ അവിടെ അല്ലാഹു വിശദീകരിച്ചതു പ്രകാരമുള്ള ദീനിനേയോ ഇസ്ലാമിനേയോ പരതിയാൽ ഒരു സാന്നിധ്യം കാണാൻ കഴിയില്ല എന്നു മാത്രമല്ല , അല്ലാഹുവിന്റെ ഹാകിമിയ്യത്ത് നാം എന്നു നഷ്ടപ്പെടുത്തിയോ അന്നു തൊട്ടേ ഈ മതത്തിന്റെ നിലനിൽപ്പ് നഷ്ടമായി എന്നും മനസ്സിലാക്കാം.

'വഴിയടയാളങ്ങൾ' എന്ന പുസ്തകത്തിൽ അദ്ദേഹം തുടരുന്നു' മുസ്ലിം സമുദായത്തിന്റെ അസ്ഥിത്വം വളരെ നൂറ്റാ@ുകൾക്ക് മുമ്പ് നിലച്ചു പോയിരിക്കുന്നു'.

ഇതു തിരുപ്രവാചകന്റെ സമൂഹത്തിനോടുള്ള അതിക്രമമാണ്, ജനങ്ങൾക്ക് വേണ്ടി നിയോഗിതരായ ഉത്തമ സമൂഹത്തെ ബഹുദൈവാരാധനയും ദൈവനിഷേധവും ആരോപിക്കലാണ്. ജനങ്ങൾ നശിച്ചുപോയി എന്ന് പറയുന്നവനാണ് അവരുടെ നാശഹേതു.

'ളിലാലിൽ ഖുർആനിൽ' അദ്ദേഹം പറയുന്നു 'ഈ മതം ലോകർക്ക് ഏകദൈവ വിശ്വാസ സന്ദേശവുമായി ആഗതമായതിനു ശേഷം കാലം പതിവുപോലെ പ്രയാണം തുടർന്നു. ലോകർ വീ@ും വ്യക്തി ആരാധനയിലേക്ക് മടങ്ങി. മതങ്ങളുടെ അതിക്രമം വ്യാപിക്കുകയും ജനതതി ഏകദൈവ വിശ്വാസത്തിൽ നിന്ന് പിന്നോട്ടടിക്കുകയും ചെയ്തു. ഒരു ചെറുപക്ഷം അപ്പോഴും തങ്ങളുടെ മിനാരങ്ങളിലൂടെ, അർത്ഥവും പൊരുളുമറിയാതെ 'ലാ ഇലാഹ ഇല്ലല്ലാ ' ഉരുവിട്ടു കൊണ്ടിരുന്നു. അല്ലാഹുവിന്റെ ഏകത്വത്തിന്റെ പര്യായമായ ഹാകിമിയ്യത്തിന്റെ നിയമസാധുത നിഷേധിക്കാതെ തന്നെ വ്യക്തികൾ ഹാകിമിയ്യത്ത് വാദിച്ചു തുടങ്ങി. ഈ വാദഗതിക്കാർ വ്യക്തികളാവാം, നിയമ വ്യവസ്ഥികളാവാം, സമൂഹമാവാം. പക്ഷേ ഇവയൊന്നും ദൈവത്വം ഇല്ലാത്തതിനാൽ ,അവയ്ക്ക് ഹാകിമിയ്യത്തും ഉണ്ടാവതല്ല. പക്ഷേ മാനവകുലം ജാഹിലിയ്യത്തിലേക്ക് തിരിച്ചുപോയി. ലാഇലാഹ ഇല്ലല്ലയിൽ നിന്ന് പിൻവാങ്ങി. വ്യക്തികൾക്ക് അവർ ദൈവിക വിശേഷണങ്ങൾ ചാർത്തി നൽകി. പിന്നീടവർ ഏക ദൈവത്വം പറഞ്ഞതേയില്ല.

മാനവകുലം ഒന്നടങ്കം, കിഴക്കും പടിഞ്ഞാറും തങ്ങളുടെ മാനാരങ്ങളിൽ കേവലം 'ലാഇലാഹ ഇല്ലല്ലാ' ഉരുവിട്ടു കൊണ്ടിരുന്ന

വരുൾപ്പെടെ, ഏറ്റവും കഠിനമായ ശിക്ഷക്കു പാത്രിഭൂതരും ഭാരിച്ച കുറ്റത്തിന്റെ ഉടമകളുമായിരിക്കും അന്ത്യ നാളിൽ കാരണം അവർ യഥാർത്ഥ വിശ്വാസത്തിൽ നിന്ന് തിരിച്ചു നടന്നിരിക്കുന്നു. അല്ലാ ഹുവിന്റെ ദീനിൽ ആയിരുന്നതിനുശേഷം , യഥാർഥ സൻമാർഗം അവർക്കു ബോധ്യപ്പെട്ടതിനു ശേഷം അവർക്ക് വിശ്വാസ ഭ്രഷ്ട് വ ന്നിരിക്കുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ സുവ്യക്തമായ ഈ ദൃ ഷ്ടാന്തങ്ങളെ കുറിച്ച് ചിന്തിക്കാൻ ഇന്നൊരു പുതിയ മുസ്ലിം സം ഘം അത്യാവശ്യമായിരിക്കുന്നു. ധളിലാൽ 2:1057പ

ഇവിടെ അദ്ദേഹം സമൂഹം ഒന്നാകെ മതഭ്രഷ്ടരായിത്തീർന്നു എന്നു വിശദമാകുന്നു. മിനാരങ്ങളിലൂടെ ഇപ്പോഴും 'ലാഇലാഹ ഇല്ലല്ല ' ഉരുവിടുന്നവരെ അതിൽ ഉൾപ്പെടുത്തി എന്നു മാത്രമല്ല, അവർക്കാണത്രെ കഠിന ശിക്ഷയും അവരാണത്രെ കഠോര പാപിക ളും!

ഒരാളെയും അതിൽനിന്ന് ഒഴിവാക്കുന്നില്ല അദ്ദേഹം .അതേ സമയം പന്നെയൊരു വിശ്വാസി സംഘത്തെ കുറിച്ച് അദ്ദേഹം വീ@ും സംസാരിക്കുന്നു, അതിങ്ങനെയാണ്.'ഇന്നത്തെ വിശ്വാസി സംഘം നിർബന്ധമായും ഈ ദൈവിക പാഠങ്ങളിൽ ദീർഘമായി ചിന്തിക്കേണ്ടിയിരിക്കുന്നു. കാരണം ഇന്നവർ, ഈ വിശുദ്ധ പാ ഠങ്ങൾ അവതീർണമായ കാലത്തുണ്ടായിരുന്ന സമഗ്രമായ ജാഹി ലിയ്യത്തിനെ ഭൂമിയിൽ അഭമുഖീകരിക്കുകയാണ്. ഈ പാഠങ്ങൾ ആർക്കുമേൽ അവതീർണ്ണമായോ അതേ അവസ്ഥവിശേഷങ്ങളാ ണ് ഇന്നും സമൂഹത്തിനുള്ളത്. ധളിലാൽ 2:1057പ അദ്ദേഹം തുടരു ന്നു 'ലോകത്തെ ഗ്രസിക്കുന്ന ഈ ജാഹിലിയ്യത്തിൽ അന്ന് അവർ കൈകൊണ്ട

അതേ നിലപാടാണ് ഈ വിശ്വാസി സംഘം കൈകൊള്ളേ ണ്ടതുണ്ട്.'ധളിലാൽ ധ2:1057പ

സ്വാലിഹ് സരിയ്യ തന്റെ 'രിസാലത്തുൽ ഈമാനിൽ'പറയുന്നു 'ഇസ്ലാമിനു വിരുദ്ധമായി രാജ്യത്തു നിലനിൽക്കുന്നു. നിയമങ്ങളെല്ലാം ദൈവ നിഷേധത്തിന്റെ നിയമങ്ങളാണ്. അവ നിർമിച്ചവരും, അതിന്റെ നിർമാണ പ്രക്രിയയിൽ പങ്കുവഹിച്ചവരും, അവയെ നിർബന്ധ നിയമ വ്യവസ്ഥിതിയാക്കിയവരും ,അവയോടു യോചിപ്പ് പ്രകടിപ്പിക്കാതെ, അവ നടപ്പിൽ വരുത്തിയവരും കാഫിർ ആണ്. അതനുസരിച്ച്, ആ നിയമ നിർമാണ സമിതിയിലെ മുഴുവൻ ഉപദേഷ്ടാക്കളും , മുഴുവൻ പാർലമെന്റ് അംഗങ്ങളുടെ അവർ മുന്നോട്ട് വെച്ച മന്ത്രി സഭാംഗങ്ങളും, അതിൽ ഒപ്പുവെച്ച പ്രധാനമന്ത്രിയും, ഖാദിമാരും പ്രോസിക്യുഷനും പോലീസ് മേധാവികളും കുറ്റാന്വേഷന്മാരും അവരെല്ലാം ഇതിനോട് വിയോജിപ്പ് പ്രകടിപ്പിക്കാത്തവരും ഇതനുസരിച്ച് ആത്മാർത്ഥമായി സേവനം ചെയ്യുകയും ചെയ്തുവെങ്കിൽ അവരും കാഫിറുകൾ തന്നെ. സമൂഹത്തെ ഓരോ വ്യക്തിയും, ഇത് അംഗീകരിക്കുകയോ അതിനെ നിഷേധിക്കാതിരിക്കുകയോ അതിനോട് നിരുത്തരവാദപരമായ സമീപനം സ്വീകരിക്കുകയോ ചെയ്താൽ അവനും കാഫിർ തന്നെ. കാരണം ഇവരെല്ലാം മനുഷ്യനിർമത നിയമ വ്യവസ്ഥിതിയെ അല്ലാഹുവിന്റെ വ്യവസ്ഥികൾ മുന്തിച്ചിരിക്കുന്നു. ഇതു ദൈവ നിഷേധമാണ്. കാരണം അവർ അല്ലാഹു അല്ലാത്ത ദൈവങ്ങളെ പ്രാപിച്ചിരിക്കുന്നു. അല്ലാഹു ഇറക്കിയതുകൊണ്ടല്ലാതെ അവർ വിധി പ്രസ്താവം നടത്തിയിരിക്കുന്നു.

5– മുഴുവൻ മാലോകരുമറയും സംഘട്ടനം മേലുദ്ധ്യത സംഭവങ്ങൾ മുഴുവൻ സയ്യിദ് ഖുത്വുബിനെ മുസ്ലിം ഇതരനുയായി മുസ്ലികളുടെ ബന്ധം സംഘട്ടനത്തിന്റെയും ഏറ്റുമുട്ടലിന്റെയും മാത്രമാണെന്ന അതിവിചിത്രമായ നിലപാടിലേക്ക് കൊണ്ടെത്തിച്ചു. അദ്ദേഹം പറഞ്ഞു 'മീനിന് അതിന്റെ എതിരാളികളെ പ്രതിരോധിക്കാതിരിക്കാനാവില്ല കാരണം ലോകർക്കുമേൽ അല്ലാഹുവിൻ റുബൂവിയ്യത്തിന്റെ പൊതു പ്രഖ്യാപനം അതിന്റെ സാനിധ്യം വ്യക്തമാ

ക്കണം. മാനവകുലത്തെ ദൈമേത ശക്തികൾക്കുള്ള വിധേയത്വ ത്തിൽ നിന്ന്  മോചിതരാകണം. ഈ സാനിധ്യമാവട്ടെ ജാഹിലീ അല്ലാത്ത ഒരു പുതിയ നേതൃത്വത്തിന്റെ കീഴിൽ ഒരു സ്വതന്ത്ര സ മൂഹത്തിന്റെ പിറവിയോടെയല്ലാതെ സാധ്യമാവില്ല.

ഇതു പ്രകാരം മതം പ്രകടമാവുമ്പോൾ ചുറ്റു ഭാഗത്തെ ജാ ഹിലീ സമൂഹങ്ങളോട് അതിനു പ്രതിരോധത്തിലേർപ്പെടേണ്ടി വ രും. അവയെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കേണ്ടിവരും. ഇത് ഒരു ത രം സ്വത്വ സംരക്ഷണ പോരാട്ടമായിരിക്കും.  പുതിയ ഒരു സമൂഹ ത്തിന് സ്വത്വ സംരക്ഷണ സമരം അനിവാര്യമാണല്ലോ?

ഇസ്ലാമിനോളം പഴക്കമുള്ള ഒരു നടപടിയാണിത്. ഇസ്ലാമി നുമേൽ നിർബന്ധിതമായ ഒരു സംഘട്ടനം. മറ്റൊരു ചിന്ത അവിടെ സാധ്യമല്ല. കൂടുതൽ കാലം സമരപ്പെട്ടു പോവാനാവാത്ത രണ്ട് അ സ്ഥിത്വങ്ങൾ തമ്മിലുള്ള സ്വഭാവമായ സംഘട്ടനമാണത്. അദ്ദേഹം വീണ്ടും പറയുന്നു' ഇന്ന് ജനങ്ങൾ എത്തിപ്പെട്ടിരിക്കുന്ന ഈ അ ന്ധകാരവും അവരുടെ സ്വഭാവങ്ങളും ധാർമികരംഗവും വ്യവസ്ഥി തികളും പാത്രീഭവിച്ച പരിവർത്തനവും ഒരു കാലത്തും ഇസ്ലാമിന് അംഗീകരിക്കാവതല്ല എന്ന് അവർക്ക് നന്നായറിയാം. ഈ ദീനിന്റെ അധീശത്വം അംഗീകരിക്കപ്പെടുകയും ദീൻ പരിപൂർണമായും ദൈ വികമാവുകയും അല്ലാഹുവിന്റെ പരമാധികാരം അധീകരിക്കപ്പെടു കയും അന്ധകാരം ഉന്മൂലനം ചെയ്യപ്പെടുകയും അല്ലാഹുവിന്റെ അധികാരത്തിൽ കൈകടത്തുന്നവർ ആട്ടിയോടിക്കപ്പെടുകയും ചെയ്യാതെ ഈ സംഘട്ടനം നിലക്കുകയില്ല.

ഏതെങ്കിലും കാലത്ത് ഇതര സമൂഹങ്ങളുമായുള്ള ഇസ്ലാമി ന്റെ ബന്ധം ,സംഘട്ടനത്തിലും ഉന്മൂലനത്തിലും അധിഷ്ഠിതമായി രുന്നോ? മേലുദ്ധരിച്ചതാണ് ഇയാളുടെ നിലപാടെങ്കിൽ ഈ കാല പ്പാടുകളും സാമുവൽ ഹങ്ങിംഗ്ടന്റെ സംസാരങ്ങളുടെ സംഘട്ടന

സിദ്ധാന്തവും തമ്മിൽ എന്താണു വ്യത്യാസം . വിശുദ്ധ ഖുർആനിന്റെ ‘ ഓ ജനങ്ങളെ , നിങ്ങളെ നാം സൃഷ്ടിച്ചിരിക്കുന്നത് ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമാണ്. നിങ്ങളെ ഗോത്രങ്ങളും വിഭാഗങ്ങളുമാക്കിയത് പരസ്പരം അറിയാനാണ്‘ധഅൽ ഹുജറാത്ത്:13പ എന്ന ഖുർആനിക സൂക്തത്തെ കുറിച്ച് അദ്ദേഹം എന്തു പറയുന്നു?‘ നബിയെ അങ്ങനെ ലോകർക്ക് കാരുണ്യമായല്ലാതെ നാം അയച്ചിട്ടില്ല‘ എന്ന ഖുർആനിക വചനം അദ്ദേഹം എങ്ങനെ വ്യാഖ്യാനിക്കും.

ചുരുക്കത്തിൽ , ജാഹിലിയ്യത്തിനെ കുറിച്ച് അദ്ദേഹത്തിന്റെ നിലപാട് ചില അബദ്ധ ജഢിലവും അർത്ഥശൂന്യവുമായ സങ്കൽപങ്ങളെ അടിസ്ഥാനപ്പെടുത്തി ഉള്ളതാണ്. അദ്ദേഹം മൗലിക വിശ്യാസകാര്യങ്ങളിൽ ചിലത് കടത്തികൂട്ടി, വിശ്വാസത്തെയും കർമ്മ ശാസ്ത്ര പരമായ ഉപ വിശയങ്ങളെയും കൂട്ടിക്കലർത്തി ഈ വിഷയകരമായ പ്രാഥമിക നിദാനശാസ്ത്ര സിദ്ധാന്തങ്ങൾ പോലും അദ്ദേഹം പരിഗണിച്ചില്ല. തൗഹീദുൽ ഹാകിമിയ്യ എന്ന നൂതന ആശയം അദ്ദേഹം കണ്ടെത്തി. അതിനെ അടിസ്ഥാനപ്പെടുത്തി ദൈവനിഷേധവും ബഹുദൈവാരാധനയും മാത്രം ഉദ്ദേശിക്കപ്പെടുന്ന ജാഹിലിയ്യത്ത് ലോകത്ത് വ്യാപിച്ചിരിക്കുന്നു എന്നും മുഹമ്മദിയ്യ സമൂഹം ഒന്നടങ്കം മതഭ്രഷ്ടരായിരിക്കുന്നു എന്നും മതത്തിന്റെ അസ്ഥിത്വം തന്നെ നഷ്ടമായിപ്പോയെന്നും ,സംഘട്ടനം അനിവാര്യമായിരിക്കുന്നുവെന്നും അദ്ദേഹം വിധിയെയുതി. ഖിർചകമായ, അദ്ദേഹത്തിന്റെ വാദവും നിലപാടുകളും നാം വിശദമായി പ്രതിപാദിച്ചു. ളിലാലുൽ ഖുർആനിനെ , വിശകലനം ചെയ്യുന്നവന് ,അദ്ദേഹത്തിന് സംഭവിച്ച അപഭ്രംശപും, തെറ്റിദ്ധാരണയും സ്വന്തം സമുദായത്തിനോടും ചുറ്റുപാടിനോടും അദ്ദേഹം വെച്ചുപുലർത്തിയ അങ്ങേയറ്റമുള്ള വികല കാഴ്ചപ്പാടും ഗ്രന്ഥത്തിൽ നിറഞ്ഞു തുളുമ്പുന്ന സംഘട്ടന ചിന്തയും തക്ഫീറും നിശ്പ്രയാസം മനസ്സിലാക്കാൻ കഴിയുമെന്നതിന് മേലുദ്ധരിച്ച തെളിവുകൾ ധാരാളമാണ്.

6– വിചിത്രമായ കാര്യം ഇതര മതസ്ഥരുമായി വിശ്വാസ പരമായ കാര്യത്തിൽ സഹിഷ്ണുത പുലർത്താൻ അദ്ദേഹം ആവശ്യപ്പെടുകയും അതേ സമയം സ്വന്തം സമുദായത്തിനെതിരെ കുതിര കയറുകയും അവരെ അവിശ്വാസികളായി ചിത്രീകരിക്കുകയും ചെയ്യുന്ന ഈ ചിന്ത ദാഇശുകൾക്ക് കുറച്ച് കൂടി പരിവർത്തനമാവുകയും സഹിഷ്ണുത എന്ന ആശയം തന്നെ അവർ തുടച്ചു നീക്കുകയും ചെയ്തു. അങ്ങനെ വീ@ും തലകൾ അറുക്കപ്പെട്ടു. അടിമത്വം, അടിമ വ്യവസ്ഥിതിയും തിരിച്ചുവന്നു.

'ളിലാലുൽ ഖുർആനിൽ' അദ്ദേഹം പറയുന്നു: ഇസ്ലാം ഇതര മതസ്തരോട് വളരെ വ്യക്തമായ 1 അതിന്റെ സഹിഷണുതാ നിലപാട് പ്രാവർത്തികമാക്കുന്നു. പക്ഷേ നാവുകൊണ്ട് മുസ്ലിം എന്നു പറയുകയും അതിനു വിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുന്നവരുമായി ഒരു സഹിഷണുതയും ഇസ്ലാമിനില്ല. അല്ലാഹു ഏകനാണെനനും അതിൽ അവർ വിശ്വസിക്കുന്നുവെന്ന് വാദിക്കുകയും എന്നിട്ട് ഹാകിമിയ്യത്ത് നിയമനിർമാണം തുടങ്ങിയ അല്ലാഹൂവിന്റെ വിശേഷണങ്ങൾ അവനല്ലാത്തവർക്ക് ചാർത്തി നൽകുകയും ചെയ്യുന്നവരുമായി ഒരു സഹിഷ്ണുതയും ഇസ്ലാമിനില്ല. (ഫി ളിലാൽ 2:732 പ)

ഈ വിചിത്രമായ കാഴ്ചപ്പാടാണ് ചരിത്രങ്ങളിലുടനീളം തീവ്രമായ പ്രസ്ഥാനങ്ങളെ മുസ്ലിം സമൂഹത്തിനെതിരെ തിരിച്ചു വിട്ടതും അവരുടെ രക്തച്ചൊരിച്ചിലിനു കാരണമായതും. അങ്ങനെ മുസ്ലിംകളെ വധിക്കാൻ അവർ യുദ്ധ സന്നദ്ധരായി. അവർക്ക് നേരേ വിപത്തുകൾ തൊടുത്തുവിട്ടു.ഈ ദീനിനു മറ്റു മതസ്ഥരോടും സംസ്കാരങ്ങളോടും പറയാനുള്ള, സന്മാർഗത്തിന്റെയും , സംസ്കാരത്തിന്റെയും ,വിജ്ഞാനീയങ്ങളുടെയും സന്ദേശത്തിന്റെ എളിയ രൂപം പോലും മാലോകർ പകർന്ന് നൽകാൻ അവർക്കാവില്ല. അതിനെ ഇതര സമൂദായങ്ങൾക്കിടയിൽ, സന്മാർഗത്തിന്റെയും സത്യ

ബോധനത്തിന്റെയും ഈ ദീനിൽ നിന്ന് ഉയിർകൊള്ളുന്ന ഉന്നത മൂല്യങ്ങളുടെയും നിലപാടു തറയാവേണ്ടിയിരുന്നതിനു പകരം അവർ സ്വന്തം സമുദായം മാത്രം ഔത്സുക്യം കാണിച്ചു.

അൽ ഹാഫിള് ഇബ്നു കസീർ 'അൽ ബിദായതി വന്നിഹായ'യിൽ ഇപ്രകാരം പറഞ്ഞിട്ടുണ്ട് 'ഇത്തരം ആളുകൾ ആദം സന്തതികളിലെ ഏറ്റവും വിചിത്രതരമാണ്. തന്റെ ഇഷ്ടപ്രകാരം സൃഷ്ടികളെ വർഗീകരിച്ച അല്ലാഹു എത്ര ഉന്നതൻ 'ഖവാരിജുകളെ കുറിച്ച് ചില മുൻഗാമികൾ പറഞ്ഞു വെച്ചത് വളരെ സുന്ദരമാണ്. അവർ പറഞ്ഞു 'ഏറ്റവും നഷ്ടകരമായ കർമ്മം ചെയ്യുന്നവർ ആരാണെന്ന് ഞങ്ങൾ നിങ്ങൾക്ക് പറഞ്ഞു തരട്ടയോ എന്ന് ധനബിയെപ താങ്കൾ ചോദിക്കണം. ധഎന്നിട്ടു പറയണം പ ഭൗതിക ജീവിതത്തിൽ തങ്ങളുടെ ഉദ്യമങ്ങൾ വൃഥാവിലായിപ്പോയവരാണവർ, പക്ഷേ അവരുടെ വിചാരം അവർ വളരെ നല്ല കർമ്മം ചെയ്യുന്നു എന്നാണ്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളും അവനുമായുള്ള കൂടികാഴ്ച്ചയും നിഷേധിക്കുകയും ,അങ്ങനെ അവരുടെ കർമ്മങ്ങൾ തകർന്നുപോവുകയും ചെയ്തവരാണവർ. അവസാന നാളിൽ അവർക്ക് ഒരു വിലയും നാം നൽകുകയില്ല'ധഅൽ കഹ്ഫ് :105പ

ചുരുക്കത്തിൽ .ഈ പമ്പര വിഡ്ഢികളും വഴികേടുകാരും മുസ്ലീം സമുദായത്തിൽ നിന്നുകൊണ്ട് അവർക്കെതിരെ പടപ്പുറപ്പാട് നടത്തുക എന്ന കാര്യത്തിൽ ഏകോപിതരാണ്. ജനങ്ങളുടെ സ്വത്തും സമ്പാദ്യവും കൈയടക്കുന്നതിനും അവിടങ്ങളിൽ തമ്പടിക്കുന്നതിനും സമാനചിന്താഗതിക്കാരെ ഒരേ സ്ഥലത്ത് ഒരുമിപ്പിക്കുന്നതിനും അവർ തോളോടുതോൾ ചേർന്ന് പ്രവർത്തിക്കുന്നു'ധഅൽ ബിദായ 7:286പ

**<u>ദാറുൽ കുഫ്റും ദാറുൽ ഇസ്ലാമും</u>**

ഇസ്ലാമിക കർമ്മശാസ്ത്ര വിശാരദർ, ലോകത്തെ ഇസ്ലാമിക ചുറ്റുപാടെന്നും ഇതര ചുറ്റുപാടെന്നും രണ്ടായി തരംതിരിച്ചിരിക്കുന്നു. ഇസ്ലാമിക ശരീഅത്തിന്റെ വിധിവിലക്കുകൾ സുസ്ഥിരമായ സംവിധാനത്തോട് പ്രയോഗവത്ക്കരിക്കാവുന്ന ദേശങ്ങളേയും, പരിപൂർണമായ തോതിൽ, നടപ്പുരീതിയനുസരിച്ച് അതു പ്രായോഗകമാവാത്ത ദേശങ്ങളെയും അന്വേഷണത്തിലൂടെ കണ്ടെത്തുകയും, അതിനെ അടിസ്ഥാനപ്പെടുത്തി ഇത്തരം സ്ഥലങ്ങളിൽ അനുവർത്തിക്കാവുന്ന പ്രത്യേക കർമ്മശാസ്ത്ര വിധിവിലക്കുകൾ ആവിഷ്കരിക്കുക എന്നതായിരുന്നു ഈ വിഭജനത്തിനു പിന്നിലെ പ്രേരക ശക്തി.

മുസ്ലിം, സ്വാഭാവികമായും നാടുചുറ്റുകയും, ഇടപഴകുകയും ഇടകലരുകയും ലോകത്തോട് സംവദിക്കികയും ചെയ്യുമെന്ന ചിന്തയാണ് അതിന്റെ പിന്നാമ്പുറം. ചിന്താഗതിയുടെയോ വിശ്വാസത്തിന്റേയോ വ്യത്യാസം അതിനെ ബാധിക്കില്ല. എന്നാൽ വിശ്വാസിയുടെ ഈ സഹവാസവും സമ്പർക്കവും ഇസ്ലാമിക നിയമങ്ങൾ പൂർണമായി നടപ്പിലാക്കപ്പെടുന്ന ഒരു സമൂഹത്തിലാണെങ്കിൽ , ആരാധനകളും ഇടപാടുകളും ഇസ്ലാം അനുസരിച്ച് നടത്തപ്പെടുന്നു. എങ്കിൽ അവിടെ മേലുദ്ധരിച്ച വിഭജനത്തിന്ന് പ്രസക്തിയില്ല.

ഇബനു ബതൂതയുടെ യാത്രകൾ ഇതിനുദാഹരണമാണ്. അദ്ദേഹം മൊറോക്കൻ പ്രവിശ്യകളുടെ  അങ്ങേയറ്റമായ ത്വൻജയിൽ നിന്നും ചൈന വരെ യാത്ര നടത്തി. തന്റെ മാനുഷികമായ വിവിധ പ്രവർത്തനങ്ങൾ പരിപൂർണ ഇസ്ലാമിക ചുറ്റുപാടിൽ അദ്ദേഹത്തിൻ നിർവ്വഹിക്കാനായി. അവിടെ ഇസ്ലാമിന്റെ സുസ്ഥിര നിയമവ്യവസ്ഥക്കുപകരം  ഒരു പ്രതേക (താൽകാലിക) വ്യവസ്ഥിയുടെ ആവശ്യമേ ഉണ്ടായില്ല.

മറുപുറത്ത്, മുസ്ലിം ലോകത്തിന്റെ വിവിധ ചക്രവാളങ്ങൾ താണ്ടിയേക്കാം.

മുസ്ലിം മതേതര രാജ്യങ്ങളിലും ദേശങ്ങളളിലും അവൻ എത്തിപ്പെട്ടേക്കാം അവിടെ താമസിക്കാനും ഇടപഴികാനും അവൻ നിർബന്ധിതനായേക്കാം. അങ്ങനെ അവൻ മറ്റു സമൂഹത്തിന്റെയും വ്യാപാരത്തിന്റെയും കുടുംബബന്ധങ്ങളും ചുറ്റുവട്ടങ്ങളും ഉണ്ടാവുകയും ചെയ്യാം. അത്തരം സന്ദർഭങ്ങളിൽ

ഇസ്ലാമിക ശരീഅത്തിന്റെ പ്രയോഗ വത്കരണത്തെ കുറിച്ച് ചോദ്യങ്ങളുയർന്ന് വരും. കാരണം ആനാടും ചുറ്റുപാടും രീതികളും വ്യവസ്ഥിതികളും അവരുടെ നിയമങ്ങളും സംസ്കാരവും ഇസ്ലാമേതരമാണ്.

അതുകൊണ്ടാണ് ഇസ്ലാമിക കർമശ്സ്ത്ര വിശാരദർ മേലുദ്ധരിച്ച വിഭജനത്തിൻ നിർബന്ധിതരായത്.

വിശുദ്ധ ഖുർആനിനെയും തിരുചര്യയേയും അസ്ഥാനപ്പെടുത്തി, ഇത്തരം സാഹചര്യങ്ങളിൽ ജീവിക്കേണ്ടിവരുന്ന, മുസ്ലിമിനെ, തന്റെ ചുറ്റുപാടുകളും ഇടപാടുകളും സ്വാഭാവികമായി തുടരുന്നതിനിടെ, ഇസ്ലാമികമായി അവൻ പരിഹാരം നിർദ്ദേശിക്കുന്നതിനും വിശദമായ ഉത്തരങ്ങൾ കണ്ടെ ത്തുന്നതിന്നും വേണ്ടിയായിരുന്നു അത്.

ലോകത്ത് ഇസ്ലാമേതര രാജ്യങ്ങളും സമൂഹങ്ങളും, പ്രദേശങ്ങളും സമുദായങ്ങളും സ്വാഭാവികമായും ഉണ്ടാവും. അവിടെ മുസ്ലിം ജീവിക്കുകയും സ്വാഭാവിക ജീവിതം നയിക്കുകയും ചെയ്യും. ഇടപാടുകളും കച്ചവടങ്ങളും നടത്തുകയും ശാസ്ത്രീയ ഗവേഷണങ്ങളും വിദ്യാഭ്യാസ പ്രവർത്തനങ്ങളും ഉണ്ടാവും. അതുകൊണ്ട് തന്നെ, അവന്റെ സാഹചര്യം ചില പ്രത്യേക നിയമങ്ങൾ

ആവശ്യ പ്പെട്ടുന്നു. അവയാപട്ടെ ഇസ്‌ലാമിക രാജ്യങ്ങളിലെ സ്വാഭാവികമായ നിയമങ്ങളിൽ നിന്നും വ്യത്യസ്ഥമാവലും അനിവാര്യമായിവരും.

ഇതുകൊണ്ടുതന്നെയാണ് കർമശാസ്ത്ര പണ്ഡിതന്മാർക്കിടയിൽ, ഇസ്‌ലാം ഇസ്‌ലാമേതര ദേശങ്ങളെ വേർതിരിക്കുന്ന വിഷയത്തിൽ അവരുടെ ഘടകങ്ങളെയും പരിധികളേയും സംബന്ധിച്ച്, അഭിപ്രായാന്തരമുണ്ടായത്. അതേസമയം ഈ അഭിപ്രായാന്തരങ്ങൾ ഒരിക്കലും ഈ ചിന്തയുടെ ആവശ്യകതയെ കുറിച്ചറിയിരുന്നില്ലതാനും. മറിച്ച് ഉയർന്നു വരുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളെ കുറിച്ചും, സ്വാഭാവികമായി ഇത്തരം സാഹചര്യങ്ങളിൽ വന്നു ചേർനേക്കാവുന്ന ഭവിഷത്തുകളെ കുറിച്ചായിരുന്നു.

ദാറുൽ ഇസ്‌ലാം, ദാറുൽ കുഫ്ർ എന്നത് കൊണ്ട് തന്നെ, കർമ്മശാസ്ത്ര മണ്ഡലങ്ങളിൽ, നിയതമായ രണ്ടു സംജ്ഞകളായിരുന്നു. ഒരിക്കലും ഇന്നവയ്ക്ക് ചില തീവ്രവാദ ചിന്താഗതിക്കാരാൽ കരഗതമായ സംഘട്ടനത്തിന്റെ അർത്ഥതലം അതിനു മുമ്പോരിക്കലും കൈവന്നിട്ടില്ല. ഈ പ്രസ്ഥാവനകളാണ് ആധുനിക സംസ്കാര പരിസരങ്ങളിൽ ഈ ചിന്തകൾക്ക് കരിനിഴൽ വീഴ്ത്തിയത്.

തങ്ങൾ ലോകത്തെ, ദാറുൽ കുഫ്ർ ദാറുൽ ഇസ്‌ലാം എന്നിങ്ങനെ രണ്ടായിതിരിച്ചത്, സുസ്ഥിരമായ ഇസ്‌ലാമിക നിയമങ്ങളുടെയും പ്രത്യേക വ്യവസ്ഥിതിയുടെയും ഇടയിലെ വ്യത്യാസങ്ങൾ കണ്ടെത്തുക എന്ന ഉദ്ദേശ്യത്തോടെ മറയിരുന്നു പെണ് കർമ്മശാസത്ര പണ്ഡിതർക്ക് നന്നായറിയാം. മറിച്ച് ഈരണ്ട് ദേശങ്ങളും തമ്മിലെ ഉഭയകക്ഷി ബന്ധമോ, അതു സംബന്ധമായ അന്വേഷണമോ അവർ വിചാരിച്ചതേ അല്ല. കാരണം മുസ്‌ലിം കൾക്ക് ഇതര മതസ്ഥരുമായുള്ള ബന്ധം വിശാലമായ സഹവർത്തിത്വത്തിന്റേതാണ്. കർമ്മശാസ്ത്രപരവും, ധാർമിക മൂല്യാധിഷ്ഠിതവും, മാനവ

കുലവുമായി ബന്ധപ്പെട്ട ദൈവിക ചര്യകളും സൻമാർഗ ദർശനവും എല്ലാം ഇടകലർന്ന....... വിശാലമായ പരസ്പര ബന്ധമാണത്. ഉന്നത സ്വഭാവങ്ങളും സന്മാഗ ദർശനവും ബോധനവുമാണ് അതിന്റെ അടിത്തറ. മറ്റുള്ളവയെല്ലാം താത്കാലികവും ക്ഷണികവുമാണ്. ഒരു സാഹചര്യത്തിൽ ഇടപെടുകയും അപ്രത്യക്ഷമാവുകയും ചെയ്യും. സന്മാർഗവും സ്വഭാവഗുണവുമാണ് അടിത്തറ. അവ എപ്പോഴും നിലനിൽക്കും.

ഇമാം തഖിയുദ്ധീൻ അസ്സുബ്കീ അദ്ദേഹത്തിന്റെ ഫതാവയിൽ പറയുന്നു. നബിതങ്ങൾ പറഞ്ഞിട്ടുണ്ട് 'അല്ലാഹു നീ വഴിഒരാളെ സന്മാർഗസ്ഥനാക്കിയാൽ അത് നിനക്ക് ചുവന്ന കണ്ണുള്ള ഒട്ടകങ്ങൾ ലഭിക്കുന്നതിനേക്കാൾ ലാഭകരമാണ്'. ഇതര മതസ്ഥർ മുസ്‌ലിംങ്ങളുമായി ഇടപഴകാതിരിക്കുന്നത്, ഇസ്‌ലാമിന്റെ നന്മകളെ അറിയാതിരിക്കാൻ അവർക്ക് കാരണമാകുന്നു. നിനക്കറിഞ്ഞുകൂടെ, ഹിജ്റയുടെ സമയം മുതൽ ഹുദൈബിയ സന്ധിവരെയുള്ള കാലഘട്ടത്തിനിടയിൽ വളരെ കുറച്ച് ആളുകളല്ലാതെ ഇസ്‌ലാം സ്വീകരിച്ചിട്ടില്ല. എന്നാൽ, ഹുദൈബിയ സന്ധിമുത ൽ മക്കാ വിജയംവരെയുള്ള സമയത്തിനിടയിൽ, ഏകദേശം പതിനായിരം ആളുകൾ മുസ്‌ലിമുകളായി. അവർ തമ്മിലെ ഇടപഴകലായിരുന്നു അതിനു കാരണം. അവർക്കിടയിലെ സമാധാന സന്ധിയാണ് അതിന് വഴി വെച്ചത്. ഇതുകൊണ്ട് തന്നെയാണ്, ഇസ്‌ലാം ഇതരമതസ്ഥരുമായുള്ള 'സംരക്ഷണ കരാർ' നടപ്പിൽ വരുത്തിയിരിക്കുന്നത്.( ഫതാവാസുബ്കീ 2: 404)

ഈ ആശയം കൃത്യമായി പറഞ്ഞാൽ, സ്ഥലങ്ങളെ സൂര്യഗതിക്കരനുസരിച്ച് ആരാധനാ സമയങ്ങൾക്കും സമയ......ഗണനകൾക്കുമായി വേർതിരിക്കുന്നതിനു തുല്യമാണ്. അഥവാ ചിലസ്ഥലങ്ങളിൽ സൂര്യോദയവും അസ്തമയവും മുഴുവൻ സമയവും വ്യവ

സ്ഥാപിത രീതിയിലായിരിക്കും. അവിടെ ആരാദനാസമയങ്ങളും അങ്ങനെ തന്നെ.

ഇത് വിശകലനം ചെയ്യുമ്പോൾ ഭൂമധ്യരേഖയിൽ പൂജ്യം ഡിഗ്രി മുതൽ 42 ഡിഗ്രി വരെ, ഭൗമ അടയാളങ്ങൾ വ്യത്യാസമില്ലാതെ തുടരുന്നതും, 42 മുതൽ 62 ഡിഗ്രിവരെ, അവവ്യത്യാസപ്പെടുന്നതും കാണാനാകും. ഇത്തരം വ്യത്യാസം ബാധിക്കുന്നിടങ്ങളിൽ രാത്രി സമയം കേവലം നാലോ അഞ്ചോ മണിക്കൂറും ദിവസത്തിലെ ബാക്കി സമയം മുഴുവനും പകലുമായിരിക്കും. അവയിൽ ചില സമയത്ത് വ്യത്യാസങ്ങൾ കൂടുതലോ കുറവോ അനുഭവപ്പെടുകയും ചെയ്യും. ഇതടിസ്ഥാനപ്പെടുത്തി, അവിടങ്ങളിൽ ജീവിക്കുന്നയാളുകടെ നോമ്പും നോമ്പുതുറയും എങ്ങിനെ ചിട്ടപ്പെടുത്തും?. അതിനു പ്രത്യേകമായ കർമ്മശാസ്ത്ര നിയമം തന്നെ വേണം. ഈ മതം വിശാലതയുമായാണ് കടന്നു വന്നിരിക്കുന്നത്. ലോകമൊന്നടങ്കമുള്ള ജനതയ്ക്ക് അവരുടെ ആവാസരീതിയോ വ്യവസ്ഥയോ ദേശമോ ഏതുതന്നെയായാലും, അവരുടെ സമസ്യകൾക്ക് പൂർണം നൽകാനാണ് ഈ മതം ആഗതമായത്.

അതേസമയം ഭൗമഡിഗ്രി 62 മുതൽ ധ്രുവം വരെയുള്ള സ്ഥലങ്ങളിൽ ഭൗമാടയാളങ്ങൾ ദൃശ്യമല്ല. സ്വീഡൻ, നോർവേ പോലുള്ള സ്കാൻഡിനേവിയൻ രാജ്യങ്ങളും, ധ്രുവപ്രദേശങ്ങളിലെ താമസക്കാരും അതിനുദാഹരണമാണ്. അവർ ആറുമാസം തുടർച്ചയായി അസ്തമിക്കാത്ത സൂര്യനെ ദർശിക്കുന്നു. അപ്പോൾ അവർ സുബ്ഹി എങ്ങിനെ നിസ്കരിക്കും?.നോമ്പ് എപ്പോൾ തുടങ്ങി എപ്പോൾ അവസാനിപ്പിക്കും? ഈ മേഖലയിൽ താമസിക്കുന്ന ഇത്തരം മതപരമായ കാര്യങ്ങളിൽ എന്തുനിലപാട് അനുവർത്തിക്കും.

ഈ ചിന്തയും സിദ്ധാന്തവുമാണ്, പൊതുവീക്ഷണവുമാണ് കർമ്മശാസ്ത്ര പണ്ഡിതരെ, സുസ്ഥിര ഭൗമ അടയാള ദേശങ്ങൾ,

അടയാളങ്ങൾ മാറി മറിയുന്ന ദേശങ്ങൾ, ഭൗമ അടയാളങ്ങൾ തീരെ ഇല്ലാത്ത ദേശങ്ങൾ എന്നിങ്ങനെ വിഭജിക്കാൻ പ്രേരിപ്പിച്ചത്. ഈ മേഖലയിൽ ദീനനുസരിച്ച് ജീവിക്കാൻ അവിടെത്തുകാരെ സഹായിക്കുക എന്ന സദുദ്ദേശ്യമാണ് കർമ്മ ശാസ്ത്രജ്ഞരുടെ ലക്ഷ്യം.

ഇതേസാഹചര്യത്തോടാണ് ഇസ്‌ലാമിക നിയമം പൂർണമായി നടപ്പിലാക്കാവുന്ന പ്രദേശങ്ങൾ, ഇസ്‌ലാമേതര പ്രദേശത്ത്, പ്രത്യേക നിയമനിർമാണം ആവശ്യമായി വരുന്ന രീതിയിൽ ഇസ്‌ലാമിക മായി ജീവിക്കുന്ന മുസ്‌ലിമുകൾ എന്ന സങ്കല്പത്തെ താരതമ്യപ്പെടുത്തേണ്ടത്. അങ്ങനെയാണ് .......ഉദാഹരണമായി ഹനഫീ മദ്ഹബുകാർ, ഇസ്‌ലാമേതര ദേശങ്ങളിൽ ശരീഅത്ത് നിയമ പ്രകാരം സാധുവല്ലാത്ത കച്ചവട ഇടപാടുകൾ, അനുവദനീയമാണെന്നും, അവരുമായി അനന്തരാവകാശ നിയമങ്ങൾ പാലിക്കാമെന്നും ചിന്തിച്ചു തുടങ്ങിയത്.

ഇമാം അബൂഹനീഫ(റ)വിന്റെയും അദ്ദേഹത്തിന്റെ മദ്ഹബിലെ അഗ്രകണ്യരുടെയും, മബ്സ്വൂത്വിന്റെ രചയിതാവ് ഇമാം സർഖസി, ബദാഇഉ സ്വഹാഇക്ക്ന്റെ രചയിതാവ് ഇമാം കാസാനി തുടങ്ങിയവർ ഉദാഹരണം, പുറമേ ഇമാം ശാഫിഈ(റ) അദ്ദേഹത്തിന്റെ മദ്ഹബിലെ പിൻഗാമികൾ തുടങ്ങിയവരുടേയും ചിന്തയിൽ എന്തായിരുന്നു മേലുദ്ധരിച്ച വിഷയത്തിൽ ഉണ്ടായിരുന്നത് എന്ന് അന്വേഷിക്കുമ്പോൾ, മതപരമായ വിധിവിലക്കുകളുടെ പ്രായോഗിക തലവുമായി ബന്ധപ്പെട്ട കൃത്യമായ രൂപരേഖയും ചുറ്റുവട്ടവും വരച്ചു വെക്കുക തന്നെയായിരുന്നു അവരെന്ന് വ്യക്തമാവും മതനിയമങ്ങളെ,

ചുരുക്കത്തിൽ, ദാറുൽ കുഫർ, ദാറുൽ ഇസ്‌ലാം എന്ന വിഭജനത്തിന്റെ അടിസ്ഥാന ചിന്ത ജീവിതമാണ്. അതൊരിക്കലും മര

ണത്തിന്റേയോ കൊലപാതകത്തിന്റേയോ ശത്രുതയുടെയോ സം ഘട്ടനത്തിന്റേയോ ഫിലോസഫിയെ പ്രതിനിധീകരിച്ചല്ല.

ഇനി, കഴിഞ്ഞ 80 വർഷത്തിനിടെ തീവ്രചിന്താധാരകൾ എങ്ങനെ വഴി തെറ്റിയെന്നും, ദാറുൽ കുഫ്ർ, ദാറുൽ ഇസ്ലാം എന്ന ജീവിത ഗന്ധിയായ ആശയത്തെ അതിന്റെ മണ്ഡലത്തിൽ നിന്നവർ എങ്ങനെ അടർത്തിമാറ്റിയെന്നും, ജീവിത വിഷയത്തിൽ നിന്ന് അ തിനെ, കൊല്ലിന്റെയും സർവ്വ നാശത്തിന്റേയും രക്തച്ചൊരിച്ചിലി ന്റെയും തത്വശാസ്ത്രമാക്കി അവരെങ്ങനെ മാറ്റിയെടുത്തുവെന്നും, എങ്ങനെയാണ് ആ സുന്ദര ആശയം മുസ്ലിംകൾക്കും, ജനതക്കാക മാനവും വിപത്തിൽ വാതിലുകൾ തുറന്നു വച്ചതെന്നും നമുക്ക് നോക്കാം. ഈ അപഥ സഞ്ചാരം, ജനങ്ങളെ ഇസ്ലാമിക കർമ്മശാ സ്ത്ര വിശാരകരെക്കുറിച്ചും എന്നുമാത്രമല്ല, ഇസ്ലാമിനെ കുറിച്ചു തന്നെ തെറ്റുധാരണകൾ വെച്ചുപുലർത്താൻ കാരണമായി.

ദാറുൽ കുഫർ, ദാറുൽ ഈമാൻ എന്ന വിഷയത്തെകുറിച്ച് സയ്യിദ് ഖുത്വുബിനും അയാളുടെ അനുചര വൃന്ദത്തിനും .......മളാർ വികലവും വിഭിന്നവുംമായ കാഴ്ചപ്പാടാണുള്ളത്. രിസാലതുൽ ഈമാൻ എന്ന കൃതിയുടെ രചയിതാവ്, സ്വാലിഹ് സരിയ്യ, ശുക്രീ മുസ്ത്വഫ, അൽ ഫരീഇ അൽ ഗാഇബയുടെ രചയിതാവ് അബ്ദു സ്സലാം ഫറജ്, തുടങ്ങിയവരും ദാഇഗ് ഉൾപ്പെടെ സംഗങ്ങളും അ നുചര വൃന്ദത്തിന് ഉദാഹരണം.

സയ്യിദ് ഖുത്വുബ് 'ജിലാലിൽ' പറയുന്നു. ' ഇസ്ലാമിന്റേയും മുസ്ലീങ്ങളുടേയും കാഴ്ചപ്പാടിൽ ലോകം രണ്ടായി തരം തിരി യുന്നു. മൂന്നാമതൊന്നില്ല തന്നെ' ഒന്ന്: ദാറുൽ ഇസ്ലാം . ഇസ്ലാമിക നിയമങ്ങൾ നടപ്പിലാക്കപ്പെടുകയും, ഇസ്ലാമിക ശരീഅത്ത് ഭരണാ ടിത്തറയാവുകയും ചെയ്യുന്ന സ്ഥലങ്ങൾ, അവിടത്തെ ആളുകൾ മുഴുവൻ മുസ്ലിംകളായാലും, അല്ലങ്കിൽ മുസ്ലിംകളും സംരക്ഷണം

നൽകപ്പെട്ട ഇതര മതരസ്ഥരുമായാലും , അല്ലങ്കിൽ ആളുകൾ മുഴുവൻ ഇസ്ലാമിന്റെ സംരക്ഷണയിലാണ്(മുസ്ലിംകളല്ല). പക്ഷേ, ഭരണാവികാരികൾ മുസ്ലിംകളാണ്, ഇസ്ലാമനുസരിച്ച് ഭരണം നടത്തുന്നു. ഇവയെല്ലാം ദാറുൽ ഇസ്ലാം തന്നെ. അഥവാ ഒരു രാജ്യം ഇസ്ലാമികമാണോ അല്ലയോ എന്നതു മാത്രമാണ്.

രണ്ട്: ദാറുൽ ഹർബ്. നാട്ടുകാർ ആരായിരുന്നാലും , അവർ മുസ്ലിംകളെന്നു പറഞ്ഞാലും , വേദക്കാർ എന്നു പറഞ്ഞാലും, കാഫിറുകൾ എന്നു പറഞ്ഞാലും, ഇസ്ലാമിക നിയമങ്ങൾ നടപ്പിലാക്കപ്പെടുന്നില്ലങ്കിൽ, ശരീഅത്തിന്റെ ഭരണഘടയാകുന്നില്ലങ്കിൽ അത് ദാറുൽ ഹർബ് തന്നെ. ഇസ്ലാമിക ശരീഅത്തനുസരിച്ച് വിധിക്കപ്പെടുന്നുണ്ടോ ഇല്ലയോ എന്നതുമാത്രമാണിവിടെ മാനദണ്ഡം.

അഥവാ ഇസ്ലാമിക സമൂഹമെന്നാൽ മേലുദ്ധരിച്ച നിർവ്വചമന പ്രകാരമുള്ള ദാറുൽ ഇസ്ലാമിലെ സമൂഹം മാത്രമാണ്. അത്തരത്തിലുള്ള, അല്ലാഹുവിന്റെ ജീവിത വ്യവസ്ഥിതിയിൽ നിലനിൽക്കുന്ന ശരീഅത്തനുസരിച്ച് വിധി കൽപ്പിക്കപ്പെടുന്ന സമൂഹത്തിൽ മാത്രമാണ് ജീവനും സ്വത്തും പൊതുവ്യവസ്ഥിതിയും സംരക്ഷിക്കപ്പെടാൻ അർഹതയുള്ളൂ. അവിടെ മാത്രമാണ് പൊതു സുരക്ഷക്ക് ഭംഗം വരുത്തുന്നവരെ നിലക്കു നിർത്തേണ്ടത്. സ്വത്തിനും ജീവനും എതിരേ അതിക്രമം നടത്തുന്നവരെ ശരീഅത്തു വിധി പ്രകാരം ശിക്ഷിക്കേണ്ടത്. കാരണം അത്തരം സമൂഹം ഉന്നതവും ശ്രേഷ്ടവും, നീതി പൂർവ്വകവും സ്വതന്ത്രവുമായ ഒന്നാണ്. അവിടെ ശക്തനും ദുർബലനുമെല്ലാം തൊഴിലിനും ജീവിത വൃത്തിക്കും ആവശ്യമായ നടപടികൾ എടുത്തു കഴിഞ്ഞിട്ടുണ്ട്. നന്മക്ക് അനുഗുണവും തിന്മക്ക പ്രതികുലവുമായ സാഹചര്യംവും പ്രേരകങ്ങളും മുഴുവൻ  തലത്തിലും അവിടെ സജ്ജമാണ്. അവിടെ ജീവിക്കുന്ന ഓരോരുത്തരും ഈ സംവിധാനം അവർക്കു കനിഞ്ഞു നൽകുന്ന അനുഗ്രഹങ്ങൾ കാത്തു സംരക്ഷിക്കലും മറ്റുള്ളവരുടെ

ജീവൻ, സ്വത്ത് , അഭിമാനം തുടങ്ങിയവയ്ക്ക് വില കൽപ്പിക്കലും , രാജ്യ സുരക്ഷക്ക് സംരക്ഷണം നൽകലും സ്വന്തം ബാധ്യതയായി കാണേണ്ടതുണ്ട്. കാരണം അവർ അവിടെ നിർഭയനും സുരക്ഷിതനും വിജയ ശ്രീലാളിതനുമായി അവകാശങ്ങൾ സംരക്ഷിക്കപ്പെട്ട്, മാനുഷികവും, സാമൂഹികവുമായ മുഴുവൻ ്വകാശങ്ങളും അംഗീകരിക്കപ്പെട്ട് ജീവിക്കുകയാണ്. ഇതിനെല്ലാം ശേഷം ആരെങ്കിലും ഈ വ്യവസ്ഥിതിക്കെതിരെ അവൻ തെമ്മാടിയും കുറ്റവാളിയും അതിക്രമിയുമാണ്. അവൻ കഠിനമായ ശിക്ഷയർഹിക്കുന്നു. അതേ സമയം ഈ നടപടികൾ മുഴുവൻ ഊഹങ്ങളുടെ ബലത്തിലാവാതിരിക്കാനും സംശയങ്ങളുടെയും അവ്യക്തതകളുടെയും പേരിൽ വേണ്ടെന്നു വെക്കാനും സംവിധാനം ഉണ്ടായിരിക്കണം.

അതേ സമയം, ദാറുൽ ഹർബിന്റെ മുമ്പ് പറഞ്ഞ നിർവ്വചനത്തെ മുൻ നിർത്തി, അതിനോ അവിടെ ജീവിക്കുന്നവർക്കോ ഇസ്ലാമിക ശരീഅത്ത് വിഭാവന ചെയ്യുന്ന യാതൊരു സംരക്ഷണക്കും അർഹതയില്ല. കാരണം അവർ പ്രാഥമികമായിത്തന്നെ ശരീഅത്ത് നടപ്പിലാക്കുന്നില്ല. ഇസ്ലാമിന്റെ അധീശത്വം അംഗീകരിക്കന്നുമില്ല. ദാറുൽ ഇസ്ലാമിൽ ഇസ്ലാമിക ശരീഅത്തനുസരിച്ച് ജീവിക്കുന്ന മുസ്ലികളെ സംബന്ധിച്ചിടത്തോളം ദാറുൽ ഹർബ്, സുരക്ഷിത സ്ഥലമല്ലതാനും.

ഇസ്ലാമിൽ ആ ദേശത്തിനോ , അവിടത്തെ സ്വത്തിനോ ജീവനോ ഒരു സംരക്ഷണവുമില്ല, അവ അനുവദനീയമാണ്. ഉടമ്പടികൾ നടപ്പിലാക്കപ്പെടുന്ന ചുറ്റുപാട് നിലവിലുണ്ടെങ്കിൽ, അവയുടെ അടിസ്ഥാനത്തിലൊഴികെ. അതേ പ്രകാരം , ഇസ്ലാമിക ശരീഅത്ത് ദാറുൽ ഹർബിലെ മൊബർമാർക്ക്, അവർ ഉടമ്പടി പ്രകാരം ദാറുൽ ഇസ്ലാമിലേക്ക് പ്രവേശിക്കുന്ന സമയത്ത് അവർക്ക് സുരക്ഷയും നിർഭയത്വവും നൽകേണ്ടതാണ്. അത് മുസ്ലിം ഭരണാധികാരിയുടെ ബാധ്യതായാണ്. (ളിലാൽ 2:873)

ഈ സംസാരം അങ്ങേഅറ്റം ഗുരുതരമാണ്. മുസ്ലിംകൾ മുഴുവൻ വിനയായിത്തീർന്ന, അവരുടെ രക്തമൊഴുകിയ, അവർക്കു തന്നെ വിപത്തിന്റെ വാതായനങ്ങൾ തുറന്ന, ദാഇശ്, അൽ കാഇദ തുടങ്ങിയ മുഴുവൻ തീവ്ര ചിന്താ ധാരകളും അവരുടെ പ്രായോഗികരാ കൈവരിക്കുന്നത് ഇതു പോലുള്ള കാഴ്ചപ്പാടുകളിൽ നിന്നാണ്.

കാരണം സയ്യിദ് ഖുത്വുബ് പറയുന്നത് നമുക്ക് ചുറ്റും പോകം ഒന്നുങ്കിൽ ദാറുൽ ഇസ്ലാം അല്ലങ്കിൽ ദാറുൽ ഹർബ്. മൂന്നാമതൊന്നില്ല തന്നെ. അങ്ങനെ വരുമ്പോൾ മുസ്ലിംകൾക്ക് മറ്റുള്ളവരുമായി സഹവർത്തിക്കാവുന്ന ഒരു മണ്ഡലം ഇല്ല തന്നെ!

മാത്രമല്ല അദ്ദേഹത്തിന്റെ ദാറുൽ കുഫ്ർ എന്നത് മുഴുവൻ മുസ്ലിം രാജ്യങ്ങളും ഉൾക്കൊള്ളുന്നതാണ്. കാരണം അദ്ദേഹം അവരെ മുഴുവൻ ആദ്യമേ മതഭ്രഷ്ടരാക്കുകയും ജാഹിലിയ്യാ സമൂഹമായി ചിത്രീകരിക്കുയും ചെയ്തിട്ടുണ്ട്. ഈ ജാഹിലിയ്യത്ത് എന്നത് അദ്ദേഹത്തിന് ദൈവനിഷേധവും മതഭ്രഷ്ടവുമല്ലാതെ മറ്റൊന്നുമല്ല.

ഇനി ഒരു ദാറുൽ ഇസ്ലാം എന്നത് സാധ്യമാവാൻ ഒരു ദേശത്തോ പ്രദേശത്തോ ഒരു വിഭാഗവും ഒരു വ്യക്തിയും അവിടം ദാറുൽ ഇസ്ലാമാണെന്ന് വാദിക്കുകയും ചെയ്യുന്നതെ സാധ്യമല്ലെന്നാണ് അദ്ദേഹത്തിന്റെ നിലപാട്.

സ്വയം ദാറുൽ ഇസ്ലാം എന്നു വിശേഷണം ഈ വിഭാഗവും, മറ്റു ദിയാറുൽ കുഫ്റും തമ്മിലെ പരസ്പര ബന്ധം സമാധാനമില്ലാത്ത നിരന്തര യുദ്ധത്തിന്റേതാണ്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ ദാറുൽ ഇസ്ലാമിൽ മാത്രമാണ് നിർഭയത്വം നിലനിൽക്കുക. അവിടെ മാത്രം ജീവനും സ്വത്തും പൊതു വ്യവസ്ഥയും സംരക്ഷിക്കപ്പെടുക.

എന്നാൽ , മുസ്ലിം രാജ്യങ്ങൾ മുഴുവൻ ഉൾപ്പെടുന്ന ദാറുൽ ഹർബാവട്ടെ, അതിനോ അതിലെ ആളുകൾക്കോ ഒരു നിർഭയത്വ ത്തിനും അവകാശമില്ല. കാരണം അവ ദാറുൽ ഇസ്ലാമിനെ സംബ ന്ധിച്ചിടത്തോളം സുരക്ഷിത കേന്ദ്രങ്ങളല്ല. അവിടെ ജീവനുകൾക്ക് വിലയില്ല.

ഇരുളടഞ്ഞ, സങ്കീർണ്ണമായ, സ്വയം പീഡനം നിറഞ്ഞു തു ളുമ്പുന്ന ഈ കാഴ്ചപ്പാടിലെ ഒരു വാക്കുകളും ആശയങ്ങളും നാം ഒരിമിച്ചു കൂട്ടി പ്രായോഗികമായി വിലയിരുത്തിയാൽ ഇന്നത്തെ 'ദാഇശ്' നമ്മുടെ കൺമുമ്പിൽ പൂർണ്ണരൂപിയായി വന്നു നിൽക്കു ന്നത് കാണാനാവും. അൽ ഖാഇദയും മറ്റു തെമ്മാടി, ഭീകരവാദ സംഘടനകളും അതു പ്രകാരം തന്നെ.

ഇമാം മുസ്ലിം അദ്ദേഹത്തിന്റെ സ്വഹീഹിൽ നബി(സ്വ) പറ യുന്നതായി റിപ്പോർട്ട ചെയ്യുന്നു.' എന്റെ ഉമ്മത്തിനെതിരെ ഒരാൾ ആയുധവുമായി പുറപ്പെട്ടാൽ അവൻ അവരിലെ സത് വൃത്തനെ യും തെമ്മാടിയേയും വെട്ടി മലർത്തുന്നു, അവൻ മുഅ്മിനിനെ പ രിഗണിക്കുന്നില്ല, ഉടമ്പടിക്കാർക്ക് അതിന്റെ സ്ഥാനം നൽകുന്നു മില്ല. അങ്ങനെ വരുകിൻ അവൻ എന്നിൽ പെട്ടവനോ, ഞാൻ അവ നോട് ബന്ധപ്പെട്ടവനോ അല്ല(സ്വഹീഹ് മുസ്ലിം6:21,കിതാബുൽ ഇ ഷാറത്).

അപ്പോൾ പിന്നെ, അങ്ങയുടെ സ്വന്തം സമൂഹത്തിനു നേരെ തന്നെ പടപ്പുറപ്പാടു നടത്തുന്നവരെക്കുറിച്ച് എന്തു പറയാനാണ്. അവരെ അവിശ്വാസികളാക്കുകയും, ശിർക്കാരോപണം നടത്തു കയും അവർക്കുമേൽ അധീശത്വം സ്ഥാപിക്കുകയും, അവരുടെ കൂട്ടത്തിൽ തന്നെ വിഘടിച്ചു നിൽക്കുകയും, അവരിലെ നല്ലവ രെയും തെമ്മാടികളെയും വകവരുത്തുകയും, അവരിലെ മുഅ്മി നിനെ പരിഗണിക്കാതിരിക്കുകയും, വാഗ്ദാനങ്ങളും ഉടമ്പടികളും

ലംഘിക്കുകുയും ചെയ്തതിനു ശേഷം, അവർ മാത്രമാണ് ഇസ്ലാമിന്റെ ആളുകളെന്നു വാദിക്കുകയും ചെയ്യുന്നവരെക്കുറിച്ച് ലോകർക്ക് മുഴുവൻ അനുഗ്രഹമായി ആഗതമായ അങ്ങയുടെ ദീൻ അവരുടെ കൈകളാൽ , ലോകർക്കു മുഴുവൻ ശിക്ഷയും വിപത്തുമായിത്തീരുകയും ചെയ്തിരിക്കുന്നു.

'ളിലാലുൽ ഖുർആനിൽ' അദ്ദേഹം പറഞ്ഞു.'ഈ ദീനിന്ന് അതിന്റെ പ്രതിയോഗികളെ പ്രതിരോധക്കാതിരിക്കാൻ ആവില്ല തന്നെ. ലോകർക്കു മുഴുവനായി അല്ലാഹുവിന്റെ റുബൂബിയ്യത്ത് വ്യാഖ്യാനം വഴിയും ദൈവേതര ശകക്തകളിൽ നിന്ന് അവനെ സ്വതന്ത്രനാക്കുകയും വഴി ഈ ദീനിന്റെ കേവല സാന്നിധ്യം സാധ്യമാവും. ഈ സാന്നിധ്യത്തിന് ഒരു പ്രാസ്ഥാനിക സംഘശക്തി, ജാഹിലീ നേതൃത്വമല്ലാത്ത ഒരു പുതുനിരയുടെ കീഴിൽ ഉണ്ടാവേണ്ടതുണ്ട്. മനുഷ്യരിൽ ഒരാൾക്കും ഹാകിമിയ്യത്ത് വിധിച്ചു നൽകാത്തതും , അല്ലാഹുവിന് മാത്രം അതു നൽകുകയും ചെയ്യുന്ന സ്വതന്ത്രവും വ്യതിരിക്തവുമായ ഒരു വിഭാഗമാവും അത്.

പ്രസ്തുത രീതിയിലുള്ള ഈ മതത്തിന്റെ സാന്നിധ്യം തന്നെ അതിനു ചുറ്റുമുള്ള ജാഹിലീ സമൂഹങ്ങളെ എതിർക്കുകയും വ്യക്തി പൂജയിൽ നിന്ന് അവരെ തടയുകയും, സ്വയം നിലനൽപ്പിനായി അവയെ ഇല്ലായ്മ ചെയ്യുവാൻ ശ്രമിക്കുകയും ചെയ്യും. സ്വയം പ്രതിരോധത്തിനായുള്ള പുതിയ സമൂഹത്തിന്റെ മുന്നേറ്റം അത്യാവശ്യവുമാണല്ലോ.

ഇത് ഒരു നിർബന്ധിത ഇടപെടലാണ്. ഇതിന് ഇസ്ലാമിനോളം പാരമ്പര്യമുള്ള നിർബന്ധിത ബാധ്യതയാണ്. അധികകാലം സമരസപ്പെട്ടു പോവാത്ത രണ്ട് അസ്ഥിത്വങ്ങൾ തമ്മിലുള്ള ഒഴിച്ചു കൂട്ടാനാവാത്ത സംഘട്ടനം.

(ളിലാൽ3:1441)

വീണ്ടും അദ്ദേഹം പറയുന്നു 'അവർ എത്തിപ്പെട്ടിരിക്കുന്ന ജാഹിലിയ്യത്തും, അവരുടെ വ്യവസ്ഥിതികളും ധാർമ്മിക ചുറ്റുപാടുകളും എത്തിച്ചേർന്നിരിക്കുന്ന അവസ്ഥാവിശേഷവും ഈ മതത്തിനു യോജിച്ചുപോവാൻ സാധിക്കുന്ന തരത്തിലുള്ളതല്ലെന്ന് അവർക്കറിയാം. ഈ മതം ആധിപത്യം നേടുകയും ജാഹിലിയ്യത്ത് നീങ്ങിപ്പോവുകയും ചെയ്യുവോളം ഈ സംഘട്ടനം നിലക്കുകയോ, അത്തരം ചുറ്റുപാടുകളോട് ദീൻ അനുകമ്പ പുലർത്തുകയോ ചെയ്യില്ലെന്നും അവർക്കറിയാം. അഥവാ, ഭൂമിയിൽ പൂർണ്ണാധികാരം അല്ലാഹുവിനു മാത്രമാവണം. അല്ലാഹുവിന്റെ അധികാര പരിധിയിൽ അതിക്രമം നടത്തുന്ന മുഴുവൻ അക്രമകാരികളും ആട്ടിയോടിക്കപ്പെടണം. അങ്ങനെ മാത്രമേ ദീൻ മുഴുവൻ അല്ലാഹുവിനായി എന്ന് പറയാനാവൂ'(ളിലാൽ 2:1061).

ദാറുൽ ഹർബ്, ദാറുൽ ഇസ്ലാം എന്ന വിഷയത്തിൽ പണ്ഡിത വരേണ്യരുടെ വിശദീകരണവും, അവ തമ്മിലെ വ്യത്യാസങ്ങളും , വിധിവിലക്കുകളും നാം മനസ്സിലാക്കുകയും അതിനു ശേഷം ഇന്നത്തെ പുതുതലമുറയുടെ കാഴ്ചപ്പാട് നാം പരിശോധിക്കുകയും ചെയ്താൽ, അല്ലാഹുവിന്റെ ദീനിലെ പൊതു ദർശനത്തിൽ നിന്ന് അതിസൂക്ഷ്മ വൈജ്ഞാനിക സരണിയിലൂടെ കരുണയുടേയും ആശ്വാസത്തിന്റെയും മഹദ് സന്ദേശങ്ങൾ ഉരുത്തിരിച്ചെടുക്കുന്നതും, ഈ വൈജ്ഞാനിക സരണിയുടെ അഭാവത്തിൽ അതേ ദർശനത്തിൽ നിന്നു തന്നെ, വെറുപ്പിന്റെയും ഏറ്റുമുട്ടലിന്റെയും സംഘട്ടനത്തിന്റെയും ആശയം നിർമിച്ചെടുത്ത്, ദീനിനും അപകീർത്തി സംഭവിക്കുന്നതും നമുക്ക് കാണാനാവും.

ദാറുൽ ഇസ്ലാം, ദാറുൽ കുഫ്ർ എന്ന ഈ വർഗീകരണം ഹിജറയുടെ മൂന്ന് നാല് നൂറ്റാണ്ടുകളിലാണ് സംഭവിക്കുന്നത്. അന്നവ പൂർണ്ണമായും അനുവദനീയവും സുസ്ഥിരവുമായ ആശയമായിരുന്നു. അവയിൽ ന്യൂനതയോ, അവ കാരണമായി അപകട സാ

ധ്യതയോ ആരും വിചാരിച്ചില്ല. മാനവിക ചിന്തയുടെ പുരോഗതി യോടനുബന്ധമായി , ഈ ചിന്തയും ആധുനികമായ പൂർണ്ണമായും മറ്റൊരു നാമധേയത്തിലേക്ക് പരിവർത്തിതമായി ഇന്നത്, അന്താരാഷ്ട്ര ബന്ധങ്ങൾ എന്നോ, അന്താരാഷ്ട്ര സഹകരണം എന്നോ അതറിയപ്പെടുന്നു.

അഥവാ, ഇമാം അബൂ ഹനീഫയും മറ്റു പ്രമുഖരും ഏകദേശം 1300 വർഷങ്ങൾക്ക് മുമ്പ്, ആലോചന നടത്തിയ ഒരു വിഷയം , ഇന്നു നമ്മുടെ സാഹചര്യത്തിൽ സ്വന്തമായി നിദാനങ്ങളും, നിയമങ്ങളും, വക്താക്കളും, വ്യവസ്ഥിയുമുള്ള ഒരു വിജ്ഞാന ശാഖയായി മാറി. അന്താരാഷ്ട്ര സഹകരണ പഠനം എന്നറിയപ്പെടുകയും അന്താരാഷ്ട്ര നിയമങ്ങൾ അതിൽ നിന്നും ഉരുത്തിരിയുകയും ചെയ്തു. ഉടമ്പടികളിലും കരാറുകളിലും പ്രോട്ടോകോളുകളിലും, വിശദീകരിക്കപ്പെടുന്ന അന്താരാഷ്ട്ര ബന്ധം. അതു തന്നെയാണ് ഇമാം അബൂഹനീഫ(റ) മറ്റൊരു പേരിൽ അവതരിപ്പിച്ചതും പരിചയപ്പെടുത്തിയതും.

പിന്നീട്, പുതിയ കാലത്തെ, ചില ഗവേഷകർ ഇമാം മുഹമ്മദ് ബ്നു ഹസൻ അൽ ശൈബാനിയുടെ 'അസ്സയ്ർ അൽ കബീർ' എന്ന ഗ്രന്ഥം നിരന്തര വിശകലനങ്ങൾക്കു വിധേയമാക്കിയപ്പോൾ, അത് വിശദീകരിക്കുന്ന, ഇസ്ലാമിന്റെ ആദ്യ പ്ാദത്തിൽ അരങ്ങേറിയ യുദ്ധങ്ങൾ, ദൗത്യ സംഘങ്ങൾ, കച്ചവട യാത്രകൾ, ഏറ്റുമുട്ടലുകൾ, ഉടമ്പടികൾ, വ്യവസ്ഥിതികൾ, സമാധാന സന്ധികൾ തുടങ്ങിയ പരസ്പര സഹവർതിത്ത്വ ചിത്രങ്ങൾ അവർ മനസ്സിലാക്കുകയും അങ്ങനെ, അന്താരാഷ്ട്ര ബന്ധങ്ങളെ സംബന്ധിച്ച് വിരചിതമായ ആദ്യ ഗ്രന്ഥമാണിതെന്ന് അവർ വിധി കൽപ്പിക്കുകയുമുണ്ടായി. പിന്നീട് 1968 ൽ 'ജംഇയ്യതു ശൈബാനി' എന്ന പേരിൽ പാരീസിൽ ഒരു നിയമ സംഘടന രൂപീകരിക്കപ്പെടുകയും അവർ ഇമാം ശൈബാനിയെ കുറിച്ചും അദ്ദേഹത്തിന്റെ പ്രസ്തുത ഗ്രന്ഥ

ത്തെ കുറിച്ചും പഠനം നടത്തുകയും ചെയ്തു. യൂറോപ്യൻ ചരിത്ര ത്തിൽ അതിനു സമാനമായ ഒരു ഗ്രന്ഥം പിറവിയെടുക്കാൻ ശൈ ബാനിയുടെ ഗ്രന്ഥത്തിനു ശേഷം ആറു നൂറ്റാണ്ടു സമയമെടുത്ത വത്രെ!.ഇമാം ഗൈബറനിയും ഗ്രന്ഥത്തിൽ,പിന്നീട്ടും പല ആധുനി ക ഗവേഷക സംഘങ്ങളും സൂഷ നിരീക്ഷണവും വിശകലനവും നടത്തുകയുണ്ടായി. അവർ ആധുനിക വിജഞാനീയങ്ങളുടെ വെ ളിച്ചത്തിൽ ആ ആശയങ്ങളെ വിലയിരുത്തി. അതിന്റെ ഫലമായി അൽറ്റത്അ്ഹമൽ അൽ ആലമി ലിൽഫിക്ര് അൽ ഇസ്ലാമീ 12 ഭാഗ ങ്ങളിലായി 'ഇസ്ലാമിക അന്താരാഷ്ട്ര ബന്ധങ്ങളുടെ വിജ്ഞന കോശം' എന്ന പേരിൽ ഒരു ബൃഹത് ഗ്രന്ഥം പുറത്തിറകി. അന്ന് ശൈബാനീ സംസാരിച്ചു പച്ചതു തന്നെയാണ് ഇന്നത്തെ അന്താരാ ഷ്ട്ര ബന്ധങ്ങളെന്നും.ലോകത്തെ ദാറുൽ ഇസ്ലാം,ദാറുൽ കുഫ്ർ എ ന്ന അദ്ദേഹത്തിന്റെ വർഗീകരണത്തിന് ഇന്ന് ചില പൂർത്തീകരണ ങ്ങളും അനുബന്ധങ്ങളും ആവശ്യമാണന്നും ഉദ്ധൃത രണ്ട് മണ്ഡല ങ്ങൾക്കു പുറമേ. ഉടമ്പടികൾ നിലനിൽക്കന്നപ്രദേശം എന്ന അർ ത്ഥത്തിൽ.മുന്നമതൊരു ഭാഗമായി ദാറുൽ അഹ്ദ് ഉൾപ്പെടുത്തന്ന മെന്നും ഈ ഗ്രന്ഥം വിശദികരിക്കുന്നു.

ആധുനിക ഗവേഷകരിൽ പെട്ട ഉസ്താദ് ആബിദ് അൽ സു ഫ്യാനീ,ലോകത്തെ ദാറുൽ ഇസ്ലാം,ദാറുൽ കുഫ്ർ എന്നീ രീതിയി ൽ വേർതിരിക്കുന്ന വിഷയത്തിൽ ഒരു ഗവേഷണ പ്രബന്ധം തയ്യാ റാക്കുകയും,പുരാതന കർമ്മശാസ്ത്ര വിശാരദരുടെ അഭിപ്രായത്തി ൽ ഈ രണ്ട് വിഭാഗങ്ങളിൽ മാത്രം ലോകം സംരക്ഷിപ്തമാണെന്ന വിഷയത്തിൽ ഇജ്മാഅ് (പണ്ഡിതരുടെ ഏക കണ്ഠമായ അഭി പ്രായം) ഉണ്ടെന്നും മൂന്നമതൊന്ന് സാധ്യമല്ലെനും വാദിക്കുകയു ണ്ടയി. അതിനു വിപരീതമായി,ഡോക്ടർ ഇസ്മാഈൽ ഫത്വഹീ, അതി ബ്രഹത്തായ ഒരു സമഗ്രഗവേഷണം ഗ്രന്ഥം രചിക്കുകയും, ഉസ്താദ് ആബിദ് സുഫ്യാനിയുടെ ഇജ്മാഅ് വാദത്തെ നിരാകരി ക്കുകയും ലോകത്ത് മുസ്ലികൾ പലയിടത്തും വ്യാപിച്ചതിനാലും

അവിടെയെല്ലാം ഇസ്ലാമിക ചര്യയിൽ ജീവിക്കാൻ സാധിക്കുന്നതിനാലും പഴയ വർഗീകരണം സ്വഭാവികനയും ഈ രീതിയിൽ ആയിത്തിരുമെന്നും അദ്ദേഹം സമർത്ഥിച്ചു.

പിന്നീട് ഡോക്ടർ മുഹ്‌യുദ്ദീൻ അഹ്മദ്  ഖാസിം അദേഹത്തിന്റെ ഡോക്ടറേറ്റ് പ്രബന്ധം 'ആധുനിക ലോക ക്രമത്തിന്റെ അടിസ്ഥാനത്തിൽ ലോകത്തിന്റെ ഇസ്ലാമിക വർഗീകരണം'എന്ന തലക്കെട്ടിൽ കൈറോ യുസിറ്റിയിലെ സാമ്പത്തിക രാഷ്ട്രീയ പഠന കാര്യവിഭാഗത്തിൽ സമർപ്പിക്കുകയുണ്ടയി. ഈ പ്രബന്ധത്തിൽ, ഇന്നു നാം എത്തിച്ചേർന്ന മുഴുവൻ ആശയങ്ങളും അദേഹം സമർപ്പിക്കുകയും, ദാറുൽ കുഫ്ർ ദാറുൽ ഇസ്ലാം വർഗീകരണങ്ങളിലൂടെ കർമ്മശാസ്ത്ര വിശാരുദമാരുടെ യഥാർത്ഥ ഉദേശ്യവും അദേഹം വിശദികരിക്കുന്നു. തുടർന്ന് കഴിഞ്ഞ 80 വർഷത്തിനിടെ തീ പ്രവാദ ചിന്താധാരകൾ ഈ ആശയങ്ങളെ സങ്കുചിന്തമാക്കുകയും,കർമ്മശാസ്ത്ര പണ്ഡിതരുടെ യഥർത്ഥ ഉദ്ദേശ്യ ലക്ഷ്യങ്ങളെ അവരെങ്ങനെ അവഗണിച്ചുവെന്നും അദ്ദേഹം വിശകരിക്കുന്നു.

ആധിനിക കർമ്മശാസ്ത്ര വിശാരദർ, പുതിയ ഒരു പാഠ്യ വിഷയമായി മാറിയ അന്താരാഷ്ട്ര ബന്ധങ്ങളെ കുറിച്ച് ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കേ, ഈ മനോഹര ചിന്താഗതിയെ സ്വയ്യിദ് ഖുത്വുബും, മുഹമ്മദ് അബദു സ്സലാം ഫാജറും സ്വാലിഹ് സരിയ്യയും, ദാഇശും അവരുടെ കുബുദ്ധിയിൽ ഈ ചിന്തയെ വെട്ടിയൊതുക്കുകയും , ദാറുൽ ഇസ്ലാമും ദാറുൽ ക്കുഫ്റും പരസ്പരം ഏറ്റുമുട്ടലിന്റെയും സായുധ സംഘട്ടനത്തിന്റെയും സമവാക്യങ്ങളാണെന്നും അവിടെ രക്തച്ചൊരിച്ചിലാണ്  പ്രധാനമെന്നും വരുത്തിത്തീർത്തു. മാത്രമല്ല ഈ ആശയങ്ങളെ അവർ,മുസ്ലിം പൊതു സമൂഹത്തെ പോലും കാഫിറുകളായി ചിത്രികരിച്ച ശേഷം ,അവർ ഈജിപ്തിനെയും ഇതര അറബ് ഇസ്ലാമിക രാജ്യങ്ങളെയും ദാറുൽ കുഫ്റായി ചിത്രീകരിക്കാനുള്ള ശ്രമം നടത്തുകയും അ

വയുമായി ആയുധസമരത്തിന്റെയും കൊലയുടെയും രക്തച്ചൊരിച്ചിലിന്റെയും പാത തെരഞ്ഞെടുക്കുകയും ഈ തെമാടിത്തത്തെ ജിഹാദെന്ന് വിശേഷിപ്പിക്കുകയും ചെയ്യുന്നു.

എത്രയെത്ര നിയമ സംഹിതകൾ ഇതിനായി തിരസ്കരിക്കപ്പെട്ടു, ലോകർക്ക് അനുഗ്രഹവും സന്മാർഗവും ജീവിത രേഖയുമായി എത്രയെത്ര ദൈവിക അടിത്തറകൾ അതി നീചമായ വിധത്തിൽ വളച്ചൊടിക്കപ്പെട്ടു.അബദ്ധജഡിലമായ വിശദികരണം നൽകപ്പെട്ടു.

ഈ ആശയങ്ങൾ, മുസ്ലിംമതര പ്രദേശങ്ങളിൽ ഇസ്ലാമിനെ നടപ്പിലാക്കുനുള്ള വഴിയാവേണ്ടതിന്നു പകരം ഉദ്യൃത തീവ്ര ചിന്താഗതിക്കാർക്ക്. അറിവിന്റെയും ദീനിന്റെയും സുരക്ഷയുടെയും അതിലുപരി അൽ അസഹരിന്റെയും നാടായ ഈജിപ്തിനെ ഉൾപ്പെടെ ഇസ്ലാമിക രാജ്യങ്ങളെ, ദാറുൽ ഹർബാക്കി മാറ്റുവാനും അവയ്ക്കെതിരെ മതനിഷേധം ചുമത്താനും,ദാറുൽ ഇസ്ലാമിനും ദാറുൽ കുഫ്റിനുടയിൽ, വിചിത്രമായ രീതിയിൽ അവർ ഉരുത്തിരിച്ചേട്ടത്ത സംഘട്ടനത്തിന്റെയും നിതാന്ത ശത്രുതയുടെയും സായുധ സംഘർഷത്തിന്റെയും അർത്ഥ തലങ്ങൾ പ്രയോഗിക്കാനും അതിനെ ജിഹാദെന്ന് പേരു വിളിക്കാനും അവർ കോപ്പു കുടു.

പിന്നീട്, ഇബ്ന്നു തീമിയു മറ്റൊരു ആശയത്തെ വിശകലന വിധേയമാക്കുകയുണ്ടായി. ഒരു സങ്കലുത ഗേഹം (ദാർമുഖതലിത്വ) എന്ന് ആശയത്തെ കുറിച്ച അദേഹത്തിന്റെ ആ ലോചനകളായിരുന്നു അതിനു നിദാനം. ദാറുൽ ഇസ്ലാം എന്നോ ദാറുൽ കുഫ്ർ എന്നോ നിർവ്വചിക്കപ്പെടാവാത്ത ചിലപ്രത്യേക സാഹചര്യങ്ങൾ. ഉദാഹരണമായി, ഒരു മുസ്ലിം പ്രദേശത്ത് ഒരു അമുസ്ലിമായ ഒരു ഭരണാധികാരി ആധിപത്യം പിടിച്ചെടുക്കുകയും ഭരണം നടത്തുകയും ചെയ്യുക . താർത്താരികളുടെ പായോടുക്കാലത്ത് ശാമിന്റെ ചില

ഭാഗങ്ങളിൽ സംഭവിച്ചത് അതായിരുന്നുവല്ലോ. ഇവിടെ ജനം മുസ്ലി കളും ഭരണാധികാരി ആ മുസ്ലിമും ആണല്ലോ? ഇതിന്നു സങ്കലിത ഗേഹം (ദാർ മുറക്കമ്പത്) എന്ന് വിളിക്കപ്പെടാം. അതിന് പ്രത്യേ കമായ അവസ്ഥാവിശേഷങ്ങളുണ്ടാവണം. എന്നും ഇബ്നുതുമിയ്യ ചിന്തിച്ചു. തത്ര വിഷയകമായി അദ്ദേഹം ഒരു ഗ്രന്ഥം പുറത്തിറക്കു കയും 'ഫതാവാ മാർദീനിയ്യ' എന്നു പേരു വെക്കുകയും ചെയ്തു 'മാർമീൻ' എന്നത്  ഇബനു തിരിയ്യ ജനിക്കുകുകയും പിച്ചവെക്കു കയും ചെയ്ത പ്രദേശമാണ്. താർതീരികളുടെ കടന്നാക്രമണത്തോ ടെ അദ്ദേഹം കുടുംബ സമേതം അവിടെ നിന്ന് കുട്ടിയേറുകയായി രുന്നു.

ഇബ്നു തീമിയ്യ പറന്നു. ഇതൊരു സങ്കസിത ഗേഹമാണ്. ഇ വിടെ അതിന് സുഹ്യതമായ ചില നിയമ വ്യവസ്ഥികൾ ആവശ്യ മാണ്. 'മുസ്ലിമിനെ അവനർഹിക്കുന്ന രീതിയിൽ പെരുമാറപ്പെട്ട കയും .ഇസ്ലാമിനെ അവഗണിച്ച് മുന്നോട്ടു പോകുന്നവൻ അവനർ ഹിക്കുന്ന രീതിയിൽ യുദ്ധപ്പെടുകയും ചെയ്യും.. പുതിയ തീവ്ര ചി ന്താഗതിക്കാരും,മത ഭ്രഷ്ട്ടവാദക്കാരും ഉദ്ധ്യത വാക്യത്തിൽ ' യു ദ്ധം ചെയ്യപ്പെട്ട' മെന്ന വാചകത്തിന്റെ ചുവടു പിടിച്ച തങ്ങളുടെ ര ക്ത രൂക്ഷിത പോരാട്ടങ്ങൾക്ക് അടിത്തറയൊരുക്കി.

ഇവിടെ പല അവ്യക്തതകൾ ബാക്കിയാണ്. കാരണം ഈ ഫത്വയിലെ പല വാചകങ്ങളും അഴകുഴബൻ പ്രസ്താവനക ളാണ്. അഴെങ്കിൽ 'ശരീത്തതിൽ നിന്നും അകന്നു പോയവൻ' എന്നതു കൊണ്ട് അരെയണ് ഉദേശിച്ചത്? അതൊരു വലിയ തലമാ ണല്ലോ? എന്തെങ്കിലും ചെറുപാവകൾ ചെയ്യുന്നവർ മുതൽ സമൂ ഹത്തിനൊന്നടകം നാശം വിതകുന്നവൻ വരെ ഇതിൽ പെട്ടന്നുണ്ട ല്ലോ. അതുകൊണ്ട് തന്നെ ഇബ്നു തിമിയ്യയുടെ പ്രസ്താവന കേവ ല കൽപനവും വാചകകൾ അസൂക്ഷമവുമാണ്.

'യുദ്ധം ചെയ്യപ്പെടണം' എന്ന വാകു വെച്ച്. അറബിവിടെ യുദ്ധം ചെയ്യുക. അതിനു മറുപടിയാണ് തീവ്രവാദികൾ പറയുന്നത്. അത് ഞങ്ങൾ ചെയ്യാം. മാരകമായ പിഴവാണിത്. സംവിധനങ്ങളും വ്യവസ്ഥിതികളും മാത്രം നടപിലാക്കേണ്ട കാര്യങ്ങൾ വ്യക്തികൾ കൈയാളാവുന്നതോ, ഏറ്റെടിക്കാവുന്നതോ അല്ല തന്നെ ആദ്യം വേണ്ടത് സസ്ഥിരമായ വ്യവസ്ഥിതിയും സംവിധാനവുമാണ്. അവരാദ്യം സമാധാനവും സുരക്ഷിതത്വവും ശ്രദിക്കേണ്ടത്. ലോകത്തെ ഏതൊരു ഉത്തമ സമൂഹത്തിന്റെയും കാര്യം ഇതു തന്നെയാണ്.

ചുരുകത്തിൽ, മുഹമ്മദ് അബ്ദുസ്സലാം ഫറജ് തന്റെ 'അൽ ഫരീള അൽ ശാഇബ്' എന്ന ഗ്രന്ഥത്തിൽ, തന്റെ രക്ത പങ്കിലവും, ജനങ്ങൾക്കും രാഷ്ട്രങ്ങൾക്കും എതിരെ ഏറെ അതിക്രമ പരപുമായ നിലപാട്ടുങ്ങൾ രൂപപ്പെടുത്തിയെടുത്തതും ഇബ്ൻ തൈമിയുടെ ഈ പ്രസ്ഥാപത്തിൽ നിന്നാണ്. പ്രഗത്ഭ പണ്ഡിതൻ ശൈഖ് അത്മിയ്യ സ്വഖ്ർ, ഈ വാദഗതികൾക്ക് 'അൽ ഫറീള അൽ ഗാഇബയ്ക്ക് ഒരു ഖണ്ഡനം' എന്ന പേരിൽ മറുപടി എഴുതുകയുമുണ്ടായി.

ശേഷം ഒരു വിഭാഗം ആധുനിക പണ്ഡിതർ ഈ ഫത്വയെ മറ്റൊരു തരത്തിൽ വിശകലന വിധേയമാക്കാൻ ആരംഭിക്കുകയുണ്ടയി. രണ്ടു വിഭാഗങ്ങൾക്കിടയിൽ 'പെരുമാറപ്പെടുന്ന' 'യുദ്ധം ചെയ്യപ്പെടണം' എന്നീ വാക്കുളുടെ വിനിയോഗത്തെ പ്രമാണിക അടിത്തറയിൽ അന്വേഷണങ്ങൾക്കു. വിധേയമാക്കുകയും, അങ്ങനെ ഹൗഫീ മദഹബ് വിചക്ഷണരിലെ പ്രമുഖനും ഇബ്നു തൈമിയ്യയുടെ ഫത്വകൾ ഉദ്ധരിക്കുന്നയാളുമായ, ഇബ്നു മുഫ്ലിഹ്, ഇതേ ഫത്വയെ രണ്ടിടങ്ങളിലും 'പൊരുമാറപ്പെടണം' എനാണ് ഉദ്ധരിച്ചിരിക്കുന്നു. 'യുഖാതലും' എന്ന വാക്ക് ഇല്ല തന്നെ ഇവരണ്ടും തമ്മിൽ വളരെ വലിയ വ്യത്യാസം ഉണ്ടുതാനും. അങ്ങനെ പരുമ്പോൾ രണ്ടു സാഹചര്യങ്ങളിലും, അവുടത്തെ സമാഹിക ചുറ്റുപാടുകൾ

പഠനവിധേയമാക്കി, ചിന്താപരവും സാംസ്കാരികവുമായ അന്തരീക്ഷവും, ആചാരങ്ങളും നാട്ടുരീതികളും പരിഗണിക്കപ്പെടമെന്നാണ് അതിന്റെ വിവക്ഷ.

ശൈഖ് റഫീക് രിളാ തന്റെ അൽ മനാറിലും ഈ ഫത്‌വാ, 'യു ആമലു' എന്ന ശരിയായ പല പ്രയോഗത്തോടെയാണ് ഉദ്ധരിച്ചിതന്നത്. ഫറജുല്ലാഹ് അൽ കുർദി പുറത്തിറക്കിയ ഫതാവാ ഇബ്‌ന തിമിയ്യ എന്ന പേരിൽ ഹിജ്‌റ വർഷം 1327 ൽ പുറത്തിറങ്ങിയ സമാഹരത്തിലാണ് ആദ്യമായി ഈ പിശക് സംഭവിച്ചത്. പിന്നിട് മജ്മൂഇൽ ഫതാവായിൽ അബ്ദുറഹമാൻ അൽ കാസിവും, ഈ

ഉടർന്നു, ഈ സമാഹരങ്ങളിലൂടെ ഈ പിശകിനു പ്രചാരവും പ്രാതിനിധ്വവും ലഭിക്കുകയായിരുന്നു.

സൂക്ഷമ പരിശോധനയുടെ അഭാവും അശ്രദ്ധവുദുരന്തങ്ങൾക്ക് വഴിവെക്കും, അൽപ്പജ്ഞാനം അജ്ഞതത്തെക്കാൾ അപകടകാരിയാണ്.

സൂക്ഷപരിശോധനയില്ലാതെ ഉദ്ധരിക്കപ്പെട്ട ഈ ഫത്വ രൂക്ഷമായ രക്തച്ചൊരിച്ചിലിനും, ശരി അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങൾക്കും കാരണമാവുകയും ഇസ്ലാമിനും മുസ്ലികൾക്കും ദുശ്പ്പേരുണ്ടാക്കുകയും ചൊയ്തു. ഇംഗ്ലീഷ്, ഫ്രെഞ്ച്, ഭാഷകളുക്കുള്ള ഫതവയുടെ ഭാഷാന്തരംപോലും ഈ തെറ്റായ വാചക പ്രകാരമുള്ളതായിരുന്നു.

പ്രമുഖ പഢിതൻ ശൈഖ് അബ്ദുള്ളഹിബ്നു ബയ്യ ഒരു കൂട്ടം വിരുദ്ധ പഢിതരുടെ സഹായത്തോടെ ഇബ്നു ബിയ്യയുടെ ഈ ഫത്വയുടെ യഥാർത്ഥ പ്രതി കണ്ടെത്തുന്നതിനായി അതി ഗഹനമായ ഒരു വൈഞ്ഞാനികാന്വേഷണം ഡമസ്കസിലെ മക്തബത്തുൽ ളാഹിരയിൽ വെച്ച് നടത്തുകയുണ്ടായി. അങ്ങനെ നമ്പർ 2757 അ

ൽ അസദ് ലൈബ്രറിയിൽ അതു കണ്ടെത്തുകയും മുമ്പുദ്ധരിച്ചതു പോലെ അവിടെയും യുആമലു  എന്ന വാചകമാണ് ഉപയോഗിച്ചിരുന്നത്.

പിന്നീട് ഹിജ്റാബ്ദം 1431 ൽ തുർക്കിയിലെ മാർദീനിൽ പണ്ഡിതമാരുടെയും ഫുഖഹാക്കളുടെയും സാന്നിധ്യത്തിൽ ഒരു സമ്മേളനം റബീഉൽ ആഖിർ മാസത്തിൽ നടക്കുകയുണ്ടായി. ഫതാവയിലെ ഈ അച്ചടി പ്പിശക്ക് ആ സമ്മേളനം വിശദീകരിക്കുകയുണ്ടായി.

അൽ അസ്ഹറും ഒരു പഠന പ്രബന്ധവും വിശദീകരണം വഴി ആ സമ്മേളനത്തിൽ ഭാഗബാക്കായി. ഈജിപ്തിൽ മുഫ്തി അല്ലാമാ അലി ജുമുഅയാണ് അവ തയ്യാറാക്കിയത് മാർദീൻ സമ്മേളനത്തിൽ കേന്ദ്ര ആകർഷികങ്ങളിലൊന്ന് അല്ലാമ അലി ജുമുഅയുടെ ഈ സംഭാവനകളായിരുന്നു.

ഇനിയും ഇത്തരം അമിതാവേശക്കാരെയും ഉന്മാദക്കാരേയും സംഘട്ടനപ്രിയരെയും നമുക്ക് ആശ്രയിച്ചു കൂട. അവർക്കാകെയുള്ളത് ഒരു സാഹിതിയ ശൈലിയും അസ്ഥാനത്തുള്ള അമിതാവേശവുമാണ്. ഏറെ വിശമുള്ളതും അതി സൂക്ഷമവുമായ വിഷയങ്ങൾ അവർ ഇടപെടുകയും തെറ്റായ ധാരണകൾ പകർന്ന നൽകുകയും ചെയ്യുന്നു. അങ്ങനെ അല്ലാഹുവിന്റെ  ദീനിനെ ജനതതിക്ക് ശാപവും വിപത്തുമാക്കി മാറ്റുന്നു അവർ.

അല്ലാഹുവാകട്ടെ പറയുന്നതിപ്രകാറമാണ് അവർ ആ വിഷയത്തെ തിരു പ്രവാചകരിലേക്കും അവരിലെ കൈകാര്യ കർത്തകളിലെക്കും മടക്കിയടിരുന്നുവെങ്കിൽ അവരിലെ വിശകലന വിരുദ്ധർക്ക് അത് മനസ്സിലാക്കമൈായിരുന്നു(നിസാമ 83) കർമ്മ ശാസ്ത്ര മാർഗ രേഖയെ മാത്രം മാനദഢമാക്കി ദാറുൽ കുഫ്റിന്റെയും ദാറുൽ ഇസ്ലാമിന്റെയും ബന്ധങ്ങളെ കുറിച്ച്  വിശകലനം നടത്ത

ൽ അപരാധമാണ് കാരണം, മൂല്യങ്ങളുടെയും ധാർമ്മികതയുടെയും വിശാലമായ മാനദണ്ഡങ്ങൾ ഈ വിഷയവുമായി ബന്ധപ്പെട്ട നിർബന്ധമായും പരിഗണിക്കപ്പെടേണ്ടതുണ്ട്. അങ്ങനെ കർമ്മശാസ്ത്രത്തെയും മൂല്യങ്ങളെയും, വിവിധ സമൂഹങ്ങളോട് അല്ലാഹു അനുവർത്തിച്ച നിലപാടുകളെയും ശരീഅത്തിന്റെ സഥാർത്ഥ ഉദ്ദേശങ്ങളോടും, സന്മാർഗ ദർശനത്തോടും ഒന്നിച്ചു നാം ചേർത്തുവെക്കുമ്പോൾ ഈ വിശഷയത്തിലെ സമഗ്രമായ കാഴ്ച്ചപ്പാട് വ്യക്തമാവും. അങ്ങനെ ഇസ്ലാമതം സമുദായങ്ങളോടും സംസ്കാരങ്ങളോടും ജനതകളോടും ഏങ്ങനെ പെരുമാറണമെന്നതു മനസിലാവും.

അതിനുപുറമെ ഈ വിഷയത്തിൽ കർമ്മശാസ്ത്ര മണ്ഢലത്തിനു മൂല്യാധിഷ്ഠുതമായ മറ്റൊരു മണ്ഢലം കൂടിയുണ്ട്. അതനുസരിച്ച് നമുക്ക് ചുറ്റുമുള്ള ലോകത്തെ നാം ഹലാൽ ഹറാമുകളെ കുറിച്ചു മാത്രം പറയുന്ന ഫിഖ്ഹി മണ്ഢലത്തെ ആസ്പദമാക്കി മാത്രം വിധി പറയാതെ ലോകത്ത് നിലവിലുള്ള വിവിധ ശക്തികളെ വിലയിരുത്തുകയും അവക്കിടയിലെ പരസ്പര ബന്ധങ്ങൾ വിശകലന വിധേയമാക്കുകയും അങ്ങനെ ദൈവിക ചര്യ എന്നറിയപ്പടുന്ന അതിവിശാല വിജ്ഞാന മേഖലയുടെ അടിസ്ഥാനത്തിൽ അല്ലാഹു വിവിധ സമുദായങ്ങളോടുനുവർത്തിച്ച നിലപാട് നാം പരിശോധിക്കുകയും പ്രയോഗവൽകരിക്കുകും വേണം.

'സുനൽ ഇലാഹിയ്യ' എന്നത് പരമ്പരാഗതമായ ഒരു ഖുർആനിക വിജ്ഞാന ശാഖയാണ്. സുസ്ഥിരവും നിയമാനുസൃതവുമായ നടപ്പു ദൈവിക നിയമങ്ങളെയാണ് അത് വിശദീകരിക്കുന്നത്. ഉന്നതമായ നിയമ വ്യവസ്ഥിതിയാണത്. മാറ്റങ്ങൾക്കോ ഇടർച്ചകൾക്കോ അത് വിധേയമാവില്ല. വ്യക്തികളിലും സമൂഹത്തിലും അല്ലാഹു നടപ്പിലാക്കിയ മര്യദകൾ സംസ്കാരങ്ങളുടെ ഉയർച്ചയും പതനവും പ്രപഞ്ചചര്യകൾ തുടങ്ങിയവരെല്ലാം ഇതിന്റെ ഭാഗമാണ്.

പിൽക്കാല പണ്ഡിതരിൽ ശൈഖ് മുഹമ്മദ് അബ്ദു റശീദ് രിളാ (തഫ്സീറുൽ മനാറിൽ) ശൈഖ് മുഹമ്മദ് സ്വാദിഖ് അർജുൻ തുടങ്ങിയ അൽ അബ്ഹമിന്റെ പണ്ഡിത വരേണ്യർ ഈ വിഷയം പഠന വിധേയമാക്കുകയുണ്ടായി. ഡോക്ടർ മുസ്ത്വഫ ശക്അ, ഡോക്ടർ മജ്മീ ആശൂർ ഈ രംഗത്ത് ഗ്രന്ഥ രചന നടത്തി. ശേഷം മുസ്ത്വഫ ശക്അയുടെ ശിഷ്യ ഗണങ്ങൾ ഈ രംഗത്ത് ധാരാളമായി ഗ്രന്ഥ രചന നടത്തുകയുണ്ടായി. മൊറോക്കക്കാരായ ഇവരും അൾജീരിയക്കാരുമാണ് ഈ രംഗത്ത് രചനയിൽ ഏറെ മുന്നിട്ടുനിന്നത്. പിന്നീട് ജോർദാനിൽ വെച്ച്നടന്ന ഒരു സമ്മേളനത്തിൽ ചർച്ചാവിഷയമാവുകയുണ്ടായി. അവിടെവെച്ച് പണ്ഡിതരും ഗവേഷകരും ഏകദേശം 60 ഓളം ദൈവിക ചര്യകളെ വിശുദ്ധ ഖുർആനിൽ നിന്നും കണ്ടെത്തുകയുണ്ടായി. വ്യക്തികളുമായും, സമൂഹങ്ങളും, സംസ്കാരങ്ങളും ലോക ക്രമവുമായി ബന്ധപ്പെട്ടവയായിരുന്നു അവകൾ.

സമൂഹമായും സംസ്കാരവുമായും ബന്ധപ്പെട്ടദൈവിക ചര്യകൾ, മുസ്ലിംകളും ഇതര സമുദായങ്ങളുമായുള്ള പരസ്പര ബന്ധത്തെ കുറിച്ചു മനസ്സിലാക്കുന്നതിന് ഏറെ പ്രധാനമാണ്. സാംസ്കാരങ്ങളുടെ കർമ്മശാസ്ത്ര അടി ആരൂപപ്പെടുത്തുന്നതിന്നും ഇത് വളരെ പ്രധാനമാണ്. ഇമാം ശാഫിഈയുടെ പ്രാമാണിക കർമ്മശാസ്ത്ര അടിത്തറ (ഉസൂലു ഫിഖ്ഹിന്നാസ് ) എന്നതിന്റെ മറുപുറമായാണ് സംസ്കാരങ്ങളുടെ കർമ്മശാസ്ത്ര അടിത്തറ.

പരസ്പര പരിചയം, പരസ്പര പൂരകത്വം, ഏകതാബോധം, ഏകീകൃത പ്രതിരോധം തുടങ്ങിയവയല്ലാം ഈ ചര്യയുടെ ഭാഗങ്ങളാണ്.

പരസ്പര പരിചയത്തിന്റെ ഈാചര്യ, മുസ്ലിംകൾക്ക് ഇതരരുമായുള്ള ബന്ധത്തിലും, ഇതര സമൂഹങ്ങൾ പരസ്പരമുള്ള ബന്ധത്തിലും അതി പ്രധാന്യമർഹിക്കുന്നു. അല്ലാഹു പറഞ്ഞു 'ഓ ജങ്ങളെ നിങ്ങളെ നാം ഒരു ആണിൽ നിന്നും പെണ്ണിൽനിന്നും സൃഷ്ടിച്ചു. നിങ്ങളെ വിഭാഗങ്ങളും ഗോത്രങ്ങളുമാക്കിയത് പരസ്പ്പരം അറിയാൻ വേണ്ടിയാണ്' (അൽ ഹുജറാത്ത് : 13)

ഉദ്ധ്യത ഖുർആനിക സൂക്തത്തെ, വൈയക്തികമായ രീതിയിലാണ് നാം ഉപയോഗപ്പെടുത്തുന്നത്. അഥവാ നാം ഒരു വ്യക്തിയെ കണ്ടുമുട്ടുകയും അവനേ പിരചയപ്പെടാനുദ്ദേശിക്കുകയും ചെയ്യുമ്പോൾ അങ്ങനെ നാം സൂക്തത്തിന്റെ ഉദ്ദേശ്യത്തെ, രണ്ട് വ്യക്തികൾ തമ്മിലുള്ള കേവല പരിചയപ്പെടലിലേക്ക് മാറ്റിയെടുക്കും, അതേസമയം അല്ലാഹു ഈ പരിചയപ്പെടലിന്റെ വ്യവഹാരം നിർവ്വഹിച്ചിരിക്കുന്നത് ഗോത്രങ്ങളുടെയും, വിഭാഗങ്ങളുടെയും മാനദണ്ഡത്തിലാണല്ലോ. സമൂഹങ്ങളും രാഷ്ട്ടങ്ങളും പരിചയമാണല്ലോ അതുദ്ദേശിക്കുന്നത്. അങ്ങനെ വരുമ്പോൾ രാഷ്ട്ടങ്ങളു ം തമ്മിലെ ബന്ധങ്ങളുടെ അടിത്തറ പരസ്പര അറിയലാണെന്ന് നാം മനസിലാക്കുന്നു. മറിച്ച് സംഘട്ടനമോ ഉന്മൂലനമോ അല്ല, ആഗോളാടിസ്ഥാനത്തിൽ പ്രചാരം നേടിയ സമൂഹങ്ങൾക്കിടയിലെ ബന്ധങ്ങളെ കുറിച്ച ഏറ്റുമുട്ടലിന്റെയും സംഘട്ടനത്തിന്റെയും സിദ്ധാന്തത്തിന് വിരുദ്ധമാണ് ഖുർആനിന്റെ കാഴ്ച്ചപ്പാട്. സംഘട്ടന കാല്പ്പാടനുസരിച്ച് ഒന്നിനു മറ്റോന്നിനെ ഉന്മൂലനം ച്ചെയൽ അനിവാര്യമാണ്. സാമുവസൽ ഹണ്ടിങ്ടൺ തന്റെ 'സംസ്കാരങ്ങളുടെ സംഘട്ടന' ത്തിൽ മുന്നോട്ട് വെച്ചതും ഫോക്കിയാമ തന്റെ 'ചരിത്രത്തന്റെ അന്ത്യമ' ത്തിൽ പറഞ്ഞുവെച്ചതും ഇതു തന്നെയാണ്. അതേ ചിന്ത തന്നെയാണ് സയ്യിദ് ഖുത്ബും പുതിയ തീവ്രവാദ ചിന്തകളും മുന്നോട്ടുവെക്കുന്നതും. അങ്ങനെ ഉന്നതമായ ഈ ശറഇന്റെ ആശയങ്ങൾക്ക് അവർ അഭംഗിയും ന്യൂനതയും വരുത്തി.

എത്രത്തോളമെന്നാൽ, വക്താക്കളെയും നാമങ്ങളെയും സംവിധാനങ്ങളെയും നാം ഒഴിവാക്കി, ആശയത്തെ മാത്രം വിലയിരുത്തിയാൽ എല്ലാം ഒരേ ആശയവും ചിന്തയും കാഴ്ചപ്പാടുമാണെന്നും സംഘട്ടനത്തെയും ഏറ്റുമുട്ടലിനെയും മാത്രമാണ് പ്രതിനിധീകരിക്കുന്നതെന്നും കണ്ടെത്താനാവും. പക്ഷേ, ഇസ്ലാമിന്റെ പേരിലിറങ്ങുന്നവർ അതിനായി, അപഥ വ്യാഖ്യാനം നടത്തിയ ഖുർആനിക സൂക്തങ്ങളും തിരു വചനങ്ങളും ഉപയോഗപ്പെടുത്തുന്നു. മറുകക്ഷികൾ ചരിത്രാന്ത്യത്തിന്റെയും സാംസ്കാരിക കൊമ്പു കോർക്കലിന്റെയും സിദ്ധാന്തങ്ങൾ പറയുന്നു.

1997 ൽ സ്പെയിനിലെ രാജാവ്, ഇറാനിലെ മുഹമ്മദ് ഖാതമിയുടെയും ഒരുപറ്റം ഇറാനീ പണ്ഡിതന്മാരുടെയും സഹകരണത്തോടെ, ആഗോളതലത്തിൽ ' സംസ്കാരങ്ങളുടെ ഐക്യപ്പെടൽ' എന്ന പേരിൽ ഒരു ആന്തോളനത്തിനു പദ്ധതി തയ്യാറാക്കുകയുണ്ടായി.

പക്ഷേ തദ്വിഷയകമായി, ഖുർആനിന്റെ വിജ്ഞാന ശാഖ, മുസ്ലീംകളും ഇതര മതസ്തരും എങ്ങനെ സഹവർത്തിക്കണമെന്ന രൂപരേഖ ഇസ്ലാമിലെ അന്താരാഷ്ട്ര ബന്ധങ്ങളുടെ കരടെരേഖ, ഉന്നതമായ ദൈവിക ചര്യയെ അടിസ്ഥാനപ്പെടുത്തിയുള്ള നിർദേശ സംഹിത, സംസ്കാരങ്ങളുടെ പരസ്പര പരിചയം എന്ന പേരിൽ അതിന്നും നിലനിൽക്കുകയണ്.

ഇന്നീ, ഖുർആനിക ധാര എവിടെയാണ് അപ്രത്യക്ഷമായകത്. ഭ്രഷ്ട കല്പനയുടെയും രക്തച്ചൊറിച്ചിലിന്റെയും ഇടയിൽ ഈ ആശയം അവമതിക്കപ്പെടുകയായിരുന്നു.

സംസ്കാരങ്ങളുടെ പരസ്പര പരിചയപ്പെടലിനെ കുറിച്ച് ഉസ്താദ് സകീ അൽ മീലാദും പിന്നീട് രചനകൾ നടത്തുകയും

അവയെ അടിസ്ഥാനപ്പെടുത്തി ചിന്താ സദസ്സുകളും സമ്മേളനങ്ങളും സംഘടിപ്പിക്കപ്പെട്ടു തുടങ്ങുകയുമുണ്ടായി.

സാംസ്കാരിക വിനിമയം, വിവര സംവേദനം, ജീവിത സഹവർത്തിത്വം, അനുഭവ പങ്കുവെപ്പ്, വിദ്യയുടെയും അറിവിന്റെയും പങ്കുവെപ്പ് തുടങ്ങിയ മനോഹര ആശയങ്ങളെ ഉൾക്കൊള്ളുന്നതാണ് ഈ സംസ്കാരങ്ങളുടെ പരസ്പര പരിചയം. യുദ്ധവും ഇതിന്റെ ഭാഗം തന്നെയാണ്. യുദ്ധം പക്ഷേ യാദൃശ്ചികതയുടെ സൃഷ്ടിയാണ്. സഹവർതിത്ത്വത്തിന്റെ വിവിധ രൂപ ഭാവങ്ങളിൽ ഒന്നിനെ അത് പ്രതിനിധീകരിക്കുന്നുവെന്നുമാത്രം.

# ദൈവിക വാഗ്ദാനങ്ങളുടെ അരികു വത്കരണം

ഒരു വിധി പ്രസ്താവത്തിലൂടെ സമൂഹത്തെ മുഴുവൻ അവിശ്വാസികളും അജ്ഞരുമാണെന്ന് മുസ്ലിം സമൂഹത്തെ പറ്റി പൊതുവിൽ പറയപ്പെടുന്ന ( അത് തന്നെ ശിർക്കും സ്വയം മതമുപേക്ഷിക്കലുമാണ്)തിനെ തുടർന്ന് രൂപപ്പെട്ടു വരുന്ന അത്ഭുതകരമായ കാര്യം അത്തരം ചിന്താപ്രസ്ഥാനങ്ങൾ ജനങ്ങളിൽ മതഭ്രഷ്ട് കൽപ്പിക്കാനുള്ള അധികാരം സ്വയം കട്ടെടുത്തണിയുന്നു എന്നതാണ് . ഇസ്ലാമിന്റെ യഥാർത്ഥ അവകാശികൾ ഞങ്ങൾ മാത്രമാണെന്ന് വരുത്തുകയും ലാഘവ ബുദ്ധിയാൽ സമുദായത്തെ മുഴുവൻ ഇസ്ലാമിന് പുറത്താണെന്ന് വരുത്തുകയും  ചെയ്യുക എന്നതാണത്. പിന്നീടവർ ചെയ്യുന്നത്, ഖുർആനിൽ വിശ്വസികൾക്ക് അല്ലാഹു നൽകിയ ഗുണപരമായ വിജയ സഹായ വാഗ്ദാനങ്ങൾ അവരിലേക്ക് ചേർത്തിപ്പറയുകയും അത്തരം സൂക്തങ്ങളിൽ അഭിസംബോധനചെയ്യപ്പെടുന്നവർ അവരാണെന്ന് അവകാശപ്പെടുകയും ചെയ്യുന്നു. . ഈ തെറ്റായ ധാരണ, മറ്റുള്ളവർക്ക് മതഭ്രഷ്ട് കൽപ്പിക്കുന്നതിൽ അവരെ തുടർത്തുകയും അതിനുള്ള പ്രേരകമായി വർത്തിക്കുകയും ചെയ്യുന്നു. ഒപ്പം സാധാരണ വിശ്വാസികൾ ക്കെതിരിൽ അതിക്രമങ്ങളും കൊലവിളികളുമായി രംഗത്തിരങ്ങാനുള്ള ധൈര്യം ഇവർക്ക് പകരുകയും ചെയ്യുന്നു . ഇസ്ലാമിക സമൂഹത്തോടും രാജ്യങ്ങളോടും സ്ഥാപനങ്ങളോടും അവർ ഏറ്റുമുട്ടിയപ്പോഴെല്ലാം അവരുടെ ശത്രുതയെ അതിജയിക്കാൻ മുസ്ലിംകൾക്ക് പൊതുവിൽ സാധിച്ചിട്ടുണ്ട്. അപ്പോഴൊക്കെയും അവർ യാഥാർത്ഥ്യത്തെ നിഷേധിക്കുകയും അവർക്ക് മാത്രമായുള്ള സഹായം ലഭിക്കുമെന്ന വിശ്വാസത്താൽ ഇതര ചിന്തകളെ അവർ നിരാകരിക്കുകയും ചെയ്യുന്നു.

തെറ്റായ ചിന്തകളുടെ തെളിയിക്കപ്പെട്ട ട്രാക്ക് റെക്കോർഡുകളാണ് നമുക്ക് മുന്നിലുള്ളത്. അതുമായി ആ ചിന്തകളെല്ലാം തന്നെ ഒന്ന് മറ്റൊന്നിൽ നിന്നും ഉണ്ടാകുന്നതോ അതുമായി ചേർന്നു നിൽക്കുന്നതോ അല്ലെങ്കിൽ ഒന്നിന്റെ സംരക്ഷണത്തിൽ മറ്റൊന്ന് രൂപം കൊള്ളുന്നതോ ആയിരിക്കും .ഈ ചിന്തകൾ ഒറ്റപ്പെട്ട ശത്രു മനുഷ്യനെ മാത്രം സൃഷ്ടിക്കുന്നു.

ഒരിക്കലും അനുവദിക്കാനാവാത്ത അന്ത:സ്പർധകളും വിശ്വാസികൾക്ക് മത ഭൃഷ്ട്ട് കൽപ്പിക്കലും മാത്രമാണ് അവരുടെ ലക്ഷ്യം .

മറ്റൊരു സിദ്ധാന്ത നിർമ്മിതി കൂടി അവന്റെ തോന്നലുകൾക്ക് ആത്മ ധൈര്യം പകരുന്നതായിരിക്കണം. അതായത് ശ്രമകരമായതാണെങ്കിലും വളരെ ലാഘവ ശൈലിയിൽ അവൻ ചില തോന്നലുകൾക്കടിമപ്പെട്ടിരിക്കുകയാണെന്നത് നിഷേധിച്ചുകൊണ്ടേയിരിക്കുന്നു. അത്തരം ധാരണകൾ അവനിൽ ഉറച്ചിരിക്കുന്നു എന്നതാണ് വാസ്തവം. ഇതിനെ തുടർന്ന് അല്ലാഹുവിന്റെ സഹായങ്ങൾ അവനു മാത്രം ലഭിക്കാനുള്ളതാണെന്നും മറ്റുള്ള മുസ്ലിംങ്ങളെ മാറ്റി നിർത്തി യഥാർത്ഥ മുസ്ലിം എന്ന പേര് അവന് മാത്രം അർഹിച്ചതാണെന്നും അവൻ വാദിക്കുന്നു പിന്നെയാരാണ് അല്ലാഹുവിന്റെ സഹായ വിജയ വാഗാദാനങ്ങൾക്കർഹൻ ?.ഒരിക്കലും ലംഘിക്കപ്പെടാത്ത ദൈവികമായ ആ വാഗ്ദാനങ്ങൾ അവനായി ലക്ഷീകരിക്കപ്പെട്ടതാണെന്ന് അവൻ സ്വയം അഭിപ്രായപ്പെടുന്നു.

അത്തരം തീവ്ര ചിന്തകൾ പിന്നീട് ചെയ്യുന്നത് സാഹിതീയ ധാരകളുടെ നിർമ്മാണമാണ്. വിശ്വാസികൾക്കെതിരിൽ അവർ നടത്തിയ അതിക്രമങ്ങളുടെ അടിസ്ഥാനത്തിലുള്ള ഇതിഹാസ ഖണ്ഡകാവ്യങ്ങളും മറ്റു രചനകളും നടത്തുകയും

അതിനെയൊക്കെ സ്ഥൈര്യത്തിന്റെയും ക്ഷമയുടെയും ഉത്തമോദാഹരണങ്ങളായി ഉയർത്തിക്കാട്ടുകയും ചെയ്യുന്നു. അല്ലാഹുവിന്റെ സമ്മതത്താൽ വലിയ സംഘങ്ങളുടെ മേൽ വിജയം കൈവരിച്ച ചെറു സംഘങ്ങളായി അവർ സ്വയം വാഴ്ത്തുകയും അള്ളാഹുള്വിന്റെ സഹയവാഗ്ദാനങ്ങൾക്ക് പാത്രീഭൂതരാകുന്നത് അവർ മാത്രമായിരിക്കുമെന്നവർ വിശ്വസിക്കുകയും ചെയ്യുന്നു.

തെറ്റായ രീതിയിൽ ഖുർആൻ വ്യാഖ്യാനിക്കുന്നതിലൂടെ, ഖുർആൻ വ്യാഖ്യാന ശാസ്ത്രത്തിലോ രീതികളിലോ വേണ്ടത്ര അവഗാഹമില്ലാതെ ഖുർആനിനെയും അതിനു കൽപ്പിക്കപ്പെടുന്ന ബഹുമാനത്തിനും കളങ്കം തീർക്കുകയാണവർ . സമൂഹത്തെ മുഴുവനായും മത ഭ്രഷ്ട്രാക്കുകയും അവർ അവർക്കെതിരിൽ ശത്രുത പ്രഖ്യാപിച്ച് ആയുധങ്ങളെടുത്ത് രംഗത്ത് വന്ന് അവരുടെ സാമൂഹിക സംവിധാനങ്ങളെയും സ്ഥാപനങ്ങളെയും തകർക്കുവാൻ കൊണ്ടുപിടിച്ച ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നതിലൂടെ വ്യക്തമാകുന്നത്, അവന്റെയുള്ളിൽ ഉറച്ച് നിൽക്കുന്ന വിശ്വാസം, സമൂഹം മുഴുവനും മത നിഷേധികളാണെന്നും ദൈവിക സഹായ വിജയ വാദായങ്ങൾ അവനിലേക്ക് മാത്രം വന്ന ചേർന്ന് അവന് ശക്തിയാർജ്ജിക്കാനാകുമെന്നുമാണ്. അതോടൊപ്പം അപകടകരമായ കാര്യം സംവാദത്തിനും ചർച്ചകൾക്കും അവൻ തയ്യാറല്ല എന്നതാണ്. അങ്ങനെ സംസാരിക്കാൻ തയ്യാറാകുന്നപക്ഷം തെറ്റിദ്ധാരണകൾ തിരുത്താൻ പറ്റിയെന്ന് വരും. അല്ലാഹുവിന്റെ സഹായ വാഗ്ദാനങ്ങൾ അവനാണെന്ന മിഥ്യാധാരണയിൽ ജീവിക്കുന്നവനാണവൻ. എന്നാൽ അതിനുള്ള അവന്റെ അർഹതയിലോ അവകാശത്തിലോ നിങ്ങൾ സംശയം പ്രകടിപ്പിക്കുന്ന പക്ഷം പൂർണ്ണ നിഷേധമായിരിക്കും മറുപടി. കാരണം അതിലുള്ള സംശയം അവന്റെ നിലനിൽപ്പിലുള്ള

സംശയമാണ് നമ്മൾ പലപ്പോഴും പലരുടെയും ജയപരാജയങ്ങളെ കുറിച്ച് കേട്ടിട്ടുണ്ടല്ലോ കാരണം ഇത് അല്ലാഹുവിന്റെ കാര്യത്തിലുള്ള സംശയമാണ്.

ഇവിടെ അവൻ വിശ്വസിക്കുന്ന കാര്യങ്ങളിലെ ദൃഢതയെ അനുഭവ പരിജ്ഞാനത്തോടും യഥാർത്ഥ അറിവിനോടും അർഹതയോടും കൂട്ടികലർത്തുകയാണ്. വിശ്വാസ ദൃഢത അനുഭവ ജ്ഞാനത്തിന് പകരം നിൽക്കുമെന്നവർ കരുതുന്നു. ദൃഢത കഴിവിലും അനുഭവത്തിലുമുള്ള തന്റെ പോരായ്മകൾക്ക് പകരം നിൽക്കുമെന്നവർ വെറുതെ മോഹിക്കുന്നു. ആ വിശ്വാസം കൊണ്ട് അവൻ മറികടക്കുന്നതാകട്ടെ, അല്ലാഹു പ്രപഞ്ചത്തിൽ നിർണ്ണയിച്ചിട്ടുള്ള രീതികളെയും അടിമകൾക്കായ് തീർത്ത നിയമങ്ങളെയുമാണ് . ഇങ്ങനെ കാര്യങ്ങളെയെല്ലാം അവൻ കൂട്ടിക്കലർത്തുന്നു. എല്ലാവരും അവന്റെ അറിവില്ലായ്മയും അനുഭവ പരിചയങ്ങളുടെ അഭാവവും ചൂണ്ടികാണിക്കുമ്പോഴും അവനത് നിഷേധിക്കുകയും അവൻ അവലംബിച്ചിരിക്കുന്ന ആഴത്തിൽ വേരൂന്നിയ അവന്റെ വിശ്വാസത്തിൽ ആശ്വാസം കണ്ടെത്തുകയും അന്തിമ വിശ്വാസം കൈവരിക്കാൻ പ്രാപ്തനാണ് താനെന്ന് സ്വയം ആശ്വസിക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ അവനതിന് അർഹനുമല്ല, നിഷേധിയും അഹങ്കാരിയും മാത്രമാണവൻ.

ബുദ്ധിക്കും ചിന്തക്കും നിരക്കാത്ത ഇത്തരം ആലോചനകൾക്ക് തെറ്റായ ഖുർആൻ വ്യാഖ്യാനങ്ങൾ നൽകുകയും പ്രപഞ്ചത്തിന് വിനാശകാരിയായ മനുഷ്യഉപമകൾ നൽകുകയും സന്മാർഗ ദർശിയായി സ്വയം കരുതുകയും ചെയ്യുന്നു

'ഫീ ളിലാലിൽ ഖുർആൻ' എന്ന ഗ്രന്ഥത്തിൽ പറയുന്നത്, വിജയ സഹായങ്ങൾകൊണ്ടും സഹായ വാഗ്ദാനങ്ങൾ കൊണ്ടുമുള്ള ദൈവിക വാഗ്ദാനം എന്ന് പറയുന്നത്, അല്ലാഹുവിന്റെ പ്രാപഞ്ചികമായ കീഴ്വഴക്ക രീതികളിൽ പെട്ട ഒന്ന് മാത്രമാണ്. രാത്രിയും പകലും നിർണ്ണയിക്കപ്പെട്ടത് പോലെ ചന്ദ്ര നക്ഷത്ര ഗോളങ്ങൾ എപ്രകാരമാണോ കോർത്തിണക്കി നടപ്പാക്കപ്പെടുന്നത് അത്പോലെ മാത്രമാണ് ഈ വാഗ്ദാനവും അല്ലാഹുവിന്റെ ഖദ്റിന് വിധേയമാണത്. അവനുദ്ധേശിക്കുമ്പോൾ അതിനെ സാക്ഷാത്ക്കരിക്കുന്നതും .ക്ലിപിതമായ മനുഷ്യായുസ്സുമായി താരതമ്യം ചെയ്യുമ്പോൾ ഒരുപക്ഷേ അത് പിന്തിയെന്ന് വന്നേക്കാം. ഒരിക്കലും തന്നെ ആ വാഗ്ദാനം ലംഘിക്കപ്പെടുകയില്ല.ഒരുപക്ഷേ അത് പിന്തുകയോ മനുഷ്യന് മനസ്സിലാക്കിയെടുക്കാൻ പറ്റാത്ത രൂപത്തിൽ യാഥാർത്യകാവുകയോ ചെയ്തേക്കാം. പരിചിത രൂപങ്ങളിലുള്ള വിജയവും സഹായങ്ങളുമാണ് അവർതേടുക. തികച്ചും പുതിയ രൂപ ഭാവങ്ങളിലുള്ള വിജയ സഹായങ്ങൾ യാഥാർത്ഥ്യമാക്കുന്നത് കുറച്ചു സമയങ്ങൾക്കു ശേഷം ദർശിക്കാൻ പറ്റിയെന്ന് വന്നേക്കാം. മനുഷ്യർ ഒരുപക്ഷേ ഉദ്ധേശിക്കുന്നത്, ഒരു പ്രത്യേക രൂപത്തിലുള്ള സഹായങ്ങളും വിജയങ്ങളും അള്ളാഹുവിന്റെ സൈന്യത്തിനും പ്രവാചകാനുചരന്മാർക്കും വന്നു ചേരണമെന്നായിരിക്കും. എന്നാൽ അല്ലാഹു പൂർണ്ണവും ചിരകാലത്തേക്കുമുള്ള മറ്റൊരു രൂപമായിരിക്കും ഉദ്ധേശിക്കുന്നത് . അല്ലാഹു ഉദ്ധേശിക്കുന്നത് നടപ്പിലാകുന്നു. ഈ സൈന്യം ഒരു പക്ഷേ അതിനിടയിൽ ഒരുപാട് ബുദ്ധിമുട്ടുകൾ സഹിക്കേണ്ടി വന്നിട്ടുണ്ടാകാം. സഹായത്തിനായ് അവർ വിചാരിച്ചതിൽ കൂടുതൽ സമയം പ്രതീക്ഷിച്ചിട്ടുമുണ്ടാകാം .

ഈ വാഗ്ദാനത്തെ പറ്റി ഫീ ളിലാലിൽ ഖുർആനിൽ വീണ്ടും പറയുന്നു: ആ വാഗ്ദാനം യഥാർത്ഥത്തിൽ മുസ്ലിം സൈന്യവും മറ്റു സൈന്യങ്ങളും തമ്മിൽ പോർക്കളങ്ങളിൽ ഏറ്റുമുട്ടേണ്ടി വരുമ്പോഴൊക്കെ ലഭ്യമാകുന്ന സഹായ വാഗ്ദാനമാണ് . അവിശ്വാസികൾ മുസ്ലിം സൈന്യത്തെ കാണുന്ന മാത്രയിൽ അവർക്ക് പേടി തോന്നുകയും അല്ലാഹു അവരുടെ ഹൃദയങ്ങളിൽ ഭയം സന്നിവേശിപ്പിക്കുകയും ചെയ്യും. പക്ഷേ പ്രധാന കാര്യം മുസ്ലിംകളിൽ യഥാർത്ഥ വിശ്വാസം ഉണ്ടാകണമെന്നത് മാത്രമാണ്. അല്ലാഹുവിന്റെ സൈന്യത്തിനാണ് വിജയമെന്നും അല്ലാഹുവിന്റെ കഴിവിനെ മറികടക്കാൻ ശത്രുസൈന്യത്തിനാവുകയില്ല എന്നും നമ്മുടെ കാര്യങ്ങൾ അല്ലാഹു സുരക്ഷിതമാക്കുമെന്നുമുള്ള അചഞ്ചല വിശ്വാസമായിരിക്കണം മുസ്ലിം സൈന്യത്തെ നയിക്കുന്നത്. ഈ വാഗ്ദാനവുമായി തികച്ചും എതിരായ കാര്യങ്ങൾ പ്രത്യക്ഷത്തിൽ ഒരുപക്ഷേ കണ്ടെന്ന് വന്നേക്കാം മനുഷ്യചിന്തക്കും ദൃഷ്ടിക്കും അതീതമാം വണ്ണം സത്യമാണ് അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ.

തുടർന്ന് പറയുന്നു :ഒരു വിശ്വാസി ഈ വാഗ്ദാനങ്ങളെ കാണേണ്ടത് നിശ്ചയമായും അത് സംഭവിക്കുമെന്നും അതാണ് യഥാർത്ഥ്യമെന്നും എന്ന അവസ്ഥയിലാണ്. നിശ്ചിത തലമുറകളിലോ നിശ്ചിത സംഭവങ്ങളിലോ ഈ വാഗ്ധാനത്തിന് പ്രതിഗുണമായ കാര്യങ്ങൾ കണ്ടെന്ന് വച്ച് വാഗ്ദാനങ്ങളിൽ സംശയിക്കുകയല്ല ചെയ്യേണ്ടത്. ആ യാഥാർത്ഥ്യങ്ങൾ താത്കാലികമാണെന്നും പുതിയ സംഭവങ്ങൾ തൽസ്ഥാനത്ത് ചേരുമെന്നുമാണവർ വിശ്വാസിക്കേണ്ടത്. .അല്ലാഹു കണ്ടെത്തിയ സമയത്ത് വാഗ്ദാനം നടപ്പിലാക്കുന്നതിനിടയിൽ ആളുകളുടെ വിശ്വാസം പരിശോധിക്കാനോ മറ്റു വല്ല കാരണത്താലോ അല്ലാഹു കൊണ്ടു വരുന്നതായിരിക്കാം ആ സംഭവങ്ങൾ.

ഇന്ന് നടക്കുന്ന യുദ്ധക്കെടുതിയിലേക്ക് നോക്കുകയാണെങ്കിൽ വിശ്വാസി സമൂഹത്തിനെതിരെ ബാക്കിയുള്ളവരെല്ലാം ചേർന്ന് വ്യത്യസ്ത രൂപത്തിലും കോലത്തിലുമുള്ള യുദ്ധങ്ങൾ സംഘടിപ്പിക്കുന്നു. എല്ലാ ആക്രമണ രീതികളും അവന്റെ വ്യക്തിത്വം ശത്രുവിന്റെ മുമ്പിൽ അടിയറവു വെക്കാതെ സംരക്ഷിക്കാതിരിക്കുകയും ചെയ്തിരിക്കുന്നു. ഈ സംഭവങ്ങളിലേക്ക് കാലാന്തരങ്ങളിൽ നിരീക്ഷണം നടത്തുന്നവർക്ക് അല്ലാഹുവിന്റെ വാഗ്ദാന സഫലീകരണം കാണാനാവും. ഏതവസ്ഥയിലും വിശ്വാസിയായ മനുഷ്യൻ ചിന്തിക്കേണ്ടത് അല്ലാഹുവിന്റെ വാഗ്ദാനം വന്നു ചേരുമെന്ന് തന്നെയാണ്. അല്ലാഹുവിനും അവന്റെ പ്രവാചകനും നേരെ യുദ്ധം ചെയ്യുന്നവർ പരാജിതരാണ്. അല്ലാഹുവും അവന്റെ തിരുദൂതരും തന്നെയാണ് വിജയികൾ. ഇതാണ് നടപ്പിലാവുന്നതും നടപ്പിലാവേണ്ടതുമായ വസ്തുത.

യഥാർത്ഥത്തിൽ പ്രബോധന ദൗത്യത്തിന്റെ പ്രതിസന്ധി എന്ന് പറയുന്നത് അല്ലാഹുവിന്റെ വിധി ക്ഷമയോടെ നേരിടുക എന്നതാണ്. അല്ലാഹുവിന്റെ തന്ത്രപ്രകാരം അവനൊരുക്കി വെച്ച സമയത്തേക്ക് വാഗ്ദത്ത വിജയത്തിനായി ക്ഷമയോടെ കാത്തിരിക്കുക എന്നതാണ്.

പ്രബോധന വഴിയിൽ ഒരുപാട് പ്രശ്നങ്ങളും പ്രതിസന്ധികളും ഉണ്ടാകും. കളിയാക്കലുകൾ, ആക്രമണങ്ങൾ, വെറുപ്പിന്റെയും വെറിയുടെയും ശത്രുതയുടെയും പ്രകടനങ്ങൾ പ്രത്യക്ഷത്തിൽ ശരിയായിത്തോന്നുന്ന കാര്യങ്ങളിൽ വഞ്ചിതരാകുന്ന ജനങ്ങൾ തെറ്റിനെയും തിന്മയെയും പെരുപ്പിച്ച് കാട്ടൽ... ഈ പ്രതിസന്ധികളെല്ലാം മനസ്സിന്റെ പൂർണ്ണ തൃപ്തിയോടെ അചഞ്ചലമായി അല്ലാഹുവിന്റെ വാഗ്ദാനങ്ങളിലേക്ക് നയിക്കുകയാണ് പ്രബോധകന്റെ കടമ.

വഴിയിലെ പ്രതിബന്ധങ്ങളൊന്നും അവന്റെ വീഥിയിൽ തടസ്സങ്ങളായി നില നിൽക്കുകയില്ലാ എന്ന് വിശ്വസിക്കുകയും അങ്ങനെ മുന്നോട്ട് പോവുകയും ചെയ്യുക. വലിയ ക്ഷമയും പരിശ്രമവും തീരുമാനങ്ങളും ഉള്ളവർക്ക് മാത്രമാണിത് സാധിക്കുക.

ഇതിനേക്കാൾ അപകടകരമായത് കേൾക്കൂ. ഫീ ളിലാലിൽ പറയുന്നു. പടർന്നു നിൽക്കുന്ന അനധകാരത്തിലെ പിഴച്ച മനുഷ്യരെ ഇല്ലാതാക്കാൻ സാധിക്കുന്ന തരം അധികാരം അവർക്ക് നൽകി. അപ്പോൾ അവർ വിചാരിക്കും ഒരാൾക്കും നൽക്കാത്തതാണ് അവർക്ക് നൽകപ്പെട്ടതെന്ന്.

ളിലാലിൽ അജ്ഞതടയുടെ വ്യാപനം അധികാരത്തോട് ബന്ധപ്പെടുത്തിപ്പറയുന്നത് നോക്കൂ അല്ലാഹു ഈ ഖുർആൻ കൊണ്ടുദ്ദേശിച്ചത് പ്രവാചകരുടെ മരണാനന്തരം ജീവനുള്ള നേതൃത്വമായി അത് നില നിൽക്കാനാണ് ഈ സമുദായത്തിലെ വരും തലമുറകൾക്ക് വഴികാട്ടാനും അവരെ വളർത്താനും നല്ല നേതൃത്വ ഈ സമൂഹത്തെ തയ്യാറാക്കാനും (അല്ലാഹു വാഗ്ദാനം ചെയ്ത നേതൃത്വം) വേണ്ടിയാണത്.ഖുർആനിന്റെ വഴിയിൽ സമൂഹം സഞ്ചരിച്ചപ്പോഴും ഖുർആനുമായുള്ള കരാർ മുറുകെ പിടിച്ചപ്പോഴും സമൂഹത്തിന്റെ ജീവിത രീതി ഖുർആനിൽ നിന്ന് സ്വീകരിച്ചപ്പോഴൊക്കെയും ഭൗതികമായ എല്ലാ രീതികൾക്കും മുകളിൽ ആ സമൂഹം സ്ഥാനീയരായിട്ടുണ്ട്. ഈ വിശേഷമങ്ങളോടു കൂടെ പറയപ്പെട്ട സഞ്ചാര വഴികൾ അജ്ഞതയുടെ രീതികളത്രെ.

ളിലാൽ തുടർന്നു പറയുന്നു വിശ്വാസിയുടെ ആഗ്രഹം അവന്റെ വിശ്വാസം അതിജയിക്കുന്നതിലും അല്ലാഹുവിന്റെ ശത്രു പരാജയപ്പടലുമാണ്. ഈ താത്പര്യം പോലും

വിശ്വാസിക്കുണ്ടാകരുതെന്ന് അല്ലാഹു ആഗ്രഹിക്കുന്നു. അവർ അവരുടെ കാര്യങ്ങളൊന്നും അവരുടെ താത്പര്യങ്ങളാവാതിരിക്കട്ടെ.. ഈ വിശ്വാസം എന്ന് പറയുന്നത് നൽകലും പൂർത്തിയാക്കലും ചെയ്തു തീർക്കലും മാത്രമാണ്. ഭൗതികമായ ഒന്നും അതിന് പകരം പ്രതീക്ഷിക്കാവതല്ല. വിജയമോ സഹായമോ അധികാരമോ ആധിപത്യമോ ഒന്നും തന്നെ ആഗ്രഹിക്കാവുന്നതല്ല.

എല്ലാം പ്രതീക്ഷിക്കേണ്ടത് അവിടെയാണ്(അന്ത്യ നാളിൽ) ഒരു പക്ഷെ വിജയവും അധികാരോഹണവും ആധിപത്യം നോടലുമെല്ലാം സംഭവിച്ചേക്കാം, പക്ഷെ അതൊന്നും കരാറിൽ ഉൾപ്പെട്ടിട്ടില്ല തന്നെ. ധാരണയിൽ ഭൗതികമായ ഒരു നേട്ടവും പകരം പറഞ്ഞിട്ടില്ല. ധാരണാ പ്രകാരം അങ്ങോട്ട് നൽകലും പൂർത്തീകരിക്കലും ചെയ്ത് തീർക്കലും പരീക്ഷണങ്ങളും മാത്രമാണ്.

അധികാരാരോഹണത്തെ ആധിപത്യവുമായി ബന്ധപ്പെട്ടുക്കൊണ്ടേയിരിക്കുന്നു. ദൈവിക കരാറിൽ ഉള്ള ഉറപ്പിൽ ശക്തി കൂട്ടാൻ അതിനെ ഉപയോഗിക്കുന്നു. അധികാരികാധിപത്യ പ്രതീക്ഷയിൽ ഒരാൾക്ക് പരീക്ഷണത്തിലും പ്രവർത്തന നൈരന്തര്യങ്ങളിലും തുടരാൻ സാധിക്കും. ഇതൊന്നും സാക്ഷാത്കരിക്കപ്പെടാതെ ഒരു പക്ഷെ അയാൾ മരിച്ചെന്ന് വന്നേക്കാം. എന്നിലുന്നാലും ശേഷം അധികാരാധിപത്യങ്ങൾ യഥാർത്ഥമായേക്കാം എന്ന സമാധാനത്തിൽ അയാൾ മരിച്ചു പോകുന്നു.

ഈ ചിന്താഗതിയിൽ അവരുടെ അടുത്ത് വളരുന്ന ആളുകൾ ദെവിക വാഗ്ദാന സഫലീകരണത്തിനായി അധികാരാധിപത്യം തെളിവായി കാണക്കാക്കുന്നു. അവർക്ക്

ഐശ്വര്യ പൂർണ്ണമായ ജീവിത സാഹചര്യം ഒരുക്കാൻ പറ്റുമെന്നതോ നാഗരിക സൃഷ്ടിപ്പിനെന്ത് ചെയ്യാൻ പറ്റുമെന്നോ സ്ഥാപിത കാര്യങ്ങളുടെ ഉത്ഥാനത്തിനായി ചെയ്യാവുന്ന കാര്യങ്ങളെപ്പറ്റിയൊ അവർ ആലോചിക്കുന്നില്ല. ഇത്തരം കാര്യങ്ങൾക്ക് പുരോഗനാത്മകമായി സംഭാവന ചെയ്യാൻ പറ്റുമ്പോൾ അർത്ഥത്തിൽ അധികാരികാധിപത്യം സ്ഥാപിക്കപ്പെടുന്നു. അല്ലാത്ത പക്ഷം ശരീഅത്തു കൊണ്ടുദ്ദേശിക്കപ്പെടുന്ന മനുഷ്യന്റെ അഭിമാനകരമായ നിലനിൽപ്പും ബുദ്ധിയുടേയും അഭിമാനത്തിന്റെയും ധനത്തിന്റെയും സംരക്ഷണവും പൂർണ്ണമായും അപ്രത്യക്ഷമാവുന്നു. ഇസ്ലാമിക സംവിധാനങ്ങൾ പൂർണ്ണമായും തകരുന്നു. അതേ സമയം അത്തരം ചിന്താഗതിക്കാർ മനസ്സിലാക്കിയതനുസരിച്ച് അധികാരികാധിപത്യം(തംകീൻ) ഒരു രാഷ്ട്രീയ വ്യവസ്ഥ രൂപീകരിക്കുന്നതിലൂടെയോ ആധിപത്യം സ്ഥാപിക്കിന്നതിലൂടേയോ ആണ് എന്നതാണ്. നില നിൽക്കുന്ന നീതിന്യായ വ്യവസ്ഥകളെ തതകർക്കലും അതിന്റെ വഴിയാണെന്നവർ കരുതുന്നു. അവർ മനസ്സിലാക്കിയത് ദെവിക വിജയ സഹായ വാഗ്ദാനങ്ങൾ അവർക്കു മാത്രമാണെന്നുമാണ്.

ഐശ്വര്യ നിർമ്മിതിയുടെയും പൊതുജന നന്മയുടെയും കാര്യങ്ങൾ അവർ അവഗണിക്കുന്നു. ജീവിത സഞ്ചാരത്തിനുള്ള വഴികൾ ജനങ്ങങ്ങളിൽ നിന്ന് അകന്ന് സാധാരണ ജീവിതം പോലും പ്രയാസ മാകുമ്പോൾ അവരെ ഇത്തരം ചിന്താഗതികൾ ശത്രുതയോടും അഹങ്കാരത്തോടും അഭിമുഖീകരിക്കുന്നു. യാഥാർത്ഥ്യത്തെ നിഷേധിച്ച് സൗകര്യപൂർവ്വം അവർ മറ്റൊരു ആശയം മുന്നോട്ടു വെക്കുന്നു. അവരെ പൊതുജനം ആക്ഷേപിക്കുന്നത് ദീനിനോടും ശരീഅത്തിനോടും അവർക്കുള്ള ശത്രുത മനോഭാവം കൊണ്ടാണെന്ന് അവർ വാദിക്കുന്നു. ഇരുണ്ട യാഥാർത്ഥ്യങ്ങൾക്കു മുമ്പിൽ സ്തംഭിച്ചു നിൽക്കുന്ന

പൊതുജനത്തിന്റെ നിലപാട് അവർക്കുള്ള ദൈവിക സഹായവാഗ്ദാനങ്ങളിലുള്ള സംശയമായി അവർ പരിഗണിക്കുന്നു. പൊതുജനം അല്ലഹുവിന്റെ ശരീഅത്തിനെ നിരസിക്കുന്നു എന്നത് അവർക്ക് കൂടുതൽ ആത്മധൈര്യം പകരുകയും പൊതുജനം ജാഹിലീയ്യതയിലേക്ക് കൂപ്പു കുത്തുന്നു എന്നു വരുത്തി സായുധ സമരത്തിലേക്ക് നീങ്ങി അതിനെ വിശുദ്ധ സമര(ജിഹാദ്)മായി വ്യഖ്യാനിക്കുകയും ചെയ്യുന്നു.

വിശുദ്ധ സമരം(ജിഹാദ്)

ഹാകിമീയ്യ സിദ്ധാന്ത പ്രകാരം (അല്ലാഹു ഇറക്കിയത് കൊണ്ടല്ലാതെ വിധിക്കുന്നവരാരോ അവരാണ് നിഷേധികൾ) തീവ്രചിന്താ ധാരകൾ മുസ്ലിം ജനസാമാന്യത്തിന് മതഭ്രഷ്ഠ കൽപിച്ച അവരെ ജാഹിലീയ്യതയിലേക്ക് ചേർത്തിപ്പറയുന്നു. അതു തന്നെ ശിർക്കും കുഫ്റും ആണ്. നൂറ്റാണ്ടുകളായി ഈ ദീനിന്റെ തുടർച്ച മുറിഞ്ഞു പോയെന്ന് അവർ ഉറപ്പിക്കുകയും മറ്റു നിയമ സംഹിതകളും ഭരണഘടകളും സത്യ നിഷേധമാണെന്നും വിധിച്ച് നേതാക്കളെയും ന്യായാധിപൻമാരേയും പിൻവലിക്കാൻ ആവശ്യപ്പെട്ട് മുസ്ലിം ജനസാമാന്യത്തിന്റെ നെഞ്ചിലേക്ക് അവർ അമ്പ് തിരിച്ച് വെക്കുന്നു. അവയുടെ ഏക ലക്ഷ്യമായി, നിലവിലുള്ള നിയമ വ്യവസ്ഥകളെ തകർക്കലും ബദൽ രാഷ്ട്രീയ ഘടന കൊണ്ടു വരലുമായി ചുരുക്കിയിരിക്കുന്നു. അങ്ങനെ വരുമ്പോൾ ഏറ്റു മുട്ടൽ നിർബന്ധമായി വരുന്നു. അതിനെ അവർ വിശുദ്ധ ഏറ്റു മുട്ടൽ നിർബന്ധമായി വരുന്നു. അതിനെ അവർ വിശുദ്ധ സമരം(ജിഹാദ്) എന്ന് പേരു വിളിക്കുന്നു.

യഥാർത്ഥത്തിൽ അല്ലാഹു നിയമമാക്കിയ ധർമ്മ സമരം(ജിഹാദ്) കൊണ്ടുള്ള വിവക്ഷ ഉയർന്നതും വിശാലമായതുമാണ്. സായുധ കലാപം എന്ന അതിന്റെ പല

രൂപങ്ങളിൽ ഒന്നു മാത്രമാണ്. ജനങ്ങളെ ജീവിക്കാനനുവദിക്കുക, സാന്മാർഗം പുൽകുക തുടങ്ങിയ ദൈവിക നിയമങ്ങളുടെ ഉദ്ദേശ്യവുമായി അല്ലാഹു ജിഹാദിനെ ബന്ധിപ്പിച്ചിരിക്കുകയാണ്. ജനങ്ങളെ ഇല്ലായ്മ ചെയ്യൽ അതിന്റെ ലക്ഷ്യമല്ല തന്നെ. അല്ലാഹുവിന്റെ വിധി വിലക്കുകൾക്കനുസരിച്ച് ഭരണം നടത്തുന്നിടത്ത് ആ മുല്യങ്ങൾക്കനുസരിച്ചാണ് അല്ലാഹു ജിഹാദിനെ നിമമാക്കിയത്. അങ്ങിനെ ജിഹാദ് ചെയ്യുന്നവർ മരം മുറിക്കാനോ, ആടുകളെ നശിപ്പിക്കാനോ, മഠത്തിലെ പുരോഹിത ശ്രേഷ്ഠനെ ഭയപ്പെടുത്താനെ അനുവദിക്കുകയയുമില്ല. ഈ പരിധികൾ ലംഘിക്കുകയോ സംഭവിക്കേണ്ട സ്ഥലമല്ലാതെ നടപ്പിൽ വരുത്തുകയോ ചെയ്യുന്ന പക്ഷം അത് യഥാർത്ഥ ജിഹാദല്ലാതാവുകയും ആളുകളെ അക്രമിക്കലും അവരെ ഉപദ്രവിക്കലും മാത്രമായി അത് പരിണമിക്കുകയും ചെയ്യും.

ശരീഅത് നിയമങ്ങൾക്കും ഉദ്ദേശങ്ങൾക്കും നേരേയുള്ള നിരന്തര ശത്രുത നമ്മൾ അഭിമുഖീകരിക്കുന്നു. ആ നിയമങ്ങളെ അവരുടെ അടുത്തുള്ള തെറ്റായ ചിന്താതകളിലേക്ക് ചേർത്തി ഉപയോഗിക്കുമ്പോഴാണ് ഇത് സംഭവിക്കുന്നത്. പൊതു മുസ്ലിം ജന സാമാന്യത്തെ മതഭ്രഷ്ഠരാക്കി കടന്ന് വരുന്ന തെറ്റായ ചിന്താ പ്രസ്ഥാനക്കാരെല്ലാം ശരീഅത്തിന്റെ സാങ്കേതികത്വ മാനങ്ങൾ തകർക്കുകയും ചെയ്യുന്നു. ജനങ്ങൾ ഇസ്ലാമിനെ സംശയിക്കുന്ന അവസ്ഥ സംജാതമാകുന്നു. അതിലപ്പുറം ഒരു വലിയ അപകടം കൂടി ഒപ്പം ഉണ്ടുകുന്നത് ഇസ്ലാമിന്റെ തെറ്റായ പ്രായോഗിക രീതികളാണവരുടെ പക്കലുള്ളത്. ശറഇന്റെ സാങ്കേതിക പദങ്ങൾ അവർ കട്ടെടുത്തുപോയഗിക്കുകയാണ്. ഈ അബദ്ധ പ്രയോഗിക രീതികളിലൂടെ ആളുകൾ ഇസ്ലാമിനെ വിലയിത്തുന്നു. ഇസ്ലാമിക ശരീഅത്തിനെപ്പറ്റി മോശമായ ചിന്തയും അഭിപ്രായവും അവരിൽ രൂപപ്പെട്ടു വരുക സ്വാഭാവികമാണ്. അല്ലാഹു മനുഷ്യന്

കാരുണ്യവും ബഹുമാനവും ജീവിതവുമാക്കി നൽകിയ ശറഇനെ ജനങ്ങൾക്കു മുന്നിൽ പരാജയവുമാക്കി മാറ്റുകയാണവർ.

ജാബിറുബ്നു അബ്ദുള്ളാഹിൽ അൻസാരിയിൽ നിന്ന് ബുഖാരി ഉദ്ധരിച്ച ഹദീസ്: "രണ്ട് തേവൊട്ടകങ്ങളുമായി ഒരാൾ രാത്രി വന്നു. മുആദ്(റ) നിസ്കരിക്കുന്നതായി അദ്ദേഹം കണ്ടു. ഒട്ടകങ്ങളെ ഉപേക്ഷിച്ച് അയാൾ മുആദ്(റ) വിലേക്ക് നിസ്കരിക്കാനായി വന്നു. ബഖറ സൂറതോ നിസാഅ് സൂറതോ മുആദ്(റ) ഒതി, അതോടെ അയാൾ പോയി. പിന്നീടയാൾക്കറിയാൻ കഴിഞ്ഞു. മുആദ്(റ) അദ്ദേഹത്തെ(ഈ സംഭവത്തിൽ) ആക്ഷേപിച്ചു എന്ന്. അയാൾ നേരെ പ്രവാചകരുടെ(സ) അടുത്തു ചെന്നു മുആദ്(റ)നെപ്പറ്റി പരാതി പറഞ്ഞു. അപ്പോൾ നബി(സ) പറഞ്ഞു:"മുആദേ നീ പ്രശ്നക്കാരനാണോ?(മൂന്നു പ്രാവശ്യം) എന്തേ സബ്ബിഹിസ്മ, വശ്ശംസി , വള്ളുഹാ സൂറതുകളോതി നിസ്കരിച്ചു കൂടായിരുന്നോ? നിശ്ചയം നിന്റെ പിന്നിൽ പ്രായമായവരും ദുർബലരും ആവശ്യക്കാരും നിസ്കരിക്കുന്നുണ്ട്".

ഇത് പ്രാവചക വിശദീകരണമാണ്. ശരീഅത്തിന്റെ പ്രായോഗിക വത്കരണ വഴിയിൽ ഒരാൾ ഒറ്റക്കാരനാവുകയും മറ്റുള്ളവർക്ക് അത് ഭാരമാവുന്ന വിധത്തിൽ അടിച്ചേൽപ്പിക്കുകയും ചെയ്യുന്നതിനെ അപകടപരമായ കാര്യമായും അതിന്റെ ആളെ പ്രശ്നക്കാരനെന്ന് പേരു വിളിക്കുകയും ചെയ്തിരിക്കുന്നു. അയാളുടെ പ്രവൃത്തി കാരണം മറ്റുള്ളവർക്ക് ശറഇനോടുണ്ടായേക്കാവുന്ന മനോഭാവം ശ്രദ്ധിക്കാൻ ഉണർത്തുകയും ചെയ്തു. ഇങ്ങനെയൊക്കെ ഉണ്ടായത് നീട്ടി നിസ്കരിക്കൽ ഉത്തമമാണെന്ന് കാര്യം ഇഷ്ടമാണെന്ന കാര്യം നില നിൽക്കുകയുമാണ്.

ജനങ്ങളെ കാഫിറുകളാക്കി അവർക്കെതിരെ ആയുധമെടുത്ത് പോരാടുന്നതിനെ എങ്ങനെയാണ് ജിഹാദ് എന്ന് വിളിക്കാനാവുക.

രിസാലതുൽ ഈമാൻ സ്വാലിഹ് ... പറയുന്നത് കാണുക ഈ ഗവൺമെന്റുകളെ നീക്കം ചെയ്ത പുതിയ ഇസ്ലാമിക രാഷ്ട്ര സംസ്ഥാപനം എല്ലാ മുസ്ലിമിന്റെയും വൈയക്തിക കടമയാണ്. ജിഹാദ് ലോകവസാനം വരേക്കും നടപ്പിലുണ്ടാകും. കാഫിറല്ലാത്ത തിന്മയെ തിരുത്താൻ പോലും ജിഹാദ് നിർബന്ധമാണെങ്കിൽ(ഹുസൈൻ(റ) ചെയ്തതു പോലെ, പ്രവാചകർ(സ) പറഞ്ഞതു പോലെ ഉത്തമ രക്തസാക്ഷികൾ ഹംസ(റ)വും അക്രമിയായ നേതാവിനോട് നന്മ കൽപിച്ച് തിന്മ വിരോധിച്ചതിന്റെ പേരിൽ കൊല ചെയ്യപ്പെട്ടയാളുമാണ്) കാഫിറിനെതിരെ യുദ്ധം ചെയ്യൽ ഏറ്റവും വലിയ ബാദ്ധ്യതയാണെന്നും ഇസ്ലാമിലെ പ്രധാന പുണ്യങ്ങളിലൊന്നുമാണെന്നതിൽ മുസ്ലിമീങ്ങളാരും അഭിപ്രായ വ്യത്യാസം കാണിക്കുകയില്ല. യുദ്ധം ചെയ്യാതെയോ യുദ്ധം ചെയ്യാൻ മനസ്സ് പ്രേരിപ്പിക്കാതെയോ ഒരാൾ മരിച്ചാൽ അവൻ ജാഹിലിയ്യാ മരണം മരിച്ചിരിക്കുന്നു. ഇസ്ലാമിക രാഷ്ട്ര സ്ഥാപനത്തിനായി ശ്രമിക്കുന്നവർക്കെതിരിൽ കാഫിർ ഭരണ കൂടത്തെ സഹായിക്കാനായി മരണം വരിച്ചപ്പോൾ നിഷേധികളാണ്, അവർ നിർബന്ധിതരായവരെല്ലിങ്കിൽ പ്രതിഫല നാളിൽ ഉദ്ദേശ്യങ്ങൾക്കനുകരിച്ചാണ് പ്രതിഫലം നൽകപ്പെടുക. ഇന്ന് ഈ വിഷയം മുസ്ലിങ്ങൾ അവഗണിച്ച അപകടകരമായ ഒന്നാണ്. ഇസ്ലമാമിക പ്രസ്ഥാനങ്ങളിലധികവും ഈ രാഷ്ട്ടങ്ങൾക്കെതിരിൽ ആയുധമെടുക്കാത്തത് രക്തച്ചൊരിച്ചിൽ പേടിച്ചിട്ടാണ്. കാരണം അവർക്ക് ഈ പ്രശ്നത്തിൽ വേണ്ട

വ്യക്തത കൈ വന്നിട്ടില്ല. അത് ഈ രാഷ്ട്രങ്ങളുടെ സത്യ നിഷേധ(കുഫ്റു)മാണ്.

അങ്ങനെ ജിഹാദിന്റെ പരിപ്രേഷ്യം മതഭ്രഷ്ട് കൽപ്പിക്കലും ജനങ്ങളോടുള്ള ശത്രുതയുമായി അദ്ദേഹം വിവരിക്കുന്നു.

**താരതമ്യം**

അല്ലാഹു നിയമമാക്കിയ ജിഹാദും(സന്മാർഗ്ഗം യാഥാർത്ഥ്യമാക്കുന്ന മഹത്തായ കാര്യം), തീവ്രചിന്താ ഗതിക്കാരുടെ തെറ്റായ അക്രമ രൂപവും.

| സമുദായ പണ്ഡിതർ അവതരിപ്പിക്കുന്ന ജിഹാദിന്റെ ശരിയായ രൂപം | തീവ്ര ചിന്താ ഗതിക്കാരുടെ ജിഹാദിന്റെ തെറ്റായ രൂപം |
|---|---|
| 1. ജിഹാദ് സങ്കൽപത്തിന്റെ വ്യാപ്തി അല്ലാഹു നിയമമാക്കിയ ജിഹാദ് മഹത്തായ ഒരു പ്രകാശ കർമ്മമാണ്. വ്യത്യസ്ത രൂപങ്ങളിൽ അത് യാഥാർത്ഥ്യമായേക്കാം. ഹൃദയം കൊണ്ടോ, പ്രബോധനം കൊണ്ടോ, തെളിവുകളവതരിപ്പിക്കൽ കൊണ്ടോ, വിശദീകരിക്കൽ കൊണ്ടോ, ഃആലോചനകൾ കൊണ്ടോ മറ്റോ... ചില ഘട്ടങ്ങളിൽ സായുധ സമരത്തിന് | 1. ജിഹാദിനെ സായുധ സമരത്തിൽ മാത്രം ഒതുക്കി സമരത്തെ കഴുത്തറക്കലാവും. |

| | |
|---|---|
| നിർബന്ധിതരായേക്കാം. അപ്പോൾ സായുധ സമരം കൊണ്ടും ജിഹാദ് യാഥാർത്ഥ്യമായേക്കും. കശ്ശാഫുൽ ഖനാഅ് – 3/36 മഥാലിബ് ഉലിന്നുഹാ – 2/503<br>2. ജിഹാദ് എന്നത് ഒരു മാർഗ്ഗമാണെന്നാണ് പൊതു പണ്ഡിത മതം കാര്യങ്ങൾ നേടുന്നതിനായി അവലംബിക്കാവുന്ന മാർഗ്ഗങ്ങളായാണ് ശറഅ് അതിനെ കാണുന്നത്. പർണ്ണമായ രീതിയിൽ ആ ലക്ഷ്യങ്ങൾ നേടുന്നതിനായി ആ മാർഗ്ഗങ്ങളെ ഉപയോഗിക്കാം.<br>'മഖാസിദു ശ്ശറഅ്': പേജ് 148:അല്ലാമാ ത്വാഹിർ ബിൻ ആശൂർ. ഇതു പ്രകാരംജിഹാദിനെ ഖിതാലു(സായുദ സമരം)മായി ബന്ധിപ്പിക്കേണ്ടതില്ല. ശറഇന്റെ ലക്ഷ്യങ്ങളാണ് നാം പരിഗണിക്കേണ്ടത്. ശറഇന്റെ ലക്ഷ്യങ്ങൾ സഫലീകരിക്കാൻ ഖിതാൽ ഒഴിവാക്കേണ്ടി വരും ചിലപ്പോൾ. 'റംലി' ഇമാം പറഞ്ഞത് കിടങ്ങുകൾ | 2. ജിഹാദ് അവർക്ക് സ്വയം ഒരു ലക്ഷ്യമാണ്.<br>ഖർളാവി 'ഇബ്വനുൽ കർയ്യ വൽ കിതാബി'ൽ പറയുന്നത് കാണുക. ഇജ്തിഹാദ് വിഷയത്തിൽ സയ്യിദ് ഖുതുബിന്റെ അഭിപ്രായങ്ങൾ അദ്ദേഹത്തോട് ചർച്ച ചെയ്ത പോലെ തന്നെ ജിഹാദിൽ അദ്ദേഹത്തിന്റെ അഭിപ്രായവും അദ്ദേഹത്തോട് ഞാൻ ചർച്ച ചെയ്തു. ഇസ്ലമാമിക കർമ്മ ശാസ്ത്രത്തിലെ ഏറ്റവും ഇടുങ്ങിയതും കഠിനവുമായ അഭിപ്രായമാണ് അദ്ദേഹം നിർമ്മിച്ചെടുത്തിരിക്കുന്നത്. മുഴുവൻ ലോകത്തോടും അവർ മുഴുവൻ |

| | |
|---|---|
| കീറലും കോട്ടകൾ നിർമ്മിക്കലും ചിലപ്പോൾ ഖിതാലും ജിഹാദായി പരിഗണിക്കപ്പെടും. നിഹായതുൽ മുഹ്താജ് 8/46<br>3. ജിഹാദ് കൊണ്ടുള്ള ഏറ്റവും വലിയ ഉദ്ദേശ്യം സന്മാർഗ്ഗം സിദ്ധിക്കലാണ്. ഇമാം സുബ്കി ഫതാവ യിൽ ഉദ്ധരിച്ചതു പോലെ ഖൈബറിലേക്ക് അലി(റ)നെ പറഞ്ഞു വിട്ടപ്പോൾ നബി(സ) പറഞ്ഞു. നീ കാരണം ഒരാളെ സന്മാർഗത്തിലാകലാണ് ലക്ഷണമൊത്ത ചുവന്ന ഒട്ടകങ്ങൾ ലഭിക്കുന്നതിനേക്കാൾ നല്ലത്. ഈ അവസ്ഥയിൽ നമുക്ക് മനസ്സിലാകുന്നത് ഖിതാലു കൊണ്ടുള്ള ഉദ്ദേശ്യം സന്മാർഗമാണെന്നാണ്. ആ യുക്തിയും അതു തന്നെയാണ് മനസ്സിലാക്കിത്തരുന്നത്. ലക്ഷ്യം സൃഷ്ടികളെ സന്മാർഗ്ഗത്തലേക്ക് നയിക്കലാണ്. ഏക ദൈവത്വത്തിലേക്കവരെ ക്ഷണിക്കലാണത്. അന്ത്യനാൾ വരെക്കും അവർക്കും അവരുടെ പിൻ | മുസ്ലിങ്ങളായിത്തീരുന്നതു വരേയോ മുസ്ലിങ്ങൾക്ക് കപ്പം നൽകി സ്വയം ചെറുതാകുന്നത് വരേയോ യുദ്ധം ചെയ്യൽ ഓരോ മുസ്ലിമിനും അനിവാര്യമാണ്. ഈ അഭിപ്രായം പ്രധാന പണ്ഡിതന്മാരുടെയും സമകാലിക പണ്ഡിതരുടെയും അഭിപ്രായത്തിന് വിരുദ്ധമാണ്.<br>3. വിശുദ്ധ സമരത്തിനവോ സായുധ പോരാട്ടത്തിനോ ഹിദായത്(സന്മാർഗം) യാഥാർത്ഥ്യമാക്കുന്നതിൽ ഭാഗദേയം അവർ കാണിക്കുന്നില്ല തന്നെ. |

| | |
|---|---|
| മുറക്കാർക്കും ഇസ്ലാം ലഭിക്കലുമാണത്.<br>വിവരം കൊണ്ടോ വാദ പ്രതിവാദം, സംശയ നിവാരണം എന്നിവ കൊണ്ടോ ഹിദായത് സാധ്യമാകുമെങ്കിൽ അതാണ് ഏറ്റവും നല്ലത്. അതിനാലാണ് നാം പറയുന്നത് പണ്ഡിതന്റെ മഷി രക്തസാക്ഷിയുടെ രക്തത്തേക്കാൾ ഉത്തമമാണ്. സായുധ സമരം കൊണ്ടല്ലാതെ ഹിദായത് സൃഷ്ടിക്കാൻ സാധ്യമല്ലാതെ വരുമ്പോൾ മൂന്ന് ലക്ഷ്യങ്ങൾക്കായി നമുക്ക് സമരം ചെയ്യാവുന്നതാണ്. ഒന്ന്, ശത്രുവിനെ ഹിദായതാക്കാൻ വേണ്ടി ഇതാണ് ഉയർന്ന പദവിയിലുള്ളത്<br>രണ്ട്, അവരോട് ഏറ്റു മുട്ടി ശഹീദാവാൻ വേണ്ടി. ലക്ഷ്യം പരിഗണിക്കുമ്പോൾ ഇത് മധ്യമ സുന്നത്താണ് വരുന്നത്. ശരീരത്തെ ദാനം ചെയ്യുക എന്ന അർത്ഥത്തിൽ അത് ആദരീണമായ കാര്യവുമാണ്. എന്നാൽ ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗമെന്ന രീതിയിൽ അത് | |

| | |
|---|---|
| രണ്ടാമതായി മാത്രമേ ഗണിക്കപ്പെടുകയുള്ളൂ. ലക്ഷ്യം അല്ലാഹുവിന്റെ വാക്കിനെ ഉയർത്തിക്കാണിക്കലാണല്ലോ. ഇസ്സുബ്നു അബ്ദിസ്സലാം എന്നവർ ഖവാഇദുൽ അഹ്കാമിൽ പറഞ്ഞതു പോലെ ലക്ഷ്യങ്ങൾ ഇല്ലാതാവുന്നതോടു കൂടി മാർഗ്ഗങ്ങളും ഇല്ലാതാവും(അപ്രസക്തമാവും).<br>4. ജിഹാദ് ശറഇൗയായ ഒരു വിധിയാണ്.അത് അസഹിഷ്ണുതയോ സ്വയം പ്രേരണയോ ആയി ഉണ്ടാവേണ്ടതല്ല. ഇസ്ലാമിന്റെ അഞ്ച് വിധികളിലൊന്ന് അതിന് ബാധമാകും. അതിന്റെ ലക്ഷ്യങ്ങളും അവസ്ഥകളും സാഹചര്യങ്ങളും അനന്തരഫലങ്ങളും പരിഗണിച്ച് നിർബന്ധമോ, സുന്നത്തോ, നിഷേധമോ ആയി മാറിയേക്കാം. ശറഈ ഹുക്മുകളുടെയും ആ ഹുക്മുകൾ ഇല്ലാതാകുന്ന കാര്യങ്ങളെയും അല്ലാഹു തന്നെയാണ് ഇറക്കിയത്. രൂപത്തിൽ ശരിയാണെന്ന് | 4. ശത്രുതയെന്ന ഭീതിജനകമായ ഒന്നാണ് ഖിതാലും ജിഹാദും ബുദ്ധിയോ ദീനോ വിധിക്കാത്ത യുക്തിക്ക് നിരക്കാത്ത ഒന്നാണത്. ഭീതിതമായ മുറിവുകളും ഗളഛേദനങ്ങളും നടത്തി ജിഹാദിന്റെ പേരു പറയുകയാണവർ. ഫലമോ ജനങ്ങൾ അവിശ്വാസികളാവുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് പിന്മാറുകയും ചെയ്യുന്നു. |

| | |
|---|---|
| തോന്നുന്ന പല ജിഹാദുകളും അർത്ഥത്തിലും യാഥാർത്ഥ്യത്തിലും തെറ്റായിരിക്കാം. അസ്ഥാനത്തും ശറഈ രീതികൾക്കനുസരിച്ചല്ലാതെയും നടത്തുന്ന ജിഹാദുകതളാണവ. ശറഅ് നിശ്ചയിച്ച രീതികൾക്കപ്പുറത്ത് ജിഹാദ് നടത്തുന്നവ വെറും ശത്രുതയും രക്തച്ചൊരിച്ചിലും ഭൂമിയിൽ കലാപ സൃഷ്ടിപ്പിനും മാത്രമാണ് നടത്തുന്നത്. വുളൂഇന്റെ മര്യാദകൾ സംസാരിക്കുന്ന കൂട്ടത്തിൽ പ്രവാചകർ(സ) പറഞ്ഞു. ഇതിൽ കവിഞ്ഞ് ആരെങ്കിലും പ്രവർത്തിച്ചാൽ അവൻ തെറ്റുകാരനും അക്രമിയുമാണ്. ശറഅ് നിശ്ചയിച്ച പരിധി ഒരു വ്യക്തിയുടെ അംഗശുദ്ധിയിൽ ഗണിക്കപ്പെടുന്നു. തികച്ചും വൈയക്തികമായ കാര്യമായിരുന്നിട്ട് പോലും മനുഷ്യരെ കീഴടക്കപ്പെടുത്തുന്ന രക്തം ചൊരിയേണ്ടി വരുന്ന | |

| | |
|---|---|
| നിർഭയരായവർപോലും ഭയചകിതരാകുന്ന ഈ കാര്യത്തിൽ(ഖിതാല്) പിന്നെ എങ്ങനെ പ്രവർത്തിക്കാനാകും. ശറഇലേക്ക് ചേർത്തി ശരിയാണെന്ന് പറയാവുന്ന അടിസ്ഥാനങ്ങളൊന്നുമില്ലാതെ ഉപരിപ്ലവമായി ഈ കാര്യത്തെ എങ്ങനെ പ്രവർത്തിയിൽ കൊണ്ടുവരും? ഇതിന്റെ പിന്നിലെ യഥാർത്ഥ കാര്യം ചിലരുടെ വൈയക്തിക താൽപര്യങ്ങളാണ്. ജനങ്ങൾക്കു മേൽ അധികാരം സ്ഥാപിക്കാനുള്ള, തന്റെ അധികാര മോഹത്തെ തൃപ്തിപ്പെടുത്താനാണ് പലരും അതിനെ ഉപയോഗിക്കുന്നത്. അവസാനം ആ കൃത്യങ്ങളുടെയെല്ലാം കുറ്റം അവർ ശറഇലേക്ക് ചേർത്തിപ്പറയുകയും ജനങ്ങളെ ദീനിൽ നിന്നകറ്റുകയും ചെയ്യുന്നു. ജിഹാദ് ശറഈയായ ഒരു വിധിയാണ്. ചിലപ്പോഴത് നിർബന്ധമാവും. ശത്രുതയെ തടയുന്ന സമൂഹങ്ങൾക്ക് | |

| | |
|---|---|
| നിർഭയത്വം നൽകുന്ന രക്തം ചിന്തൽ ഒഴിവാക്കുന്നജിഹാദിനെ അവർ അധികാര ഭ്രമത്തിനും യുദ്ധക്കൊതിയുമുള്ള പേരുകളാക്കി മാറ്റിയിരിക്കുന്നു. ഇമാം ഖർറാഫി പറഞ്ഞിരിക്കുന്നു. വിധികളെ(ഹുകുമുകളെ) അല്ലാഹു നിയമമാക്കിയത് പോലെ അവ ബധാകമല്ലാതാക്കുന്ന കാര്യങ്ങളും നിയമമാക്കിയത് അവൻ തന്നെയാണ്. അൽ ഫുറൂഖ് .1/135 | |

**താരതമ്യം**

ജിഹാദ്: ഭൂരിപക്ഷ പണ്ഡിതാഭിപ്രായവും സയ്യിദ് ഖുതുബിന്റെ ഒറ്റപ്പെട്ട കാഴ്ചപ്പാടും.

| സയ്യിദ് ഖുതുബ് | ഭൂരിപക്ഷ പണ്ഡിതം |
|---|---|
| ജിഹാദ് എന്നത് മുഴുലോകത്തോടുമുള്ള ഏറ്റുമുട്ടലാണ്. ഖർളാവി പറയുന്നത് കാണുക. ഞാൻ സയ്യിദ് ഖുതുബിനോട് സംസാരിച്ചു. ഇജ്തിഹാദ് വിഷയത്തിൽ സയ്യിദ് ഖുതുബിന്റെ അഭിപ്രായങ്ങൾ അദ്ദേഹത്തോട് ചർച്ച ചെയ്ത | ഖർളാവി പറയന്നത് കാണുക. സയ്യിദ് ഖുതുബിനെ ജിഹാദജിന്റെ പേരിൽആക്ഷേപിക്കാൻ കാരണം ഈ വിഷയത്തിൽ സമകാലിക പണ്ഡിതരെ രണ്ടു കാര്യങ്ങൾ പറഞ്ഞ് അദ്ദേഹം അധിക്ഷേപിക്കുന്നത് കാണാം.<br>ഒന്ന്:അശ്രദ്ധയും |

പോലെ തന്നെ ജിഹാദിൽ അദ്ദേഹത്തിന്റെ അഭിപ്രായവും അദ്ദേഹത്തോട് ഞാൻ ചർച്ച ചെയ്തു. ഇസ്ലമാമിക കർമ്മ ശാസ്ത്രത്തിലെ ഏറ്റവും ഇടുങ്ങിയതും കഠിനവുമായ അഭിപ്രായമാണ് അദ്ദേഹം നിർമ്മിച്ചെടുത്തിരിക്കുന്നത്.

മുഴുവൻ ലോകത്തോടും അവർ മുഴുവൻ മുസ്ലിങ്ങളായിത്തീരുന്നതു വരേയോ മുസ്ലിങ്ങൾക്ക് കപ്പം നൽകി സ്വയം ചെറുതാകുന്നത് വരേയോ യുദ്ധം ചെയ്യൽ ഓരോ മുസ്ലിമിനും അനിവാര്യമാണ്. ഈ അഭിപ്രായം പ്രധാന പണ്ഡിതന്മാരുടെയും സമകാലിക പണ്ഡിതരുടെയും അഭിപ്രായത്തിന് വിരുദ്ധമാണ്.

വിവരദോഷവും (السذاجة) കാര്യങ്ങൾ മനസ്സിലാക്കുന്നിടത്ത് ബുദ്ധിപരമായ വൈജ്ഞാനികമായ പോരായ്മകൾ ഈ പണ്ഡിതർക്കുണ്ടെന്ന് അദ്ദേഹംആക്ഷേപിക്കുന്നു.

രണ്ട്: ബലഹീനതയും, ആത്മധൈര്യക്കുറവും, സ്വപരാജയവും സമകാലിക പാശ്ചാത്യൻ സമ്മർദ്ദങ്ങൾക്കു മുന്നിൽ ഒറിയന്റലിസത്തിന്റെ സ്വാധീന ഫലമായി പതറിപ്പോകുന്നു.

ആക്ഷേപിക്കുന്ന ഈ പണ്ഡിത വ്യൂഹം കർമ്മ ശആസ്തര വൈജ്ഞാനിക ചിന്താ രംഗത്ത് മികവ് തെളിയിച്ച ഈ സമുദായത്തിന്റെ കൊടിയടയാളങ്ങളായ പണ്ഡിതരാണ്. അുഹമ്മദ് അബ്ദുവിൽ നിന്ന് തുടങ്ങി റഷീദ് രിളയിലൂടെ കടന്നു പോയി ജമാലുദ്ധീൻ ഖാസിമി മുഹമ്മദ്, മുസ്ഥഫ അൽ മുറാഈ, മഹ്മൂദ് ശൽതൂത്, മുഹമ്മദ് അബ്ദുള്ള ദർറാസ്, അഹമ്മദ് ഇബ്രാഹിം, അബ്ദുൽ വഹാബ് ഖലാഫ്, അലീൽ ഖഫീഫ്, മുഹമ്മദ് അബൂ സഹ്റ, മുഹമ്മദ് യൂസുഫ് മൂസ, മുഹമ്മദ് ഫറള സൻഹൂരി, മുഹമ്മദ് മദനി, മുഹമ്മദ്

| | |
|---|---|
| | മുസ്ഥഫ ശലബി, ഹസനുൽ ബന്ന, മുസ്ഥഫ സിബാഇ, മുഹമ്മദുൽ മുബാറക്, അലി ത്വൻത്വാവി, മുഹമ്മദുൽ ഗസ്സാലി തുടി മരിച്ചവരും ജീവിച്ചിരിക്കുന്നവരുമടക്കമുള്ള പണ്ഡിതരെയാണ് അദ്ദേഹം ആക്ഷേപിക്കുന്നത്. |

**തംകീൻ**

തംകീൻ എന്ന സംജ്ഞ ഇഖ്‌വാൻസംഘത്തിന്റെയും ഉപ സംഘടനകളുടെയും ചിന്തകളെ പൂർണ്ണമായി മനസ്സിലാക്കുന്നതിനുള്ള അടിസ്ഥാന ഘടകമായും അച്ചുതണ്ടായും രൂപമെന്ന ഇഖ്‌വാനീ രീതിയോട് സാദൃശ്യം പുലർത്തുകയും പൊതു സാഹചര്യങ്ങളോടൊപ്പം നീങ്ങുകയും ചെയ്യുന്ന അത്തരം ഉപ സംഘങ്ങൾ മുസ്ലിം പൊതു ജനത്തിന് മതഭ്രഷ്ട് ആരോപിക്കുകയും അവരുടെ നേതാക്കളും ഭരണകൂടവും സ്ഥാപനങ്ങളും സംഘനകളും മതത്തിനു പുറത്താണെന്ന് വാദിക്കുകയും ചെയ്യുന്നു.

ഇസ്ലാം മതത്തിന്റെ സാന്നിദ്ധ്യം ഭൂമിയിലില്ലാതായെന്നും സത്യ നിഷേധത്തിന്റെയും മതപരിത്യാഗത്തിന്റെയും അന്ധകാരത്തിൽ(ജാഹിലീയ്യ) ലോകം മുഴുവൻ അധഃപ്പതിച്ചിരിക്കുകയാണെന്നും വരുത്തി മുസ്ലിം സംഘങ്ങൾക്ക് നേരെ തന്നെ രക്തരൂക്ഷിത വിപ്ലവങ്ങളും കലാപങ്ങളും ജിഹാദെന്ന പേരിൽ നിർമ്മിച്ചെടുക്കുകയാണ് ഇവർ. പിന്നീടവർ 'തംകീനെ'ന്ന പേരിൽ തത്വ നിർമ്മിത നടത്താൻ ശ്രമിക്കുന്നു.

രാഷ്ട്രീയ ഘടനയുടെ സംസ്ഥാപനത്തിനും അതു വഴി അധികാരമേറാനുള്ള നടപടിക്രമങ്ങളും നിയന്ത്രണങ്ങളും എല്ലാം ഉൾക്കൊള്ളുന്നതാണ് 'തംകീൻ'. ഇതു മാത്രമാണ് ഇഖാമതുദ്ദീനിനുള്ള ഏക വഴിയെന്നും അവർ ചിത്രീകരിക്കുന്നു.

ഇത്തരം അക്രപരമായ ചിന്താ രൂപീകരണത്തിലേക്ക് മാർഗ്ഗമായി അവർ സ്വീകരിച്ചിരിക്കുന്നത് തെറ്റായ വ്യാഖ്യാനങ്ങളെയും ആത്മധൈര്യവും വികാരങ്ങളും തീർത്ത അബദ്ധ ധാരണകളെയുമാണ്. ഖുർആനിന്റെ ശരിയായ അടിസ്ഥാനത്തിലുള്ള ആശയ നിർമ്മിതികൾക്കായുള്ള പരിസരം അവർക്കൊരുക്കാനായിട്ടില്ലെന്നതാണ് വാസ്തവം. ചരിത്രത്തിലുടനീളം മുസ്ലിം സമൂഹം ഖുർആൻ മനസ്സിലാക്കിയതിനെയും പ്രയോഗ വൽക്കരിച്ചതിനെയും മാനിക്കാനും അവർക്കാകുന്നില്ല. എല്ലാ സമയത്തോടും യോജിച്ചു പോകുന്ന അനുഭവങ്ങളും മനസ്സിലാക്കി വേണം വഹ്യിനെ വ്യാഖ്യാനിക്കാൻ.

'തംകീൻ' വിഷയത്തിൽ ഈ തീവ്ര ചിന്താ പ്രസ്ഥാനക്കാർ തെറ്റായ ധാരണകളാണ് പുറത്ത് വിട്ടത്. ഈ വിഷയത്തിൽ അവതരിച്ച വാക്യങ്ങൾപോലും പരസ്പരം കോർത്തിണക്കാതെ അന്ധമായ വൈകാരിക രൂപമാണവർ തംകീനിന് നൽകിയത്. ഖുർആൻ വാക്യങ്ങളും ഇവരുടെ ധാരണയും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ പോലും ഇല്ലാതാക്കാൻ അവർ ക്ഷമ കാണിച്ചില്ല.

മുമ്പ് നാം പറഞ്ഞ രീതികളുപയോഗിച്ച് വ്യഖ്യാനം നിർവ്വഹിക്കാത്തതു കൊണ്ട് 'തംകീനി'നെ അവർ ചിത്രീകരിച്ചത് ഇപ്രകാരമാണ്. 'അധികാരത്തിലെത്താനുള്ള എല്ലാ പരിശ്രമങ്ങളും പ്രക്രിയകളും' (അധികാരം ഇസ്ലാമിനായിരിക്കണമെന്ന ആന്തരിക

വികാരത്തോടു കൂടെ). കാരണം അവൻ മാത്രമാണത്രെ അധികാര നിർവ്വഹണത്തിന് മറ്റാരേക്കാളും അർഹൻ മറ്റു മുസ്ലിങ്ങളെ അടക്കം മതഭ്രഷ്ട ആരോപിക്കുന്നതിൽ അല്ലാഹുവിന്റെ സഹായം ഈ തീവ്രചിന്താ പ്രസ്ഥാനക്കാർക്ക് മാത്രമാണെന്ന് മാത്രമാണെന്ന് അവർ വിശ്വസിക്കുന്നു.

ഖുർആനിൽ പറയപ്പെട്ട ഈ പദോൽപ്പത്തിയിൽ നിന്നും വരുന്ന എല്ലാ പദങ്ങളും (തംകീൻ, മക്കന, നുമക്കിൻ, മക്കന്നാ) ചേർന്ന് വെക്കുമ്പോഴും ഈ അർത്ഥത്തിലുള്ള മറ്റു പദങ്ങളോ വ്യഖ്യാനങ്ങളോ നോക്കുമ്പോഴും 'തംകീൻ' കൊണ്ട് അല്ലാഹു വിശേഷിപ്പിച്ച രണ്ടു പ്രധാന ഉദാഹരണങ്ങളായ യൂസുഫ് നബിയുടെയും ദുൽഖർനിയുടെയും കാര്യങ്ങളെടുത്ത് നോക്കുമ്പോഴും മനസ്സിലാകുന്നത് ഈക്കൂട്ടരുടെ തംകീൻ സിദ്ധാന്തത്തിന്റെ പൊള്ളത്തരമാണ്.

അല്ലാഹുവിന്റെ ദീനിനെക്കുറിച്ചുള്ള കാഴ്ചപ്പാട് മുഴുവനായും മാറ്റി മറിക്കുന്ന, കൂടുതൽ ആശയക്കുഴപ്പങ്ങളുണ്ടാക്കുന്ന ഒരു ചിന്തയായിട്ടാണ് തംകീനിനെ ഇക്കൂട്ടർ കൊണ്ടു വരുന്നത്. ഇസ്ലാംഉയർത്തിപ്പിടിക്കുന്ന മൂല്യ സങ്കൽപ്പൾക്കൊക്കെയും വിപരീതമാണ് ഈ സങ്കൽപം.

മുൻ കഴിഞ്ഞ പണ്ഡിതരുടെയും ഇമാമുമാരുടെയും രചനകൾ പരിശോധിക്കുമ്പോൾ ഈ ഒരു സിദ്ധാന്തത്തിന് യാതൊരടിസ്ഥാനവും നമുക്ക് കാണാനാകുന്നില്ല. ഡോ.അലി മുഹമ്മദ് സ്വലാബിയെപ്പോലെ ശക്തരായ ഇഖ്‌വാൻ നേതാവു പോലും സുഡാൻ യൂനിവേഴ്സിറ്റിയിൽ ഇതു സംബന്ധിച്ച് സമർപ്പിച്ച തിസീസിന്റെ തുടക്കത്തിൽ പറയുന്നത്. 'എന്റെ പരിമിതമായ അറിവിൽ ഈ ചർച്ച പുതിയതാണ്. ഒളരെ വൈകിയാണ് ഇവ്വിഷയകമായ എഴുത്തുകളും സൂചനകളും

തുടങ്ങിയത്'. അദ്ദേഹം തുടർന്നു പറഞ്ഞു. 'എന്റെ അഭിപ്രായത്തിൽ 'തംകീൻ' ശാസ്ത്രത്തിന് ഗവേഷകർ മതിയായ പ്രാധാന്യം നൽകണമെന്നും പ്രധാന ചർച്ചയാക്കി അതിനെ മാറ്റണമെന്നുമാണ്'.

മുൻഗാമികളായ പണ്ഡിതർ ഇങ്ങനെ ഒരു ചർച്ചക്ക് ഇടം നൽകാതിരുന്നത് ഖുർആൻ തംകീൻ കൊണ്ടുദ്ദേശിക്കുന്ന വിവക്ഷ കൃത്യമായി അറിയുന്നത് കൊണ്ടാണ്. ഖുർആൻ പറഞ്ഞു കൊണ്ടിരിക്കുന്ന വിശ്വാസത്തിന്റെയും സ്വഭാവഗുണങ്ങളുടെയും സന്മാർഗ്ഗത്തിന്റെയും അദ്ധ്വാന പരിശ്രമങ്ങളുടെയും നാഗരികതയുടെയും വഹയിന്റെ അടിസ്ഥാനത്തിലുള്ള വൈജ്ഞാനിക ഗവേഷണങ്ങളെയുമെല്ലാം ഉൽപ്പന്നമായി വന്നു ചെരുന്നതാണ്. ഈ തംകീൻ എന്നതു കൊണ്ടാണത്. ഈ ആമുഖ കാര്യങ്ങൾ മുസ്ലിം സമൂഹം പ്രയോഗത്തിൽ കൊണ്ടു വരുന്ന പക്ഷം ലോക ജനതക്കിടയിൽ അവർക്ക് അല്ലാഹു നല്ല പ്രശസ്തിയും ഔന്നത്യവും നൽകും. നല്ല നാഗരികതയായി ലോകം വാഴ്ത്തുകയും അവരുടെ കൈവശമുള്ള വിജ്ഞാനീയങ്ങൾ തേടി മറ്റു നാഗരികത സമൂഹങ്ങൾ സമീപിക്കുകയും ചെയ്യും.

മുസ്ലിം സമൂഹത്തിലേക്ക് വരുന്നവർക്ക് കാണാൻ കഴിയുന്ന നല്ല മാതൃകകളും സ്വഭാവങ്ങളും അള്ളാഹുവിലേക്കുള്ള ചുണ്ടു പലകകളായിത്തീരും. ജീവിത പരിസരം കൊണ്ടും ശൈലി കൊണ്ടും അള്ളാഹുവിലേക്ക് ക്ഷണിക്കുന്ന ഒരു സമൂഹമായി അത് മാറുകയും ചെയ്യും. വാദ പ്രതിവാദങ്ങൾക്കും വൈജ്ഞാനിക ചർച്ചകൾക്കുമെല്ലാം പിന്നീട് മാത്രമെ സ്ഥാനം കൽപ്പിക്കപ്പെടുകയുള്ളൂ. മറ്റു സമൂഹങ്ങൾക്കിടയിൽ വ്യാപിക്കുന്ന ഈ ഇസ്ലാമിക സ്വാധീനത്തെയും നാഗരികതയെയുമാണ് അല്ലാഹു

തംകീനെന്ന് വിളിക്കുന്നത്. തംകീൻ സിദ്ധാന്തം യാഥാർത്ഥ്യമാക്കാൻ ചരിത്രത്തിലൊരിടത്തും മുസ്ലിം സമൂഹം അദ്ധ്വാനിച്ചതായി കാണാൻ കഴിയില്ല. കാരണം അതൊരു ഉൽപ്പന്നമാണ്. അല്ലാതെ ചില നടപടികളും ആമുഖ പരിപാടികളുമല്ല.

പാപം കാരണം അല്ലാഹു നശിപ്പിച്ച സമൂഹങ്ങൾക്കും തംകീൻ നൽകി എന്ന് അല്ലാഹു വിശേഷിപ്പിച്ചതായിക്കാണാം. നാഗരിക വിജ്ഞാനീയങ്ങളെ കീഴ്പ്പെടുത്തിക്കൊടുത്തു എന്ന് മാത്രമാണവിടെ വിവക്ഷ. അതുപയോഗിച്ച് അവരുടെ പ്രശസ്തി വളർന്നു. സത്യ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലല്ലാതെ വളർന്നുണ്ടായിട്ട്പോലും അങ്ങനെ സംഭവിച്ചു. തംകീൻ ചിലപ്പോൾ ഇസ്ലാമിക നാഗരികതക്കും ലഭിച്ചിട്ടുണ്ടാകാം. ഈ വിശ്വാസത്തിന്റെ ഗുണവശങ്ങളെ പ്രചരിപ്പിക്കുന്നതിൽ ആ തംകീനിനെ ഉപയോഗിത്തിട്ടുമുണ്ടാകാം. വിശ്വാസപരമല്ലാത്ത നാഗരികതകൾക്ക് തംകീൻ വന്നു ചേർന്നപ്പോൾ ദൈവിക ചിന്തകളും മറ്റും ചിന്താ രംഗത്ത് നിന്ന് തന്നെ അപ്രത്യക്ഷമായതായിക്കാണാം. ഇതാണ് മനുഷ്യചരിത്രത്തിൽ നമുക്ക് കാണാനാകുന്നത്.

എന്നാൽ തീവ്ര ഇസ്ലാമിക നവ ചിന്താധാരകൾ ചെയ്യുന്നത് പൊതു മുസ്ലിം സമൂഹം അവിശ്വാസികളാണെന്ന് പ്രചരിപ്പിക്കുകയും യഥാർത്ഥ വിശ്വാസം ഭൂമിയിലില്ലെന്നും സത്യ നിഷേധമായ ജാഹിലീയ്യതയാണ് ഇന്ന് നിലവിലുള്ളതെന്നും വാദിക്കുന്നു, അവരുടെ ന്യൂനമായ ഗ്രാഹ്യ ശേഷിക്കനുസരിച്ച് ഇഖാമതുദ്ദീനിനായുള്ള പദ്ധതികൾ അവർ മെനയുന്നു. അങ്ങിനെയാണ് തംകീൻ എന്ന ചിന്ത അവർ ഉയർത്തിക്കൊണ്ടു വരുന്നതും ഒരു ഉൽപന്നം എന്ന സ്ഥാനത്ത് നിന്നും അതിനെ

പ്രാരംഭ പ്രവർത്തനമാക്കി മാറ്റം വരുത്തുകയും ചെയ്യുന്നത്. അല്ലാഹു അർഹരായവർക്ക് അത് സാധിപ്പിക്കുന്നു എന്നിരിക്കെ അതിന് വേണ്ടി പോരടിക്കാനും മരിക്കാനും ഇക്കൂട്ടർ തയ്യാറാകുന്നു.

അലി സ്വലാബിയുടെ വാക്കുകൾ തംകീൻ ചിന്തക്കു തീവ്ര ചിന്താധാരകളിലുള്ള കേന്ദ്രീയ സ്ഥാനം വ്യക്തമാക്കുന്നു. അദ്ദേഹം പറയുന്നു. ഇസ്ലാമിക പ്രവർത്തനങ്ങളുടെ ഏറ്റവും വലിയ ലക്ഷ്യം തംകീനാണ്. എല്ലാ ഘട്ടങ്ങളിലുമുള്ള പ്രബോധന, സംഘടനാ പ്രർത്തനങ്ങളും അതിന്റെ മാധ്യമങ്ങളും എല്ലാം ലക്ഷീകരിക്കേണ്ടത് ഇസ്ലാമിന് തെകീനുണ്ടാവാൻ വേണ്ടിയാണ്. തുടർന്ന് ഖുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ തംകീനിന്റെ ലക്ഷ്യങ്ങളെക്കുറിച്ച് അദ്ദേഹം പറയുന്നത് കാണുക.

1. ഇസ്ലാമിക സമൂഹത്തിന് രാഷ്ട്രീയ അധികാര സംസ്ഥാപനം സാധ്യമാകുക.
   അത്ഭുതമെന്നു പറയട്ടെ! ലക്ഷ്യങ്ങളെക്കുറിച്ച് പറയുന്നിടത്ത് ഈ രാഷ്ട്രീയാധികാരം സംസ്ഥാപനത്തിന്റെശാഖാപരമായ കാര്യങ്ങളല്ലാതെ മറ്റൊരു ലക്ഷ്യവും അദ്ദേഹം അവതരിപ്പിക്കുന്നില്ല. പുസ്തകത്തിന്റെ അന്ത്യം വരെ ഈ ലക്ഷ്യത്തെക്കുറിച്ച് മാത്രമാണ് അദ്ദേഹം സംസാരിക്കുന്നത്.
   പിന്നീദ്ദേഹം തംകീനിന്റെ വിവിധഘട്ടങ്ങളെപ്പറ്റി വിശദീകരിക്കുന്നു. ഒന്നാം ഘട്ടം മുഗാലബ(അതിജയിക്കൽ) ഇതിൽ അദ്ദേഹം പറയുന്നത് ഈ ഘട്ടത്തിൽ എല്ലാവരും ജിഹാദിനെക്കുറിച്ചുള്ള പൂർണ്ണ അവബോധം ഉള്ളവരായിരിക്കണം. എല്ലാ കോഡന്മാരും അധികാരം കയ്യടക്കാനുള്ള പ്രക്ഷോഭത്തിന് തയ്യാറാവുകയും അല്ലാഹുവിന്റെ നിയമങ്ങൾ പ്രാവർത്തികമാക്കാനുള്ള

തയ്യാറെടുപ്പുകൾ നടത്തുകയും വേണം. മുഗാലബ ഘട്ടത്തിൽ മുസ്ലിങ്ങളുണ്ടാക്കുന്ന ചലനങ്ങൾ അക്രമികളായ ഭരണാധികാരികളിൽ അസ്വസ്ഥതയുളവാക്കും. ഓരോ ഘട്ടം പിന്നിടുന്നതിനനുസരിച്ച് അവരുടെ ഭയം വർധിക്കുകയും ചെയ്യും. ത്വാഗൂതി ഭരണങ്ങളുടെ അടിത്തറകളിലേക്ക് പ്രബോധനാസൂത്രങ്ങൾ തിരിച്ചുവെക്കും. അവരുടെ ഏറ്റവും സുപ്രധാനമായ അടിസ്ഥാനം നിയമ വ്യവസ്ഥകളാണ്. അത് അവരിൽ നിന്നും പിടിച്ചെടുക്കുക എന്നതാണ് നാം ചെയ്യേണ്ടത്. (പേജ് 433)

ചുരുക്കത്തിൽ തംകീനെന്നത് താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുന്ന ഒരുചിന്തയാണ്.

1. ഇസ്ലാമിനായുള്ള എല്ലാ പ്രവർത്തനങ്ങളുടെയും ഏറ്റവും വലിയ ലക്ഷ്യം തംകീനാണ്.
2. തംകീനിന്റെ ലക്ഷ്യം രാഷ്ട്രീയാധികാരം സ്ഥാപിക്കലാണ്.
3. തംകീനിന്റെ ഏറ്റവും പ്രധാന ഘട്ടം മുഗാലബയാണ്.
4. മുഗാലബയാണ് ജിഹാദ്.
5. മുഗാലബയുടെ ഒരുക്കങ്ങൾ ത്വാഗൂത്വീ ഭരണകൂടങ്ങളുടെ സിംഹാസനങ്ങൾക്ക് ഉലച്ചിലുണ്ടാക്കുകയും ജാഹിലീയ്യ ഭരണത്തിന് അന്ത്യം വരുത്തുകയും നിയമ വ്യവസ്ഥ അവരിൽ നിന്നും കയ്യടക്കാനും സഹായിക്കും.

   ഉന്നതനായ അല്ലാഹുവിനല്ലാതെ ഒരു ശക്തിക്കും കഴിവുമില്ലല്ലോ നാമെല്ലാവരും അല്ലാഹുവിനുള്ളവരാകുന്നു. അവനിലേക്ക് മടങ്ങുന്നവരും. തംകീനിനുള്ള അടിസ്ഥാന തെളിവായി തീവ്ര നവ ചിന്താപ്രസ്ഥാനങ്ങൾ ഉദ്ധരിക്കുന്ന ഖുർആനിക വാക്യം ഇതാണ്.

അദ്ദേഹം(യൂസുഫ് നബി)പറഞ്ഞു. താങ്കൾ എന്നെ ഭൂമിയിലെ ഖജനാവുകളുടെ അധികാരമേൽപ്പിക്കും. തീർച്ചയായും ഞാൻ വിവരമുള്ള ഒരു സൂക്ഷിപ്പുകാരനായിരിക്കും.(യുസുഫ് 55). അധികാരത്തിനായി പരിശ്രമിക്കാമെന്നുള്ളതിന് ഖുർആനിക തെളിവാണിതെന്ന് അവർ പറയുന്നു. ഒരു പക്ഷെ ഖുർആൻ വ്യാഖ്യാതാക്കളിൽ ആരെങ്കിലും ഇങ്ങനെ വല്ലതും പറഞ്ഞതായി കണ്ടെത്താനായേക്കും. പക്ഷെ ഖുർആനിന്റെ അടിസ്ഥാന കാഴ്ചപ്പാടനുസരിച്ച് തംകീനെന്നത് ദൈവിക ചര്യയുടെ ഭാഗമായി വരുന്നതാണ്. സയ്യിദ് ഖുതുബ് ഈ സൂക്തത്തിന്റെ വിശദീകരണത്തിൽ അപകടകരവും ആശയക്കുഴപ്പം നിറഞ്ഞതുമായ വ്യാഖ്യാനങ്ങൾ നൽകിയതായിക്കാണാം.

ഫീ ളിലാലിൽ ഖുർആൻ വായിക്കുന്ന ആർക്കും ഈ സ്ഥലത്ത് തികച്ചും അപരിചിതവും വ്യത്യസ്തവുമായ ഒറു കാഴ്പ്പാട് അദ്ദേഹം അവതരിപ്പിക്കുന്നത് കാണാം. അത് ചർച്ച ചെയ്യാനും ഖണ്ഡിക്കാനും മാത്രം ഒരു പുസ്തകം ആവശ്യമായി വരും.

അദ്ദേഹത്തിന്റെ കാഴ്ചപ്പാടിന്റെ പ്രധാന ഭാഗങ്ങൾ ഇവിടെ ഞാൻ സംക്ഷിപ്തമാക്കി വിവരിക്കാം. ചെറിയ അനുബന്ധങ്ങൾ ചേർക്കുകയും ചെയ്യാം. ഖുർആൻ വിവരിച്ച തംകീനിൽ നിന്നും അദ്ദേഹം മനസ്സിലാക്കിയ തംകീനിലേക്കുള്ള ദൂരവും അതിലേക്കദ്ദേഹം എത്തിച്ചേർന്നതെങ്ങനെയെന്നും വിവരിക്കാം.

സയ്യിദ് ഖുതുബ് ഈ ചർച്ചക്ക് തുടക്കമിടുന്നത് താങ്കൾ എന്നെ ഭൂമിയിലെ ഖജനാവുകളുടെ സൂക്ഷിപ്പുകാരനാക്കൂ, എന്ന സൂക്തത്തിൽ പണ്ഡിതന്മാർ നടത്തിയ ചിന്താപരമായ ചർച്ചയിൽ നിന്നാണ്. പുറമെ നിന്ന് നോക്കുമ്പോൾ യൂസുഫ് നബി(അ) അധികാരം ചോദിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്തു. ഇതാണെങ്കിൽ പ്രവാചകാദ്ധ്യാനത്തിന് വിപരീതവുമാണ്. ഇമാം മുസ്ലിം(റ) സ്വഹീഹിൽ ഉദ്ധരിച്ച ഹദീസ് കാണുക. അബ്ദു റഹ്മാനുബ്നു സമുറ പറഞ്ഞു. എന്നോട്, പ്രവാചകർ(സ) പറഞ്ഞു. ഓ! അബ്ദുറഹ്മാനു ബ്നു സമുറ, നിങ്ങളൊരിക്കലും അധികാരം ചോദിച്ചു വാങ്ങരുത്. നിങ്ങൾ ചോദിച്ചു വാങ്ങിയതാണ് അധികാരമെങ്കിൽ അതിൽ നിങ്ങൾ ബുദ്ധിമുട്ടിക്കപ്പെടും. ചോദിക്കാതെ ലഭിച്ചതാണെങ്കിൽ അതിൽ നിങ്ങൾ സഹായിക്കപ്പെടും.

മുസ്ലിം ബുദ്ധി മനസ്സിലാക്കുന്നതനുസരിച്ച് ഖുർആൻ അല്ലാഹുവുൽ നിന്നുള്ള വഹ്യാണ്. പ്രവാചക വചനങ്ങളും അതു പോലെ തന്നെയാണ് അവർക്കിടയിൽ വൈരുദ്ധ്യമില്ല. രണ്ട് വഹ്യിനിടയിലുള്ള പൊരുത്തം മനസ്സിലാക്കാൻ സൂക്ഷ്മ ജ്ഞാനികൾക്ക് മാത്രമേ സാധിക്കുകയുള്ളൂ.

പണ്ഡിതന്മാർ ഈ രണ് വഹ്യുകൾ തമ്മിൽ തോന്നിയേക്കാവുന്ന വൈരുദ്ധ്യം ഇല്ലാതാക്കാൻ വ്യത്യസ്ത മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്., തികച്ചും അപരിചിതമായ ഒരു കാഴ്ചപ്പാടാണ്. അദ്ദേഹത്തിന്റെ

ചിന്തയും ആലോചനയും അകപ്പെട്ട് അന്ധകാരത്തിന്റെയും അതുവഴി അദ്ദേഹം രൂപീകരിക്കുന്ന അബദ്ധ ചിന്തകളുടെയും ആഴം അതു വ്യക്തമാക്കുന്നു. ഇവിടെ അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ ഉൾക്കൊള്ളുന്ന കാര്യങ്ങൾ താഴെ പറയുന്നു.

1. കർമ്മ ശാസ്ത്ര പണ്ഡിതരുട ബുദ്ധിയെയും കർമ്മശാസ്ത്ര ചിന്തയെയും അദ്ദേഹം അടഞ്ഞതെന്നും ഉറഞ്ഞു പോയതെന്നും ആക്ഷേപിക്കുന്നു.
2. കർമ്മ ശാസ്ത്രം(ഫിഖ്ഹ്) രൂപം കൊള്ളുന്നത് മുസ്ലിം സമൂഹത്തിലുണ്ടായചലനങ്ങളിൽ നിന്നാണ്. സമൂഹമാണ് ഫിഖ്ഹിന് രൂപം നൽകിയത്.
3. സാമൂഹ്യ ചലനങ്ങളുടെ കർമ്മ ശാസ്ത്രമെന്നും പേജുകളിലുള്ള കർമ്മ ശാസ്ത്രമെന്നും അദ്ദേഹം വേർതിരിവ് തിരിച്ചറിയാത്തവർ പണ്ഡിതനല്ലെന്നും ഈ ദീനിന്റെ പ്രകൃതമനുസരിച്ചുള്ള ഫിഖ്ഹ് അവർക്കറിയില്ലൊന്നും അദ്ദേഹം പറയുന്നു.
4. ഇല്ലായ്മയിൽ നിന്നും ഫിഖ്ഹീ നിയമങ്ങൾ ആവിർഭവിച്ചത് ഒഴിഞ്ഞിടങ്ങളിൽ അതു നില നിൽക്കുകയുമില്ല. ഇത് കൊണ്ടദ്ദേഹം ലക്ഷ്യം വെക്കുന്നത് ഇസ്ലാമിക സമൂഹം ഇല്ലാതായെന്ന ചിന്തയിലേക്കാണ്. മുസ്ലിം സമൂഹത്തിൽ അദ്ദേഹം ജാഹിലീയ്യ സമൂഹമെന്നും മതഭ്രഷ്ഠരെന്നും ആരോപിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഇസ്ലാമിക സമൂഹം ഇല്ലാതവാലോടു കൂടെ ഫിഖ്ഹീ നിയമങ്ങളും ഇല്ലാതായിരിക്കുന്നു.

5. ആത്മ ശുദ്ധി കൈവരിക്കാതെ സ്ഥാനങ്ങൾക്ക് വേണ്ടി ശ്രമിക്കുക എന്നത് ഇസ്ലാമിക സമൂഹത്തിൽ പ്രയോഗ വൽക്കരിക്കപ്പെടേണ്ട ഫിഖ്ഹീ നിയമങ്ങളുടെ കൂട്ടത്തിൽപെട്ടതാണ്. ഇസ്ലാമിക സമൂഹം ഇല്ലാതാവുന്നതോടു കൂടെ ആ നിയമവും ഇല്ലാതാകുന്നു.
6. ഇസ്ലാമിക സമൂഹ നിർമ്മിതിയുടെ പ്രധാന ഘടകമാണ് വിപ്ലവ ചലനങ്ങൾ.
7. നിരന്തര ചലനങ്ങൾ ഉണ്ടാകുന്ന പരീക്ഷണങ്ങളിലും മറ്റും ജനങ്ങൾ സംസ്കരിക്കപ്പെടുകയും സമൂഹം അവരെ മുന്നോട്ടു വെക്കുകയും സംസ്കരിക്കുകയും ചെയ്യും.
8. ആത്മ സംസ്കരണമില്ല എന്ന് ഉറച്ച ഒരു സമൂഹത്തിൽ പറയപ്പെടുകയില്ല. കാരണം നിരന്തര വിപ്ലവ ചലനങ്ങൾ ജനങ്ങളെയും പരിവർത്തനങ്ങൾക്ക് വിധേയരാക്കും.
9. ആധുനിക മുസ്ലിം സമൂഹം ജാഹിലീയ്യ സമൂഹമാണ്.(സത്യ നിഷേധികൾ) ഇതൊരു വിടവാണ്. ഈ വിടവിൽ ഫിഖ്ഹീ നിയമങ്ങൾ നിലനിൽക്കുകയില്ല.
10. സയ്യിദ് ഖുതുബ് മഅ്രിഫത്(ആത്മജ്ഞാനം) വാദിക്കുന്നു. ഈ മേഖലയിലെ തുടക്കം. അദ്ദേഹത്തിന് മാത്രമേ അറിയുകയുള്ളൂ.
11. സത്യനിഷേധികളായ ജാഹിലീയ്യാ സമൂഹങ്ങളുടെ ആവശ്യത്തിന് ദീൻ പരിഹാരം നൽകുകയില്ല. കാരണം ഇസ്ലാമിക നിയമങ്ങളുടെയും ദീനിന്റെയും സാന്നിദ്ധ്യം ഇന്നില്ല എന്നദ്ദേഹം പറയുന്നു. ജാഹിലീയ്യ

സമൂഹം കൊണ്ടദ്ദേഹം ഉദ്ദേഹിച്ചത് നിലവിലെ മുസ്ലിം സമൂഹത്തെയാണ്.

12. ആദ്യമായി ചെയ്യപ്പെടേണ്ട കാര്യം ലോകത്തോട് മുഴുവൻ യുദ്ധം ചെയ്ത ഇസ്ലാമിക സമൂഹം നിർമ്മിക്കുകയാണ്. അപ്പോൾ ആ സമൂഹത്തിൽ പുതിയ ഫിഖ്ഹ് രൂപം കൊള്ളും. ലോകത്തോട് മുഴുവൻ ഏറ്റുമുട്ടാൻ അദ്ദേഹം ആവശ്യപ്പെടുന്നു. അതിനെ ജിഹാദെന്ന് വിളിക്കുകയും ചെയ്യുന്നു. ആദ്യം അദ്ദേഹം ജനങ്ങളെ അവിശ്വാസികളാക്കി, പിന്നീട് ഫിഖ്ഹിൽ നിന്നവരെ വിലക്കി, പിന്നെ ലോകത്തെ കീഴ്പ്പെടുത്താനുള്ള യുദ്ധത്തിനായ പ്രേരിപ്പിക്കുന്നു. അതിന് ശേഷം പുതിയ ഫിഖ്ഹ് നിലവിൽ വരുന്നു.
13. ജനങ്ങളെ മുഴുവൻ കീഴ്പ്പെടുത്തലും അവരെ ഇസ്ലാമിൽ പ്രവേശിപ്പിക്കലുമാണ് ആദ്യം ചെയ്യേണ്ടത്. പിന്നീടാണവർക്ക് നിയമ നിർമ്മാണം നടത്തേണ്ടത്.
14. ഇതിന്റെ അർത്ഥം ശരീഅത് വിധികൾ പ്രയോഗത്തിൽ കൊണ്ടുവരാൻ പറ്റിയതല്ല എന്നല്ല. അതിപ്പോഴും നില നിൽക്കുന്നുമുണ്ട്. പക്ഷെ ഈ ശരീഅത്ത് നിയമങ്ങൾ നടപ്പിൽ വരുത്തേണ്ട മുസ്ലിം സമൂഹമാണ് ഇന്നില്ലാത്തത്.
15. അവസാനമായി യൂസുഫ് നബി(അ) അധികാരം ചേദിച്ചതിനുള്ള കാരണം അദ്ദേഹം നമുക്ക് വ്യക്തമാക്കിത്തരുന്നത് യൂസുഫ് നബി(അ) ജാഹിലീയ്യ സമൂഹത്തിലായിരുന്ു ജീവിച്ചിരുന്നതെന്നും ആത്മ സംസ്കരണമില്ലായ്മ(അധികാരം ചോദിക്കൽ)യുടെ നിയമങ്ങൾ ആ സമൂഹത്തിൽ ബാധകമായിരുന്നില്ല എന്നുമാണ്.

ഈ തെറ്റായ ഘടകങ്ങൾ ചേർത്തു വെച്ചാണ് അദ്ദേഹം ഫിഖ്ഹിനെക്കുറിച്ചുള്ള കാഴ്ചപ്പാട് രൂപീകരിക്കുന്നത്. അദ്ദേഹത്തിന്റെ തന്നെ വാക്കുകളുദ്ധരിച്ച് പിന്നീട് ഇക്കാര്യം കൂടുതൽ വ്യക്തമാക്കാം. അതു വഴി അദ്ദേഹം ഇസ്ലാമിനെതിരെയും മുസ്ലീങ്ങൾക്കെതിരിലും ഖുർആനിന്റെ പവിത്രതക്ക് വിനാശകരമായ രീതിയിലും നടത്തുന്ന അക്രമണങ്ങളുടെ ആഴം നമുക്ക് വ്യക്തമാവും.

ഈ കാര്യങ്ങൾ വ്യക്തമാക്കുന്നതിനും നിരൂപണ വിധേയമാക്കുന്നതിനും മുമ്പ് സയ്യദി ഖുതുബിന് ഫിഖ്ഹ് അറിയില്ലെന്ന ഡോ.യൂസുഫുൽ ഖർളാവിയെപ്പോലെയുള്ള ഒരാളുടെ സാക്ഷ്യവും ഖുതുബിന് ഇസ്ലാമിക ഫുഖ്ഹീ പഠനത്തിന് അവസരം കിട്ടിയിരുന്നെങ്കിൽ എന്ന് ഞാനാഗ്രഹിച്ചു പോകുന്നു. ഫിഖ്ഹീ ഗ്രന്ഥങ്ങൾ പഠിച്ചും പാരായണം ചെയ്തും കുറച്ചു കാലം കഴിഞ്ഞിരുന്നുവെങ്കിൽ. പക്ഷെ അദ്ദേഹത്തിന്റെ സ്പഷ്യലൈസേഷനും സൃഷ്ടിച്ചില്ല. അതുമാത്രവുമല്ല, ഫിഖ്ഹീ ഗ്രന്ഥങ്ങളുടെ ശൈലിയും രീതിയും അദ്ദേഹത്തിന്റെ ഉയർന്ന അഭിരുചിക്കിണങ്ങുന്നതിമല്ല.

മേൽ പറയപ്പെട്ട ചിന്താ പ്രശ്നങ്ങളിൽ സയ്യിദ് ഖുതുബിന്റെ വാചകങ്ങൾ നമുക്ക് പരിശോധിക്കാം.

1. അടഞ്ഞതും ഉറഞ്ഞു പോയതുമാണ് ഫിഖ്ഹീ യുക്തിയെന്നും ഫിഖ്ഹ് പണ്ഡിതന്മാരുടെ

ബുദ്ധിയെന്നുമുള്ള ആരോപണം. അദ്ദേഹം പറയുന്നു. നമ്മൾ കാണുന്ന ഈ വിഷയത്തിന്റെ ആഴവും പരപ്പും ഈ ഒരു ഭാഗത്ത് മാത്രം വിഷയത്തെ ഒതുക്കാൻ പാകത്തിലല്ല. അറ്റു വശങ്ങളും ഇതിനായി നാം പരിഗണിക്കേണ്ടതുണ്ട. ഉസൂല്, നുസ്വൂസിൽ നിന്ന് തെളിവുകൾ ശേഖരിക്കുന്ന രീതികൾ മനസ്സിലാക്കേണ്ടതുണ്ട്. നിദാന ശാസ്ത്രത്തിനും അതിന്റെ വിധികൾക്കും അപരമാദിത്വം നൽകുന്ന രീതിയെപ്പറ്റി ചിന്തിക്കണം. ആ വിധികൾ ഫിഖ്ഹി പണ്ഡിതരുടെ ബുദ്ധിയിൽ ഉറഞ്ഞിരുന്നതും അടഞ്ഞതും ഫിഖ്ഹിന്റെ യുക്തിയിൽ ഒതുങ്ങിയതുമാണ്. ഇതെല്ലാം ഉണർവ്വുകളില്ലാത്ത നൂറ്റാണ്ടുകളിലാണ് താനും.
(ഫീ ളിലാലിൽ ഖുർആൻ–4/2006)

2. ഇസ്ലാമിക സമൂഹത്തിന്റെ നിർമ്മിതിയാണ് ഫിഖ്ഹ്. സമൂഹമാണ് ഫിഖ്ഹിന് രൂപം നൽകുന്നത്. അദ്ദേഹം പറയുന്നു. ഒന്നുമില്ലാത്തിടത്ത് ഇസ്ലാമിക ഫിഖ്ഹ് ഉണ്ടാവുകയില്ല. ഇല്ലായ്മയിൽ ഫിഖ്ഹ് നിലനിൽക്കുകയോ മനസ്സിലാക്കപ്പെടുകയോ ഇല്ല. ഫിഖ്ഹ് ഉണ്ടായത് മുസ്ലിം സമൂഹ വ്യവസ്ഥിതിയിലാണ്. പ്രായോഗിക ഇസ്ലാമിക ജീവിതത്തിലെ ആവശ്യങ്ങൾക്ക് പൂരകമായാണ് ഫിഖ്ഹ് രൂപം കൊണ്ടത്. ഒറജക്കലും ഫിഖ്ഹീ വിധികളല്ല ഇസ്ലാമിക സാമൂഹ്യ വ്യവസ്ഥിതി ഉണ്ടാക്കിയത്. ഇസ്ലാമി സാമൂഹിക വ്യവസ്ഥികളുടെ പ്രായോഗിക ജീവിത തലമാണ് ഫിഖ്ഹ് പൂപപ്പെടുത്തിയെടുത്തത്.
ചരിത്രപരമായ ഈ രണ്ട് പ്രായോഗിക യാഥാർത്ഥ്യങ്ങളും വിരൽ ചൂണ്ടുന്നത് അസ്ലാമിക ഫിഖ്ഹിന്റെ പ്രകൃതത്തിലേക്കും ഫിഖ്ഹ് നിയമങ്ങൾ രൂപീകരിക്കപ്പെടുന്ന പശ്ചാത്തലത്തലിേക്കുമാണ്.(ഫീ ളിലാലിൽ ഖുർആൻ–4/2006)

3. പേജുകളിലുള്ള ഫിഖ്ഹും പ്രയോഗത്തിലുള്ള വരുന്നും ഫിഖഅഹും തമ്മിലുള്ള വേർതിരിവ്, ഈ വേർതിരിവ്

തിരിച്ചറിയാത്തവർ ഫിഖ്ഹ് പണ്ഡിതരെല്ലെന്നും ഫിഖ്ഹിന്റെ പ്രകൃതത്തെക്കുറിച്ചവർക്കറിയില്ലെന്നും ഈ മതത്തിന്റെ തന്നെ പ്രകൃതത്തെപ്പറ്റി അറിയില്ലെന്നും അദ്ദേഹം പറയുന്നു. ഈ നിമങ്ങളെ ഒന്നുമില്ലാത്തിടത്ത് നിന്ന് ഉത്ഭവിച്ചതെന്നും അങ്ങിനെ( മുസ്ലിം സമൂഹ വ്യവസ്ഥിതി) ഇല്ലാത്തിടങ്ങളിൽ പ്രയോഗികമാക്കാമെന്നും കരുതുന്നവർ ഫിഖ്ഹ് പണ്ഡിതരല്ല. ഫിഖ്ഹിന്റെ പ്രകൃതം അനുസരിച്ചുള്ള ഫിഖ്ഹ് അവർക്കില്ല. ഈ ദീനിന്റെ പ്രകൃതകമനുസരിച്ചുള്ള ഫിഖ്ഹും അവർക്കില്ല. പ്രയോഗ തലത്തിലുള്ള ഫിഖ്ഹ് പേജുകളിൽ ഒതുങ്ങുന്ന ഫീഖ്ഹിൽ നിന്നും വ്യത്യസ്തമാണ്–(ഫീ ളിലാലിൽ ഖുർആൻ–4/2006)

4. ഫിഖ്ഹ് വിധഇകൾ ഒഴിഞ്ഞിടങ്ങളിൽ നിന്നുണ്ടായതും ഇല്ലായ്മയിൽ(മുസ്ലിം സാമൂഹ്യ വ്യവസ്ഥിയതിയുടെ)അതു നില നിൽക്കുകയുമില്ല. അദ്ദേഹം പറയുന്നു. സ്വയം നില നിൽക്കുന്നതോ സ്വയം രൂപീകരിക്കപ്പെട്ടതോ ആയ ഒരു ഫിഖ്ഹ് നിയമവുമില്ല. എല്ലാ നിയമങ്ങളിലും സ്ഥല, കാല സാഹചര്യ സ്വാധീനങ്ങൾ വ്യക്തമാണ്. അത് കൊണ്ടു തന്നെ മുസ്ലിം സാമൂഹ്യ വ്യവസ്ഥിതികളില്ലാത്തിടത്ത് നിന്ന് ഫിഖ്ഹ് രൂപീകരിക്കപ്പെടുകയോ നില നിൽക്കുകയോ ഇല്ല(ളിലാൽ–4/2006)
5. ആത്മ സംസ്കരണമില്ലായ്മയും സ്ഥാനങ്ങൾക്കാഗ്രഹിക്കലും മുസ്ലിം സാമൂഹ്യ വ്യവസ്ഥയിൽരൂപീകരിക്കപ്പെട്ട അതേ സാഹചര്യങ്ങളിൽ പ്രയോഗിക്കപ്പെടേണ്ട ഫിഖ്ഹ് നിയമമാണ്. ഇസ്ലാമിക സമൂഹത്തിലാകുന്നിടത്ത് ഫിഖ്ഹ് നിമങ്ങളും ഇല്ലാതാകുന്നു. അദ്ദേഹം പറയുന്നു. അത് ഇസ്ലാമികമായ ഒരു വിധിയാണ്.. ഇസ്ലാമിക സമൂഹത്തിലാണത് പ്രയോഗിക സംഭവങ്ങളുടെ നടുവിലാണ്, അല്ലാതെ സങ്കൽപ ഭൂമികയല്ല. അതിനാൽ അതിന്റെ ശരിയായ പ്രയോഗവൽക്കരണം ശരിയാകുന്നത് ഒരു മുസ്ലിം സാമൂഹ്യ

വ്യവസ്ഥിതിയിൽ മാത്രമാണ്. മാത്രമല്ല, ആ സമൂഹ നിർമ്മിതിയും ഇസ്ലാമികവും ശരീഅത്ത് നിയമങ്ങൾ പിന്തുടരുന്നതും എല്ലാ ഘടകങ്ങളും ഇസ്ലാമികമാവുകയും വേണം. ഈ ഘടകങ്ങൾ ഒത്തുവരാത്ത എല്ലാ സമൂഹങ്ങളെയും ഒഴിഞ്ഞിടങ്ങളിലായി (ഇസ്ലാമിക സാമൂഹിക വ്യവിസ്ഥിതി ഇല്ലാത്തിടം) പരിഗണിക്കപ്പെടും. ആ വിധികൾക്കവിടെ നിലനിൽപ്പുണ്ടാവുല്ല. ഈ ഹുകുമുകൾ(വിധികൾ) നിലവിലുള്ള പോലെയാണ് ഇസ്ലാമിക രാഷ്ട്രീയ ഘടനയുടെ നിലവിലുള്ള എല്ലാ ഹുകുമുകളും.(ളിലാൽ–4/2007)

6. ഒില്ലവ ചലനങ്ങളാണ് ഈ സമൂഹ നിർമ്മാണത്തിന്റെ പ്രധാന ഘടകം. അദ്ദേഹം പറയുന്നു. ഈ മുസ്ലിം സമൂഹത്തിന്റെ നിർമ്മിതിയുടെ പ്രധാന ഘടകം വിപ്ലവ ചലനങ്ങളാണ്. ഇസ്ലാമിക സമൂഹമെന്നത് ഇസ്ലാമിക വിശ്വാസ സിദ്ധാന്തങ്ങളുടെ ഉൽപ്പന്നവുമാണ്.(ളിലാൽ–4/2007)
7. ഇസ്ലാമിക സമൂഹത്തിലെ ചലന നൈരന്തര്യം സൃഷ്ടിക്കുന്ന പരീക്ഷണങ്ങളും സാഹചര്യങ്ങളും ജനങ്ങളിൽ മാറ്റങ്ങളുണ്ടാക്കുകയും സമൂഹ വ്യവസ്ഥിതി അവരെ മുന്നോട്ടു വെക്കുകയും സംസ്കരിക്കുകയും ചെയ്യുന്നു. അദ്ദേഹം പറയുന്നു. അവർക്കും അവരുടെ ജനതക്കുമിടയിൽ അല്ലാഹു സത്യം കൊണ്ട് വിധിക്ുന്നത് വരെയും, പിന്നീട് അവർക്ക് ഭൂമിയിൽ സൗകര്യം ചെയ്തു കൊടുക്കുന്നത് വരെയും (മുസ്ലിങ്ങൾക്ക് ആദ്യ പ്രാവശ്യം സൗകര്യം കിട്ടിയത് പോല) അപ്പോൾ അവിടെ ഒറു ഇസ്ലാമിക ഘടന രൂപം കൊള്ളുന്നു. അന്നേ ദിവസം തുടക്കം മുതൽ ഇസ്ലാമിക വിപ്ലവ പ്രസ്ഥാനങ്ങൾ വിപ്ലവക്കാരെ വ്യത്യസ്ത തലങ്ങളിലായി വേർതിരിച്ചിട്ടുണ്ടാകും. വിശഅവാസപരമായ മൂല്യങ്ങളുടെ അടിസ്ഥാനത്തിലാകും ഈ വേർതിരിവ്. അപ്പോൾ ആരും

സ്വയം സ്ഥാനാർത്ഥിത്വം പ്രഖ്യാപിക്കേണ്ടതിലും എന്നു മാത്രമല്ല. ഒപ്പം പരിശ്രമിച്ചു വിപ്ലവകാരികളെല്ലാം പരസ്പരം അറിയുന്നവരും നിർദ്ദേശിക്കുന്നവരും ആകും.(ളിലാൽ–4/2008)

8. ആത്മ സംസ്കരണമില്ല എന്ന് ഉറച്ച ഒരു സമൂഹത്തിൽ പറയപ്പെടുകയില്ല. കാരണം നിരന്തര വിപ്ലവ ചലനങ്ങൾ ജനങ്ങളെയും പരിവർത്തനങ്ങൾക്ക് വിധേയരാക്കും.
അദ്ദേഹം പറയുന്നു. പിന്നീട് പറയപ്പെട്ടേക്കാം, പക്ഷെ ഇത് ആദ്യഘട്ടത്തിലാണ്. അതിന് ശേഷം ഇസ്ലാമിക സമൂഹം സുസ്ഥിരമായി വന്നാൽ? ഈ ചോദ്യം ഇസ്ലാമിന്റെ പ്രകൃതം അറിയാത്തവരിൽ നിന്നും മാത്രമെ ഉണ്ടാവുകയുള്ളൂ. ഇസ്ലാം എല്ലാ ഘട്ടത്തിലും ചലനാത്മകമായിരിക്കും. നിശ്ചലാവസ്ഥ ഉണ്ടാവുകയില്ല തന്നെ മനുഷ്യനെ സ്വതന്ത്രനാക്കാൻ അത് പ്രവർത്തിച്ചു കൊണ്ടേയിരിക്കുന്നു.(ളിലാൽ–4/2008)
9.ആധുനിക മുസ്ലിം സമൂഹം മുഴുവനും ജാഹിലീയ്യ(അവശ്വാസി) സമൂഹമാണ്. ആ ഒഴിഞ്ഞിടത്ത് (മുസ്ലിം സമൂഹമില്ലാത്തിടം) ഫിഖ്ഹ് നിയമങ്ങൾ അടിസ്ഥാനപരമായി നില നിൽക്കില്ല. അദ്ദേഹം പറയുന്നു.
'ഇസ്ലാമിക ഘടനയുടെ പ്രകൃതവുമായി താരതമ്യം ചെയ്യുമ്പോൾ ആധുനിക ജാഹിലീയ്യ സമൂഹം ഒഴിഞ്ഞിടങ്ങളായി (ഇസ്ലാമിക സാമൂഹിക വ്യവസ്ഥിതി നിലവിലില്ലാത്തിടം) പരിഗണിക്കപ്പെടും. ഫിഖ്ഹീ വിധികൾ അവിടെ നില നിൽക്കുകയോ ഇസ്ലാമിക ഘടന അവിടെ രൂപം കൊള്ളുകയോ ഇല്ല'.(ളിലാൽ–4/2009)

10. സയ്യിദ് ഖുതുബ് ആത്മീയജ്ഞാനം(മഅ്രിഫത്) ഉണ്ടെന്ന് വാദിക്കുന്നു. ഈ വിഷമഘട്ടത്തിൽ നിന്ന് പുറത്തു കടക്കാനുള്ള വഴി അദ്ദേഹത്തിന് മാത്രമെ അറിയുകയുള്ളൂ. അദ്ദേഹം പറയുന്നു.

'ഈ വിഷമ ഘട്ടത്തിൽ എവിടെ തുടങ്ങണമെന്നെനിക്കറിയാം. ഇതൊരു സങ്കൽപമാണ്. നാമിന്ന് ജീവിക്കുന്ന സമൂഹം മുസ്ലിം സാമൂഹികാവസ്ഥയനുസരിച്ചാണെങ്കിൽ, ഇസ്ലാമിക നിയമ വ്യവസ്ഥകൾ പ്രയോഗവത്കരിക്കാൻ ഈ സമൂഹത്തിൽ ശ്രമിക്കുകയും ചെയ്താൽ! നിലവിലുള്ള അംഗ ഘടനാ വ്യവസ്ഥയിലും സ്വഭാവഗുണ വിശേഷങ്ങളിലും! ഇവിടെയാണ് തുടക്കം. ഏത് ഗവേഷകൻ ഇവിടെ തുടങ്ങിയാലും അവൻ ഒന്നുമില്ലാത്തിടത്ത് നിന്നാണ് (ഇസ്ലാമിക സാമൂഹിക വ്യവസ്ഥിതി ഇല്ലാത്തിടം) തുടങ്ങുന്നത്. അവൻ ഈ ഒന്നുമില്ലാത്തിടത്ത് ഉഴറി നടക്കേണ്ടി വരും, നാമിന്ന് ജീവിക്കുന്ന സമൂഹം ലക്ഷണമൊത്ത ഇസ്ലാമിക സമൂഹമല്ല. അതു കൊണ്ടു തന്നെ ഇസ്ലാമിക ഘടനയുടെ പ്രയോഗവത്കരണമോ ഫിഖ്ഹ് നിയമങ്ങളുടെ പ്രയോഗവത്കരണമോ നടപ്പില്ല. ഇസ്ലാമിക നിയമങ്ങളുടെയും ഫിഖ്ഹ് നിയമങ്ങളുടെയും പ്രയോഗവത്കരണം ലക്ഷണമൊത്ത ഇസ്ലാമിക സമൂഹമില്ലാത്തിടത്ത് സാധ്യമല്ല'.(ളിലാൽ-4/2009)

11. സത്യ നിഷേധികളായ ജാഹിലീയ്യാ സമൂഹങ്ങളുടെ ആവശ്യങ്ങൾക്ക് ദീൻ പരിഹാരം നൽകുകയില്ല. കാരണം ഇസ്ലാമിക നിയമങ്ങളുടെയും ദീനിന്റെയും സാന്നിദ്ധ്യം ഇന്നില്ല. അദ്ദേഹം പറയുന്നു. 'നമ്മുടെ അടുത്ത് ഉള്ള ദീനിന്റെ നിയമങ്ങൾ ജാഹിലീയ്യ സമൂഹങ്ങളോടു യോജിക്കുന്നതോ അതിന്റെ അവശ്യങ്ങൾക്കു പരിഹാരം നൽകുന്നതോ അല്ല. കാരണം ഈ ദീൻ ജാഹിലീയ്യ സമൂഹങ്ങളുടെ നിലനിൽപ് അടിസ്ഥാനപരമായി ഇഷ്ടപ്പെടുകയോ അംഗാകരിക്കുകയോ ചെയ്യുന്നില്ല. ആ സമൂഹങ്ങളുടെ അജ്ഞതയിൽ നിന്നുയർന്നു വരുന്ന ആവശ്യങ്ങളെയും ഈ മതം പരിഗണിക്കുന്നില്ല. അതിനു പരിഹാരം കാണുന്നതിലും അത്പോലെ തന്നെ'.(ളിലാൽ-4/2010)

12. സമ്പൂർണ്ണ ഇസ്ലാമിക സമൂഹ നിർമ്മിതിക്കായി ആദ്യമായി ചെയ്യേണ്ടത് മുഴുലോകത്തോടും യുദ്ധം ചെയ്യുകയാണ്. അപ്പോൾ പുതിയ ഫിഖ്ഹ് രൂപം കൊള്ളും. അദ്ദേഹം പറയുന്നു. 'ഈ വിപ്ലവ ചലനം നിർബന്ധമായും പല പരീക്ഷണങ്ങളും പ്രശ്നങ്ങളും അഭിമുഖീകരിക്കേണ്ടതായി വരും. ആ സമയത്ത് പ്രശ്നങ്ങളിൽ അകപ്പെട്ട് പിഴച്ചു പോകുന്നവൻ പിഴച്ചുപോകും. അല്ലാഹുവിനെ സത്യമാക്കി വിശ്വസിക്കുന്നവൻ അങ്ങനെ വിശ്വസിക്കും. തുടർന്ന് രക്തസാക്ഷിയായി മാറും. ക്ഷമയോടെ കാത്തിരിക്കുന്നവൻ പ്രതീക്ഷിച്ചിരിക്കും. അവന്റെ വിപ്ലവ നീക്കങ്ങളിൽ അങ്ങിനെ തുടരുകയും അല്ലാഹു സത്യ നിഷേധികൾക്കും അവർക്കുമിടയിൽ സത്യം കൊണ്ട് വിധിക്കുകയും ചെയ്യും. പിന്നീടവന് അല്ലാഹു ഭൂമിയിൽ അധികാര സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കും. അപ്പോൾ മാത്രമാണ് ഇസ്ലാമിക ഘടന നിലവിൽ വരുന്നത്. വിപ്ലവ പോരാട്ടക്കാർക്കെല്ലാം വ്യത്യസ്ത ജീവിത തലങ്ങളിലുണ്ടവുന്ന ആവശ്യങ്ങളുമുണ്ടാവും ജാഹിലീയ്യ സമൂഹത്തിലെ ആവശ്യങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായതായിരിക്കും ആവശ്യങ്ങൾ. സമൂഹത്തിലുണ്ടാവുന്ന പ്രായോഗിക പ്രശ്നങ്ങളുടെ പരിഹാരത്തിനായി അന്ന് ഇസ്ലാമിക ഫിഖ്ഹ് നിയമങ്ങൾ നിർമ്മിക്കപ്പെടുകയും ചലനാത്മകമായ ഒരു ഫിഖ്ഹിന് രൂപം കൊടുക്കുകയും ചെയ്യും (ളിലാൽ–4/2011)

അദ്ദേഹം പറയുന്നു. ഇത് കൊണ്ട് ഒരു കിതാബിലും സുന്നത്തിലും പറയപ്പെട്ട ശരീഅത്ത് നിയമങ്ങൾ ഒരു തരത്തിലും നിലവിലില്ലെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല .പക്ഷെ ഈ നിയമങ്ങൾ നിയമമാക്കപ്പെട്ട സമൂഹം നിലവിലില്ലെന്ന് മാത്രമാണ് നാം ഉദ്ദേശിച്ചത്. ഈ നിയമങ്ങൾ അത്തരമൊരു സമൂഹത്തിൽ മാത്രമാണ് നിലനിൽക്കുകയോ പ്രയോഗിക്ക്പ്പെടുകയോ ചെയ്യുക.

അതു കൊണ്ടു തന്നെ ആ നിയമങ്ങളുടെ പ്രായോഗികത ആ സമൂഹത്തിന്റെ ആവിർഭാവവുമായി ബന്ധപ്പെട്ടിരിക്കുന്നു. പിന്നീട് ആ ജാഹിലീയ്യ സമൂഹത്തിൽ നിന്ന് ഇസ്ലാമിലേക്കു വരുന്ന ഓരോത്തരും ആ നിയമം അനുസരിക്കലും ഇസ്ലാമിക ഘടനാ സംവിധാനം നിലവിൽ വരുത്താനായി വേണ്ട വിപ്ലവ പോരാട്ടങ്ങൾ നടത്തലും ജാഹിലീയത്തിനെ പ്രതിരോധിക്കുമ്പോൾ നേരിടേണ്ടി വരുന്ന പ്രശ്നങ്ങളെ നേരിടലും ഓരോ മുസ്ലിമിന്റെയും ബാധ്യതയാണ്'. (ഫി ളിലാലിൽ ഖുർആൻ–4/2013)

15. അവസാനമായി യൂസുഫ് നബി (അ) അധികാരത്തിനായി ശ്രമിച്ചതിന്റെ പൊരുൾ അദ്ദേഹം വംളിവാക്കുന്നു. യൂസുഫ് നബി ജാഹിലീയ്യ സമൂഹത്തിലായിരുന്നു ജീവിച്ചിരുന്നത്.അതിൽ ആത്മ സംസ്കരണത്തിന്റെ നിയമങ്ങൾ പ്രായോഗികമാവുകയില്ല. അദ്ദേഹം പറയുന്നു. 'ഈ വിശദീകരണം യൂസുഫ് നബിയുടെ വിശയത്തിലുള്ള യാഥാർത്ഥ്യം വെളിവാകുമായിരിക്കും. ഒരു ഇസ്ലാമിക സാമൂഹിക വ്യവസ്ഥയിലായിരുന്നില്ല അദ്ദേഹം ജീവിച്ചത്. അങ്ങനെയാവുമ്പോൾ മാത്രമാണ് ആത്മ സംസ്കരണത്തിന്റെ നിയമം അദ്ദേഹത്തിന് ബാധകമാവുന്നതും അധികാരം ചോദിക്കാൻ പാടില്ലാത്തതാകുന്നതും അംഗീകരിക്കപ്പെടുന്ന ഒരു ഭരണ കർത്തവാകാൻ പറ്റുമെന്നദ്ദേഹത്തിന് തോന്നിയതു കൊണ്ടാവാം അദ്ദേഹം അങ്ങനെ ചെയ്തത്'.(ളിലാൽ–4/2013)

**അനുബന്ധം**

1. ഈവിഷയങ്ങളൊക്കെയുംഅടിസ്ഥാനപ്പെടുത്തിയിരിക്കുന്ന ത്സമൂഹത്തിന് മതഭ്രഷ്ഠകൽപ്പിക്കുന്നതിലാണ്. സമൂഹത്തെ ജാഹിലീയ്യത് (അത്കുഫ്റാണ്)കൊണ്ട്ആരോപിക്കുന്നതിലാണ് ഈ ദീൻ

നൂറ്റാണ്ടുകളായി നിലവിലില്ലെന്ന്ആവർത്തിക്കുന്നതിലാണ്മുസ്ലിംസമൂഹസൃഷ്ടിപ്പിനായിഒരു വിപ്ലവവും പോരാട്ടവും അനിവാര്യമാണെന്ന് പറയുന്നതിലാണ്. ഈ ചിന്തകളൊക്കെ അദ്ദേഹത്തിന്റെ ബുദ്ധിക്കും യുക്തിക്കുംരൂപം നൽകിയിട്ടുള്ളതുമാണ്. അദ്ദേഹത്തിന്റെസാമൂഹ്യ നീതിഇസ്ലാമിൽഎന്ന പുസ്തകത്തിലെ ഉദ്ധരണി വിശേഷണ പ്രകാരം ഭൂമുഖത്ത്ഇന്ന് ഈ ദീനിന്റെ സാന്നിദ്ധ്യം കാണാനില്ല. മനുഷ്യജീവിതത്തൽഅല്ലാഹുവനല്ലാതെവിധി കർത്വാവകാശംവകവെച്ചുകൊടുക്കാത്ത അവസാന സംഘംഇല്ലാതായതോടുകൂടി ഭൂമുഖത്ത് ദീൻ ഇല്ലാതായി (സാമൂഹ്യ നീതിഇസ്ലാമിൽ പേജ്.183)

മആലിം ഫീ ത്വരീറിൽഅദ്ദേഹം പറയുന്നു. മുസ്ലിം ഉമ്മത്തിന്റെ സാന്നിദ്ധ്യം ഇല്ലാതായി പരിഗണിക്കപ്പെടാൻ തുടങ്ങിയിട്ട് നൂറ്റാണ്ടുകളായിട്ട്മുസ്ലിങ്ങൾഒന്നടങ്കംഅവിശ്വാസികളായി ത്തീർന്നിരിക്കുകയാണ്. അദ്ദേഹത്തിന്റെവീക്ഷണത്തിൽ പിന്നീടുള്ളഘട്ടം ഫിഖ്ഹിന്റെവിധികൾ ബാധകമല്ലാതാക്കലാണ്. കാരണം ആ ഫിഖ്ഹ് നിലനിൽക്കേണ്ട സമൂഹംഇല്ലാതായിരിക്കുന്നു.

2. ഈ സിദ്ധാന്തം അതിന്റെഎല്ലാ ഭാഗങ്ങളോടുംകൂടെഅങ്ങേയറ്റം അപകടകരമാണ്. കാരണം ദീൻ നില നിൽക്കുന്നില്ല എന്ന വാദവുംജാഹിലീയ്യത് നിലനിൽക്കുന്നു എന്ന വാദവുംഅതുകൊണ്ടുതന്നെ

ഫിഖ്ഹും അതിന്റെ നിയമങ്ങളും ഇല്ലാതാകുന്നു എന്ന വാദവും ദീനിനോടുള്ള അക്രമവും മുഹമ്മദീയ രിസാലത്തിനു മേലുള്ള കടന്നു കയറ്റവുമാണ്. അല്ലാഹു ഈ രിസാലതിനെ അവസാനത്തേതും സകലർക്കും അനുഗ്രഹവും ഈ ഉമ്മത്തിനെ ഏറ്റവും ഉയർന്ന ഉമ്മത്തായും അവതരിപ്പിച്ചപ്പോൾ സയ്യിദ് ഖുതുബ് അതിനെ സത്യ നിഷേധത്തിന്റെയും ജാഹിലീയ്യത്തിന്റെയും സമൂഹമാക്കി മാറ്റി.

ഈ മതത്തിന്റെ പ്രകൃതത്തെക്കുറിച്ചും അതനുസരിച്ച് വ്യത്യസ്ഥ സാഹചര്യത്തിൽ എങ്ങനെ ജീവിക്കണമെന്നതിനെക്കുറിച്ചും അദ്ദേഹത്തിനുള്ള തികഞ്ഞ അജ്ഞതയിൽ നിന്നാണ് അദ്ദേഹത്തിന്റെ ഈ വാദങ്ങൾ ഉടലെടുക്കുന്നത്. ഇസ്ലാമുമായി മുസ്ലിങ്ങൾ ശത്രുതയോടെ പതിമൂന്ന് വർഷക്കാലം മക്കയിൽ ജീവിച്ചു. എത്യോപ്യയിൽ മുസ്ലിങ്ങൾ ശത്രുക്കളുടെ അംഗീകാരത്തോടെ ജീവിച്ചു. ഹിജ്റക്കു മുമ്പ് ഔസ്, ഖസ്റജ് എന്നിവർക്കിടയിൽ ന്യൂനപക്ഷമായ മുസ്ലിങ്ങൾ ജീവിച്ചു. നാഗരികതയുടെ രണ്ടാം ഘട്ടത്തിൽ മുസ്ലിങ്ങൾ ഭൂരിപക്ഷമായി മദീനയിൽ ജീവിച്ചു. വ്യത്യസ്തമായ അന്തരീക്ഷത്തിൽ ജീവിക്കേണ്ട നാലു മാതൃകകൾ ദീന് നമുക്ക് കാണിച്ചു തന്നു. എന്നിട്ട് സയ്യിദ് കൊണ്ടു വരുന്ന വാദം ഇസ്ലാമിന്റെ അസ്തിത്വം നീങ്ങിപ്പോയെന്നും സാന്നിദ്ധ്യം മുറിഞ്ഞു പോയെന്നുമാണ്.

4 കർമ്മശാസ്ത്ര പണ്ഡിതന്മാരെ നിഷ്ക്രിയത്വവും മുരടിപ്പും ആരോപിക്കുന്നത് ഇസ്ലാമിക സമൂഹത്തിൽ ചരിത്രത്തോടുള്ള വലിയ ശത്രുതയാണ്. അവരുടെ വിപ്ലവത്തെ കുറിചുള്ള അജ്ഞതയുമാണ്. മുസ്ലിങ്ങളുടെ വീടുകളിലുള്ള പ്രശ്നങ്ങളും വിപത്തുകളും സംഭവങ്ങളും അവർ നിരീക്ഷിച്ച് പഠിച്ച് പിന്തുടർന്ന് ഒരു നിയമ സംഹിത കൊണ്ടുവരുന്നത് വരെ അവർ

പരിശ്രമിച്ചിട്ടുണ്ട്. പരിശുദ്ധമായ ശറഇനെ കുറിച്ചും അതിന്റെ ശാഖകളെ കുറിച്ചും പൂർണമായ ഉൾകാഴ്ച്ച ഉള്ളതിനാലാണിത്. ശൈഖ് മുഹമ്മദ് അബ്ദുൽ മസായ അൽ ബത്താനി സമൂഹ ത്തിലെ വിവിധ ഘട്ടങ്ങളിലുള്ള 5000 മുജ്തഹിദുകളെ കുറിച്ച് ഒരു ഖിതാബ് തയ്യാറാക്കിയിട്ടുണ്ട്. ഒരുകാലത്തും ഇജ്തിഹാദിന്റെ വാതിൽ അടഞ്ഞു പോയിട്ടില്ലെന്നും മുറിഞ്ഞുപോയിട്ടില്ലെന്നും അതിന് പ്രത്യേക തലമുറ ഇല്ലെന്നും അദ്ധേഹം പറയുന്നു.

5 യൂസുഫ് നബി(അ)യുടെ സ്ഥാനത്തെ കയ്യേറ്റം ചെയ്യുകയും അദ്ധേഹം ജാഹിലിയ്യാ കാലത്ത് ജീവിച്ചെന്ന് പറയു കയും ശൂന്യതയിൽ കർമ്മശാസ്ത്രത്തിന് പ്രസക്തിയില്ലാത്തതു കൊണ്ട് അതിനെ കുറിച്ച് അദ്ദേഹം പറഞ്ഞിട്ടില്ലെന്ന് വാദിക്കു കയും ചെയ്യുന്നു. ഇവിടെ ബഹുമാന്യനായ നബിയുടെ സ്ഥാനത്തെ കുറിച്ച് വലിയ അജ്ഞതയാണ്. മുമ്പുള്ള ഫിഖ്ഹ് നോക്കിയല്ല അദ്ദേഹം വിധിക്കുന്നത് മറിച്ച് സന്ദർഭോചിതമായി ദൈവിക വിശദീകരണം ഇറങ്ങലാണ്.

6 യൂസുഫ് നബി(അ) രാജാധികാരം തേടിയിട്ടില്ല, അതിന് ശ്രമിച്ചിട്ടുമില്ല. പിന്നെ അദ്ദേഹത്തിന്റെ പ്രാർത്ഥനയായ (ഭൂമിയുടെ ഖജനാവിന്റെ മേൽ അധികാരം തരണേ...) എന്നത് കൊണ്ട് തെളിവെടുക്കൽ വലിയ പിഴവും ഖുർആനിക സാഹചര്യങ്ങളോ ടുള്ള അന്തരവുമാണ്. വഹിക്കുന്നതും അമ്പിയാക്കളെ കുറിച്ചുള്ള തെററിദ്ധാരണകൾ അവരുടെ ബുദ്ധിയുടെ പ്രശ്നമാണ്. അപ്പോൾ ഖുർആൻ പറയാത്ത കാര്യങ്ങൾ അവർ ഖുർആനിന്റെതായി പറ യുന്നു. അവരുടെ മുൻവിധികളായ സങ്കൽപങ്ങളെ തെറ്റും ശരിയുമാക്കി അവതരിപ്പിക്കുന്നു.

7 എനിക്ക് ഭൂമിയുടെ ഖജനാവിന്റെ മേൽ അധികാരം തരണേ എന്ന സൂക്തത്തിന്റെ ഉദ്ദേശം അറിവാണ്. തുടർച്ചയായ

നിരവധി ആയത്തുകളിലൂടെ യൂസുഫ് നബിയുടെ അറിവിനെകുറിച്ച് പറഞ്ഞിട്ടുണ്ട് മജാഅ(പട്ടിണി) സംഭവത്തിൽ കാർഷിക മാന്ദ്യം കൈകാര്യം ചെയ്യുന്നതിലും കൃഷികാര്യ ഇടപാടുകളിലും അദ്ധേഹത്തിന്റെ പാണ്ഡിത്യം വ്യക്തമാവായി.ഇത് കണ്ട ഈജിപ്ഷ്യൻ ജനത അദ്ധേഹത്തിന് അഗാധമായ ജ്ഞാനമുണ്ടെന്ന് മനസ്സിലാക്കി. രാജാവ് അദ്ധേഹത്തെ ആവശ്യപ്പെട്ട് ദൂതനെ അയച്ചെങ്കിലും അദ്ധേഹം വിസമ്മതിച്ചു. പിന്നെ രാജാവ് അദ്ധേഹം ഇഷ്ടപ്പെടുന്ന ചില സ്ഥാനങ്ങൾ പ്രദർശിപ്പിച്ചപ്പോൾ അവരുടെ പ്രേരണ പ്രകാരം സാമ്പത്തിക മന്ത്രിയോ ഉപദേഷ്ടാവായോ സ്ഥാനമേറ്റു. അടിസ്ഥാന പരമായി ആ രാജസ്ഥാനം അദ്ധേഹം തേടിയതോ അതിനായി പരിശ്രമിച്ചതോ അല്ല ഇതിനെകുറിച്ച് വിശദമായി ശേഷം വരുന്നുണ്ട്.

***

അസ്ഹർ യൂണിവേഴ്സിറ്റിയുടെ ബുദ്ധികേന്ദ്രങ്ങൾ നടത്തിയ 'തംകീൻ' സിദ്ധാന്തത്തെക്കുറിച്ചുള്ള സമ്പൂർണ്ണപഠനം ഇതാണ്.

'തംകീൻ' എന്ന പദം അല്ലാഹു വിശ്വാസിയുടെയും നിഷേധിയുടെയും പേരിലും, കഴിഞ്ഞു പോയ സമൂഹങ്ങളുടെ കാര്യത്തിലും ,പൊതുവെ മനുഷ്യരുടെ കാര്യത്തിലും സ്വത്വത്തിലേക്ക് ചേർത്തു കൊണ്ടും ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്. ഇതെക്കുറിച്ച് നമ്മൾ നിരീക്ഷിച്ചാൽ 'തംകീൻ'എന്ന പദം അല്ലാഹു ഉപയോഗിച്ചിടത്തെല്ലാം ദൈവികമായ ഇടപാടാണ്. മാനുഷികമായ നിർബന്ധാവസ്ഥയല്ല. അപ്പോൾ 'തംകീൻ' അല്ലാഹു ഉണ്ടാക്കുന്നതാണ്. അല്ലാഹു

പറയുന്നു.......'നിങ്ങൾക്ക് ഞാൻ ഭുമിയെ സൗകര്യപ്പെടുത്തിത്തരികയും ജീവിതയോഗ്യമാക്കുകയും ചെയ്തു'......(സൂറത് അഅ്റാഫ് –10)

ഇവിടെ 'തംകീൻ' എന്നതിന്റെയർഥം ഈ ഭൂമിനക്ഷത്രത്തിൽ അല്ലാഹു ആകർഷകമായ രീതിയൊരുക്കിയെന്നതാണ്. ഗുരുത്വാകർഷണം ചൂടിന്റെ ക്രമീകരണം,കാലാവസ്ഥ, മരങ്ങൾ ,അന്തരീക്ഷപാളികൾ, മഴമേഘങ്ങൾ,കൃഷി ഇങ്ങനെയെല്ലാ സൗകര്യങ്ങളും ഒരുക്കി.ഇതിന് അല്ലാഹുവിന്റെ 'തംകീൻ'എന്നാണ് പറയുക.

പക്ഷെ,'തംകീൻ'എന്നതിനെ അമുസ്ലിംകൾക്ക് സംഭവിക്കുന്ന ഒരു സംഗതിയുമാക്കി (ഭൂമിയിൽ ഞാൻ സൗകര്യം ചെയ്ത് കൊടുത്ത് നല്ല മഴ വർഷിപ്പിച്ച എത്ര എത്ര സമൂഹങ്ങളെയാണ് നിങ്ങൾക്ക് മുമ്പെ ഞാൻ നശിപ്പിച്ചതെന്ന് നിങ്ങൾ കാണുന്നില്ലേ)

നോക്കൂ,അല്ലാഹു അവർക്ക് തയ്യാറാക്കിയ അനുഗ്രഹങ്ങളും പ്രകൃതി സമ്പത്തും എത്രയാണെന്ന് അവർക്ക് മഴ വർഷിപ്പിക്കുക വഴി കൃഷി,മത്സ്യ സമ്പത്ത് എന്നിവ ഉണ്ടായി. പിന്നെ അല്ലാഹു പറഞ്ഞു.....അവരുടെ അരികിലൂടെ ഒഴുകുന്ന നദിയെ ഞാൻ നൽകി.

അപ്പോൾ അവർക്ക് സമ്പുഷ്ടത കുന്നു കൂടുകയാണ്. ഇതെല്ലാം 'തംകീൻ'ന്റെ ചിത്രീകരണങ്ങളാണ്.പക്ഷെ,ഈ 'തംകീൻ'വിശ്വാസവുമായി ബന്ധിതമോ അല്ല. ഇതിനു തെളിവായി അല്ലാഹു പറയുന്നു: "അവരുടെ തെറ്റുകൾ കാരണം അവരെ ഞാൻ നശിപ്പിക്കുകയില്ല.അവർക്ക് ശേഷം മറ്റൊരു സമൂഹത്തെ

കൊണ്ടു വരികയും ചെയ്തു''അപ്പോൾ ഇവിടെ ഭൂമി നിറയെ സമൃദ്ധിയും ഉണ്ടാകും. അതെല്ലാം 'തംകീൻ' എന്ന പേരിൽ തന്നെയാണ് . പക്ഷെ. ഈ 'തംകീൻ'വിശ്വാസത്തോടെയും അല്ലാതെയുമുണ്ടാവാം. അപ്പോൾ മുസ്ലിംകളല്ലാത്ത ആ സമൂഹത്തിന് കൊടുത്ത വിവിധങ്ങളായ 'തംകീൻ'ദൈവികമായ അവന്റെ അനുഗ്രഹമാണ്.അല്ലാഹു പറയുന്നു'' ഒരു കൂട്ടർക്ക് ഞാൻ ഭൂമിയിൽ സൗകര്യം ഒരുക്കിക്കൊടുത്തു.അവർ നിസ്ക്കാരം നിലനിർത്തി,സക്കാത്ത് കൊടുത്തു,നന്മ കൽപ്പിച്ചു,തിന്മ നിരോധിച്ചു,അവസാന കാര്യങ്ങൾ അല്ലാഹുവിന്റെ തീരുമാനപ്രകാരമാണ്.

അല്ലാഹു വീണ്ടും പറയുന്നു: നിങ്ങളിൽ നിന്ന് വിശ്വസിച്ചവരോടും നന്മ പ്രവർത്തിച്ചവരോടും അവരുടെ മുൻകഴിഞ്ഞവർക്ക് അധികാരം നൽകിയത് പോലെ ഭൂമിയിൽ അല്ലാഹു അധികാരം നൽകുമെന്നും അവർക്ക് തൃപ്തികരമായ അവരുടെ മതത്തിന് സൗകര്യമൊരുക്കിക്കൊടുക്കുമെന്നും അഭയത്താൽ അവരുടെ പേടിക്ക് ശേഷം അവർക്ക് ഞാൻ പകരം ചെയ്യുമെന്നും അല്ലാഹു വാഗ്ദാനം ചെയ്തു.

ഇപ്പോഴുള്ള സമൂഹങ്ങൾക്കിടയിലെ 'തംകീൻ'എന്നാൽ വ്യക്തികൾക്കിടയിലെ സ്നേഹ ബന്ധം പോലെയാണ്. ജനങ്ങളുടെ മനസ്സിൽ സ്നേഹം സൃഷ്ടിക്ക് എന്ന് പറഞ്ഞ് നമുക്കാരോടും കൽപ്പിക്കാൻ കഴിയില്ല. മറിച്ച് നാം അവരോട് പറയുന്നത് നിന്റെ പെരുമാറ്റം നന്നാക്കൂ ,നല്ല രീതിയിൽ ജനങ്ങളോട് ഇടപഴകൂ ,അപ്പോൾ അല്ലാഹു അവരുടെ മനസ്സിൽ നിന്റെ സ്നേഹം കാണും. അബുഹുറൈറ (റ) ഉദ്ധരിച്ച് കൊണ്ട് ബുഖാരി ഇമാം റിപ്പോർട്ട് ചെയ്യുന്നു.

“ഒരടിമയെ അല്ലാഹു ഇഷ്ടപ്പട്ടാൽ ജിബ്‌രീൽ(അ)മിനെ അല്ലാഹു വിളിച്ച് പറയും. അല്ലാഹു ഒരുവനെ ഇഷ്ടപ്പെട്ടിരിക്കുന്നു. നീയും ഇഷ്ടപ്പെടുക. അപ്പോൾ ജിബ്‌രീൽ(അ) അവനെ ഇഷ്ടപ്പെടും പിന്നെ ആകാശത്തുള്ളവരോട് അവനെ ഇഷ്ടപ്പെടാൻ ജിബ്‌രീൽ(അ) പറയും. അവരും അവനെ ഇഷ്ടപ്പെടും. പിന്നെ അവന് ഭൂമിയിൽ സ്വീകാര്യത നൽകപ്പെടും”.

അല്ലാഹുവിനെ ആരാധിക്കാനും വിശ്വസിക്കാനും അല്ലാഹു ജനങ്ങളോട് കൽപ്പിച്ചു. ശേഷം നാഗരികത, ഐശ്വര്യം, മനുഷ്യനെ മാനിക്കുക, ശരീരത്തേയും ബുദ്ധിയേയും രക്തത്തേയും സംരക്ഷിക്കുക, അജ്ഞതയിൽ നിന്നും മുക്തി നേടുക എന്നീ കാര്യങ്ങളും കൽപ്പിച്ചു. അപ്പോൾ നാം സാമ്പത്തിക സുസ്ഥിരതയോടെ, രാഷ്ട്രീയ വ്യവസ്ഥിതിയുടെ സ്ഥിരതയോടെ, അധ്യാപന ചിന്താ പുരോഗതിയോടെ സമൂഹത്തിൽ ഈ ദൗത്യം നിർവ്വഹിക്കുമ്പോൾ ‘തംകീൻ’എന്ന് പറയുന്ന ഈ കാര്യം അല്ലാഹു സാധിപ്പിച്ചു തരുന്നു.

യഥാർത്ഥത്തിൽ ‘തംകീൻ’നെകുറിച്ച് ഖുർആൻ പറയുന്നതിനെ ദൈവിക അടിസ്ഥാനങ്ങളോടും, കർമ്മ ശാസ്ത്ര നിയമങ്ങളോടും, ഖുർആൻ വ്യാഖ്യാന മര്യാദയോടും, ക്രോഡീകരണ രീതിയോടും, കൂടെ സമീപിച്ചതിന്റെ അനന്തരഫലമാണ് അസ്ഹർ ശരീഫിലെ വൈജ്ഞാനിക ചിന്തകൾ സൃഷ്ടിച്ചത്.

അതിനുദാഹരണമാണ് യൂസുഫ് നബി(അ). അല്ലാഹു പറയുന്നു: “ഈജിപ്തിൽ നിന്ന് അവനെ വിലകൊടുത്ത ആൾ തന്റെ ഭാര്യയോട് പറഞ്ഞു. ഇവന് മാന്യമായ താമസ സൗകര്യം നൽകുക. അവൻ നമുക്ക് പ്രയോജനപ്പെട്ടേക്കാം. അല്ലെങ്കിൽ

നമുക്കവനെ മകനായി സ്വീകരിക്കാം. അപ്രകാരാം നാം യൂസുഫിന് ഭൂപ്രദേശത്ത് സൗകര്യമുണ്ടാക്കിക്കൊടുത്തു''.

എവിടെ 'തംകീൻ'..? അവർ വാങ്ങിയത് അടിമയാക്കാനല്ലേ..? കിണറിൽ വീണ യൂസുഫ് നബിയെ അടിമയാക്കാൻ വേണ്ടിയാണ് ഈജിപ്തിലെത്തിച്ചെങ്കിലും അല്ലാഹുവിന്റെ തീരുമാനം യൂസുഫ് നബിയെ രാജാവിനോടപ്പം സംസാരിക്കുന്ന, ബുദ്ധികൊണ്ടും ജ്ഞാനം കൊണ്ടും അറിയപ്പെടുന്ന അത്ഭുതജ്ഞാനിയാകണമെന്നായിരുന്നു. അല്ലാഹുവിന്റെ തീരുമാനം യൂസുഫ് നബിയെ വലിയ അഭയ കേന്ദ്രമാക്കി മാറ്റി. 'തംകീൻ'എന്നത് മറ്റുള്ളവർ നിന്റെ കഴിവിനേയും സഹായത്തേയും ബഹുമാനിക്കാൻ നിർബന്ധിക്കപ്പെടുന്ന നിന്റെ വൈജ്ഞാനിക സമ്പത്താണ്. ഈ സന്ദർഭം ഓർക്കുക. ''അവൻ പറഞ്ഞു. പലതരം പേക്കിനാവുകൾ! ഞങ്ങൾ അത്തരം പേക്കാനാവുകളെപ്പറ്റി അറിവുള്ളവരല്ല. ആ രണ്ട് പേരിൽ (യൂസുഫിന്റെ രണ്ട് ജയിൽ സുഹൃത്തുക്കളിൽ) നിന്ന് രക്ഷപ്പെട്ടവൻ ഒരു നീണ്ട കാലയളവിന് ശേഷം (യൂസുഫിന്റെ കാര്യം) ഓർമ്മിച്ചു കൊണ്ട് പറഞ്ഞു: ''അതിന്റെ വ്യഖ്യാനത്തെപ്പറ്റി ഞാൻ നിങ്ങൾക്ക് വിവരമറിയിച്ചു തരാം. നിങ്ങൾ (അതിന് )എന്നെ നിയോഗിച്ചേക്കൂ.

ഹേ സത്യസന്ധനായ യൂസുഫ് തടിച്ചു കൊഴുത്ത ഏഴ് പശുക്കളെ ഏഴ് മെലിഞ്ഞ പശുക്കൾ തിന്നുന്ന കാര്യത്തിലും ഏഴ് പച്ചക്കതിരുകളുടേയും വേറെ ഏഴ് ഉണങ്ങിയ കതിരുകളുടേയും കാര്യത്തിലും താങ്കൾ ഞങ്ങൾക്ക് വിധി പറഞ്ഞു തരണം. ജനങ്ങൾ അറിയുവാനായി ആ വിചാരവും കൊണ്ട് എനിക്ക് അവരുടെ അടുത്തേക്ക് മടങ്ങാമല്ലോ. യൂസുഫ് പറഞ്ഞു: നിങ്ങൾ ഏഴ് കൊല്ലം തുടർച്ചയായി കൃഷി ചെയ്യുന്നതാണ്. എന്നിട്ട് നിങ്ങൾ

കൊയ്തെടുത്തതിൽ നിന്ന് നിങ്ങൾക്ക് ഭക്ഷിക്കാൻ അൽപം ഒഴിച്ച് ബാക്കി അതിന്റെ കതിരിൽ തന്നെ വിട്ടേക്കുക''.

ഓ.. ജ്ഞാനി..രാഷ്ട്രങ്ങളുടെ കാര്യകർതൃത്വത്തിൽ വിധി പറഞ്ഞു തരിക. ''ഏഴ് തടിച്ച പശുക്കളെ ഏഴ് മെലിഞ്ഞ പശുക്കൾ തിന്നുന്ന കാര്യവും, ഏഴ് പച്ചക്കതിരുകളുടേയും ഏഴ് ഉണങ്ങിയ കതിരുകളുടേയും കാര്യം'' എന്ന പ്രശ്നത്തെ എങ്ങനെ നാം വ്യഖ്യാനിക്കും. യൂസുഫ് നബി അത് ജീവിതത്തിന്റെ പ്രവർത്തന രേഖയായി വ്യാഖ്യാനിച്ചു. അത് യൂസുഫ് നബിയിൽ നിന്നുള്ള ദീർഘ വീക്ഷണത്തിന്റേയും, ഭാവി പ്രതിസന്ധികളുടെ പരിഹാര മാർഗവും നിറഞ്ഞ ജ്ഞാനസമ്പത്തായി. ''രാജാവ് പറഞ്ഞു: നിങ്ങൾ അദ്ദേഹത്തെ എന്റെ അടുത്ത് കൊണ്ടു വരൂ, ഞാൻ അദ്ദേഹത്തെ ഒരു പ്രത്യേകക്കാരനായി സ്വീകരിക്കും. അദ്ദേഹത്തോട് സംസാരിച്ചപ്പോൾ രാജാവ് പറഞ്ഞു: തീർച്ചയായും താങ്കൾ ഇന്ന് നമ്മുടെ അടുക്കൽ സ്ഥാനമുള്ളവനും വിശ്വസ്തനുമാകുന്നു'', എന്ന വചനത്തിലൂടെ അല്ലാഹു യൂസുഫ് നബിക്ക് വലിയ സ്വീകാര്യത നൽകുകയും അപൂർവ്വജ്ഞാനം കൊണ്ട് വിശേഷിപ്പിക്കാൻ രാജാവ് ആവശ്യപ്പെടുകയും ചെയ്തു. അങ്ങനെ അല്ലാഹുവിനോട് സംസാരിച്ചപ്പോൾ അദ്ദേഹത്തിന് ഒന്നാംതരം സാമ്പത്തിക ബുദ്ധി നൽകപ്പെട്ടു. എന്നിട്ട് പറഞ്ഞു: ''നിശ്ചയം താങ്കൾ നമ്മുടെ അടുക്കൽ സ്ഥാനമുള്ളവനും വിശ്വസ്തനുമാകുന്നു''. തുടർന്ന് അല്ലാഹു പറഞ്ഞു: ''അദ്ദേഹം പറഞ്ഞു. താങ്കൾ എന്നെ ഖജനാവുകളുടെ അധികാരം ഏൽപ്പിക്കൂ. തീർച്ചയായും ഞാൻ ഒരു വിവരമുള്ള സൂക്ഷിപ്പുകാരനായിരിക്കും''. ഇതാണ് 'തംകീൻ'.

“താങ്കൾ എന്നെ ഭൂമിയിലെ ഖജനാവുകളുടെ അധികാരം ഏൽപ്പിക്കൂ” എന്ന ആഖ്യാനത്തിന് ചില വികല ചിന്തകൾ നൽകപ്പെടുന്നുണ്ട്. അവർ പറയുന്നത് ഇത് യൂസുഫ് നബിയുടെ അധികാര തൽപരതയാണ്. ചുരുക്കത്തിൽ, ജ്ഞാനത്തോടെ മനുഷ്യനെ സ്ഥിരപ്പെടുത്തലും, രാഷ്ട്രം എല്ലാമാണെന്ന ധാരണയും, താനിച്ഛിക്കും പ്രകാരം കാര്യങ്ങൾ നടത്തലും, അവനോട് പറയുന്നത് നീ തന്നെയാണ് പ്രതിബന്ധങ്ങളെ നിർമാർജ്ജനം ചെയ്യുന്നവൻ എന്നാണ്. കൂടാതെ നിന്റെ ജ്ഞാനവും പാണ്ഡിത്യവും താൻ പര്യാപ്തമാണെന്നവനെ ബോധ്യപ്പെടുത്തുന്നുണ്ട്.

‘തംകീൻ’ ഒരു ദൈവിക ഇടപെടലാണ്, ഭൂമി വാസയോഗ്യമാക്കുക, ത്യാഗം ചെയ്യുക, വൈജ്ഞാനിക പുരോഗതിയുണ്ടാക്കുക, രാഷ്ട്രം പണിയുക, അല്ലാഹുവിനെ ആരാധിക്കുക, ദന്ത ശുദ്ധീകരണം നടത്തുക, മുതലായ കാര്യങ്ങൾ ചെയ്യാൻ നാം ബാധ്യസ്ഥരാണ്. ഈ കാര്യങ്ങളിൽ നാം വിജയിച്ചാൽ അല്ലാഹു നമുക്ക് വിശാല പരിഗണന നൽകും. അതിനെ നമുക്കു ‘തംകീൻ’ എന്ന് പറയാം.

ഹൃദയത്തിൽ ഓരോരുത്തരോടും സ്നേഹം എന്നത് പോലെയാണ് സമൂഹത്തിൽ ഈ ‘തംകീൻ’ എന്നത്. നാം തന്നെയാണ് ഈ കാര്യങ്ങളിൽ വിഹരിക്കുന്നവരും.

‘തംകീൻ’ എന്നത് മനസ്സിലാക്കാനുള്ള ഒന്നാമത്തെ വഴി ആവർത്തിച്ചു വന്ന യൂസുഫ് നബിയുടെ ‘തംകീൻ’ നിന്റെ കാരണമായ ജ്ഞാന മാർഗം മനസ്സിലാക്കലാണ്. യഅ്ഖൂബ്(അ) പറഞ്ഞു: “അപ്രകാരം നിന്റെ രക്ഷിതാവ് നിന്നെ

തെരെഞ്ഞെടുക്കുകയും സ്വപ്ന വാർത്തകളുടെ വ്യാഖ്യാനത്തിൽ നിന്ന് നിനക്കവൻ പഠിപ്പിച്ചു തരികയും ചെയ്യുന്നു''. അപ്പോൾ സ്വപ്നങ്ങൾ പഠിപ്പിക്കൽ ജ്ഞാനത്തിന്റെ മാർഗമാണെന്ന് മനസ്സിലാകും.

വീണ്ടും അല്ലാഹു പറയുന്നു: ഈജിപ്തിൽ നിന്ന് അവനെ വിലക്കെടുത്ത ആൾ തന്റെ ഭാര്യയോട് പറഞ്ഞു: ''ഇവന് മാന്യമായ താമസ സൗകര്യം കൊടുക്കുക. നമുക്കവൻ പ്രയോജനപ്പെട്ടേക്കാം. അല്ലെങ്കിൽ നമുക്കവനെ മകനായി സ്വീകരിക്കാം'' എന്നതും, ''അപ്രകാരം നാം യൂസുഫിന് ആ ഭൂപ്രദേശത്ത് അദ്ദേഹത്തെ പഠിപ്പിക്കാൻ വേണ്ടി സൗകര്യമുണ്ടാക്കിക്കൊടുത്തു''. ഇവിടെ ജ്ഞാനത്തിന്റെ മാർഗം(മിഫ്താഹുൽ ഇൽമ്) രണ്ടാമതും വന്നു. ശേഷം അല്ലാഹു പറഞ്ഞു: ''അങ്ങനെ അദ്ദേഹം പൂർണ്ണ വളർച്ച എത്തിയപ്പോൾ അദ്ദേഹത്തിന് നാം യുക്തിബോധവും അറിവും നൽകി''. ഇവിടെ ജ്ഞാന മാർഗം മൂന്നാമതും പറഞ്ഞു.

ശേഷം പറഞ്ഞു. ''നിങ്ങൾക്ക് നൽകപ്പെടാറുള്ള ഭക്ഷണം നിങ്ങൾക്ക് വന്നെത്തുന്നതിന്റെ മുമ്പായി അതിന്റെ വ്യാഖ്യാനം ഞാൻ നിങ്ങൾക്ക് വിവരിച്ചു താരാതിരിക്കില്ല. എന്റെ രക്ഷിതാവ് എനിക്ക് പഠിപ്പിച്ചു തന്നതിൽ പെട്ടതത്രെ അത്''. ഇവിടെ ജ്ഞാനമാർഗം നലാം തവണയും ആവർത്തിച്ചു.

അതുകൊണ്ടാവാം യൂസുഫ് സൂറത്തിൽ ''നിന്റെ രക്ഷിതാവ് സർവ്വജ്ഞനും യുക്തിമാനുമാകുന്നു''വെന്ന വചനത്തിൽ യുക്തിയേക്കാൾ അറിവിനെ മുന്തിച്ചത്. യൂസുഫ് നബിയുടെ

‘തംകീൻ’ദൈവീക ജ്ഞാനത്തിൽ ഉണ്ടായതാണ്. എന്നാൽ മറ്റു രണ്ടു വചനങ്ങളിൽ ഇബ്രാഹീം നബിയുടെ കാര്യത്തിൽ താഴെ പറയുന്ന വചനങ്ങൾ അതിന് വിരുദ്ധമാണ്. “അദ്ദേഹത്തിന് ജ്ഞാനിയായ ഒരാൺ കുട്ടിയെപ്പറ്റി അവർ സന്തോഷ വാർത്ത അറിയിക്കുകയും ചെയ്തു”, “അവർ (ദൂതന്മാർ) പറഞ്ഞു: അപ്രകാരം നിന്റെ രക്ഷിതാവ് പറഞ്ഞു: തീർച്ചയായും അവൻ തന്നെയാകുന്നു യുക്തിമാനും ജ്ഞാനിയും ആയിട്ടുള്ളവൻ”. ഇവിടെ യുക്തിയെ അറിവിനേക്കാൾ മുന്തിച്ചു കാരണം വാർദ്ധക്യാവസ്ഥയിലും കുഞ്ഞു പിറക്കുക എന്നത് ദൈവത്തിന്റെ യുക്തിയിൽപെട്ടതാണ്.

പിന്നീട് ഈജിപിതുകാർ യൂസുഫ് നബിയുടെ ഈ അത്യാപൂർവ്വ കഴിവും ശേഷിയും മനസ്സിലാക്കി ഈ അറിവ് പഠിപ്പിച്ച്തരാനും രാജ്യത്തിന്റെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ അറിയിച്ചു തരാനും ആവശ്യപ്പെട്ടു.

ഏഴ് തടിച്ച പശുക്കളെ ഏഴ് മെലിഞ്ഞ പശുക്കൾ ഭക്ഷിക്കുന്നതായും, ഏഴ് പച്ചക്കതിരുകളും മറ്റുള്ളവ ഉണങ്ങിയതായും രാജാവ് സ്വപ്നം കണ്ടു. എന്നിട്ട് പറഞ്ഞു “ഏ.. ജനങ്ങളെ നിങ്ങൾ സ്വപ്ന വ്യാഖ്യാനം നൽകുന്നവരെങ്കിൽ എന്റെ ഈ സ്വപ്നത്തിന്റെ കാര്യത്തിൽ എനിക്ക് വിധി പറഞ്ഞു തരൂ” വരാനിരിക്കുന്ന ഈ സംഭവത്തിന്റെ വിശദീകരണം നമുക്ക് ആവശ്യമാണ്. അവരെ ആശ്വസിപ്പിക്കാൻ ആരും അവരിലില്ലായിരുന്നു. “അവർ പറഞ്ഞു; പലതരം പേക്കിനാവുകൾ! ഞങ്ങൾ അത്തരം പേക്കിനാവുകളെ പറ്റി അറിവുള്ളവരല്ല”. അങ്ങനെ അവർ അല്ലാഹു യൂസുഫ് നബിക്ക് നൽകിയ ഈ

ജ്ഞാനത്തെ ഖുർആൻ സ്ഥിരീകരിക്കുന്നത് നിരസിക്കുകയുണ്ടായി.

ഖുർആൻ പറയും പ്രകാരം ആ സമയം സാമൂഹികാടിത്തറയുടെ നഷ്ടം പ്രകടമായി. ‘‘ആ രണ്ട് പേരിൽ ജയിൽ സുഹൃത്തുകളിൽ നിന്ന് രക്ഷപ്പെട്ടവൻ ഒരു നീണ്ട കാലയളവിനു ശേഷം യൂസുഫിന്റെ കാര്യം ഓർമ്മിച്ചു കൊണ്ട് പറഞ്ഞു; അതിന്റെ വ്യാഖ്യാനത്തെപറ്റി ഞാൻ നിങ്ങൾക്ക് അറിയിച്ചുതരാം നിങ്ങൾ എന്നെ അതിനായി നിയോഗിച്ചോളൂ, ഏ.. യൂസുഫ് സത്യസന്ധനായ യൂസുഫ് തടിച്ചു കൊഴുത്ത ഏഴ് പശുക്കളെ ഏഴ് മെലിഞ്ഞ പശുക്കൾ തിന്നുന്ന കാര്യത്തിലും ഏഴ് കതിരുകളുടെ കാര്യത്തിലും താങ്കൾ ഞങ്ങൾക്ക് വിധി പറഞ്ഞു തരണം. ജനങ്ങൾ അറിയുവാനായി ആ വിവരവുമായി എനിക്ക് അവരുടെ അടുത്തേക്ക് മടങ്ങാമല്ലോ’’. ഈ സന്ദർഭത്തിൽ അറിവ് എന്ന പദം എത്ര തവണ ഉപയോഗിച്ചു എന്ന് നോക്കുക? അങ്ങനെ യൂസുഫ് നബി (അ) ഈ സാമ്പത്തിക പ്രതിസന്ധിക്ക് വ്യത്യസ്ത വിവരം പ്രകടിപ്പിക്കാനും മെച്ചപ്പെട്ട പരിഹാരം നിർദേശിക്കാനും ആരംഭിച്ചു. ‘‘അദ്ദേഹം പറഞ്ഞു: നിങ്ങൾ തുടർച്ചയായി ഏഴ് കൊല്ലം കൃഷി ചെയ്യുന്നതാണ്. എന്നിട്ട് നിങ്ങൾ കൊയ്തെടുത്തതിൽ ഭക്ഷിക്കുവാൻ അൽപം ഒഴിച്ച് ബാക്കി കതിരിൽ വിട്ടേക്കുക’’. അങ്ങനെ വിശാലമായ കാർഷിക പദ്ധതിയും സൂക്ഷിപ്പ് പദ്ധതിയും ചിലവഴിക്കേണ്ട തോതും അറിയൽ ആവശ്യമായി.

‘‘പിന്നീടതിനു ശേഷം പ്രയാസകരമായി ഏഴ് വർഷം വരും. ആ വർഷങ്ങൾ മുൻകൂട്ടി സൂക്ഷിച്ചത് തിന്നുന്നതാണ്, നിങ്ങൾ കാത്തുവെക്കുന്നതിൽ നിന്ന് അൽപം ഒഴികെ’’. അങ്ങനെ യൂസുഫ്

നബി, കാലങ്ങൾക്ക് ശേഷം അവശേഷിക്കുകയും പ്രതിസന്ധി തരണം ചെയ്യാവുന്നതുമായ വിധത്തിൽ ഗോതമ്പ് സംരക്ഷിക്കാവുന്ന മാർഗം അറിയിച്ചു കൊടുത്തു.

കൃഷി ചെയ്യാനുള്ള ഉപദേശം അവർക്ക് വലിയ ചർച്ചകൾക്ക് വഴിയൊരുക്കി. പൂർണ്ണാർത്ഥത്തിൽ ഖുർആൻ ആ സംഭവം വിശദീകരിക്കുകയോ അവരുടെ കൃഷി ഇനങ്ങളും വിളവെടുപ്പ് രീതിയുമൊന്നും പറയുകയും ചെയ്തില്ല. ഈജിപ്തുകാർ ഈ നേതാവിന്റെ അറിവും നിർദ്ദേശവും കേട്ട് അമ്പരന്നു. പ്രവാചക പ്രബോധനത്തിന്റെ പ്രകാശത്തിലുള്ള മാർഗനിർദേശം അവരെ അത്ഭുതപ്പെടുത്തി.

“പിന്നെ ഏഴ് വർഷം തുടർച്ചയായി കൃഷി ചെയ്യുക” എന്നതിൽ അവരിൽ വെറുപ്പ് പ്രകടമായി. കൂടാതെ “നിങ്ങൾ കൊയ്തെടുത്തത്” എന്നത് മറ്റൊരു പ്രവർത്തനവും, “ശേഷം നിങ്ങൾ കൊയ്തെടുത്തത് കതിരിൽ സൂക്ഷിക്കുക” ഇത് നിങ്ങൾക്ക് ഭക്ഷിക്കാൻ അൽപം ഒഴിച്ച് ബാക്കി സൂക്ഷിക്കാനുള്ള മറ്റൊരു ജ്ഞാനവുമാണ്.

“ശേഷം പ്രയാസകരമായ 7 വർഷം, ആവർഷങ്ങൾ അന്നേക്കായി സൂക്ഷിച്ചു വെച്ചതെല്ലാം തിന്നു തീർക്കുന്നതാണ് നിങ്ങൾ കാത്തു വെക്കുന്നതിൽ നിന്ന് അൽപം ഒഴികെ”. ഏഴ് വർഷം ചിലവഴിക്കേണ്ട രീതിയും സൂക്ഷിക്കേണ്ട രീതിയും ശാമുകാർക്കും സമീപ വാസികൾക്കും ലഭ്യമാകും വിധം ഒരു വലിയ വിഹിതം അവശേഷിക്കും പ്രകാരം ക്രയവിക്രയം ചെയ്യാനും നിർദ്ദേശിച്ചു.

ആർക്കുമറിയാത്ത വ്യക്തമായ അറിവായിരുന്നു ഇത്. തികച്ചും അപൂർവ്വമാണെന്ന് കരുതി ജനങ്ങൾ യൂസുഫ് നബിയെ ആശ്രയിച്ചു. പ്രശസ്തി വ്യാപിക്കുകയും ചെയ്തു. തത്വിഷയകമായി വിവരമുള്ള ഒരാളും അവരിലില്ല. ‘‘രാജാവ് പറഞ്ഞു നിങ്ങൾ യൂസുഫിനെ എന്റെ അടുക്കൽ കൊണ്ടു വരിക’’. അപ്പോൾ യൂസുഫ് നബി നിരസിച്ചു. ‘‘നിങ്ങൾ പോയിട്ട് ആ സ്ത്രീകളുടെ നിലപാട് അന്വേഷിക്കുക’’.

രാജാവ് നിർബന്ധിപ്പിച്ചു, രാജാവ് പറഞ്ഞു: നിങ്ങൾ യൂസുഫിനെ എന്റെ അടുത്ത് കൊണ്ടു വരിക ഞാൻ അവനെ എന്റെ പ്രത്യകക്കാരനായി സ്വീകരിക്കുന്നതാണ്. യൂസുഫ് നബി ഒരിക്കലും നേതൃത്വം ആവശ്യപ്പെട്ടിട്ടില്ല. അദ്ദേഹത്തെ അല്ലാഹു അവരോധിച്ചത് അദ്ദേഹത്തിന്റെ അർഹത കൊണ്ട് തന്നെയാണ്.

രാജാവ് യൂസുഫ് നബിയോട് സംസാരിച്ചപ്പോൾ അദ്ദേഹത്തിന്റെ അഗാധജ്ഞാനം രാജാവിനെ അത്ഭുതപ്പെടുത്തുകയുണ്ടായി. യൂസുഫ് നബി(അ) ഭാവിയെക്കുറിച്ച് അറിയിക്കുന്നവരായിരുന്നില്ല. പക്ഷെ ദീർഘദൃഷ്ടി കൊണ്ടും തന്ത്രപരമായ നിരീക്ഷണം കൊണ്ടും അവയെക്കുറിച്ച് അറിയുമായിരുന്നു. നൂറോളം നൂറ്റാണ്ടിലേക്കും അതിലെ സംഭവ വികാസങ്ങളിലേക്കും എത്തിനോക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു.

അപ്പോൾ നീ ചോദിച്ചേക്കാം. നാം നിലകൊള്ളുന്നത് ഒരു ആത്മാർത്ഥ-നിഷ്കളങ്ക പ്രവാചകത്വ കഴിവിന്റെ മുമ്പിലാണോ? അതോ പഠന മനന നിരീക്ഷണങ്ങൾ കൊണ്ട് നേടിയെടുത്ത സിദ്ധിക്ക് മുമ്പിലാണോ? അതിനുള്ള മറുപടി നാം സംസാരിക്കുന്നത് മഹാനായ യൂസുഫ് നബിയെ കുറിച്ചാണ് നാല്

തലമുറകൾക്കപ്പുറം പ്രവാചകത്വത്തിന്റെ വെള്ളിവെളിച്ചം നിറഞ്ഞുനിന്ന ഒരു തറവാട്ടിൽ വളർന്നവരാണവർ. മഹാനായ ഇബ്രാഹീം നബി(അ)ന്റെ മകനായ ഇസ്ഹാഖ് നബി(അ)ന്റെ മകനായ യഅ്കൂബ് നബിയുടെ മകനായ ശ്രേഷ്ഠ പ്രവാചകരാണവർ.പ്രവാചകർ നബി തിരുമേനി അവരെ കുറിച്ചു പറഞ്ഞത് മാന്യന്റെ മകനായ മാന്യന്റെ മകനായ മാന്യന്റെ മകനായ മാന്യന്റെ മകനാണ് എന്നാണ്.

വിജ്ഞാനം കൊണ്ടും നേതൃത്വം കൊണ്ടും പ്രസിദ്ധിയാർജിച്ച ഒരു കുടുംബാന്തരീക്ഷത്തിലാണ് യൂസുഫ് നബി(അ) ജനിച്ചു വളർന്നത്. ചെറുപ്പത്തിൽ തന്നെ അനുഭവസ്ഥനാവാനും കഴിവുകൾ നുണയാനും ഇത് അവസരം നൽകി. ഇനി പ്രവാചകത്വത്തിന്റെ മടിത്തട്ടിൽ വളരാൻ കഴിഞ്ഞില്ലെങ്കിൽ അദ്ദേഹം ഒരു നേതാവും മഹാനും ആയിത്തീകുമായരുന്നു.

ആ കാലഘട്ടത്തിന്റെ പതിവനുസരിച്ച് രാജാവാകാനും നേതാവാകാനും ഉള്ള യോഗ്യത അദ്ദേഹത്തിനുണ്ട്. ഫിർഔനിന്റെ കുടുംബത്തിൽ തലമുറകളായി രാജ്യം ഭരിക്കുന്നവരെ നിനക്ക് കാണാം. ചരിത്രത്തിൽ പ്രസിദ്ധനായ ഭരണാധികാരി തൂത് അനഖ് ആമൂൻ ഭരണാധിപനായി മരണമടയുമ്പോൾ വെറും ഇരുപത് വയസ്സ് മാത്രമാണുണ്ടായിരുന്നത്. അദ്ദേഹം ഭരണത്തിലേറിയത് ജനനവും വർച്ചയും നേതൃത്വത്തന്റെയും, അധികാരത്തിന്റെയും സോപാനങ്ങളിലേറിയതു കൊണ്ടാണ്.

ചെറുപ്പത്തിൽ തന്നെ ഈ ഗുണങ്ങളൊക്കെ സംഘടിച്ചതും ശാമും അതിലെ ജനങ്ങളും ഒന്നടങ്കം നിയമവും വിധിയും അന്വേഷിക്കുന്ന പ്രവാചക പരമ്പരയിലെ വിജ്ഞാനങ്ങൾ നിറഞ്ഞു നിൽക്കുന്നതുമായ ഒരാളെ കുറിച്ച് എന്താണ് നിനക്ക്

പറയാനുള്ളത്? പിന്നെ അല്ലാഹു അവർക്ക് പ്രവാചകത്വത്തിന്റെ ദിവ്യപ്രകാശം നൽകി ആദരിച്ച് അതിന്റെ മാറ്റ് കൂട്ടുകയാണുണ്ടായത്. അത് കൊണ്ടു തന്നെ വിജ്ഞാന നൂറ്റാണ്ടുകളുടെ പരാജയവും തന്റെ പിതാക്കന്മാരുടെ പാരമ്പര്യ നേതൃത്വപാടവും അല്ലാഹുവിന്റെ പ്രവർത്തികളുടെ തിരിച്ചറിവും അദ്ദേഹത്തിൽ വളർന്നു വരികയുണ്ടായി.

ഈജിപ്ത് ഒന്നടങ്കം അഭയം പ്രാപിച്ച വിജ്ഞാനവും, വിവേകവും തിരിച്ചറിവും അനുഭവ സമ്പത്തും നിറഞ്ഞു നിന്ന ഒരു യൂസുഫിയൻ മാതൃകയാണിത്. പ്രസിദ്ധമായ അടിസ്ഥാന നിയമത്തെയാണ് അത് നമ്മെ ഓർമ്മിപ്പിക്കുന്നത്. (പ്രത്യേകമായ തെളിവില്ലാത്ത അവസരത്തിൽ പ്രവാകന്മാരുടെ പ്രവർത്തനങ്ങൾക്കുള്ള അടിസ്ഥാനം പൊതുവായതാണ്). പ്രത്യേകമായ തെളിവുകളുള്ള പ്രവാചകത്വത്തിന്റെ ചില കാര്യങ്ങളും, രാജാക്കന്മാരിലേക്കുള്ള കത്തിടപാടുകളുടേയും മറ്റു ഉദ്യോഗങ്ങളുടേയും പ്രവാചക പ്രവർത്തനങ്ങളുടെ ശേഷിപ്പും ഇവിടെയുണ്ട്. ഇത് പറഞ്ഞത് ഒരു അധ്യാപനവും ശൈലിയുമാവാൻ വേണ്ടിയാണ്. പക്ഷെ നാം അവ ചെയ്യുന്നത് നമ്മുടെ പരിചയവും, പ്രവർത്തനവും, തീവ്രപരിശീലനവും കൊണ്ടാണ്. പ്രവാചകന്മാർ പ്രവർത്തിക്കുന്നത് ദിവ്യബോധനം കൊണ്ടുമാണ്.

അത് കൊണ്ട് പ്രസംഗം, വിധി നൽകൽ, ഭരണം, ധന സമ്പാദനം, സ്വത്ത് കൈകാര്യം, നിർമ്മാണ, കത്തെഴുത്ത് പോലെയുള്ള പ്രവർത്തനങ്ങൾ എല്ലാം നബി ചരിത്രത്തിലെ നയതന്ത്രങ്ങളായി രൂപപ്പെടുന്നു. അതിന്റെ അടിസ്ഥാനം പിന്തുടരപ്പെടുന്ന ഒരു മാതൃകയാക്കുക എന്നതാണ്. അതിനെ നാം ഒരുമിച്ചു കൂട്ടി ക്രോഡീകരിച്ചു എന്നു മാത്രം. ഇതാണ്

അല്ലാഹുവിന്റെ എല്ലാ പ്രവാചകന്മാരിലുമുള്ള നിയമം. അത് പോലെ തന്നെയാണ് യൂസുഫ് നബി(അ).

യൂസുഫ് നബിയുടെ സ്പഷ്ടമായ അനുഭവ സമ്പത്ത് അല്ലെങ്കിൽ നൈപുണ്യം കൃഷിയും അതിലെ നടപടിക്രമങ്ങളും നിർദ്ദേശങ്ങളുമാണ്. ഇതാണ് തന്റെ രാജ്യം കടുത്ത ക്ഷാമത്തിലേക്ക് പോയപ്പോൾ അതിനെ മിറകടക്കാൻ സഹായിച്ചത്. ഈ ഒരു കഴിവിന്റെ ഉത്ഭവം ഏതാണ്? അത് പ്രവാചകത്വവും അനുഭവസമ്പത്തും ഒരുമിച്ചുകൂടിയതും നമുക്കൊരു മാതൃകയായി വെച്ചതുമാണ്.

അത് കൊണ്ട് പ്രവാചകന്മാരുടെ എല്ലാ പ്രവർത്തനത്തിലുമുള്ള അടിസ്ഥാനം പൊതുവായതാണ്. ഇത് പരിശീലിക്കപ്പെടാനുള്ളതുമാണ്. അത് പോലെ അപൂർവ്വമായ പ്രവർത്തനങ്ങൾ അവരുടെ പ്രത്യേകതയുമാണ്. അത് കൊണ്ടാണ് അല്ലാഹു യൂസുഫ് നബിയുടെ ജീവിതത്തിൽ നിന്ന് ചില മിന്നലാട്ടങ്ങളും ചില സംഭവങ്ങളും മാത്രം ബാക്കി വെച്ചു തന്നത്. യൂസുഫ് നബി 76 വർഷം ജീവിച്ചിട്ടുണ്ട്. പക്ഷെ കുറച്ചു മാത്രമേ അല്ലാഹു കാണിച്ചു തന്നിട്ടുള്ളൂ. മറ്റുള്ളവ മാനവരാശിയിൽ നിന്ന് മറച്ചു പിടിക്കുകയാണ് ചെയ്തത്. ഇതിലുള്ള നിഗൂഢതകൾ നമുക്ക് തന്നെ പഠന രീതിയായി മാറുകയും ചെയ്തു. യൂസുഫ് നബിക്ക് നുബുവ്വത്ത് കൊണ്ടും അനുഭവസമ്പത്ത് കൊണ്ടും ലഭിച്ചത് നമുക്കും ലഭിക്കാൻ നാം അന്വേഷിക്കുകയാണ്. നമ്മുടെ ചിന്ത കൊണ്ടും, പഠന–മനന ചിന്ത കൊണ്ടും നമുക്ക് അതിലേക്ക് എത്തിപ്പെടാൻ സാധിക്കും. നബി തങ്ങൾ പറഞ്ഞത് പോലെ. നിങ്ങൾ എന്റെ ആരാധനാ കർമ്മങ്ങളെ ഏറ്റെടുക്കൂ. അഥവാ ഞാൻ ഹജ്ജിൽ ധാരാളം ആരാധനകൾ ചെയ്യുന്നു ഇവ നിങ്ങൾ നിരീക്ഷിക്കാനും പകർത്താനും പരിശീലിക്കാനും വേണ്ടിയാണ്.

അത് പോലെ യൂസുഫ് നബിയും പറയുന്നു. എന്നിൽ നിന്ന് എല്ലാ അനുഭവങ്ങളും സ്വീകരിക്കുക. അതാണ് എന്നെ ഒരു സ്വീകാര്യനായ വ്യക്തിയാക്കിയത്. അത് കൊണ്ട് നിങ്ങളുടെ കാലത്തിനും സമൂഹത്തിനും വിജ്ഞാന മാനദണ്ഡങ്ങൾക്കും സാഹചര്യങ്ങൾക്കും അനുസരിച്ച് അത് നടപ്പിലാക്കാൻ ശ്രമിക്കും. അപ്പോഴാണ് യൂസുഫ് നബിയുടെ കാലത്തെ ഉത്തരവാദിത്വങ്ങളും ബാധ്യതകളും അദ്ദേഹം നിറവേറ്റിയതു പോലെ നമുക്കും നമ്മുടെ ബാധ്യതകൾ നിറവേറ്റാൻ സാധിക്കൂക. ഇതുവഴിയാണ് നിങ്ങൾക്കിടയിൽ 'തംകീൻ' എന്ന പേരിന്റെ സ്വാധീനം ഉയർന്നു വരുന്നത്.

ഒരാൾ യൂസുഫ് നബിയുടെ അടുക്കലേക്ക് രാജാവിന്റെ സ്വപ്ന വ്യാഖ്യാനം അന്വേഷിച്ച് ചെന്നു. അദ്ദേഹം അവർക്ക് അതിന്റെ വ്യാഖ്യാനവും പ്രതിസന്ധികളും പരിഹാരവും പറഞ്ഞു കൊടുത്തു. ഇത് നടപ്പിലാക്കാൻ യൂസുഫ് നബി മാത്രം മുന്നോട്ട് വരികയല്ല ചെയ്തത്. മറിച്ച് സമൂഹത്തിന്റെ കൂടെ പ്രവർത്തിച്ചപ്പോൾ വിജയം വരിക്കുകയും ചെയ്തു. യൂസുഫ് നബിയുടെ അവരോധം വെറും വിജ്ഞാനത്തിൽ മാത്രം ചുരുങ്ങിയതല്ല. പൈതൃകമായ ഈജിപ്ത് നാഗരികതയുമായി ബന്ധപ്പെട്ട സകല വിജ്ഞാന മേഖലയിലും നീണ്ടു കിടന്നിരുന്നു. അതിനുള്ള തെളിവ് അദ്ദേഹത്തിന്റെ നിയമ പരിചയമാണ്.

അല്ലാഹു പറയുന്നു: "അവർക്കുള്ള സാധനങ്ങൾ ഒരുക്കിക്കൊടുത്തപ്പോൾ യൂസുഫ് നബി പാനപാത്രം തന്റെ സഹോദരന്റെ ഭാണ്ഡത്തിൽ വെച്ചു. പിന്നെ ഒരാൾ വിളിച്ചു പറഞ്ഞു, ഓ.. സംഘമേ നിങ്ങൾ മോഷ്ടാക്കൾ തന്നെയാണ്. അവരുടെ നേരെ തിരിഞ്ഞ് കൊണ്ട് യാത്രാ സംഘം ചോദിച്ചു, എന്താണ് നിങ്ങൾക്ക് നഷ്ടപ്പെട്ടിട്ടുള്ളത്. അവർ പറഞ്ഞു:

രാജാവിന്റെ പാനപാത്രം നഷ്ടപ്പെട്ടിരിക്കുന്നു. അത് തിരികെ നൽകുന്നവന് ഒരു ഒട്ടകത്തിന് വഹിക്കാവുന്ന ധാന്യം നൽകുന്നതാണ്. ഞാൻ അത് ഏറ്റിരിക്കുന്നു''. അപ്പോൾ യൂസുഫ(അ)ന്റെ സഹോദരങ്ങൾ മറുപടി പറഞ്ഞു: ''അല്ലാഹുവാണ, ഞങ്ങൾ നാട്ടിൽ കുഴപ്പമുണ്ടാക്കാൻ വന്നതല്ലെന്ന് നിങ്ങൾക്കറിയാമല്ലോ? ഞങ്ങൾ മോഷ്ടാക്കളൊന്നുമായിരുന്നില്ല. അപ്പോൾ അവർ ചോദിച്ചു: നിങ്ങൾ കള്ളം പറയുകയാണെങ്കിൽ അതിന് എന്ത് ശിക്ഷയാണ് നൽകേണ്ടത്''.ഈ തെറ്റിദ്ധാരണ സാഹചര്യത്തെളിവുകളാലോ, ശരിയായ രീതിയിലോ നിങ്ങളിൽ ആരുടെ മേലെങ്കിലും വന്ന് അനുഭവിച്ചാൽ നിങ്ങൾ രണ്ട് വിഹിതം നൽകണം . ഈ വിധിയെ നിങ്ങൾ തൃപ്തിപ്പെടുന്നുവോ , അവർ പൂർണ്ണ ഉറപ്പോടെ മറുപടി നൽകി. ഞങ്ങളുടെ ആരുടെയെങ്കിലും പക്ഷത്ത് നിന്ന് അവ കണ്ട് കിട്ടുകയാണെങ്കിൽ അവനെ ബന്ധിയാക്കാം. അവർ പറഞ്ഞു: ''അതിനുള്ള ശിക്ഷ ഇപ്രകാരമത്രെ, ഏതൊരുവന്റെ യാത്രാ ഭാണ്ഡത്തിലാണോ അത് കാണപ്പെടുന്നത് അവനെ പിടിച്ച് വെക്കുകയാണ് അതിനുള്ള ശിക്ഷ. അപ്രകാരമാണ് ഞങ്ങൾ അക്രമികൾക്ക് ശിക്ഷ നൽകുന്നത്.''

എന്നിട്ടും അദ്ദേഹം തന്റെ സഹോദരന്റെ ഭാണ്ഡത്തേക്കാൾ മുമ്പായി അവരുടെ ഭാണ്ഡങ്ങൾ പരിശോധിക്കാൻ തുടങ്ങി. പിന്നീട് തന്റെ സഹോദരന്റെ ഭാണ്ഡത്തിൽ നിന്ന് അത് പുറത്തെടുത്തു. അല്ലാഹു പറയുന്നു: ''അപ്രകാരം നാം യുസുഫിനു വേണ്ടി തന്ത്രം ഉപയോഗിച്ചു. മിസ്റിലെ വീടുകളിലെ സാമ്പത്തിക ഭരണ നിർവ്വഹണം ഏറ്റെടുക്കാൻ തന്റെ സഹോദരന്റെ പരിചയം യുസുഫ്(അ)ന് അത്യാവശ്യമായിത്തീന്നു.

അങ്ങനെ ഭരണം ഏറ്റെടുത്തപ്പോൾ വ്യവസ്ഥാപിതമായ രീതയിൽ കാര്യങ്ങൾ നിർവ്വഹിച്ചു.

എന്നാൽ കാര്യങ്ങൾ വളരെ പെട്ടെന്നായിരുന്നു. അതിനെല്ലാം കഴിവുള്ളവൻ തന്റെ സഹോദരനാണെന്ന് യൂസുഫ്(അ)ന് അറിയാമായിരുന്നു. അങ്ങനെ ആ യാത്രാസംഘത്തെയും പ്രതീക്ഷിച്ച് അവർ വരുന്നത് വരെ കാത്തിരുന്നു. തുടർന്ന് മിസ്റിൽ പതിവില്ലാത്ത നിയമം നടപ്പിൽ വരുത്താൻ തീരുമാനിച്ചു.

അല്ലാഹു പറയുന്നു: ‘‘അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിലല്ലാതെ രാജാവിന്റെ നിയമമനുസരിച്ച് അദ്ദേഹത്തിന് തന്റെ സഹോദരനെ പിടിച്ച് വെക്കാൻ പറ്റുമായിരുന്നില്ല’’. കാരണം ഈ നിയമം മുമ്പൊരിക്കലും മിസ്റികളുടെ നിയമങ്ങളിലോ അടിസ്ഥാന അനുഷ്ഠാനങ്ങളിലോ ഉണ്ടായിരുന്നില്ല. നാടിന്റെ സുരക്ഷാ സംവിധാനത്തെ മുന്നോട്ട് നയിക്കാൻ തന്റെ സഹോദരനാണ് കൂടുതൽ ഉചിതം എന്ന് മനസ്സിലാക്കിയ യൂസുഫ് നബിക്ക് കൂടുതൽ ചിന്തിക്കേണ്ടി വന്നില്ല.കാരണം അവിടുത്തെ സാമ്പത്തിക ഉപദേഷ്ടാവ് അദ്ദേഹമാണ്.

എങ്ങനെയാണ് തന്റെ സഹോദരനെ ഇവിടെ പിടിച്ചുനിർത്തുക എന്ന ചിന്തയിൽ നിൽക്കരുമ്പോഴാണ് അവരുടെ ഉപ്പയായ ഇസ്ഹാഖ്(അ)ഉം വല്യുപ്പയായ ഇബ്രാഹീം(അ)ന്റെയും അനുഷ്ഠാനങ്ങളെ അടിസ്ഥാനമാക്കി താനുദ്ദേശിച്ച രീതിയിൽ വിധി പുറപ്പെടുവിക്കാൻ ഉദ്ദേശിച്ചു. അദ്ദേഹം ഉദ്ദേശിച്ചപോലെത്തന്നെ കാര്യങ്ങൾ നീങ്ങിക്കൊണ്ടിരുന്നു. അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിലല്ലാതെ രാജാവിന്റെ നിയമമനുസരിച്ച്

അദ്ദേഹത്തിന് തന്റെ സഹോദരനെ പിടിച്ച് വെക്കാൻ പറ്റുമായിരുന്നില്ല.

അദ്ദേഹത്തിലുണ്ടായിരുന്ന വിജ്ഞാനത്തിന്റെ ഒഴുക്കായിരുന്നു ഇതിനെല്ലാം ആധാരം. രാജ്യത്തിന്റെ നടത്തിപ്പിലും അനുഷ്ഠാന നിയമങ്ങിലും വിളവെടുപ്പിലുകളിലും നിർദ്ദേശവും റിപ്പോർട്ടുകളും നൽകിക്കൊണ്ടിരുന്നു. ജനങ്ങൾ അദ്ദേഹത്തെ രാജാവാകാനും കാര്യനിർദ്ദേശകനാകാനും പലപ്രാവശ്യങ്ങളിൽ ആവശ്യപ്പെട്ടെങ്കിലും അദ്ദേഹം അതിനെയെല്ലാം തിരസ്ക്കരിക്കുകയായിരുന്നു.

ചുരുക്കത്തിൽ, യൂസുഫ്(അ)ഒരിക്കലും ഭരണം ആഗ്രഹിച്ചിട്ടില്ല. അതിനു വേണ്ടി ഒരു വാതിലും മുട്ടിയിട്ടുമില്ല. ‘‘താങ്കൾ എന്നെ ഭൂമിയിലെ ഖജനാവിന്റെ അധികാരമേൽപ്പിക്കൂ’’ എന്നതിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ പല തവണ യൂസുഫ് നബിക്കെതിരിൽ മുന്നിട്ടിറങ്ങിയെങ്കിലും അതെല്ലാം വകഞ്ഞ് മാറ്റിക്കൊണ്ട് യൂസുഫ് നബി(അ) മുന്നോട്ട് നീങ്ങി. ശേഷം യൂസുഫ് നബി(അ)ന്റെ അടുത്തേക്ക് രാജാവ് ദൂതനെ അയച്ചെങ്കിലും യൂസുഫ് നബി വിസമ്മദിക്കുകയായിരുന്നു. വീണ്ടും അയച്ചപ്പോൾ എനിക്ക് ഖജനാവിന്റെ ക്രയവിക്രയം മാത്രം മതി എന്ന് യൂസുഫ് നബി(അ) പറഞ്ഞു. ഒരു പ്രവാചകനായത്കൊണ്ട് ദീനല്ലാത്ത കാര്യങ്ങൾ നിരസിക്കുകയും രാഷ്ട്രത്തിന്റെ സാമ്പത്തിക കാര്യം നിർബന്ധം കൊണ്ട് സ്വീകരിക്കുകയുമായിരുന്നു.

ഈ വിശദീകരണത്തിന് ശേഷം ‘‘താങ്കൾ എന്നെ ഭൂമിയിലെ ഖജനാവിന്റെ അധികാരമേൽപ്പിക്കൂ’’ എന്ന ആയത്തിന് യൂസുഫ്

നബി അധികാരം ആവശ്യപ്പെട്ടു എന്ന് പറയുന്നത് അപമര്യാദയാണ്.

'തംകീൻ' നിന് ദുൽഖർനൈനിയുടെ ഒരു ഉദാഹരണമുണ്ടിവിടെ. അല്ലാഹു പറഞ്ഞു: "അവർ നിന്നോട് ദുൽഖർനൈനിയെക്കുറിച്ച് ചോദിക്കുന്നു, നീ പറയുക, അദ്ദേഹത്തെപ്പറ്റിയുള്ള വിവരം നാം നിങ്ങൾക്ക് ഓതിക്കേൾപ്പിച്ച് തരാം. തീർച്ചയായും നാം അദ്ദേഹത്തിന് ഭൂമിയിൽ സ്വാധീനം നൽകും" ഈ ഖുർആനിക വാക്യം 'തംകീൻ' നിന് അടിസ്ഥാനമാണോ? അല്ലാഹു പറഞ്ഞു: "എല്ലാ കാര്യത്തിനുള്ള മാർഗ്ഗങ്ങൾ നാം അദ്ദേഹത്തിന് സൗകര്യമൊരുക്കിക്കൊടുക്കുകയും ചെയ്യും". അദ്ദേഹം ഒരിക്കലും ഉടമസ്ഥാവകാശം ചോദിച്ചിട്ടില്ല. എന്നാൽ അല്ലാഹു ഉറവിടങ്ങളാലും ഉൽപ്പത്തികളാലും തുടങ്ങി എല്ലാ രീതിയിലും സഹായഹസ്തം ചൊരിഞ്ഞ് കൊടുത്തു. അങ്ങനെ അദ്ദേഹം കിഴക്ക് പടിഞ്ഞാറ് സൈനികസജ്ജീകരണങ്ങളോട് കൂടി സഞ്ചരിച്ചു. ഈ യാത്ര എന്നത് അർഥമാക്കുന്നത് ആകാശ ഭൂമിയൊന്നടങ്കം സഞ്ചരിച്ചു എന്നാണ്. പ്രത്യേകിച്ചും ഖുർആൻ പണ്ഡിതന്മാർ അന്വേഷിക്കുന്ന "രണ്ട് അണക്കെട്ടുകൾക്കിടയിലെ ആ സ്ഥല"ത്തേക്ക് യാത്രയും നടത്തി.

കഴിഞ്ഞ കാലത്ത് സംഭവിച്ച മാനുഷികപ്രക്രിയകളാണ് ഖുർആൻ ചരിത്രമായി നമ്മോട് സംസാരിക്കുന്നതത്. സംശയഭേദമന്യേ ലോകത്ത് ഇന്നും ഖുർആൻ സംവദിച്ച്കൊണ്ടിരിക്കുന്നില്ലേ? എവിടെയാണ് ഈ അണക്കെട്ടിന്റെ ഉറവിടം എന്ന് കണ്ടെത്താൻ വേണ്ടി ഹാറൂൻ റഷീദ് സലാമുത്തർജുമാൻ എന്നയാളുടെ സഹായത്താൽ,

ദുൽഖർനൈനി ഭൂമിയുടെ വടക്ക് ഭാഗത്ത് നിർമ്മിച്ച അണക്കെട്ടിന്റെ ശേഷിപ്പ് കണ്ടെത്താൻ പല യാത്രകളും നടത്തുകയുണ്ടായി.

പരിശുദ്ധ ഗ്രന്ഥങ്ങളിലെ സ്ഥലങ്ങളെ അന്വേഷിക്കുന്ന വിജ്ഞാനത്തെയാണ് പാശ്ചാത്യർ ആർക്കിയോളജി എന്ന് വിളിച്ചത്. വിശുദ്ധ ഗ്രന്ഥ ഖനന വിജ്ഞാനം എന്നും ഇത് അറിയപ്പെടുന്നു. വിശദമായി പറഞ്ഞാൽ തൗറാത്തിൽ ഒരുസ്ഥലമോ, വല്ല ശേഷിപ്പിനെക്കുറിച്ചോ സൂചിപ്പിച്ചാൽ അവിടം ചെന്ന് അന്വേഷിക്കാൻ വേണ്ട നടപടികൾ പൂർത്തീകരിക്കുകയും ഖനനം നടത്തുകയും ചെയ്യും.വല്ല തെളിവും ലഭിച്ചാൽ അവ അവലംബമാക്കുകയും ചെയ്യും. നൂഹ് നബി(അ)ന്റെ കപ്പലിനെക്കുറിച്ച് ഖുർആൻ സൂചിപ്പിച്ചിട്ടുണ്ട്, ‘‘ദൃഷ്ടാന്തമാകും വിധം നാം അതിനെ ബാക്കിയാക്കി’’. അഥവാ പിൻതലമുറക്കാർ കണ്ടത്താവുന്ന തരത്തിൽ അതിനെ നാം ബാക്കിയാക്കും എന്നർത്ഥം. അല്ലാഹു പറയുന്നു: ‘‘രാപകലുകളിൽ നിങ്ങൾ അവർക്കിടയിൽ സഞ്ചരിക്കുന്നതാണ്’’. ലൂഥ് നബിയുടെ സമൂഹത്തിന്റെ ഗ്രാമത്തെയാണ് ഇവിടെ വിശേഷിപ്പിക്കുന്നത്. നിങ്ങൾ അതിന്റെ ശേഷിപ്പിന് മീതെ പ്രഭാതത്തിലും പ്രദോശത്തിലും സഞ്ചരിക്കുന്നവരാണ്.

ദുൽഖർനൈനിയെ കുറിച്ചും അവരുടെ അവരോധത്തെക്കുറിച്ചും ഇസ്ലാമിക പണ്ഡിതന്മാർ ചോദിക്കുന്നു. ഇവിടെ ചരിത്ര പ്രസിദ്ധമായ ഒരു യാത്രയുണ്ട്. സലാം തർജുമാന്റെ കൽപ്പനപ്രകാരം ഫൗഖാസ് എന്ന പ്രദേശത്തേക്ക് വിശ്വസ്ഥനായ ഒരു പ്രതിനിധിയുടെ യാത്ര, സൈബീരിയയുടെ ഭാഗത്തായി തെക്കേ ഏഷ്യയുടെ അങ്ങേയറ്റത്ത് സ്ഥിതിചെയ്യുന്ന തണുത്ത പ്രദേശമാണിത്. ദുൽഖർനൈനിയുടെ അണക്കെട്ടിനെ

കുറിച്ച് രേഖപ്പെടുത്തൽ അനിവാര്യമായ ഭൂ സ്ഥലങ്ങൾ കാണാൻ വേണ്ടി നടത്തിയ ഈ യാത്രയെ ശരീഫുൽ ഇദ്‌രീസീ തന്റെ നുസ്ഹത്തുൽ മുശ്താഖ് ഫീ ഇഖ്തിറാഖിൽ ആഫാഖ് എന്ന ഗ്രന്ഥത്തിലും അദ്ദേഹത്തിന് മുമ്പ് ഇബ്നു ഫള്‌ലുല്ലാഹി അൽ അംരി തന്റെ അൽ മസാലിക് വൽ മമാലിക് എന്ന ഗ്രന്ഥത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്.

ഭൂമിശാസ്ത്രത്തിൽ അഗ്രഗണ്യനായ ചില ഓറിയന്റലിസ്ററുകൾ ഈ ചരിത്രം പഠിക്കുകയും ഈ സ്ഥലങ്ങളെ കുറിച്ച് വർണ്ണിക്കുകയും ചെയത്പ്പോൾ ഈ യാത്ര സത്യമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. റഷ്യൻ ഓറിയന്റലിസ്റ്റായ ക്രാറ്റ്സ് ഫോത്ത്സ്കി ഇത് പ്രാധാന്യം അർഹിക്കുന്നതായി പറഞ്ഞിട്ടുണ്ട്. മുൻ സംസ്കാരിക മന്ത്രിയായ അബ്ദുൽ കലാം ആസാദ് ഖുർആനിക ചരിത്ര പഠനത്തിൽ തൽപരനായിരുന്നു. അതോടപ്പം ഖുർആനിൽ പരാമർശിച്ച ചാവുകടൽ, ജോർദ്ദാൻ, ഫലസ്തീൻ എന്നിവ പഠനവിധേയമാക്കിയിട്ടുണ്ട്.

ഈ വിഷയത്തിൽ അവഗാഹമുള്ള പണ്ഡിന്മാരിൽപെട്ടയാളാണ് അല്ലാമ അബ്ദുൽ കലാം. ദുൽഖർനൈനിയുടെ അണക്കെട്ടിന്റെ സ്ഥാനത്തെക്കുറിച്ച് അദ്ദേഹം പഠനം നടത്തി. എഴുപതുകളിൽ ഈജിപ്ത് ഔഖാഫ് മന്ത്രിയായിരുന്ന ഡോ. അബ്ദുൽ മുൻഇമിന്റെതടക്കമുള്ള നിരവധി പ്രബന്ധങ്ങൾ തദ്‌വിഷയത്തിൽ വന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ അബ്ദുൽ കലാം ആസാദിനെ കുറിച്ചുള്ള പരിപൂർണ്ണ ഗ്രന്ഥത്തിൽ ദുൽഖർനൈനിയെ കുറിച്ചും അണക്കെട്ടിനെക്കുറിച്ചും പ്രതിപാധിച്ചിട്ടുണ്ട്.

എന്നാൽ മേൽപറഞ്ഞ ഗവേഷകരിൽ നിന്നും വ്യത്യസ്ത അഭിപ്രായക്കാരനാണ് സൗദി ശൂറാ അംഗമായ ഹംദി ഹംസ

അബൂ സൈദ്. ഫക്കു അസ്റാറി ദിൽ ഖർനൈൻ യഅ്ജൂജ് മഅ്ജൂജ്, എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ ചൈനീസ് പ്രമാണങ്ങളിലേക്ക് ഇറങ്ങിച്ചെന്നുള്ള പഠനമാണ് മുന്നോട്ട് വെക്കുന്നത്. ദുൽഖർനൈൻ ഫറോവ മതത്തിൽപെട്ട അഖ്താനൂൻ എന്ന ആളാണെന്ന് അദ്ദേഹം വാദിക്കുന്നു. എന്നാൽ ഈ ഗ്രന്ഥത്തിന് നിരവധി ആക്ഷേപങ്ങളുണ്ട്. ഈ വാദം കൃത്യമല്ല എന്നും അഖ്താനൂന്റെ കിഴക്ക് പടിഞ്ഞാറ് യാത്രയെക്കുറിച്ച് ചരിത്രത്തിലോ പ്രമാണങ്ങളിലോ പ്രതിപാദിച്ചിട്ടില്ലെന്നും ചില പണ്ഡിതർ പറഞ്ഞിരിക്കെ ഈ ഗ്രന്ഥം തദ്വിഷയത്തിലെ ഒരു പുതിയ കാൽവെപ്പാണ്

ഈ വിഷയത്തിൽ എനിക്കുതോന്നിയത് ഖുർആൻ പറയും പ്രകാരം ''നാം അദ്ദേഹത്തിന് ഭൂമിയിൽ അവരോധം നൽകുകയും എല്ലാത്തിനുമുള്ള വഴികളെ നൽകുകയും ചെയ്തു'', എന്ന വചനമാണമാണ് യാഥാർത്ഥ്യം.

ദുൽഖർനൈനിയുടെ മുഴുവൻ പ്രവർത്തനങ്ങൾക്കുള്ള അങ്ങേയറ്റത്തെ വിശേഷണമായിട്ടാണ് അല്ലാഹുവും ഈ അവരോധത്തെ പരിഗണിച്ചത്. ഏതെങ്കിലും ഒരു പ്രവർത്തനത്തെയല്ല. മറിച്ച് ഒരു മനുഷ്യന്റെ ചരിത്രപരവും ഭരണപരവുമായ പ്രവർത്തനങ്ങളെയുമാണ് അവരോധം എന്ന് വിളിക്കുന്നത്. അല്ലാഹു പറയുന്നു: ''ആ വഴികൾ പിന്തുടർന്ന് ചുവന്ന തടാകത്തിൽ അസ്തമിക്കുന്ന സൂര്യന്റെ നാട്ടിൽ ഈ സമൂഹത്തെ കാണാനിടയായി. നാം ദുൽഖർനൈനിയോട് പറഞ്ഞു: ഒന്നുകിൽ നാം അവരെ ശിക്ഷിച്ചേക്കാം, അല്ലെങ്കിൽ അവരിൽ നന്മ വളർത്തിയേക്കാം''. ഇത് പാശ്ചാത്യരുമായി ബന്ധപ്പെട്ട ചർച്ചയാണ്.

പിന്നീട് അല്ലാഹു പറയുന്നു: “വീണ്ടും അദ്ദേഹം സഞ്ചരിച്ച് രണ്ട് അണക്കെട്ടിനിടയിൽ കാര്യങ്ങൾ മനസ്സിലാകാത്ത ഒരു സമൂഹത്തെ എത്തിച്ചു”. ശേഷം പൗരസ്ത്യഭാഗത്തേക്കുള്ള ആൾപാർപ്പില്ലാത്ത പ്രദേശത്തേക്കുള്ള യാത്രയെക്കുറിച്ച് അല്ലാഹു പറയുന്നു: “പിന്നെ അദ്ദേഹം മറ്റൊരു മാർഗം പിന്തുടർന്ന് രണ്ട് പർവ്വത നിരകൾക്കിടിയിലെത്തിയപ്പോൾ ഒരു ജനതയെ അദ്ദേഹം കാണുകയുണ്ടായി പറയുന്നതൊന്നും മിക്കവാറും അവർക്ക് മനസ്സിലാക്കാൻ സാധിക്കുന്നില്ല”. അഥവാ അവർ യാതൊരു വിവരവുമില്ലാത്ത ബുദ്ധിശൂന്യരാണ്. “അവർ പറഞ്ഞു, യഅ്ജൂജ്, മഅ്ജൂജ് ആകെ കുഴപ്പങ്ങൾ ഉണ്ടാക്കുന്നു. അവർക്കും ഞങ്ങൾക്കുമിടയിൽ ഒരു തടസ്സം സൃഷ്ടിച്ച് ഞങ്ങളെ അവരിൽ നിന്നും രക്ഷിക്കാമോ? അദ്ദേഹം പറഞ്ഞു: അല്ലാഹു എനിക്ക് അതിൽ നന്മ നൽകിയിരിക്കുന്നു”. അഥവാ ജ്ഞാനത്തിലും നിർമാണവൈദഗ്ദ്യത്തിലും എനിക്കു തന്നിട്ടുള്ള കഴിവ് വളരെ ശ്രേഷ്ഠമാണെന്ന് ഇതർത്ഥമാക്കുന്നു. “അദ്ദേഹം പറഞ്ഞു. എന്റെ രക്ഷിതാവ് എനിക്കു അധീനപ്പെടുത്തിത്തന്നിട്ടുള്ളത് ഉത്തമമത്രെ. നിങ്ങളുടെ ശക്തി കൊണ്ട് നിങ്ങളെന്നെ സഹായിക്കുവീൻ നിങ്ങൾക്കും അവർക്കുമിടയിൽ ഞാൻ ബലവത്തായ ഒരു മതിലുണ്ടാക്കിത്തരാം. നിങ്ങളെനിക്ക് ഇരുമ്പ് കട്ടികൾ കൊണ്ടുവന്നു തരൂ”.

ഇരുമ്പ് ശേഖരങ്ങളെ കുറിച്ച് ലവലേശം അറിവില്ലാത്ത ഒരു സമൂഹത്തിൽ നിന്നും വലിയ ഇരുമ്പിൻ കഷ്ണങ്ങൾ നാം എങ്ങനെ കൊണ്ടുവരും? ഖനി നിർമാണത്തിൽ അവർക്കുള്ള അറിവാണ് ഈ ജ്ഞാനം കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രത്യേകമായ രീതിയിൽ കെട്ടിടം സൃഷ്ടിക്കുകയും രണ്ട് മലകൾക്കിടയിലെ

ഒഴിഞ്ഞ സ്ഥലം നിറക്കുകയും ചെയ്യുന്നത് ജ്യാമിതീയ സംഭരണ വിദ്യയാണിത്. പിന്നീട് അല്ലാഹു പറയുന്നു: “നിങ്ങൾ കൊണ്ട് വരിക. അത് ഉരുക്കി അതിൽ ഒഴിക്കാം”. ശക്തി കൊണ്ട് നിങ്ങൾ സഹായിക്കുക എന്ന വാക്യംകൊണ്ട് ഇതിനെ ചുരുക്കിപറഞ്ഞിരിക്കുന്നു. അഥവാ ഈ കഴിവ് ആർജിച്ചെടുക്കാനുള്ള നിങ്ങളുടെ മനോസ്ഥൈര്യത്തോടെയുള്ള പ്രവർത്തന കഴിവാണ് ഉദ്ദേശ്യം.

സൂറത്തുൽ കഹ്ഫിന്റെ അവസാനത്തിൽ ഈ യുക്തിയാവാം പറഞ്ഞത്. ശേഷം മറിയം അധ്യായത്തിന്റെ തുടക്കത്തിലും പറയുന്നു. “ഓ.. യഹ്യാ ശക്തിയോടെ നീ വിശ്രുത ഗ്രന്ഥത്തെ എടുക്കുക”. അഥവാ ഈ അറിവ് നേടിയെടുക്കാനുള്ള ശക്തി നീ നൽകുക.

ചുരുക്കത്തിൽ, തംകീൻ(പദവിനൽകുക, അവരോധം) എന്നത് ലളിതമായി നാം മനസ്സിലാക്കി. രാഷ്ട്രത്തിന്റെ സാംസ്കാരിക സ്ഥാപനങ്ങളെ ഫലദായകവും, പ്രയത്ന പരവുമാക്കുക, വിജയപ്രദമായ വിജ്ഞാന ചർച്ചകൾ ലഭ്യമാക്കുക, തൊഴിൽ രഹിതരെ ഇല്ലാതാക്കുന്ന വേതനം വഴി ദാരിദ്ര്യത്തിന്റെ അളവ് കുറക്കുക, തെരുവ് കുട്ടികളും ഭവന രഹിതരും ഇല്ലാതാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ വഴി ശ്രേഷ്ഠവും വികസിതവുമായ വിജ്ഞാന ചർച്ചകളിലേക്ക് മടങ്ങാനുതകുന്ന വലിയ പ്രവർത്തനങ്ങളുണ്ടാകണം. മനുഷ്യനെ ആദരിക്കുകയും വലിയ ഭക്തയോടെ പ്രകൃതിയേയും പ്രകൃതി വിഭവങ്ങളേയും കാത്തുസൂക്ഷിക്കുക എന്നീ മൂല്യവത്തായ വ്യവസ്ഥയോട് സഹകരിക്കുകയും ചെയ്യുക. അവരോധം എന്നതിനെ കുറിച്ചുള്ള ആനുകാലിക ചർച്ചകൾ വഴി തെളിവ് പിടിക്കുന്ന ശ്രമങ്ങൾ ശരിയല്ല എന്ന് ഖുർആൻ വചനങ്ങളിൽ നിന്നും വ്യക്തമാവുന്നു.

ഖുർആനിനെ മനസ്സിലാക്കുന്ന വഴികളെ മനസ്സിലാക്കാതെ മാർഗ ഭ്രംശം സംഭവിക്കുന്നവരെ പിടിച്ചു നിർത്തുകയാണ് ഇവിടെ ചെയ്യുന്നത്. അവ്യക്തമായ കാര്യങ്ങളെ ഉദ്ധരിക്കുന്നതിൽ അൽപ ബുദ്ധിക്കാരെ സംക്ഷിക്കൽ അനിവാര്യമാണ്.

**രാഷ്ട്ര സങ്കൽപം**

## ഇസ്ലാമിക ചിന്താ ധാരയിലുള്ള വികൃതമായ രാഷ്ട്ര സങ്കൽപവും അസ്ഹറും ഇസ്ലാമിക ചിന്തയും മുന്നോട്ടു വെക്കുന്ന ശരിയായ രാഷ്ട്ര സങ്കൽപവും തമ്മിലുള്ള താരതമ്യം

1) ഇസ്ലാമിലെ രാഷ്ട്ര സങ്കൽപം

ചില ഇസ്ലാമിക ചിന്താ ധാരകളും സംഘടനകളും കഴിഞ്ഞ എൺപത് വർഷങ്ങളിലായി രോഗാതുരമായ ചില ചിന്തകൾ നിർമ്മിച്ച് ഇസ്ലാമിക നിയമ സംഹിത മനസ്സിലാക്കാനാവശ്യമായ സാമഗ്രികളില്ലാതെ തന്നെ അവർ സങ്കീർണ്ണമായ പ്രശനങ്ങളിലും സമസ്യകളിലും പുതിയ സങ്കൽപങ്ങൾക്ക് ജന്മം നൽകി. ഇസ്ലാമിക ഖിലാഫത്തിന്റ തകർച്ച, ഫലസ്തീൻ അധിനിവേഷം, ജയിൽപ്പുള്ളി കളുടെ മാനസിക സമ്മർദ്ദങ്ങൾ തുടങ്ങിയ പ്രതിസന്ധികളിൽ അവർ അങ്ങേയറ്റം വക്രമായ വ്യതിചലിച്ച നിയമ നിർമ്മാണങ്ങ ളാണ് നടത്തിയത്.

രാഷ്ട്രമെന്ന വിഷയം അത്തരം ചിന്താ ധാരകളുടെ വിപരീതവും വികൃതവുമായ സങ്കൽപ്പങ്ങളുണ്ടാക്കിയ ആപത്കരവും സങ്കീർണ്ണ വുമായ ചില പ്രശ്നങ്ങളിൽ പെട്ടതാണ്. ആ സംഘങ്ങളുടെ ചിന്ത യിൽ രാഷ്ട്രമെന്നത് ധാരാളം പാശ്ചാത്യൻ തത്വങ്ങളാൽ നിർമ്മിക്ക പ്പെട്ട ഒരു സങ്കൽപമാണ്. ആ ചിന്താഗതി പ്രകാരം രാഷ്ട്രമെന്ന സങ്കൽപം താഴെ പറയുന്ന കാര്യങ്ങളാൽ രൂപപ്പെട്ടതാണ്.

- രാഷ്ട്രം മൂല്യമില്ലാത്ത ഒരു പിടി മണ്ണാകുന്നു.

- രാഷ്ട്ര സ്നേഹം തിന്മകളോട് തോന്നുന്നതു പോലെയുള്ള മാനുഷിക പ്രവണതയാണ്. അതിനെ പ്രതിരോധിക്കലും അതിൽ നിന്ന് അകന്നു നിൽക്കലും മനുഷ്യനു അനിവാര്യ മാണു.
- രാഷ്ട്രമെന്ന ചിന്ത സമുദായത്തിനും ഖിലാഫത്തിനും വിപ രീതമായതിനാൽ അതു നിരാകരിക്കപ്പെടേണ്ടതാണ്.
- രാഷ്ട്രങ്ങൾ കോളനി വത്കരണം ഉണ്ടാക്കിയാൽ കേവലം ഭൂമി ശാസ്ത്ര പരമായ അതിരുകൾ മാത്രമായതിനാൽ ഞങ്ങൾ അതിനെ സ്നേഹിക്കുകയോ അതിനോട് സഹകരി ക്കുകയോ ഇല്ല.
- രാഷ്ട്രങ്ങൾ നിങ്ങൾ ഇഷ്ടപ്പെടുകയും ദൈവം നിന്ദിക്കു കയും ചെയ്ത വീടുകൾ മാത്രമാണ്.
- മക്കയോടുള്ള പ്രവാചകന്റെ സ്നേഹത്തെ കുറിച്ച് പറയുന്ന ഹദീസ് മക്കയുടെ പ്രത്യകതയാണ്.മറ്റു രാഷ്ട്രങ്ങളെ അതി നോട് തുലനം ചെയ്യാൻ പാടില്ല.

ഈ കാര്യങ്ങളാണ് എല്ലാ ചിന്തകളുടെയും അടിസ്ഥാനം. മഹാന്മാരായ ഖുർആൻ ഹദീസ് കർമ്മശാസ്ത്ര ഭാഷാശാസ്ത്ര പണ്ഡിതന്മാരുടെ സംസാരങ്ങൾ നമുക്ക് പരിശോധിക്കാം

.ഇസ്ലാമിക നിയമ സംഹിത  രാഷ്ട്രമെന്ന ചിന്തയെ ഏതളവിൽ പരിഗണിച്ചിട്ടുണ്ടെന്നും അതു എങ്ങനെയാണ് മനുഷ്യ മനസ്സിൽ ദേശ സ്നേഹം ഊട്ടിയുറപ്പിക്കുകയും അവനെ രാഷ്ട്രം എന്ന ചിന്തയിലേക്കും അതിനെ പ്രതിരോധിക്കുന്നതിലേക്കും വളരാൻ പ്രേരിപ്പിച്ചതെന്നും അതിലൂടെ നമുക്ക് മനസ്സിലാക്കാം .

സയ്യിദ് ഖുതുബ് തന്റെ ഫീ ളിലാലിൽ ഖുർആൻ എന്ന ഖുർ ആൻ വ്യാഖ്യാനത്തിൽ പറയുന്നു: മുസ്ലിമായ വ്യക്തി സംരക്ഷിക്കേണ്ട പതാക അവന്റെ വിശ്വാസമാണ്. അവൻ ധർമ്മ സമരം നടത്തി സംരക്ഷിക്കേണ്ട രാഷ്ട്രം അല്ലാഹുവിന്റ നിയമം നടപ്പിലാക്കപ്പെടുന്ന ദേശമാണ്. അവൻ പ്രതിരോധിക്കേണ്ട ഭൂമിക ഇസ്ലാമിനെ ജീവിത ശൈലിയായി സ്വീകരിച്ച ദാറുൽ ഇസ്ലാമാണ്.(ഇസ്ലാമിന്റ വീട്) രാഷ്ട്രത്തെ കുറിച്ചുള്ള മറ്റു സങ്കൽപങ്ങളെല്ലാം അനിസ്ലാമികവും അജ്ഞതയും ഇസ്ലാമിനു പരിചയമില്ലാത്തതുമാണ്.അദ്ദേഹം വീണ്ടും പറയുന്നു. ഇന്ന് ജനങ്ങൾ സമൂഹം, രാഷ്ട്രം, സമുദായം തുടങ്ങിയ പേരുകളുള്ള ദൈവങ്ങളെ പ്രതിഷ്ഠിക്കുകയാണ്. ബിംബാരാധകർ പ്രതിഷ്ഠിച്ചിരിക്കുന്ന അല്ലാഹുവിന്റെ സൃഷ്ടിയിൽപങ്ക് ചേർക്കുന്ന ബിംബങ്ങളെ പോലെയുള്ളവയാണ് പറയപ്പെട്ട ദൈവങ്ങൾ .

അദ്ദേഹം വീണ്ടും പറയുന്നു. തീർച്ചയായും അജ്ഞത ബന്ധങ്ങളെ പലപ്പോഴും വ്യത്യസ്തമായ പല സംജ്ഞകളാക്കി മാറ്റുന്നു.പലപ്പോഴും രക്തവും കുടുംബവുമാക്കുമ്പോൾ മറ്റു ചിലപ്പോൾ ഭൂമിയും രാഷ്ട്രവുമായി മാറുന്നു. അതു പോലെ അത് അിറവില്ലായ്മയാണ്. ബന്ധങ്ങളെ ചിലപ്പോൾ സമൂഹവും , ഭാഷയും, നിറവും,ജാതിയും മറ്റും മറ്റുമായി കാണുന്നത്. ഈ സങ്കൽപങ്ങളെയെല്ലാം ഇൽമിന്റെ അടിസ്ഥാന സങ്കൽപങ്ങളോട് തീർത്തും വിരുദ്ധമായ അന്ധതയാണ്.

ഒന്നാമതായി: രാഷ്ട്രം മൂല്യമില്ലാത്ത ഒരു പിടി മണ്ണാകുന്നു. സയ്യിദ് ഖുതുബ് തന്റെ ഖുർആൻ വ്യാഖ്യാനത്തിൽ പറയുന്നു. ഇസ്ലാമിക രാഷ്ട്ര സംരക്ഷണത്തിന് വേണ്ടിയുള്ള ധർമ്മ സമരത്തിൽ ന്യായങ്ങൾ അവശേഷിപ്പിക്കുന്നവർ ഇസ്ലാമിക രീതിയെ തൊട്ട് കണ്ണടക്കാറും രാഷ്ട്രത്തേക്കാൾ അതിനെ വില കുറച്ചുമാണ് പരിഗണിക്കാറ്. എന്നാൽ ഇത്തരം വീക്ഷണങ്ങൾ ഇസ്ലാമികമല്ല എന്നു മാത്രമല്ല ഇസ്ലാമിന്റെ മേൽ പുതിയതായി ആരോപിക്കപ്പെട്ടവയാണ്. അപ്പോൾ ഇസ്ലാമിക രീതി വിശ്വാസവും ഭരണ ക്രമവും ആവുക എന്നതു മാത്രമാണ് ഇസ്ലാമിൽ പരിഗണ നീയം.കേവലം ഭൂമി എന്ന വസ്തുവിന് മൂല്യമോ പരിഗണനയോ ഇല്ല.

**അനുബന്ധം**

യതാർഥത്തിൽ രാഷ്ട്രം കേവലം ഒരു പിടി മണ്ണ് എന്ന നിലക്ക് മേൽ പറഞ്ഞത് രാഷ്ട്രത്തെ കുറിച്ചുള്ള സംക്ഷിപ്ത സങ്കൽപമാണ്. രാഷ്ട്രമെന്നാൽ സമൂഹം, നാഗരികത, നിർമ്മിതി കൾ, ചരിത്രം, വിജയങ്ങൾ, ദേശീയ അന്തർ ദേശീയ സ്ഥാനം,ഇ സ്ലാമിക അറേബ്യൻ ഭൂകണ്ഡത്തിലുള്ള രാഷ്ട്രീയവും ചിന്താപര മായ സ്വാധീനം എന്നിവയെല്ലാം കൂടിച്ചേർന്നതാണ്. അതിലുപരി യായി ഇസ്ലാമിക നിയമ വിജ്ഞാനം, കല, സാഹിത്യം,സൈന്യം, സാമ്പത്തികം, ദേശീയം തുടങ്ങിയ മേഖലകളിൽ ചരിത്രം നിർമ്മ ക്കുന്ന പ്രഗത്ഭരായ വ്യക്തിത്വങ്ങളും യതാർഥ രാഷ്ട്രത്തിന്റെ ഭാഗ മാണ്.**യതാർത്ഥ രാഷ്ട്ര സങ്കൽപത്തെ രൂപീകരിക്കുന്ന മേൽ പറഞ്ഞ ഒരു പിടി മണ്ണിൽ ഒതുക്കലും അപൂർണ്ണവും വികൃതവു മായ ചിന്തകളെ നിരസിക്കലുമാണ്.**

രണ്ടാമതായി: തിന്മയോട് തോന്നുന്നതു പോലെയുള്ള നിന്ദ്യ മായ മാനുഷിക പ്രവണതയാണ് ദേശ സ്നേഹം . അതിനെ പ്രതി

രോധിക്കലും അതിൽ നിന്ന് മുക്തനാവലും മനുഷ്യന് അനിവാര്യ മാണ്.

**അനുബന്ധം**

ഇത് നീചമായ മനോഭാവങ്ങൾ കൂടിക്കലർന്ന വിചിത്രവും വികലവുമായ ചിന്തയാണ്.അല്ലാഹു നമ്മോട് അത്തരം ചിന്തക ളിൽ നിന്ന് അകലം പാലിക്കാൻ കൽപ്പിച്ചിട്ടുണ്ട്.മാത്രമല്ല മനു ഷ്യന്റെ കുലീനവും നൈസർഗ്ഗികവുമായ മനോഭാവങ്ങൾ ഏതാ ണെന്ന് അല്ലാഹുവും ഇസ്ലാമിന്റെ നിയമ സംഹിതയും വ്യക്തമാ ക്കുകയും അവന്റെ മനസ്സിൽ ഊട്ടിയുറപ്പിക്കുകയും ചെയ്തി ട്ടുണ്ട്.കാരണം അത്തരം നൈസർഗ്ഗികമായ പ്രവണതകൾ മനു ഷ്യനെ നേരായ മാർഗ്ഗത്തിലേക്ക് നയിക്കാനുതകുന്നതാണ്. രാഷ്ട്ര ത്തോടുള്ള ബാധ്യതയും പ്രതിബദ്ധതയും അത്തരം കുലീനമായ പ്രവണതകളിൽ പെട്ടതാണ്.

പ്രസ്തുത ചിന്തയിലേക്ക് ഇഹ്യാ ഉലൂമിദ്ദീൻ ഗ്രന്ഥ കർത്താവ് ഹുജ്ജത്തുൽ ഇസ്ളാം അബൂ ഹാമിദിൽ ഗസ്സാലി (റ) സൂചന നൽകിയിട്ടുണ്ട്. ശാഫിഈ കർമ്മ ശാസ്ത്ര സരണിയിൽ അദ്ദേഹം രചിച്ച അൽ വസീത്വിൽ പറയുന്നു. മനുഷ്യന്റെ സ്വാഭാവിക മായ പ്രവണതകൾ സ്വീകാര്യമായിരിക്കൽ അനിവാര്യമാണ്. കാരണം ദുൻയാവിന്റെ നില നിൽപ്പിനാധാരം അത്തരം പ്രവണത കളും ദീനിന്റെ നില നിൽപ്പിനാധാരം ദുനിയാവിന്റെയും അതിലെ വ്യവസ്ഥകളുടേയും നില നിൽപ്പാണ്.

ഇതാണ് അല്ലാഹുവിൽ നിന്നും ശറഇൽ നിന്നും വെളിച്ചം വീശിയ ശരിയായ ചിന്ത. വിവിധ പ്രശ്നങ്ങളിൽ മനുഷ്യന്റെ നൈസർഗിക പ്രവണതകൾ സ്ഥിരപ്പെടുത്തുന്ന തീരുമാനങ്ങൾ ശറഇന് യോജിച്ചതാണെന്ന് ഇതിൽ നിന്നും നമുക്ക് മനസ്സിലാക്കാം. മറിച്ച് ശറഅ് ഇത്തരം വിഷയങ്ങളിൽ പുതിയ ഒരു

നിയമ നിർമ്മാണം നടത്തുകയില്ല. കാരണം ശുദ്ധമായ പ്രകൃതം മനുഷ്യനെ നയിക്കാൻ ഉതകുന്നതാണ്. നൈസർഗികമായ പ്രകൃതം മനുഷ്യ മനസ്സിൽ ഊട്ടിയുറപ്പിക്കുന്ന കാര്യങ്ങളിൽ പെട്ടതാണ് ദേശസ്നേഹവും,പ്രതിബദ്ധതയും. ദൈനൂരി "അൽ മജാലസ്"എന്ന തന്റെ ഗ്രന്ഥത്തിൽ അസ്മഇയിൽ നിന്ന് നിവേദനം ചെയ്യുന്നു. അസ്മഇ പറയുന്നു ഞാൻ ഒരു കാട്ടറബി പറയുന്നത് കേട്ടു. "നീ ഒരു വ്യക്തിയെ മനസ്സിലാക്കാൻ ഉദ്ധേശിക്കുന്നുവെങ്കിൽ അവൻ എത്രത്തോളം അവന്റെ രാജ്യത്തെ സ്നേഹിക്കുന്നുവെന്ന് നോക്കുക."

മഹാനായ സയ്യിദ് ഖുത്വബ് കുലീനമായ പ്രസ്തുത നൈസർഗിക മനോഭാവത്തെ അംഗീകരിക്കുന്ന രീതി അൽഭുതമാണ്. അദ്ദേഹം പറയുന്നു: നിശ്ചയമായും സ്വദേശത്തെ പിരിയുമ്പോഴുണ്ടാകുന്ന വിരഹ ദുഖമാണ് പ്രവാസത്തിനൊരുങ്ങുന്ന ഒരു മനസ്സിലുണ്ടാകുന്ന ആദ്യത്തെ വികാരം. ഈ സമയത്താണ് അല്ലാഹുവിന്റെ " ഓ എന്റെ ദാസാ എന്റെ ഭൂമി വിശാലമാണ്" എന്ന വാക്ക് മനുഷ്യ ഹൃദയത്തെ ആഴത്തിൽ സ്പർശിക്കുന്നത് . ആ പണ്ഡിതൻ ഉദ്ധരിക്കപ്പെടുന്നുണ്ട് എത്ര വലിയ കാറ്റടുച്ചാലും തേനീച്ച അതിന്റെ വഴികൾ മനസ്സിലാക്കി കുടിലിലേക്ക് തിരിച്ചെത്തും.

അദ്ദേഹം വീണ്ടും പറയുന്നു എന്നാൽ അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള പ്രവാസം കുടുംബം വീട് ദേശം ഓർമ്മകൾ തുട ങ്ങിയ മുഴുവൻ ജീവിത രസങ്ങളിൽ നിന്നും ഹൃദയത്തെ അടർത്തിയെടുക്കും .അപ്പോൾ മൂസാ നബിയെ അല്ലാഹു പാപ മോചനത്തിലേക്ക് നയിക്കുകയും തുടർന്നു ഹൃദയ വിശാലതയും ദുഖത്തിൽ നിന്നുള്ള രക്ഷയും പ്രദാനം നൽകി അനുഗ്ര

ഹിച്ചു.അതേ സമയം അല്ലാഹു ഉദ്ദേശിച്ച കാര്യങ്ങളിലേക്ക് മൂസാ (അ)നെ എത്തിക്കാൻ പേടിയും ഭയവും കൊണ്ട് അല്ലാഹു അദ്ദേഹത്തെ പരീക്ഷിക്കാതിരുന്നില്ല. അപരിചിതത്വവും ദേശ കുടുംബ പരിത്യാഗവും ആടു മേക്കലും നൽകി മൂസാ നബിയെ അല്ലാഹു പരീക്ഷിച്ചു.

എന്തു ശക്തിയാണ് മൂസാ നബിയെ ഈജിപ്തിലേക്ക് എത്തിച്ചത്. തുടർന്നു അദ്ദേഹം അവിടുന്ന് പേടിച്ചു ഓടി പോകേണ്ടി വന്നു.അദ്ദേഹം ഒരു വ്യക്തിയെ വധിച്ചപ്പോൾ അദ്ദേഹത്തെ പ്രതീക്ഷിച്ചിരിക്കുന്ന അപകടത്തിൽ നിന്നും അദ്ദേഹത്തെ വിസ്മരിപ്പിച്ച ശക്തി ഏതാണ്. തീർച്ചയായും ആ ശക്തി മൂസാ നബിയുടെ എല്ലാ ചലനങ്ങളെയുംം നിയന്ത്രിക്കുന്ന അല്ലാഹുവിന്റെ അദൃശ്യ കരങ്ങളാണ്. ആ കൈകളാണ് അദ്ദേഹത്തെ സ്വദേശത്തേക്കും കുടുംബത്തിലേക്കും മാത്രം ചെല്ലാൻ പ്രേരിപ്പിച്ചതും പിന്നീട് അദ്ദേഹം പേടിച്ചോടേണ്ടി വന്ന അപകടത്തെ മനസ്സിൽ നിന്നും എടുത്ത് കളഞ്ഞതും.

**3** മൂന്നാമതായി: രാഷ്ട്രമെന്ന ചിന്ത സമുദായത്തിനും ഖിലാഫത്തിനും വിപരീതമായതിനാൽ അതു നിരാകരിക്കപ്പെടേണ്ടതാണ്.

**അനുബന്ധം**

രാഷ്ട്രത്തോടുള്ള ബന്ധം മനുഷ്യന്റെ സ്വാഭാവിക പ്രവർത്തനത്തിൽ നിന്നു രൂപപ്പെട്ടതായതിനാൽ അത് അല്ലാഹു ജനങ്ങളിൽ സൃഷ്ടിച്ച പ്രകൃതത്തിൽ നിന്നുണ്ടായ (ഫിത്റത്ത്)പ്രധാനപ്പെട്ട ഒന്നാണ്. ഇസ്ലാമിന്റെ പരിശുദ്ധമാക്കപ്പെട്ട നിയമ സംഹിത ആ ഫിത്റത്തിനെ അംഗീകരിക്കുകയും അതിനെ വിശ്വസിച്ച് ആശ്രയിക്കുകയും ചെയ്യുന്നതോടൊപ്പം അതിനെ ചൊവ്വാക്കുകയും ഏകോപിപ്പിക്കുകയും രാഷ്ട്ര ബന്ധം ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശങ്ങളും പരിധികളും ഉത്ഘോഷിക്കുകയും ചെയ്തി

ട്ടുണ്ട്. എന്നാൽ മനുഷ്യന്റെ ഉള്ളിലുള്ള ദൈവിക ശക്തി അവനെ അബദ്ധങ്ങളിൽ നിന്നു സംരക്ഷിക്കുകയും ചെയ്യും.

മേൽ പറയപ്പെട്ട രാഷ്ട്ര സങ്കൽപ്പത്തിനു ബലവും ഊന്നലും നൽകുന്ന തരത്തിൽ അതിന്റെ പുറത്ത് പോകാൻ ഭാഗികമായ രാഷ്ട്ര ബന്ധവും സ്നേഹവും പരിശുദ്ധമായ ശറഅ് മോശമായി കാണുന്നില്ല. അതിനാൽ മനുഷ്യൻ ജനിച്ചു വളർന്ന വലുതായ നിശ്ചിത പ്രദേശത്തെ സ്നേഹിക്കുന്നതിനെ ശറഅ് അംഗീകരിക്കുന്നു. അതത് സമുദായത്തെ മുഴുവനായും സ്നേഹിക്കുന്നതിന് എതിരാവുകയില്ല എന്ന് മാത്രമല്ല അത് അതിന്റെ ഒരു ഭാഗം തന്നെയാണ്. എന്നാൽ സ്വന്തം ദേശത്തോടുള്ള സ്നേഹം അതിരു കടന്നു അത് മറ്റുള്ളവരെ അക്രമിക്കാൻ കാരണമായാൽ അതിനെ ശറഅ് വിമർഷിച്ചിട്ടുണ്ട്. ഇങ്ങനെയാണ് ദേശസ്നേഹം നിലവിൽ വന്നത് .അല്ലാഹുവിന്റെ പ്രവാചകൻ മുഹമ്മദ് നബി (സ) മദീനയിലായിരുന്നുവെങ്കിലും മക്കയെ സ്നേഹിക്കുകയും അവിടേക്ക് പോകാൻ വെമ്പൽ കൊള്ളുകയും ചെയ്തിരുന്നു.

ബന്ധങ്ങൾ വിവിധ വൃത്തങ്ങളാണ്. ചിലത് ചിലതിനെക്കാൾ വിശാലമായതാണ്. അതിൽ വലിയ ബന്ധങ്ങൾ ചെറുതിനോ ചെറുത് വലുതിനോ എതിരാവുകയില്ല. ഒരു വ്യക്തിയുടെ സ്വരാഷ്ട്രവുമായുള്ള ബന്ധം അവന്റെ ഇസ്ലാമിക സമൂഹത്തോടും ലോകത്തോടുമുള്ള ബന്ധത്തെ മുറിച്ചു കളയുകയില്ല. കാരണം ഈ ബന്ധം ഇല്ലാതെയായാൽ മനുഷ്യൻ കപടതയിലേക്കും കുടുംബം,സമൂഹം, രാഷ്ട്രം എന്നിവയിൽ നിന്നുള്ള ഒളിച്ചോട്ടത്തിലേക്കും നയിക്കും. ഈ ബന്ധം അതിരുകടന്നാൽ പക്ഷാപാതത്തിലേക്കു നയിക്കും. നമ്മുടെ ചർച്ചാ വിശയം മനുഷ്യ കുലവുമായുള്ള ബന്ധം മുറിക്കാത്ത രാഷ്ട്രത്തോടും സമൂഹത്തോടുമുള്ള നന്മയും പ്രതിബന്ധതയുമുള്ള ബന്ധമാണ് . ഈ ബന്ധം പക്ഷാപാതിത്വം

നിറഞ്ഞ മനുഷ്യനെ പരസ്പരം ശത്രുക്കളാക്കുകയും അക്രമിക്കുകയും ചെയ്യുന്ന ബന്ധത്തിൽ നിന്നും തീർത്തും വ്യതസ്തമാണ്.

ചില ആധുനികർക്കിടയിൽ പരന്ന തെറ്റായ ചിന്തയെ തിരുത്തുക എന്നതാണ് ഞാൻ ഈ വിശദീകരണത്തുലൂടെ ആഗ്രഹിച്ചത്. ദേശസ്നേഹത്തിൽ നിന്നുള്ള മോചനം മതം നിലനിർത്താൻ ആവശ്യമാണെന്ന് അവർ തെറ്റിദ്ധരിച്ചിരിക്കുന്നു. എന്നാൽ മേൽ പറയപ്പെട്ട പണ്ഡിത വാക്കുകളിൽ നിന്ന് ദേശസ്നേഹം മനുഷ്യ പ്രകൃതത്തിൽ പെട്ടതും ശറഅ് അതിന് വെള്ളവും വെളിച്ചവും നൽകി പരിപോഷിപ്പച്ചിട്ടുണ്ടെന്നും മനസ്സിലായി.പക്ഷേ അത് പക്ഷ പാതിത്വത്തിലേക്കും അക്രമത്തിലേക്കും നയിക്കരുതെന്നു മാത്രം.

നാലാമതായി: രാഷ്ട്രങ്ങൾ കോളനി വൽക്കരണം ഉണ്ടാക്കിയ കേവലം ഭൂമി ശാസ്ത്ര പരമായ അതിരുകൾ മാത്രമായതിനാൽ ഞങ്ങൾ അതിനെ സ്നേഹിക്കുകയോ അതിനോട് സഹകരിക്കുകയോ ഇല്ല.

അനുബന്ധം

രാഷ്ട്രങ്ങള് കോളനി വല്ക്കരണം മുഖേന ഉണ്ടായ കേവലം ഭൂമി ശാസ്ത്രപരമായ അതിരുകളല്ല. മറിച്ച് കോളനി വൽക്കരണത്തിന് ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പേ ഉറച്ച അടിവേരുകളുള്ള പ്രദേശങ്ങളാണ് രാഷ്ട്രങ്ങൾ. രാഷ്ട്രങ്ങളുടെ നിലവിലുള്ള അതിരുകളെ സംരക്ഷിക്കലും പ്രതിരോധിക്കലും നമ്മുടെ ബാധ്യതയാണ്. പവിത്രമാക്കപെട്ട ചില പ്രതിഭാസങ്ങൾക്കനുസൃതമായി എടുക്കപെടുന്ന പരമാധികാര ഉടമ്പടികളിലൂടെയല്ലാതെ നിശ്ചിത അതിരുകളെ ഇല്ലാതാക്കാൻ സാധ്യമല്ല. ഉദാഹരണത്തിന് യൂറോപ്യൻ യൂണിയൻ ചെയ്തത്

പോലെ രാഷ്ട്ര മൂല്യം അടിസ്ഥാന പരമായി അതിരുകളോട് മാത്രം ബന്ധപെട്ടതല്ല മറിച്ച് രാഷ്ട്രത്തിന് ചരിത്രം, ശാസ്ത്രം, പ്രാദേശികം, ആഗോള തലം എന്നിവയുമായി ബന്ധപ്പെട്ട വളരെയധികം മൂല്യങ്ങളുണ്ട്. ഈജിപ്ഷ്യൻ രാഷ്ട്രം സ്ഥല കാല മാനുഷിക ഉൽകൃഷ്ടതകളെല്ലാം ഒത്തൊരിമിച്ചതാണ്. രാഷ്ട്രത്തെക്കുറിച്ചുള്ള വ്യാജമായ സങ്കൽപ്പങ്ങളിലേക്ക് നയിക്കുന്നു.

അഞ്ചാമത്തേത്: രാഷ്ട്രങ്ങൾ നിങ്ങൾ ഇഷ്ടപ്പെടുകയും ദൈവം നിന്ദിക്കുകയും ചെയ്ത വീടുകൾ മാത്രമാണ്.

**അനുബന്ധം**

"നബിയെ പറയുക: നിങ്ങളുടെ പിതാക്കളും പുത്രൻമാരും സഹോദരങ്ങളും ഇണകളും ബന്ധുക്കളും നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും മാന്ദ്യം നേരിടുന്ന കച്ചവടവും നിങ്ങൾ തൃപ്ത്തിപ്പെടുന്ന പാർപ്പിടങ്ങളും നിങ്ങൾക്ക് അല്ലാഹുവിനെക്കാള്ളും അവന്റെ ദൂതനെക്കാളും അവന്റെ മാർഗ്ഗത്തിലുള്ള സമരത്തേക്കാളും പ്രിയപ്പെട്ടതായിരുന്നാൽ അല്ലാഹു അവന്റെ കൽപ്പന കൊണ്ടു വരുന്നത് വരേ നിങ്ങൾ കാത്തിരിക്കുക".

മേൽ സൂചിക്കപ്പെട്ട ചിന്താധാതകൾ ഈ സൂക്തതം അടിസ്ഥാനമാക്കി തെറ്റിദ്ധാരണകളുണ്ടാക്കി. രാഷ്ട്രമാണ് നിങ്ങൾ ഇഷ്ടപ്പെടുന്ന വീടുകൾ എന്ന അർത്ഥം നൽകി. അപ്പേൾ അല്ലാഹുവിനെയും റസൂലിനെയും ഇഷ്ടപ്പെടുന്നതിനേക്കാൾ നമ്മൾ അതിനെ ഇഷ്ടപ്പെടുകയും അതിന് വേണ്ടി ധർമ്മ സമരം നടത്തുകയും ചെയ്താൽ അത് കപടതയാണ്.

ഈ സങ്കൽപ്പം തികച്ചും തെറ്റായതും ഖുർആനിനെ ശരിയായ രീതിയിൽ മനസ്സിലാക്കാതിരിക്കലുമാണ്. ഖുർആൻ മനസ്സിലാക്കാൻ ആവശ്യമായ മാനദണ്ഡങ്ങളില്ലാതെയാണ് അവർ

ഖുർആനിനെ മനസ്സിലാക്കിയത്. ഖുർആൻ മനസ്സിലാക്കാൻ ആവശ്യമായ ആയുധങ്ങൾ വർഷങ്ങളായി അസ്ഹർ അതിന്റെ സന്തതികൾക്ക് പഠിപ്പിച്ച് കൊടുക്കുന്നുണ്ട്. അതിൽപ്പെട്ടതാണ് അറബി ഭാഷ സാഹിത്യം, വ്യാകരണ ശാസ്ത്രം, കർമ്മശാസ്ത്ര നിധാനശാസ്ത്രം, ഖുർആൻ വിശകലന ശാസ്ത്രം മുതലായവ. ഖുർആൻ അറബി ഭാഷയായത് കൊണ്ട് പറയപ്പെട്ട ശാസ്ത്ര ശാഖകൾ പഠിക്കാതെ അതിനെ മനസ്സിലാക്കാൻ കഴിയുകയില്ല

**ഇസ്ലാമിക കാഴ്ചപ്പാടിലെ രാജ്യവും അസ്ഹറിന്റെ കാഴ്ചപ്പാടും.**

രാജ്യസ്നേഹത്തെക്കുറിച്ച് ഖുർആനിക വചനവും വ്യാഖ്യാതാക്കളുടെ വിശദീകരണവും.

ഇമാം റാസി(റ)ക്ക് ഖുർആൻ അടിസ്ഥാനപ്പെടുത്തി രാജ്യസ്നേഹത്തെപ്പറ്റി രസകരമായ ഒരു നിരീക്ഷണമുണ്ട്. സൂറത്തുന്നിസാഇലെ 66ാം സൂക്തം വ്യാഖ്യാനിച്ച് കൊണ്ടാണ് ഹൃദയത്തിൽ ആഴത്തിൽ പതിക്കുന്നതും ഊർജ്ജദായകവുമായ ഈ നിരീക്ഷണം അദ്ധേഹം പറയുന്നത് (രാജ്യം വിട്ട് പോകുന്നത് ജീവൻ കളയുന്നതിന് തുല്യമാണെന്ന് ചുരുക്കം)

(തഫ്സീറുൽ കബീർ വാ.15/പേ 165)

ഞാൻ അവരുടെമേൽ രണ്ട് കാര്യങ്ങൾ വിധിക്കുകയാണെങ്കിൽ അവർക്ക് അത് അനുസരിക്കാനാവാത്ത പ്രയാസങ്ങളായിരിക്കും.

അവയിലൊന്ന് ജീവൻ കളയലും മറ്റേത് അതിനോട് തുല്യമായതുമാണ്. സ്വരാജ്യം വിട്ടു പോകലാണത്. അഥവാ, കൊലപാതകം കൊണ്ടുള്ള പ്രയാസവും നാടുവിട്ടു

പോകുന്നതിലെ പ്രയാസവും ഫലത്തിൽ തുല്യമാണെന്നാണ് (ഈ സൂക്തത്തിലൂടെ അല്ലാഹു പറയുന്നത്.)

നാടുവിട്ടു പോകുന്നത് ബുദ്ധിമാന്മാരെ സംബന്ധിച്ച് വളരെ ദുഷ്കരമാണ്. കൊലചെയ്യപ്പെടുന്ന വേദന പോലെ സ്വരാജ്യത്തോടുള്ള ബന്ധവും സ്നേഹവും നഷ്ടമാവുന്നത് ഹൃദയത്തിൽ ആഞ്ഞു പതിക്കേണ്ട ഒന്നാണെന്ന് ഇതറിയിക്കുന്നു. മുല്ലാ അലിയ്യുൽ ഖാരി (റ) മിർഖാതുൽ മഫാതീഹിൽ പറയുന്നു. ഇഴുകിച്ചേർന്ന നാടുവിട്ടുപോകുന്നത് അതിശക്തമായ പരീക്ഷണമാണ്. അത്കൊണ്ടാണ് അൽ ബഖറയിലെ 191 ാം സൂക്തത്തെ നാട്ടിൽ നിന്ന് പുറത്താക്കപ്പെടുക എന്ന് വ്യാഖ്യാനിക്കപ്പെട്ടത്. ഇതിന്റെ ഉടനെയാണ് ഉപരിസൂചിത സൂക്തം വരുന്നത് (മിർഖാത്–7/583)

സ്നേഹിച്ച നാട്ടിൽ നിന്ന് പോകുന്നത് ഹൃദയത്തെ കീഴടക്കലും ശക്തമായ സഹനവുമാണെന്നതിനാൽ, പലായനത്തിന്റെ ശ്രേഷ്ടത പറയുന്ന സർവ്വ സൂക്തങ്ങളും ഈ തത്വത്തിലേക്കാണ് ചേരുന്നത്. പവിത്രമായ ഒരാശയത്തെയാണ് ഇത് പുൽകുന്നത്, ആ ആശയത്തിനു വേണ്ടി മനസ്സ് ഒരു മഹാദുരന്തത്തെ സഹിക്കുന്നുവെങ്കിൽ ആ ആശയത്തിന്റെ മഹത്വമത്രെ.

ഒരു കവി പാടുന്നുണ്ട്.

മൂന്ന് കാര്യങ്ങളുടെ മേലുള്ള സഹനമാണ് മഹത്തരം.

നാടുവിട്ടുപോകലും കൂട്ടുകാരെ വേർപിരിയലും പ്രണയിതാവിനെ നഷ്ടമാകലുമാണത്.

**രാജ്യസ്നേഹം ഹദീസിലും വ്യാഖ്യാതക്കളുടെ വിശദീകരണവും.**

അനസ്(റ) നബി (സ) യാത്ര കഴിഞ്ഞ് മടങ്ങിയെത്തി മദീനയുടെ ചുമരുകൾ കാണുമ്പോൾ (വല്ലാതെ സന്തോഷിക്കും) വാഹനപ്പുറത്താണെങ്കിൽ സ്നേഹം കാരണം അതിനെ പിടിച്ചു കുലുക്കും. (ബുഖാരി, ഇബ്നു ഹിബ്ബാൻ, തുർമുദി തുടങ്ങിയവർ ഈ ഹദീസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.)

പാപമുക്തവും വഹ്യിന്റെ ദൗത്യവുമുള്ള പ്രവാചകീയമായ ഒരിടപെടലാണിത്. അവിടത്തെ ഹൃദയത്തെ പിടിച്ചുകുലുക്കിയിട്ടുണ്ട്. സ്വരാജ്യത്തെ കൊതിക്കുന്ന ഹൃദയവും അതിലേക്ക് അടുക്കുന്ന മനസ്സിനെയും പ്രകടമാകുന്ന വഹ്യും സത്യമായ ഇൽഹാമുമാണ് ഇതിന്റെ പിന്നിൽ. എത്രത്തോളമെന്നാൽ യാത്ര കഴിഞ്ഞ് മദീനയുടെ അതിർത്തിച്ചുമരുകൾ കാണുമ്പോഴേക്ക് മദീനയോടുള്ള സ്നേഹത്താലും വിശുദ്ധ മനസ്സിന്റെ കൊതിയാലും സ്വന്തം വാഹനം പിടിച്ചുകുലുക്കുക പോലും ചെയ്യുന്നു പ്രവാചകൻ (സ).

ഇബ്നു ഹജർ ഫത്ഹുൽ ബാരിയിൽ പറയുന്നു. മദീനയുടെ മഹത്വത്തിലേക്കും രാജ്യസ്നേഹത്തിന്റെ നേർകാഴ്ചപ്പാടിലേക്കും ഈ ഹദീസ് വിരൽ ചൂണ്ടുന്നു.

ഇതേ അഭിപ്രായമാണ് ഉംദതുൽ ഖാരിയിൽ ബദ്റുൽ ഗനി പറയുന്നതും. അതിനാൽ തന്നെ ഈ വിശുദ്ധ വചനം മഹനീയമായ പ്രവാചകചര്യകളിലെ ഒരുദാഹരണത്തിലേക്കാണ് സൂചിപ്പിക്കുന്നത്. ആരാധനകൾ, മര്യാദകൾ, സ്വഭാവങ്ങൾ, തൊഴിലുകൾ, സമുദായങ്ങൾ തമ്മിലുള്ള വിശാലമായ ബന്ധങ്ങൾ തുടങ്ങി മുസ്ലിം വ്യക്തിത്വ നിർമാണത്തിന്റെ അമൂല്യമായ പ്രവാചകീയ ഘടനയുടെ മറ്റെല്ലാ ചര്യകളോടും ഇത് ചേർന്നു നിൽക്കുന്നു.

ആഇശ (റ), അവരുടെ പിതാവ്, ഉസാമ, പേരക്കുട്ടികൾ, തേൻ, മധുരം, ഉഹ്ദ് പർവ്വതം, അൻസാറുകൾ തുടങ്ങിയ വിശ്വാസിക്ക് മാറിനിൽക്കാവുന്ന, പ്രവാചകൻ കൂടുതൽ ഇഷ്ടപ്പെടുന്ന ഇവയുടെ കൂടെ സ്വരാജ്യത്തെയും പ്രവാചകൻ ഇഷ്ടപ്പെടുന്നുവെന്നാണ് ഇമാം ദഹബി (റ) സിയറു അഅ്ലാ മിന്നുബലാഇൽ പറയുന്നത്.

**മാത്രമല്ല, പണ്ഡിതർ, രാജ്യത്തോടുള്ള ഒരാളുടെ ഇഷ്ടമാണ്.?**

രാജ്യം വിട്ടുള്ള യാത്ര ദുഷ്കരമാണെന്ന് പറയുന്നതിന്റെ കാരണം ചില ഹദീസ് വ്യാഖ്യാതാക്കൾ ഇതേ അഭിപ്രായമാണ്. അഹ്മദ് (റ), ത്വബ്റാനി (റ) എന്നിവർ ഉഖ്ബതുബ്നു ആമിർ (റ) വിൽ നിന്ന് ഉദ്ദരിച്ച ഹദീസിന്റെ വ്യാഖ്യാനത്തിൽ പറയുന്നത്. നബി(സ) പറഞ്ഞു. മൂന്നാളുകളുടെ പ്രാർത്ഥനക്ക് തീർച്ചയായും ഉത്തരം ലഭിക്കും. മക്കൾക്കു വേണ്ടി പ്രാർത്ഥിക്കുന്ന പിതാവ്, യാത്രികൻ, മർദ്ധിതൻ മർദ്ധകനെതിരെ, എന്നിവരാണവർ. ഇതിൽ യാത്രികന്റെ പ്രാർത്ഥനക്ക് ഉത്തരം നൽകപ്പെടുന്നതിന്റെ കാരണമായി പറയുന്നത്, അവൻ നേരിടേണ്ടി വരുന്ന കെടുതിയും പ്രതിസന്ധിക്കും നാടുവിടേണ്ടി വന്നതിലെ മനഃപ്രയാസവുമാണ്.

അല്ലാമ മുനാവി (ഫൈളുൽ ഖദീമിൽ) –ഈ ഹദീസ് വിവരിച്ച് പറയുന്നു. യാത്ര, നാട്ടിൽ നിന്ന് ദീർഘകാലം അകന്ന് നിന്നതിനാൽ ഹൃദയം തകരുന്നതിന് കാരണമാണ്, എന്നാൽ പ്രയാസങ്ങൾ സഹിക്കലും തകർച്ചയും പ്രാർത്ഥനക്ക് ഉത്തരം നൽകപ്പെടുന്നതിന്റെ വലിയ കാരണങ്ങളാണ്.

ചില യുക്തിജ്ഞാനികൾ പറയുന്നു. നാട്ടിലേക്ക് മടങ്ങാനുള്ള കൊതി ഹൃദയ നൈർമല്യം മൂലമാണ്. ഹൃദയ നൈർമല്യം സുരക്ഷിതത്വ ബോധത്താലും, സുരക്ഷിത ബോധം

കാരുണ്യത്താലും, കാരുണ്യം നൈസർഗ്ഗിക പുണ്യത്താലും, നൈസർഗ്ഗിക പുണ്യം വിവേക ശുദ്ധിയാലും ഉണ്ടാകുന്നതാണ്.

അല്ലാഹു സകല സൃഷ്ടികളെയും സൃഷ്ടിച്ചത് തന്നെ സ്വരാജ്യത്തേക്ക് വശീകരിക്കപ്പെടുന്ന, ശുദ്ധ പ്രകൃതത്തോടെയാണ്. മറ്റു ജീവജാലങ്ങളുടെ ശുദ്ധപ്രകൃതിയിലും അല്ലാഹു ഏകാന്തതയും ഉറപ്പും നാട്ടിലേക്കാഗ്രഹിക്കുന്ന മനസ്സും സൂക്ഷിച്ചുവെച്ചിട്ടുണ്ട്. ചിന്തിക്കുന്നവർക്ക് എല്ലാ ജീവജാലങ്ങളിലും ഇത് കണ്ടെത്താനാവും. സിംഹങ്ങളും പുലിക്കുട്ടികളും അവയുടെ ഗുഹകളിലേക്കും ഒട്ടകം തൊഴുത്തിലേക്കും ഉറുമ്പുകൾ മാളത്തിലേക്കും പക്ഷികൾ കൂടുകളിലേക്കും അഭയം പ്രാപിക്കുന്നു. എന്നാൽ മനുഷ്യനും നാട്ടിലേക്ക് മടങ്ങാൻ കൊതിക്കുന്ന പ്രകൃതിയിൽ സൃഷ്ടിക്കപ്പെട്ടവരാണ്. നാടുകൾ വല്ലാതെ സ്നേഹം പ്രകടമാകുന്ന ഇടങ്ങളാണെന്ന് ഇബ്നുൽ ജൗസി (റ) മുനീറുൽ ഗറാമിസ്സജീനിൽ പറയുന്നുണ്ട്.

**അറബികളിൽ ഞാനിത് ശ്രദ്ധിച്ചിട്ടുണ്ട്.**

ഞാൻ പറയുന്നു. ഈ ജീവജാലങ്ങളെല്ലാം സ്വന്തം നാട്ടിലേക്ക്/കൂട്ടിലേക്ക് മടങ്ങാൻ കൊതിക്കുന്നവയാണ്.
റബീഅതുൽ ബസ്വരി – ഒട്ടകത്തിന്റെ നാട്ടിലേക്ക് മടങ്ങാനുള്ള കൊതിയെപ്പറ്റി ഒരു ഗ്രന്ഥം പോലും രചിച്ചിട്ടുണ്ട്.

പിന്നെ മനുഷ്യന്റെത് പറയേണ്ടതില്ലല്ലോ?. ഈ ജീവജീലങ്ങൾ മിണ്ടാപ്രാണികളായിട്ട് പോലും നാട്ടിലേക്ക് കൊതിക്കുന്ന അതിന്റെ പ്രകൃതി ഇവിടെ വ്യക്തമാണ്. എന്നാൽ മാന്യതയും കൂറും മറ്റു സ്വഭാവ വൈശിഷ്ട്യങ്ങളും മനുഷ്യത്വത്തിന്റെ

പരിപൂർണ്ണത കൊണ്ടും വേറിട്ടു നിൽക്കുന്ന മനുഷ്യൻ അവയേക്കാൾ നാട്ടിലേക്ക് മടങ്ങാൻ കൊതിക്കേണ്ടേ?

അഹ്മദ് ശൗഖി പറയുന്നു.

നാടിന് എല്ലാ സ്വതന്ത്രന്റെ രക്തത്തിലും സ്വാധീനമുണ്ട്, **ഒരു കടബാധ്യതയും ഇതിനാൽ എനിക്കു പറയാനാവും.?**

മനുഷ്യനാണ് രാജ്യത്തോട് ഏറ്റവും കൂറ് പുലർത്തേണ്ടവൻ, മറ്റുജീവജാലങ്ങളേക്കാൾ അതിനെ സ്നേഹിക്കേണ്ടവനും സുരക്ഷനൽകേണ്ടവനും.

## രാജ്യസ്നേഹം ഔലിയാക്കളുടെയും സ്വാലിഹീങ്ങളുടെയും വീക്ഷണത്തിൽ.

രാജ്യസ്നേഹം സ്വാലിഹീങ്ങളുടെ ചര്യയാണ്. നുഐം – ഹിൽയതുൽ ഔലിയ എന്ന ഗ്രന്ഥത്തിൽ ത്യാഗികളുടെ നേതാവായ ഇബ്രാഹീമുബ്നു അദ്ഹമിനെകുറിച്ച് റിപ്പോർട്ട് ചെയ്തത് നോക്കൂ. രാജ്യം വെടിഞ്ഞപ്പോഴുണ്ടായ പ്രയാസത്തേക്കാൾ എന്നെ അലട്ടിയ ഒന്നില്ല.[1]

### രാജ്യസ്നേഹം ജ്ഞാനികളിൽ

ഹിന്ദ് പറഞ്ഞതായി അസ്മഈ ഉദ്ധരിക്കുന്നു. മൂന്ന് സ്വഭാവങ്ങൾ മൂന്നുജീവികളിൽ കാണാം. ഒട്ടകം കാലമെത്രയായാലും തന്റെ ആല മറക്കുകയില്ല. ക്ഷാമം

[1] ഹിൽയതുൽ ഔലിയ 370/7

ബാധിച്ചാലും സ്വന്തം കൂട് വിട്ട് പോകില്ല. സ്വന്തം നാടിനേക്കാൾ എത്ര ഉപകരിച്ചാലും മനുഷ്യൻ വേറെ നാടിലേക്ക് മാറില്ല.

ആണുങ്ങളെക്കുറിച്ചറിയണമെങ്കിൽ സ്വന്തം നാടിനോടുള്ള ആഗ്രഹവും സുഹൃത്തുക്കളോടുള്ള ഇഷ്ടവും പൂർവ്വകാലം സ്മരിച്ചുള്ള കരച്ചിലും നോക്കിയാൽ മതിയെന്ന് ഒരു അഅ്റാബി പറഞ്ഞത് ദീനൂരിയ്യ് —മുജാലസയിൽ പറയുന്നു. അസ്മഈ മുഖേനയാണ് ഇത് റിപ്പോർട്ട് ചെയ്തത്.

**രാജ്യസ്നേഹം കവികളിലും സാഹിത്യകാരൻമാരിലും**

കവികൾ തങ്ങളുടെ നാടിനോടുള്ള അതിയായ പ്രേമത്താൽ കരയുകയും കരയിപ്പിക്കുകയും ചിന്തകൾ ഉദ്ദീപിപ്പിക്കുകയും തന്മൂലം മഹത്തായ സാഹിത്യ സംഭാവനയർപ്പിക്കുകയും ചെയ്തു. വിജ്ഞാന കുതുകികൾക്ക് അവരുടെ കവിതകളിൽ പ്രൗഢമായ സമാഹാരങ്ങളും സ്വന്തം നാട് വിടേണ്ടിവന്നവരുടെ ഹൃദയവേദനയും കാണാം.

സുഖകരമല്ലെങ്കിലും തെളിനീർ ലഭിക്കില്ലെങ്കിലും വാസയോഗ്യമല്ലെങ്കിലും തങ്ങളുടെ രാജ്യത്തോടുള്ള ഇഷ്ടംമൂലം ചിലർ പാടി

ഇണങ്ങുവാനൊക്കില്ലെങ്കിലും ഞാനിണങ്ങിയ നാടത്

നന്മയില്ലേലും പലതും ഇണങ്ങും പലപ്പോഴും.

വായുവോ ജലമോ നല്ലതല്ലെങ്കിലും

എൻ നാടെന്ന വികാരത്തിലിണങ്ങും പലപ്പോഴും.

മനുഷ്യന്റെ അകതാരിൽ അന്തർലീനമായ വികാരത്താൽ പലായനത്തിന്റെയും പലായനക്കാരുടെയും മഹത്വം അല്ലാഹു ഉന്നതമാക്കി. സ്വന്തം കളിത്തൊട്ടിലും ചെറുപ്പത്തിലെ കളിസ്ഥലവും തന്റെ നാടും വിടുന്നതിലൂടെ മനസ്സിൽ അവരനുഭവിക്കുന്ന പ്രയാസവും ഒറ്റപ്പെടലും മുൻ നിർത്തിയത്രേ അത്. പലസ്ഥലങ്ങളിലായി ഖുർആനിൽ ഹിജ്റ പോകുന്നവരുടെ മഹത്വവും പ്രതിഫലവും പരാമർശിക്കാൻ കാരണമിതായിരിക്കാം.

ദഖീറയെന്ന ഗ്രന്ഥത്തിൽ ഇബ്നു ബസ്സാം പറഞ്ഞു. താൻ ജനിക്കുകയും എന്നും ഇണങ്ങുകയും ചെയ്ത നാടിലേക്ക് ബുദ്ധിമാൻ എന്നും മടങ്ങും, മാന്യനൊരിക്കലും തന്റെ കുടുംബത്തോട് പിണങ്ങുകയോ തന്നെ പാലൂട്ടി വളർത്തിയ നാടിനെ മറക്കുകയോ ചെയ്യില്ല.

മൻഅജിനും സൽമക്കുമിടയിലുള്ള സ്ഥലമല്ലോ

മേഘം തെളിഞ്ഞ അല്ലാഹുവിൻ ഭൂമിയിലെനിക്കിഷ്ടം

യുവത്വമെനിക്ക് ഏലസ്സ് കെട്ടിത്തരികയും

എൻ പാദമാദ്യമായ് സ്പർശിച്ചയിടവുമല്ലോയത്.

ഇബ്നു റൂമി നാടുകളോട് ഇഷ്ടം കൂടാനുള്ള കാരണം അദ്ദേഹത്തിന്റെ ഇമാമായി പരിഗണിക്കാവുന്ന അഹ്മദുബ്നു ഇസ്ഹാഖുൽ മൗസിലിയുടെ വാക്കുകളിലൂടെ വിവരിക്കുന്നത് ദീവാനുൽ മആനിയുടെ രചയിതാവ് വിവരിക്കുന്നു.

ക്ഷാമ ബാധയേറ്റെങ്കിലുമെൻ

സൽമ താമസിക്കും നാടെൻ പ്രിയം

ആ ഭൂമി തൻ മണ്ണോടല്ല നിശ്ചയമെൻ

പ്രേമ പ്രേയസിയല്ലോ അവിടം വസിക്കുന്നെ.

ഇബ്നു റൂമി പറയുന്നു.

വിൽക്കില്ലൊരിക്കലുമെന്നു ഞാൻ ശഠിച്ച നാടുണ്ടെനിക്ക്

വേറൊരുത്തനുമതിനവകാശിയാവില്ല.

യുവത്വമവിടം ഞാൻ നിൻ തണലാസ്വദിക്കും പോൽ ചിലവഴിച്ചു.

അതുമായെന്റെ മനസ്സിണങ്ങിയങ്ങനെ

ആ നാടില്ലേൽ ഞാൻ നശിക്കുമായിരുന്നു.

യുവത്വം ചിലവഴിച്ച പ്രശ്നങ്ങളോരോന്നും

തൻ നാടിനോടടുപ്പിക്കുമോരോ പുരുഷനെയും.

നാടിനെ സ്മരിക്കുമോരോ നിമഷവും

കൗമാര കാലമോടിയെത്തുമുടൻ.

വിമർശകരക്രമമഴിച്ചു വിടുകിലും

നിൻ പാശമാണെനിക്കഭയം.

നിൻ വലം കൈയിൽ നിന്നനുഗ്രഹമകലുകിൽ

ഇടം കൈയാൽ നിൻ വിപത്തൊരിക്കലും പിഴക്കില്ല.

**രാജ്യസ്നേഹത്തിൽ രചിക്കപ്പെട്ട കൃതികളും സമാഹാരങ്ങളും**

പൂർവ്വികർക്ക് ഈ ആശയം സുപരിചിതമായിരുന്നു. അതിനാൽ തന്നെ ധാരാളം രചനകൾ ഇവ്വിഷയത്തിൽ മാത്രമായുണ്ട്.

1. ജാഹിളിന്റെ ഹുബ്ബുൽ വത്വൻ, (പ്രസിദ്ധീകരിക്കപ്പെട്ടു.)

2. ഹലബിലെ ഖാളിയായ സ്വാലിഹ് ബ്നു അബ്ദിൽ വഹ്ഹാബ് രാജ്യസ്നേഹത്തെക്കുറിച്ച് ഗ്രന്ഥമെഴുതിയിട്ടുണ്ടെന്ന് താരീഖ് ദിമിശ്ഖിൽ ഇബ്നു അസാക്കിർ പറഞ്ഞിട്ടുണ്ട്.

3. ഇമാം അൽ ഹാഫിള് അബൂസഅദ് അബ്ദുൽ കരീം ബ്നു മുഹമ്മദ് സംആനീ അൻസാബിൽ പറയുന്നത് (അതിന്റെ ചരിത്രവും നിർമ്മാണ കാരണവും സ്വരാജ്യ പ്രേരണയെന്ന പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്.)

4. അബൂ ഹാത്വിം സഹൽ ബ്നു മുഹമ്മദ് സിജിസ്താനി

രാജ്യസ്നേഹം

5. അബൂ ഹയ്യാൻ അലിയ്യുബ്നു മുഹമ്മദ് തൗഹീദി – രാജ്യാനുകമ്പ

6. അബൂ മുഹമ്മദിൽ ഹസനിബ്നി അബ്ദി റഹ്മാനിബ്നിൽ ഖല്ലാദി റ്റാമഹ്റംസി ആലയും തണ്ണീർ പന്തലും, രാജ്യാനുകമ്പ

7. ഇസ്ലാമിക അധ്യാപനങ്ങളുടെ വെളിച്ചത്തിൽ രാജ്യ സ്നേഹത്തിന്റെ മൂല്യം, ഡോ. സുലൈമാൻ അബ്ദുള്ളാഹി ബ്നി ഹമൂദ് അബൽ ഖലീൽ

8. ഡോ. സൈദുബ്നു അബ്ദുൽ കരീം അൽ സൈദ് – രാജ്യസ്നേഹം.ഇസ്ലാമിക നിയമശാസ്ത്ര കാഴ്ച്ചപ്പാട്

9. രാജ്യവും നിവാസവും. കർമ്മശാസ്ത്ര പഠനം. ഡോ. മുഹമ്മദ് ബ്നു മൂസ ബ്നു മുസ്ഥഫ ദ്ദാലി.

വേറെയും പലരും ഈ വിഷയത്തിൽ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

## ഇസ്ലാമിക പദ്ധതി

ഇസ്ലാമിക് പ്രൊജക്ടിനെക്കുറിച്ച് മുൻ കാലങ്ങളിൽ ഒരു പാട് ചർച്ചകളും  വാഗ്വാദങ്ങളും ഉണ്ടായിട്ടുണ്ട്. ചിലർ അതിനെ തള്ളുകയും മറ്റു ചിലർ അനുകൂലിക്കുകയും ചെയ്തു.ഇക്കാര്യത്തിൽ എന്താണ് ഇസ്ലാമിക് പ്രൊജക്റ്റ് എന്നറിയാതെ പല തെറ്റിദ്ധാരണകളും ഉണ്ടായിട്ടുണ്ട്. അത് കൊണ്ട് അൽപം പിന്നിലേക്ക് പോകാനാണ് ഞാനിഷ്ടപ്പെടുന്നത്. ഒന്നാമതായി ഇസ്ലാമിക് പ്രൊജക്ടിന്റെ നയങ്ങളും അതുമായി ബന്ധപ്പെട്ടവയും അത് നടപ്പാക്കുന്ന രീതിയും ചർച്ച ചെയ്യുന്നതിന് മുമ്പ് എന്താണ് ഇസ്ലാമിക് പ്രൊജക്ട് എന്ന് ചോദിച്ചേക്കാം.

ഇസ്ലാമിക് പ്രൊജക്ട് എന്നാൽ ഭരണ രാഷ്ട്ര സാമ്പത്തിക സാമൂഹ്യ നയതന്ത്രപരപമായ ചോദ്യങ്ങൾക്ക് മറുപടി പറയലാണ്.അത് കർമ്മ ശാസ്ത്രം,ഇസ്ലാമിക ചര്യകൾ,സാഹിത്യം തുടങ്ങിയവയിൽ നിന്ന് മനസ്സിലാകുന്ന ഒരു മുസ്ലിമിന്റെ ജീവിതത്തിൽ നിന്ന് ഉദാഹരണ സഹിതം വ്യക്തമാക്കാൻ കഴിയുന്നതായിരിക്കണം.അത് പുതിയ കാഴ്ചപ്പാടുകൾ നിർമ്മിക്കുന്ന രീതിയിലുമായിരിക്കണം.

ഇസ്ലാമികപദ്ധതിയുടെ ലക്ഷ്യം

ഇതിന്റെ ലക്ഷ്യം മാനുഷിക പരിഗണനന, ധാർമ്മികത,ലോകത്തോടുള്ള കാഴ്ചപ്പാട്, സൃഷ്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കൽ, മറ്റു

മതങ്ങളും ആശയങ്ങളും മാനുഷിക പരിഗണന വെച്ച് ഉൾക്കൊള്ളൽ,മനുഷ്യന്റെ ധനവും ബുദ്ധിയും അഭിമാനവും സംരക്ഷിക്കൽ, പുതിയ നാഗരിഗതക്കുള്ള പരിശ്രമങ്ങൾ, സഫലീകരിക്കപ്പെടുന്ന നാഗരികതയെ പ്രായോഗിക തലത്തിൽ കൊണ്ട് വരൽതുടങ്ങിയവാണ്.

ഇസ്ലാമിക പദ്ധതിയുടെ അടിസ്ഥാനവും അച്ചുദണ്ഡും അതിന്റെ സൂചകങ്ങളും മാനുഷിക മൂല്യങ്ങളും ഉയർന്ന സ്വഭാവ ഗുണങ്ങളും മനുഷ്യന് കൽപിക്കപ്പെടുന്ന മാന്യതയും ഇഹപര വിജയത്തിനായുള്ള പരിശ്രമവുമാണ്. ഉന്നത സ്വഭാവങ്ങളുടെ പൂർത്തീകരണത്തിനാണ് ഞാൻ നിയോഗിതനായതെന്ന പ്രവാചക അധ്യാപനം ഈ മൂല്യങ്ങറളുടെ ആകെ തുകയാണ്. ഈ ലക്ഷ്യം നിറവേറ്റാത്തതോ അതിൽ മാറ്റങ്ങൾ വരുത്തുന്നതോ അതിനെ തകർക്കുന്നതോ ആയ എല്ലാ പ്രയോഗ രീതികളും തെറ്റായതാണ്.

**ഇതിന്റെ മറു വശങ്ങളിലേക്ക് കടക്കുന്നതിന്റെ മുമ്പിലുള്ള കാര്യങ്ങൾ ഇത്രയുമാണ്. ഇത് ഒരു കർമ്മ ശാസ്ത്രജ്ഞന്റെ ജോലിയാണ്. ഇതിന്റെ പ്രവർത്തന രൂപം ചില പ്രവർത്തന ക്രമമാണ്. ഉദാഹരണത്തിന് കർമ്മ നിദാന ശാസ്ത്ര പണ്ഡിതൻമാരുടെ ഏകോപനവും അവർക്കിടയിലുള്ള ചർച്ചകളും അതോടൊപ്പം നയ തന്ത്രജ്ഞൻമാരുടെ പ്രവർത്തനങ്ങളും അവയിൽ നിന്നുൽഭവിക്കുന്ന പുതിയ കാഴചപ്പാടുകൾ, പ്ലാനുകൾ, വളർച്ചക്കുള്ള മാനദണ്ഡങ്ങൾ തുടങ്ങിവ കൊണ്ട് നയതന്ത്രത്തിന്റെ പ്രായോഗികതകളും പുതിയ പ്രശ്നങ്ങളും കൊണ്ട വരികയും അതോടൊപ്പം തന്നെ നയതന്ത്ര ബന്ധങ്ങളുടെ കൃത്യമായ പ്രശനങ്ങളും രാജ്യങ്ങൾ തമ്മിൽ എത്രത്തോളം സ്വാധീനം ഉണ്ട് എന്ന് മനസ്സിലാക്കുകയും ചെയ്യുക?**

ഇത് കൊണ്ട് മാത്രം ഇത് പ്രായോഗ വൽക്കരിക്കാൻ സാധ്യമല്ല. മറിച്ച് അതിന് പരസ്പര ബന്ധത്തിന്റെയും കൊള്ളക്കൊടുക്കലുകളുടെയും മുഖേനയാണ് സാധ്യമാകുന്നത്. വിശ്വാസ്തത, അറിവ്, തിരിച്ചറിവ് തുടങ്ങിയവയോടുള്ള കാഴചപ്പാടിലും മറ്റും മാറ്റമുണ്ടാകുമെങ്കിലും ഒരു രാഷ്ട്ര സ്ഥാപനത്തിന് അനുയോജ്യമായ പൊതു രീതി സ്വീകരിക്കേണ്ടത് അനിവാര്യമാണ്.

ഇപ്രകാരം കർമ്മ ശാസ്ത്രത്തിന്റെയു നയതന്ത്രജ്ഞത്തിന്റെയും കാര്യത്തിൽ പറഞ്ഞത് പോലെ രാഷ്ട്രീയപരമായും രൂപപ്പെടുത്തുക, രാജ്യത്തിന്റെ സത്ത മനസ്സിലാക്കൽ, അതിന് വ്യക്തികളോടും സമൂഹങ്ങളോടും ഉള്ള ബന്ധം, രാജ്യത്തിന്റെ ഉത്തരാവാദിത്തം, രാഷ്ട്രവും വ്യത്യസ്തങ്ങളാസ്വാതന്ത്ര്യങ്ങളും തമ്മിലെ സാമ്യതകൾ, അത് ആധുനിക രാഷ്ടീയ സങ്കൽപങ്ങളെ പൂർണ്ണമായും ഉൾകൊള്ളുകയും അതുപോലെ തന്നെ തോമസ് പോപ്സ്, ജോൺ മോക്ക് ,ഹെഗർ തുടങ്ങിയവരുടെ രാഷ്ട്രീയമായ കാഴ്ചപ്പാടുകൾ മനസ്സിലാക്കുകയം തുടർന്ന് ഇമാം ഹറമൈനി, ഇബ്നു ഖൽദൂൻ, തുടങ്ങിയവരുടെ കർമ്മശാസ്ത്രപരമായ രാഷ്ട്രീയ വീക്ഷണങ്ങൾ മനസ്സിലാക്കുകയും വേണം. ഇതിൽ നിന്ന് ആധുനിക കാലത്തെ രാഷ്ട്രീയ പരമായ പ്രശ്നങ്ങൾ മനസ്സിലാക്കാൻ സാധിക്കും. മാത്രമല്ല, ഇതിന്റെകൃത്യമായ നിരൂപണം മുഖേന പുതിയ കാഴ്ചപ്പാടുകളും അജ്ഞാതമായ മറ്റു ഭാഗങ്ങളും പരിഗണനയിൽ വരും. ഇത്തരം പ്രവർത്തനത്തെ ഇമാം ശാഫിഈ (റ) പറഞ്ഞത് പോലെയാണ്. (ജനങ്ങളുടെ ദിനമറിയാൻ ഇരുപത് വർഷത്തോളം ഞാൻ നിന്നു. കർമ്മ ശാസ്ത്രത്തിന് സഹായകരമായിട്ടാണത്.)

ഇപ്രകാരം തത്വശാസ്ത്രം, സാമ്പത്തിക ശാസ്ത്രം,ഭരണപരമായും സേവനപരമായുമുള്ള കാര്യങ്ങൾ നടത്തിയാൽ ലഭിക്കുന്ന റിസൾട്ടിനെയാണ് ഇസ്ലാമിക് പ്രൊജക്റ്റ് എന്നു പറയുന്നത്. ഉദാഹരണത്തിന്, എന്റെ ഒരു കൂട്ടുകാരനും കൺസൾട്ടന്റുമായ മുസ്ഥ

ഫാ സഅഫാൻ ഇന്ന് ഇസ്ലാമിക കർമ്മ ശാസ്ത്രത്തിലെ തടസ്സങ്ങളെയും അതിനുള്ള കാരണങ്ങളെയും കുറിച്ച് ഒരു പഠനം തയ്യാറാക്കിയിരുന്നു. അതിൽ ഇന്ന് നമ്മൾ പരിഹരിക്കേണ്ട നൂറ് പ്രശ്നങ്ങളുണ്ടായിരുന്നു. ഒരുപാട് ഇസ്ലാമിക് പ്രൊജക്റ്റുകൾ ഉണ്ടാവുന്നതിൽ തടസ്സമില്ല. അതിൽ ചിലത് ഊഹാ പോഹങ്ങൾക്കടിസ്ഥാനമുള്ളതായിരിക്കും. ചിലതിന്റെ ശൈലി ഊഹാ പോഹമായിരിക്കും.

ഈ ഇസ്ലാമിക് പ്രൊജക്റ്റ് മുസ്ലിംകൾക്കിടയിൽ ഇസ്ലാമിക ശരീഅത്തിനെ കൂടുതൽ പ്രചരിപ്പിക്കേണ്ട ഒരു ശ്രമമാണ്. ഇസ്ലാമിക കർമ്മ ശാസ്ത്രം പുതിയ കാലത്തെ പ്രശനങ്ങൾക്ക് പരിഹാരം നിരദ്ദേശിക്കാൻ കഴിയുന്നതായിരിക്കണം. ഇനി കർമ്മ ശാസ്ത്ര പരമായി പരിഹാരം നിർദ്ദേശിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ മറ്റൊരു വഴി കാണിക്കണം.

ഇപ്രകാരം ഒരു ഇസ്ലാമിക കർമ്മ പദ്ധതി തയ്യാറക്കണമെങ്കിൽ സാമൂഹ്യ ശാസ്ത്രത്തെക്കുറിച്ച് കൃത്യമായ അവബോധം ഉണ്ടായിരിക്കണം. അതായത് അറബിയുടെയും ഈജിപ്ഷ്യന്റെയും മറ്റു വിഭാഗങ്ങളുടെയും സാമൂഹികമായ പ്രത്യേകതകളും ഭൂമി ശാസ്ത്രപരമായ അവബോധവും ഉണ്ടായിരിക്കണം. ഇത്തരത്തിൽ ഈ കർമ്മ പദ്ധതി വിജയിക്കണമെങ്കിൽ ശാസ്ത്രീയമായ ഗവേഷണവും അതിനനുസൃതമായ നിരീക്ഷണവും അത്യാവശ്യമാണ്. കാരണം നമ്മളിവിടെ പ്രതിപാദിച്ച കർമ്മ പദ്ധതി ഗവേഷകൻമാർ തലമുറകളോളം കൊണ്ട് നടക്കേണ്ട ഒരു സാമൂഹിക പ്രവർത്തനമാണ്.

ഈ കർമ്മ പദ്ധതി പരസ്യപ്പെടുത്തലും പ്രഖ്യാപനവും ഇതിന്റെ മറ്റൊരു പ്രധാന ഘടകമാണ്. കാരണം ഒരു പ്രത്യേക വിഷയത്തിലേക്ക് ജനങ്ങളുടെ ശ്രദ്ധ തിരിക്കുന്നതാണ് ഇത്.ജനങ്ങളുമായി

ബന്ധപ്പെട്ട വിഷയങ്ങളിൽ ആധുനിക പരമായി പരിഹാരം കണ്ടെത്തിയിട്ടില്ലെങ്കിൽ ഇസ്‌ലാം തെറ്റിദ്ധരിക്കപ്പെടും. അതിന്റെ ഉദാഹരണം ലക്ഷങ്ങൾ ചെലവഴിച്ച് ഒരു വലിയ കാർ വിൽക്കാൻ പരസ്യം ചെയ്യുന്നത് പോലെയാകുന്നു. കാറിന്റെ ഉന്നതമായ സൗകര്യങ്ങൾ മനസ്സിലാക്കി വാങ്ങാൻ വരുന്നവരോട് അവർ പറയും ഞങ്ങൾ ഭൂമിക്കടിയിൽനിന്ന് കാറിന്റെ അസംസകൃത വസ്തുക്കൾ കണ്ടെത്തിയ ശേഷം ഫാക്ടറിയിൽ ജോലി ചെയ്യാൻ പരിചയ സമ്പന്നായ ജോലിക്കാരെ അന്വഷിച്ച് 3 വർഷം നടന്ന് കാർ നിർമ്മിക്കും. അത്നിങ്ങളെ ഏൽപ്പിക്കാം. പിന്നെ എന്തിനാണ് ധൃതിയിൽ വാങ്ങാനെന്നവണ്ണം വിപുലമായി പരസ്യം നടത്തുന്നത്. പണി പൂർത്തിയാകുന്നതിന് മുമ്പ് ഒരു പരസ്യം ചെയ്യൽ വളരെ അപകടകരമാണ്.

ശുദ്ധ ഇസ്ലാമിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നി പ്രവർത്തിക്കുന്നതും പുതിയ കാലത്തെ സമസ്യകൾക്ക് ഉത്തരം നൽകുന്നതുമായ ഇസ്ലാമിക് ഫിലോസഫിക്കൽ ഏജൻസിയുടെ അഭാവം മൂലമാണ് അഫ്ഗാനിസ്ഥാനിലും സോമാലിയയിലും സുഡാനിലും ഇറാനിലുമെല്ലാം ഇസ്ലാമിക പദ്ധതികൾ പൂർണ്ണ വിജയത്തിലെത്താതെ പോയത്.

ഇസ്ാമിന്റെ സുന്ദര അധ്യാപനങ്ങൾ കാലത്തിനനുസൃതമായി സമൂഹത്തിന് മനസ്സിലാക്കിക്കൊടുക്കാനുള്ള ജനങ്ങളുടെ ശേഷിക്കുറവാണ് ഇസ്ലാമിന്റെ മൂല്ല്യച്യുതിക്ക് കാരണമെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. അതു കാരണമായി ചിലയാളുകൾ ദൈവ നിഷേധത്തിലേക്കും ഇസ്ലാമിനെയും പ്രവാചകനെയും കളവാക്കുന്നതിലേക്കും എത്തിച്ചേരുന്നു. വില പിടിപ്പുള്ള രത്നങ്ങളാൽ അലങ്കൃതമായ അമൂല്ല്യ ഖനിയാണ് യഥാർത്ഥത്തിൽ ഇസ്ലാമിക രീതി ശാസ്ത്രം. എങ്കിലും ഈ രത്നങ്ങളെ ജനകീയമാക്കാൻ അതീവ സാങ്കേതിക മികവും ഉയർന്ന വൈജ്ഞാനിക നിപുണതയും

അനിവാര്യമാണ്. ഭൂമി തുരന്ന് പുറത്തെടുക്കുന്ന രത്നം സൂക്ഷമ പ്രക്രിയയിലൂടെ കടത്തി വിടേണ്ടതുണ്ട്.

ഈ ഇതേ പ്രക്രിയയിലൂടെ സഞ്ചരിച്ച് വേണം കാലത്തിന്റെ കാലൊച്ചക്ക് മറുപടി പറയാൻ. നാം നമ്മുടെ പരിചകളും യന്ത്രങ്ങളും എണ്ണയുപയോഗിച്ച് പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ആയുധങ്ങൾ ഉപയോഗ ശൂന്യമായി പ്രവർത്തനക്ഷമത നഷ്ടപ്പെട്ട് തുരുമ്പ് ബാധിച്ചിരിക്കുന്നുവെന്നതാണ് നമ്മുടെ പ്രശനം. ഇതിലേക്കാണ് അല്ലാഹുവിന്റെ വചനം സൂചന തരുന്നത്. അവർ സ്വയം തീരുമാനം എടുക്കുന്നതിന് പകരം അല്ലാഹുവിന്റെ തിരുദൂതരിലേക്കും അവരിലെ അറിവാളൻമാരിലേക്കും മടക്കിയിരുന്നെങ്കിൽ കാര്യങ്ങൾ കൃത്യമായി മനസ്സിലാക്കിയിരുന്നു. (സൂറത്തുന്നിസാഅ83). അടിസ്ഥാന പ്രമാണങ്ങളിൽ നിന്ന് പുതിയ കാര്യങ്ങൾ ഉരുത്തിരിച്ചെടുക്കുന്നതിലാണ് നമ്മുടെ വിജയം കുടി കൊള്ളുന്നത്. ഇതിലൂടെയാണ് നവകാല സമസ്യകൾക്ക് നമുക്ക് മറുപടി പറയാൻ സാധ്യമാവുക. മുകളിൽ സൂചിപ്പിച്ച സൂക്തത്തിന്റെ അർത്ഥ വ്യാപ്തിയിലേക്ക് ആഴ്ന്നിറങ്ങുന്നില്ലയെന്നതാണ് നാം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി.

അൽ അസ്ഹർ യൂണിവേഴ്സിറ്റി പോലുള്ള ഉന്നത വൈജ്ഞാനിക സ്ഥാപനങ്ങളാണ് പുതിയ ഇസ്ലാമിക പദ്ധതികൾക്ക് നേതൃത്വം നൽകേണ്ടത്. അല്ലാമാ ഖുദരി പാശ, ഫഖൂഹുദസ്തൂരിവൽ ഖനൂനിസ്സിൽ ഹൂരി, അല്ലാമാ മഹലൂഫ് മിൻയാവി, ശൈഖുൽ ഇസ്ലാം ഡോ. ഹസനുൽ അത്താർ, ഡോ. മുഹമ്മദ് ജൗഹരി ,അല്ലാമ ശൈഖ് അലി ജുമുഅ തുടങ്ങി മഹോന്നതരായ പണ്ഡിത കേസരികൾ സ്വീകരിച്ച വഴികളും നാം പഠന വിധേയമാക്കേണ്ടതുണ്ട്. കാരണം ഈ പണ്ഡിതരഖിലവും പുതിയ കാലത്തിന്റെ

വെല്ലുവിളി യഥാർത്ഥ രീതിയിൽ കൈകാര്യം ചെയ്യാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്.

## നിയമ വ്യവസ്ഥകൾ

മതപരമായ വാദമുഖങ്ങളെ പഠന വിധേയമാക്കുവാനും വിശുദ്ധപ്രമാണങ്ങളിൽനിന്ന് തിരുചര്യ തെളിയിച്ചെടുക്കാനും ഗവേഷണപരമായ നടപടിക്രമങ്ങളുണ്ട്.

വാദമുഖങ്ങൾ പ്രതിപാദിക്കുന്ന ഖുർആനിക വചനങ്ങളുടെയും പ്രവാചക മൊഴികളെയും സാരഗ്രഹം നടത്തുന്നതിലൂടെ വാദഗതികളുടെ പൂർണ്ണമായചിത്രം ചിന്തയിൽ തെളിഞ്ഞ് വരുന്നതാണ്. വിശുദ്ധവചനങ്ങളെ  പരസ്പരബന്ധിതമല്ലാത്ത തരത്തിലല്ല അപൂർണ്ണമായി സന്ദർഭങ്ങളിൽ നിന്ന് അടർത്തിയെടുക്കുന്ന ആയത്തുകൾ വെള്ളത്തിൽ നിന്ന് കരയിലേക്ക് എടുത്തെറിയപ്പെട്ട മത്സ്യം പോലെയാണ്. വിശുദ്ധവചനങ്ങളിൽ നിന്ന് ഉരുത്തിരിയുന്ന ദീനിതത്വങ്ങളും വിധികളും മുൻകാല സമുദായങ്ങളുടെ ചരിത്രങ്ങളും മറ്റുമെല്ലാം അതിലടങ്ങിയതാണ്.

തൂഫി പറയുന്നു:  കൽപന ശാസനകളിൽ നിന്ന് ഗവേഷണം ചെയ്ത് കണ്ടെത്തപ്പെടുന്ന ദീനി വിധികളെപോലെത്തന്നെ, ചരിത്രാഖ്യായങ്ങളിൽ നിന്നും ഉപദേശക കഥകളിൽ നിന്നും കണ്ടെത്താവുന്നതാണ്. വിധികൾ ഉൾകൊള്ളാത്ത ആയതുകൾ ഖുർആനിൽ അപൂർവമാണ്.(ശറഹു മുഖ്തസറു റൗള , പേ; 3/577)

ഇബ്നു ദഖീഖുൽ ഈദ് പറയുന്നത് കാണാം :  ഖുർആനിലെ വിധികൾ ചില നിർണിതമായ വാക്യങ്ങളിൽ മാത്രമല്ല , ചിന്തകൾക്കും ബുദ്ധിശക്തിക്കും അനുസൃതമായി വ്യത്യാസങ്ങൾക്ക് വിധേയമാണവ. സൂചിപ്പിച്ചോ അനുമാനിച്ചോ അല്ലാതെ നേർക്കുനേർ വിധികൾ ഉള്ളടങ്ങിയ ആയത്തുകളാണിവകൾ.

1രണ്ടാമത്തേത്: ഘടനാ ഭംഗിയാണ് പരസ്പരം ചേർത്ത് വെക്കുകയും മുന്തിക്കേണ്ടതിനെ മുന്തിക്കുകയും പിന്തിക്കേണ്ടതിനെ പിന്തിക്കുകയും ചെയ്യുന്നത് പദങ്ങളിലെ പ്രയോഗങ്ങൾ പ്രത്യകോദ്യശത്തിലുള്ളവകളെയും തിരിച്ചറിയുന്നതിനും നിരുപാധികമായ,പരിമിതമായവയേയും അനായാസം മനസ്സിലാക്കാൻ വേണ്ടിയാണ്.

മൂന്നാമത്തേത്:ലക്ഷ്യാർത്ഥങ്ങളെക്കുറിച്ചുള്ള ശരിയായ മനനവും പദസാരങ്ങളെ തിരിച്ചറിയലുമാണ്. ഇതിന് അറബി ഭാഷാ ശാസ്ത്രങ്ങളും അറേബ്യൻ സാഹിത്ത്യവും വിശാലാർത്ഥത്തിൽ മനസിലാക്കേണ്ടതുണ്ട്.ശൗഖാനി തന്റെ ഉറുഫു നദിയ്യ് എന്ന ഗ്രന്ഥത്തിൽ പറയുന്നത് കാണാം: ദൈവിക ഗ്രന്ഥവും പ്രവാചക അധ്യാപനങ്ങളും അറബികളുടെ ഭാഷ നിയമപ്രകാരം മനസ്സിലാക്കുന്നതിന് ഭാഷാ ശാസ്ത്രത്തിലെ ജ്ഞാനം കൂടിയേ തീരു. പദഘടന മനസ്സിലാക്കാൻ അറബിക്ക് പദ ശാസ്ത്രവും പദ വിന്യാസ ക്രമവും വ്യാകരണശാസ്ത്രവും പഠിക്കേണ്ടതുണ്ട്. അധിക ഭാഷയിലെ സൂക്ഷമമായ ജ്ഞാനങ്ങൾ അറിയാൻ വാക്കുകളുടെ അർത്ഥവികാസത്തെ സംമ്പന്ധിച്ച ശാസ്ത്രവും ഭാഷാനിയമങ്ങളറിയാൻ ഭാഷാ തത്വശാസ്ത്രവും അനിവാര്യമാണ്. അത്കൊണ്ട് തന്നെ ഇത്തരം വിജ്ഞാനിയങ്ങളാണ് ഗവേഷണ ശാസ്ത്രങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നത്. ചിരുക്കം ചില പണ്ഡിതൻമാരുടെ വീക്ഷണങ്ങളിൽ ഈ മുൻഗണനാക്രമങ്ങൾക്ക് അന്തരങ്ങൾ ദർശിക്കാവുന്നതാണ്. അറബിക്ക് ഭാഷ ശരിയായ വിധത്തിൽ ഉൾക്കൊള്ളാൻ ഭാഷാജ്ഞാനം അത്യന്താപേക്ഷിതമാണ്. വിശുധ ഗ്രന്ഥത്തിലെയും പ്രവാചകാധ്യാപനങ്ങളിലെയും ഉൾസാരങ്ങൾ തിരിച്ചറിയാൻ ഭാഷയുടെ പഠിക്കണമെന്നതിൽ സംശയമേഇല്ല കാരണം അതിൽ നിന്നാണ് മത നിയമങ്ങൾ ഗവേഷണം മുഖേന കണ്ടെത്തപെടുന്നത്.

2ഗവേഷണം ചെയ്യുന്ന ഘട്ടത്തിൽ മനസിൽ അന്തർലീനമായ മുൻധാരണയോടെയോ പ്രത്യേകമായ തത്വങ്ങൾ ഉൾകൊണ്ടോ സമീപിക്കുന്നത് ശ്രദ്ധിക്കേണ്ടതുണ്ട് അങ്ങനെ ഇഛക്കനുസരിച്ച് ഖുർആൻ വിലയിരുത്താനും ആഗ്രഹങ്ങൾക്കനുയോജ്യമായ രൂപത്തിൽ വിശദീകരിക്കാനും അതിടയാക്കും. മറിച്ച് ചിന്തയെ ദൃഢീകരിച്ച് പദങ്ങളെ ലക്ഷ്യാർത്ഥങ്ങളിൽ ഉപയോഗിച്ച് ധാരണകളെ മാറ്റിത്തിരുത്താൻ തയ്യാറാവേണ്ടതുണ്ട് പൂർണ മര്യാദയോടേയും ഭയഭക്തിയോടേയും സമീപിച്ച് ഖുർആന്റെ സാരവും ലക്ഷ്യവും പൂർണമായും ഉൾകൊള്ളുക

3 ഖുർആനിലെ ഗവേഷണം പദങ്ങളിലെ സാമാന്യാശയങ്ങൾക്കും പ്രത്യേകാശയങ്ങൾക്കും വിരുദ്ധമായിക്കൂടാ.

വിശുദ്ധവചനങ്ങളെ നിരുപാധികമായും പരിമിതമായും വിശദീകരിക്കുന്നാവുന്നതാണ്. അർത്ഥം വിഫലമാവരുതെന്ന് മാത്രം. ഇബ്നു ഹജർ തന്റെ ഫത്താവയിൽ പറയുന്നു (ശാഫി കർമശാസ്ത്ര സരണിയനുസരിച്ച് വചനങ്ങളെ ഒന്നുകിൽ സാമാന്യാശയത്തിലും അല്ലങ്കിൽ പ്രത്യേകോദ്യശത്തിലും വിശദീകരിക്കാവുന്നതാണ്. അതേ സമയം അർത്ഥം വചനത്തിന്റെ പൊതു താൽപര്യത്തിന് തടസ്സം നിൽക്കരുത്

സമുദായത്തെ മൊത്തം സത്യനിഷേധികളാക്കുകയും തികഞ്ഞ മാർഗഭ്രംശത്തിലാണ് അവരെന്ന് വാദിക്കുകയും ചെയ്യുക, അക്രമത്തിലൂടെ ജിഹാദിന് വിശുദ്ധ വചനം അനുവദിക്കുന്നുണ്ട് എന്ന് വിശദീകരിക്കുക, ഈമതം യുഗങ്ങൾക്കുമുമ്പേ നശിച്ച് പോയിട്ടുണ്ടന്ന് വാദിക്കുക എന്നിവയൊക്കെ ഇത്തരം വചനങ്ങളെ വിഫലമാക്കുന്നതിന് ഉദാഹരണങ്ങളാണ്.

സത്യ നിഷേധികളാണ് സമുദായം എങ്കിൽ, ഈ ഖുർആനും തിരുചര്യയും മറ്റു വിജ്ഞാനീയങ്ങളും എങ്ങനെയാണ്

സംശുദ്ധണായി യുഗാന്തരങ്ങൾ കൈമറപ്പെട്ടത്?!! അത് കൊണ്ട് ഇത്തരം ഗവേഷണങ്ങൾ വ്യാജമാണ്.

4 മുസ്ലിം പൈതൃകത്തെ ബഹുമാനിക്കുകയും പുഷ്ടിപ്പെടുത്തുകയും ചെയ്യുക. നിർണ്ണിതമായ ചില സങ്കീർണ്ണതകളിലൊഴികെ മറ്റെല്ലാ രീതി ശാസ്ത്രത്തോടും അനുഭാവം കാണിക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുക. സങ്കീർണ്ണതകളെ പരിഹരിച്ച് സമൂലമായ തുടർമാറ്റങ്ങൾ ഉൾകൊള്ളാൻ മുസ്ലിം സമൂഹം മുന്നോട്ട് വന്നിട്ടുണ്ട്. വ്യാഖ്യാനിച്ചും പുനക്രമീകരിച്ചും അകന്നു നിൽക്കുന്നവയെ ഇണക്കിച്ചേർത്തും വർണ്ണിച്ചും നേടിയെടുത്ത ഈയൊരു കർമ്മ ശാസ്ത്ര വ്യാപനങ്ങളുടെ പരിണിതി സുവ്യക്തമായ പര്യവേഷണങ്ങളിൽ നിന്ന് ഉരുതിരിഞ്ഞതാണ്. പുത്തൻ കാലാനുസൃതിയായ രീതി ശാസ്ത്രം മുഖേന ഇവയെ ഇനിയും ഗവേഷണ വിധേയമാക്കിയാൽ പുതിയൊരു ഫലം പുറത്ത് വന്നേക്കാൻ ഇടയുണ്ട് താനും. ഇന്നത്തെ ദീനീ തത്വങ്ങളെ ബലപ്പെടുത്തി ആശയങ്ങളെ സംഭാവന നൽകി പുനക്രമീകരിക്കുന്നതിന് വിധേയമാക്കുക.

പക്ഷെ, ഇന്നത്തെ പുനർവ്യാഖ്യാനങ്ങളിൽ മുൻഗാമികളുടെ പരിശ്രമങ്ങളെയും ഉദ്യമങ്ങളെയും വില കുറച്ച് കാണിക്കുന്ന ആശയാദർശങ്ങളെ ശ്രദ്ധയോടെ നോക്കി കാണേണ്ടതാണ്. പൂർവ്വ സൂരികളുടെ അഭിപ്രായപ്പെടലുകൾക്ക് വിരുദ്ധമായതിനെ പൊതു സമൂഹത്തിന് വിളമ്പേണ്ടതില്ല. പണ്ഡിതന്മാരുടെ നിലപാടുകൾക്ക് എതിരായ ദിവ്യ സന്ദേഷങ്ങളോട് അനുഭാവം കാണിക്കാത്ത കേവലം ഒരു ആശയം മാത്രമായിരിക്കരുത്.

5 ഗവേഷണ രീതി ശാസ്ത്രങ്ങളെ മുൻകഴിഞ്ഞ സംഭവ വികാസങ്ങളെ അന്വേഷിച്ചറിയുക. ചിന്തയിലോ ആശയത്തിലോ

ഇടർച്ച വരാതിരിക്കലാണിത്. അന്വേഷണത്തിൽ പല വാദങ്ങളും അവാന്തര വിഭാഗമായ ഖവാരിജിന്റേതായിട്ട് വരാറുണ്ട്. വികലമായ ചിന്താ രീതിയെ കുറിച്ചുള്ള അന്വേഷണങ്ങൾ എത്ര നടത്തിയാലും അധികമാവില്ല എന്നതാണ് സത്യം.

6 സുചിന്തയുടെ നിർമ്മാണത്തിന് മൂന്ന് മഹത്തായ കാര്യങ്ങൾ അനിവാര്യമാണ്. വിശുദ്ധ ദിവ്യ സന്ദേഷത്തെ അറിയുക. അവയെ അറിയാനുള്ള രീതി ശാസ്ത്രങ്ങളെ തിരിച്ചറിയുക. സാഹചര്യങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടാവുക എന്നിവയാണവ. വചനങ്ങളിൽ തെളിവില്ലാതെ വാദിക്കുകയും സമീപിക്കാനുള്ള രീതി ശാസ്ത്രത്തെ അവഗണിക്കുകയും സാഹചര്യങ്ങളെ മറികടന്ന് അഭിപ്രായപ്പെടുന്നതിനെ കുറിച്ച് ബോധവാനാകേണ്ടതുണ്ട്.

7 കാരാഗൃഹങ്ങളുടെ മതിൽ കെട്ടുകൾക്കിടയിൽ നിന്നോ മാനസിക സമ്മർദങ്ങൾക്കിടയിലോ ശക്തമായ അത്യാസക്തി മുഖേനയോ തീർച്ചയായും ആശയകുഴപ്പങ്ങളിൽ കലാശിക്കുക തന്നെ ചെയ്യും. കാരണം മതിയായ ചിന്തയോ അറിയപ്പെട്ട രീതിയിൽ വിദ്യയുടെ ഉൽപാദനം നടത്തിയില്ല എന്നതു തന്നെ. ബുഖാരി (റ) അബൂബുക്ക്റ സിജിസ്ഥാൻ പ്രദേശത്തെ ന്യായാധിപനായ തന്റെ മകന് കത്തെഴുതി. നീ കോപിതനായിരിക്കെ രണ്ടാളുകൾക്കിടയിൽ തീർപ്പ് കൽപിക്കരുത്. നബി (സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഒരു ന്യായാധിപൻ രണ്ട് പേർക്കിടയിൽ ദേശ്യപ്പെട്ട് കൊണ്ടിരിക്കെ തീർപ്പ് കൽപിക്കരുത്.

ദേശ്യവും സംഭ്രമവും ചിന്തയെ ഉറപ്പിക്കാൻ ബുദ്ധി ശക്തിക്ക് അവസരം നൽകുന്നില്ല എന്നതും വിദ്യ അഭ്യസിക്കുന്നതിന്റെ നിയമങ്ങളെ പൂർണ്ണാർത്ഥത്തിൽ നടത്താൻ അനുവദിക്കുന്നില്ല എന്നതുമാണ് ഇതിനുള്ള കാരണം. മറിച്ച് മനുഷ്യനെ

സമ്മർദ്ദത്തിലാക്കുകയാണിവ. പിന്നെങ്ങനെ വിശുദ്ധ ദിവ്യ സന്ദേഷത്തെ നല്ല രൂപത്തിൽ ഗവേഷണം നടത്തും.

മുസ്തഷ്ഫയിൽ ഗസ്സാലി (റ) പറയുന്നു. നബി (സ) പറയുന്നു. ഖാളീ ദേശ്യപ്പെട്ട് കൊണ്ടിരിക്കെ വിധി പറയരുത്. ഈ പ്രവാചക വചനം ദ്യോതിപ്പിക്കുന്നത് വിധിക്ക് തടസ്സമായ കാരണങ്ങളിലൊന്ന് ദേശ്യം വരികയെന്നതാണ്. യഥാർത്ഥത്തിൽ അത് ഒരു കാരണമല്ല. മറിച്ച് ദേശ്യപ്പെടുമ്പോൾ ചിന്താ ശേഷിക്ക് ഭ്രംശം സംഭവിക്കുന്നുവെന്നതാണ് കാരണം. വിശക്കുന്നവനും തടവിൽ പാർപ്പിക്കപ്പെട്ടവനും വേദനിക്കുന്നവനും വിധിക്ക് വിധേയമാവാം. അങ്ങനെയാണെങ്കിൽ ദേശ്യപ്പെടൽ നിഷിദ്ധമാകുന്നത് യാഥാർത്ഥ്യം പരിഗണിച്ചല്ല. അതിലടങ്ങിയ ആശയത്തെ ആശ്രയിച്ചാണ്.

ഗസ്സാലി (റ) തുടരുന്നു. ദേശ്യപ്പെടുന്നവനായിരിക്കെ വിധി പറയരുത് എന്ന് നമ്മൾ പറയാറുള്ളത് പോലെ ചിന്താ ശേഷിയെ നിർവഹിക്കുകയും ബുദ്ധി ശക്തിയെ തകർച്ചയാക്കുകയും ചെയ്യുന്നുവെന്നത് കാരണമാണ് ദേശ്യപ്പെടലിനെ നിഷിദ്ധമായവയിൽ ഉൾപെടുത്തിയത്. അതിയായ വിശപ്പ്, ദാഹം, മുറവ് പറ്റിക്കുന്ന വേദന എന്നിവയും ഈ ഗണത്തിൽ പെടുന്നതാണ്.

ബുദ്ധി ഭ്രമിപ്പിക്കുന്നത് എല്ലാം ശരിയായ ചിന്താ ശേഷിയെ നഷ്ടപ്പെടുത്തി കളയുന്നതാണ്. മാനസ്സിക സങ്കോചമോ ദേശ്യമോ തോന്നുന്ന ഘട്ടങ്ങളിൽ വിജ്ഞാനീയങ്ങൾ ഒരിക്കലും ഉൽപാദിപ്പിക്കപ്പെടുകയില്ല.

കാരാഗൃഹങ്ങളിൽ വെച്ച് തോന്നലുണ്ടാക്കുന്ന ചിന്തോദ്ദീപകമായ ആശയങ്ങളെ പരിഗണിക്കേണ്ടതില്ല. പ്രത്യേകിച്ച് തഫ്സീറും ലക്ഷ്യാർത്ഥങ്ങളും അർത്ഥങ്ങളും

കണ്ടത്തലുകളുമൊക്കെ. അതിനോടൊപ്പം നിദാന ശാസ്ത്രങ്ങളും സാഹിത്യവും കർമ്മ ശാസ്ത്രത്തിന്റെ ലക്ഷ്യവുമടക്കം അറിയാത്തവരെ സംബന്ധിച്ചിടത്തോളം ഗവേഷണം തികച്ചും അപൂർണ്ണമാണ്.

8 നന്മ തിന്മകൾ വിശദീകരിക്കുന്ന ചർച്ചകളിൽ ഗവേഷണം കർമ്മ ശാസ്ത്രത്തിന്റെ തത്വജ്ഞാനങ്ങൾ പൂർണ്ണമായും വ്യവഛേദിച്ച് തിരിച്ചറിഞ്ഞവർക്ക് മാത്രം സാധിക്കുന്നു. ശ്വാത്വിബി പറയുന്നു. പ്രമാണങ്ങളായ വചനങ്ങളിളെ ഗവേഷണത്തിന് ഭാഷാ ജ്ഞാനവും വചനങ്ങൾക്കുള്ളിനെ നന്മ തിൻമകളെ കുറിച്ചുള്ള പഠനത്തിന് ഇസ്ലാമിക മത തത്വങ്ങൾ വിശദാംശങ്ങളോട് കൂടി പൂർണ്ണമായി സ്വായത്തമാക്കലും അനിവാര്യമാണ്.

9 ഇസ്ലാമിക കർമ്മ നിദാന ശാസ്ത്രത്തെ കുറിച്ചും ദൈവിക ചര്യയെ കുറിച്ചുമുള്ള അജ്ഞത ചിന്തയിലെ വലിയ ഇടർച്ചക്ക് കാരണമാക്കും. ഇത്തരം ശാസ്ത്ര ശാഖകൾ മനസ്സിലാക്കിയില്ലായെങ്കിൽ വചനത്തിനും സന്ദർഭത്തിനും വിരുദ്ധമായിത്തീരും.

10 പ്രവാചക ജീവിത ചരിത്രത്തിന് നിയതമായ ഗവേഷണ രീതികളുടണ്ട്. സംഭവവികാസങ്ങളിൽ നിന്ന് നിയമങ്ങൾ കടഞ്ഞെടക്കുമ്പോൾ ദൃതിയിൽ തെറ്റായി അനുമാനം നടത്തുന്നതും തുലനം ചെയ്യുന്നതും പ്രവാചകന്റെ മേൽ കളവ് കെട്ടിച്ചമക്കുന്നത് പോലെയാണ്. ആരെങ്കിലും നബി (സ) കുറിച്ച് കളവ് പ്രചരിപ്പിക്കുന്നുവെങ്കിൽ നരകത്തിൽ ഇരിപ്പിടം ഒരുക്കി കൊള്ളട്ടെ. ഇമാം തന്റെ ബഹ്റുൽ മുഹീത്വിൽ പറയുന്നു. ഇതിന്റെ പിന്നിൽ വലിയ ആപത്ത് വരാനിടയുണ്ട്.

# ആമുഖം


- അല്ലാഹുവിന്റെ വിധിനിർണയാധികാരവും മുസ്‌ലിം ജനതതിയെ കാഫിറാക്കലും........15
- സ്വഹാബികളുടെ കാലം തൊട്ട് ശൈഖ് മുതവല്ലി അശ്ശഅ്റാവി വരെയുള്ള മഹാ ഭൂരിപക്ഷ പണ്ഡിത മഹത്തുക്കളുടെ കാഴ്ചപ്പാടും സയ്യിദ് ഖുത്വുബിന്റെ വീക്ഷണവും തമ്മിലുള്ള താരതമ്യം:........29
- പ്രവാചകന്റെ അത്ഭുതകരമായ മുന്നറിയിപ്പ് (മത ഭ്രഷ്ട വാദിയായി മാറിയ ആയുധമെടുത്ത് രക്തം ചൊരിയുന്ന ഖുർആൻ പണ്ഡിതനെ കുറിച്ച്)........31
- ഇബ്നു അബ്ബാസ്(റ) ഖവാരിജുക്കളുമായി ആയത്തിന്റെ തെറ്റായ വിശകലനത്തിൽ നടത്തിയ സംവാദം........38
- ജാഹിലിയ്യതും സംഘട്ടനത്തിന്റെ അനിവാര്യതയും........49
- ദാറുൽ കുഫ്റും ദാറുൽ ഇസ്ലാമും........67
- ദൈവിക വാഗ്ദാനങ്ങളുടെ അരികു വത്കരണം........93
- വിശുദ്ധ സമരം(ജിഹാദ്)........103
- ജിഹാദ്: ഭൂരിപക്ഷ പണ്ഡിതാഭിപ്രായവും സയ്യിദ് ഖുതുബിന്റെ ഒറ്റപ്പെട്ട കാഴ്ചപ്പാടും........115
- തംകീൻ........117
- രാഷ്ട്ര സങ്കൽപം........165
- ഇസ്ലാമിക ചിന്താ ധാരയിലുള്ള വികൃതമായ രാഷ്ട്ര സങ്കൽപവും അസ്ഹറും ഇസ്ലാമിക ചിന്തയും മുന്നോട്ടു വെക്കുന്ന ശരിയായ രാഷ്ട്ര സങ്കൽപവും തമ്മിലുള്ള താരതമ്യം........174
- ഇസ്ലാമിക കാഴ്ചപ്പാടിലെ രാജ്യവും അസ്ഹറിന്റെ കാഴ്ചപ്പാടും........176
- രാജ്യസ്നേഹം ഹദീസിലും വ്യാഖ്യാതക്കളുടെ വിശദീകരണവും........177
- രാജ്യസ്നേഹം ഔലിയാക്കളുടെയും സ്വാലിഹീങ്ങളുടെയും വീക്ഷണത്തിൽ........180
- രാജ്യസ്നേഹം ജ്ഞാനികളിൽ........181
- രാജ്യസ്നേഹം കവികളിലും സാഹിത്യകാരൻമാരിലും........181
- രാജ്യസ്നേഹത്തിൽ രചിക്കപ്പെട്ട കൃതികളും സമാഹാരങ്ങളും........185
- നിയമ വ്യവസ്ഥകൾ........192